28th Year of Service 2020

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition From Chicago

2050 W. Devon Avenue, Chicago, Illinois 60659, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

February 28, 2020 | Vol. XXVIII No. 09 | Periodicals Postage Paid

4 ഇന്ത്യയേയും മോദിയേയും ട്രംപ് വാനോളം പുകഴ്ത്തി

5 വോട്ടർ ഐഡി – ആധാർ ബന്ധിപ്പിക്കൽ ഉടൻ

6 ഇന്ത്യയുടെ ആദ്യ അല്മായ രക്തസാക്ഷി

9 പോലീസ് വില്ലകൾ സന്ദർശിച്ച് യുഡിഎഫ് സംഘം

12 ഡിജിപിക്ക് ആഭ്യന്തര വകുപ്പിന്റെ ക്ലീൻ ചിറ്റ്

## മാർ കുന്നശേരിയേയും കെ.എം. മാണിയേയും മാതൃകയാക്കണം



കെ.എം. മാണിക്കുള്ള ആർച്ച് ബിഷപ് കുര്യാക്കോസ് കുന്നശേരി ഫൗണ്ടേഷന്റെ അവാർഡ് മിസോറാം ഗവർണർ പി.എസ്. ശ്രീധരൻപിള്ള കുട്ടിയമ്മ മാണിക്ക് നൽകുന്നു. എംഎൽഎ മോൻസ് ജോസഫ്, തോമസ് ചാഴികാടൻ എംപി, ആർച്ച് ബിഷപ് മാർ മാത്യു മൂലക്കാട്ട്, ജസ്റ്റിസ് സിറിയക് ജോസഫ്, ഡോ. സി വി. ആനന്ദബോസ്, പി.ജെ. കുര്യൻ, ജോസ് കെ. മാണി എംപി, തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, സുരേഷ് കുറുപ്പ് എംഎൽഎ എന്നിവർ സമീപം. (വാർത്ത 19-ാം പേജിൽ)

## കുളത്തൂപ്പുഴയിൽ പാക്ക് വെടിയുണ്ട

കൊല്ലം: തിരുവനന്തപുരം-തെന്മല സംസ്ഥാനപാതയിൽ കുളത്തൂപ്പുഴ വനമേഖലയിൽ റോഡരികിൽ കവറിൽ പൊതിഞ്ഞ് 14 വെടിയുണ്ടകൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തി. 12 എണ്ണത്തിൽ പിഒഎഫ് (പാക്കിസ്ഥാൻ ഓർഡനൻസ് ഫാക്ടറി) എന്നു രേഖപ്പെടുത്തിയിരിക്കുന്നത് അതീവ ഗുരുതരമാണെന്ന് ഉന്നതർ വ്യക്തമാക്കി. ഇന്ത്യൻ സേനകൾ ഉപയോഗിക്കുന്ന തിരകളിൽ ഐഒഎഫ് (ഇന്ത്യൻ ഓർഡനൻസ് ഫാക്ടറി) എന്നാണ് രേഖപ്പെടുത്തുന്നത്. വെടിയുണ്ടകളിൽ 12 എണ്ണത്തിൽ 1980-82 വർഷത്തിൽ നിർമിച്ചതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടെണ്ണത്തിൽ ഇതില്ല. നിർമാണ വിവരങ്ങളില്ലാതെ വെടിയുണ്ട നിർമിക്കുന്നത് അതീവ ഗുരുതരമാണ്. 12 എണ്ണം പൗച്ചിലും (വെടിയുണ്ടകൾ വെക്കുന്ന ബെൽറ്റ്) (ശേഷം 28-ാം പേജിൽ)

## ഡോ. സജി ഫിലിപ്പ് ദേശീയ പ്രസിഡണ്ട്

പത്തനംതിട്ട: പരുമലയിലെ ഡോ. കെ.എം. ചെറിയാൻ ഹാർട്ട് ഫൗണ്ടേഷൻ കൺസൾട്ടന്റും സീനിയർ ഫോയിറ്റൽ ആൻഡ് പീഡിയാട്രിക് കാർഡിയോളജിസ്റ്റുമായ



ഡോ. സജി ഫിലിപ്പിനെ പുതുതായി രൂപംകൊണ്ട ഇൻഡ്യൻ സൊസൈറ്റി ഓഫ് കവാസാക്കി ഡിസീസ് (ഐഎസ്കെഡി) ദേശീയ പ്രസിഡണ്ടായി തെരഞ്ഞെടുത്തു. കൊൽക്കട്ട പീഡിയാട്രിക് റുമറ്റോളജിയിലെ പ്രൊഫ. പ്രിയങ്കർ പാൽ, പ്രൊഫ. തപസ് സാബുൾ എന്നിവരെ യഥാക്രമം ജനറൽ സെക്രട്ടറിയും ട്രഷററായും തെരഞ്ഞെടുത്തിട്ടുണ്ട്.

## പ്രസിഡണ്ട് ഡോണൾഡ് ട്രംപ് ഇന്ത്യയിലെത്തി

ന്യൂഡൽഹി: അമേരിക്കൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപ് ഇന്ത്യയിലെത്തി. രണ്ടുദിവസത്തെ സന്ദർശനത്തിനാണ് ട്രംപ് എത്തിയിരിക്കുന്നത്. ട്രംപിനൊപ്പം ഭാര്യ മെലാനിയ, മകൾ ഇവാങ്ക, ഇവാങ്കയുടെ ഭർത്താവ് ജാരേദ് കുഷ്നെർ എന്നിവരും ഉന്നത ഉദ്യോഗസ്ഥരും എത്തിയിട്ടുണ്ട്. അമേരിക്കൻ പ്രസിഡണ്ടായശേഷം ആദ്യമായാണ് ട്രംപ് ഇന്ത്യ സന്ദർശിക്കുന്നത്. ഇന്ത്യയിൽ സന്ദർശനം നടത്തുന്ന ഏഴാമത്തെ അമേരിക്കൻ പ്രസിഡണ്ടും.

സഹപ്രവർത്തകരുമായുള്ള വിമാനം നേരത്തെയെത്തിയിരുന്നു. സുരക്ഷാ-സാമഗ്രികളുമായി ആറു ചരക്കു വിമാനങ്ങൾ കഴിഞ്ഞ ദിവസങ്ങളിലായി എത്തി. ട്രംപ് യാത്ര ചെയ്യാനുള്ള 'ബീസ്റ്റ്' എന്ന അത്യാധുനിക ലിമോസിൻ കാറും ആവശ്യമെങ്കിൽ ഉപയോഗിക്കാനുള്ള 'മറീൻ-വൺ' ഹെലികോപ്റ്ററും നേരത്തെ എത്തിയിരുന്നു.

വിമാനത്താവളത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ട്രംപിനെ സ്വീകരിച്ചു. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, ഗവർണർ ആചാര്യ ദേവവ്രത്, മുഖ്യമന്ത്രി വിജയ് രൂപാണി, മേയർ ബിജൽ പട്ടേൽ തുടങ്ങിയവർ ഒപ്പമുണ്ടായി.






അഹമ്മദാബാദ് വിമാനത്താവളത്തിൽ നിന്ന് ആരംഭിച്ച 22 കിലോമീറ്റർ റോഡ്ഷോയിൽ ട്രംപും മോദിയും പങ്കെടുത്തു. സബർമതി ആശ്രമത്തിലെത്തിയ ട്രംപിനും സംഘത്തിനും ഭക്ഷണം കഴിക്കാനുള്ള സൗകര്യമൊരുക്കി. അരമണിക്കൂർ മാത്രമാണ് അവിടെ ചെലവഴിച്ചത്. നദീതീരത്തെ വേദിയിൽ നിന്ന് അഹമ്മദാബാദ് ഓൾഡ് സിറ്റി വീക്ഷിച്ചു. ആശ്രമത്തിൽ നിന്നിറങ്ങി റോഡ് ഷോ പുനരാരംഭിച്ചു.

ഉച്ചയ്ക്ക് 1.05ന് അഹമ്മദാബാദ് മൊട്ടേറാ സ്റ്റേഡിയത്തിൽ 'നമസ്തേ ട്രംപ്' പരിപാടി. (ശേഷം 28-ാം പേജിൽ)

## ബിബിസിയിൽ ഇടം നേടി മൂന്നാറിലെ റെയിൽവേ ഗാർഡൻ




മൂന്നാർ: മൂന്നാറിനു പേരു ലഭിക്കാൻ കാരണമായ മൂന്നു പുഴകളുടെ സംഗമസ്ഥലത്തു പൂക്കളുടെ നിറച്ചാർത്തുമായി സഞ്ചാരികളെ വരവേൽക്കുന്ന പൂന്തോട്ടത്തിനു ബിബിസിയുടെ അംഗീകാരം. കണ്ണൻ ദേവൻ കമ്പനിയുടെ റീജണൽ ഓഫിസിനോടു ചേർന്നുള്ള ഉദ്യാനമാണ് ബിബിസിയുടെ ശ്രദ്ധനേടിയത്. ലോകത്തിലെ വിവിധ രാജ്യങ്ങളിലുള്ള 80 പൂന്തോട്ടങ്ങളുടെ

(ശേഷം 28-ാം പേജിൽ)

## ദേവസഹായം പിള്ള വിശുദ്ധ പദവിയിലേക്ക്


തിരുവനന്തപുരം: വിശ്വാസതീക്ഷ്ണതയുടെ പേരിൽ പതിനെട്ടാം നൂറ്റാണ്ടിൽ കന്യാകുമാരിയിലെ കാറ്റാടിമലയിൽ രക്തസാക്ഷിത്വം വരിച്ച മലയാളിയായ വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള വിശുദ്ധപദവിയിലേക്ക്. ദേവസഹായത്തിന്റെ മധ്യസ്ഥതയിൽ നടന്ന അത്ഭുത പ്രവൃത്തി ഫ്രാൻസിസ് മാർപാപ്പ അംഗീകരിച്ചു. ഏഴാം മാസത്തിൽ അമ്മയുടെ ഉദരത്തിൽ ജീവൻ നഷ്ടപ്പെടുമെന്നുറപ്പായ കുഞ്ഞ്, മധ്യസ്ഥ പ്രാർത്ഥനയിലൂടെ ജീവിതത്തിലേക്കു തിരിച്ചുവന്നതാണിത്.



കന്യാകുമാരിയിലെ നട്ടാലത്ത് 1712 ഏപ്രിൽ 23ന് ജനിച്ച നീലകണ്ഠപ്പിള്ളയാണ് പിന്നീട് ജ്ഞാനസ്നാനം സ്വീകരിച്ച് ദേവസഹായം പിള്ളയായത്. തിരുവിതാംകൂർ രാജാവിന്റെ കൊട്ടാരം കാര്യദർശിയായിരുന്നു അദ്ദേഹം. കുളച്ചൽ യുദ്ധത്തിൽ തടവിലാക്കപ്പെട്ട ഡച്ച് സൈന്യാധിപൻ ബെനഡിക്ട് ഡിലനോയിയെ തിരുവിതാംകൂർ സൈന്യത്തിന്റെ നവീകരണച്ചുമതല ഏൽപിച്ചപ്പോൾ നീലകണ്ഠപ്പിള്ളയെ സഹായിയായി നിയോഗിച്ചു. (ശേഷം 28-ാം പേജിൽ)


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
JAIBU MATHEW KULANGARA, E.A.
Enrolled to Practice before IRS
7215 W. TOUHY, SUITE 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
Email:tax@jaibu.com
Web: www.jaibu.com
TAX
Free Electronic Filing


FAITH HOLIDAYS
www.faithholidays.com
1-888-91-FAITH
E-mail: info@faithholidays.com
2020 TOUR PACKAGES
BOOK YOUR SEATS NOW
NEW YORK : 1700 Central Park,Suite E Yonkers, New York 10710
FLORIDA : 9710 Stirling Road, Suite 109 Cooper City, FL-33024
CELL: 914 720 2051/954 336 7731
FOOT STEPS OF ST.PAUL
GREECE & TURKEY
12 DAYS - SEP 21' 2020
SURPRISING-SOUTH AFRICA
14 DAYS - APR & SEP 2020
RUSSIA & SCANDINAVIA
14 DAYS - JUL 17 & AUG 21' 2020
SPAIN- PORTUGAL
MOROCCO
14 DAYS - SEP' 2020
EXCLUSIVE
UK AND EUROPE
14 DAYS - SEP 15' 2020
GLORY OF EUROPE
17 DAYS - MAY 31' 2020


FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TAX
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave
Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
Free Electronic Filing
Full Time In Accounting
& Tax Services


Spectacular Tours
GLOBAL TOURS NY INC.
HOLY LAND
(Jordan with Petra, Isreal, Palestine and Egypt)
July 9-20, 2020
from New York
with PETRA
November 22 - December 4th 2020
GREECE & TURKEY
August 14-25, 2020
SOUTH AFRICA
September 17-29, 2020
For More Information
THOMAS KURIAN
516-754-0631
email: global tours 4u@gmail.com
www.globaltoursny.gov
EUROPE
October 15 - 29
2020

# ഇന്ത്യയേയും മോദിയേയും ട്രംപ് വാനോളം പുകഴ്ത്തി

അഹമ്മദാബാദ്: നമസ്തേ ട്രംപ് പരിപാടിയില്‍ ഇന്ത്യയേയും പ്രധാന മന്ത്രി നരേന്ദ്ര മോദിയേയും വാനോളം പുകഴ്ത്തി യു.എസ് പ്രസിഡണ്ട് ഡോണള്‍ഡ് ട്രംപ്. മോദിയെ ഇന്ത്യയുടെ ചാമ്പ്യനെന്ന് വിശേഷിപ്പിച്ചാണ് ട്രംപ് മൊട്ടേരയില്‍ പ്രസംഗം തുടങ്ങിയത്. അന്ത്യയുടെ ഐക്യം ലോകത്തിന് മാതൃകയാണ്. ഇന്ത്യയെ സ്നേഹിക്കുന്നു; ബഹുമാനിക്കുന്നു; ഇന്ത്യയ്ക്കൊപ്പം നിലകൊള്ളുന്നു. ഈ സ്നേഹവും സ്വീകരണവും താനും കുടുംബവും എന്നും ഓര്‍ക്കുമെന്നും ട്രംപ് പറഞ്ഞു.

ഇന്ത്യയുടെ കുതിച്ചു ചാട്ടത്തിന് മോദി അടിത്തറയിട്ടു. ലോകം കണ്ട ഏറ്റവും വലിയ തെരഞ്ഞെടുപ്പ് വിജയമാണ് മോദി നേടിയത്. മോദി തന്റെ ആത്മമിത്രമാണ്. ചായ വില്പനക്കാരനില്‍ നിന്നും ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ പ്രധാനമന്ത്രിയാകാന്‍ മോദിക്ക് കഴിഞ്ഞ കാര്യം ട്രംപ് എടുത്തു പറഞ്ഞു. മെരുങ്ങാന്‍ പാടുള്ള മനുഷ്യന്‍ എന്ന പരാമര്‍ശവും ഒരുവേള മോദിയെക്കുറിച്ച് ട്രംപ് നടത്തി.

നൂറിലധികം ഭാഷകള്‍ സംസാരിക്കുന്ന രണ്ടായിരത്തോളം സിനിമകള്‍ ഒരുവര്‍ഷം റിലീസാകുന്ന രാജ്യമാണ് ഇന്ത്യ. എക്കാലത്തെയും വലിയ ബോളിവുഡ് ഹിറ്റുകളില്‍ ഒന്നായ ദില്‍വാലേ ദുല്‍ഹനിയ ലേ ജായേങ്കേ സിനിമയുടെ പേരെടുത്ത് പരാമര്‍ശിക്കുകയും ചെയ്തു ട്രംപ്.

ഇന്ത്യന്‍ സിനിമ, കായിക മേഖലകളെ പ്രശംസിക്കാനും ട്രംപ് പ്രസംഗത്തില്‍ മറന്നില്ല. സച്ചിനേയും കോലിയേയും അദ്ദേഹം പേരെടുത്തു പരാമര്‍ശിച്ചു. എല്ലാ മതങ്ങളും സഹവര്‍ത്തിത്വത്തോടെ കഴിയുന്ന രാജ്യമാണ് ഇന്ത്യ. 27 കോടി ജനങ്ങളെ ദാരിദ്ര്യത്തില്‍ നിന്ന് മോചിപ്പിക്കാന്‍ ഇന്ത്യക്ക് കഴിഞ്ഞു. ഇന്ത്യക്ക് നേട്ടങ്ങള്‍ കൈവരിക്കാനായത് ജനാധിപത്യവും സഹിഷ്ണുതയും കാരണമാണ്.

സ്വാമി വിവേകാനന്ദനും ഗാന്ധിജിയും അദ്ദേഹത്തിന്റെ പ്രസംഗത്തില്‍ കടന്നുവന്നു. ഇന്ത്യയുമായുള്ള ബന്ധം ദൃഢമാകും. ഇന്ത്യയിലെ സ്ത്രീസംരംഭകര്‍ മികച്ചവരെന്നും ട്രംപ് അഭിപ്രായപ്പെട്ടു. ഇന്ത്യയുമായുള്ള വ്യാപാരക്കരാറില്‍ ചര്‍ച്ച തുടരുകയാണ്. ഇന്ത്യയുമായി 300 കോടി ഡോളറിന്റെ കരാര്‍ ഒപ്പിടുമെന്നും ട്രംപ് പറഞ്ഞു.

ഇന്ത്യയുടെ ഏറ്റവും അടുത്ത സുഹൃത്തെന്നാണ് ട്രംപിനെ മോദി വിശേഷിപ്പിച്ചത്. ഇന്ത്യയുടെ ഡിജിറ്റല്‍ ഇക്കണോമിയില്‍ അമേരിക്കയ്ക്ക് നിക്ഷേപിക്കാനുള്ള അവസരമുണ്ടെന്ന് മോദി നന്ദിപ്രസംഗത്തില്‍ പറഞ്ഞു.

ഒരു മണിക്കൂര്‍ നീണ്ട ഇരുവരുടെയും പ്രസംഗത്തില്‍ വ്യാപാര കരാറിന്റെ ചര്‍ച്ചകള്‍ തുടരുകയാണെന്നും 300 കോടി ഡോളറിന്റെ സൈനിക സാമഗ്രികള്‍ (ഹെലിക്കോപ്റ്റര്‍ ഇടപാട്) ഇന്ത്യയ്ക്ക് നല്‍കുന്നതിനുള്ള കരാര്‍ ഫെബ്രുവരി 25ന് ചൊവ്വാഴ്ച ഒപ്പിടുമെന്നുമുള്ള രണ്ട് കാര്യങ്ങള്‍ മാത്രമാണ് പ്രസംഗത്തില്‍ ഗൗരവമായി കടന്നുവന്നത്. തീവ്രവാദ പ്രവര്‍ത്തനം അവസാനിപ്പിക്കണമെന്ന് പാക്കിസ്ഥാന് മുന്നറിയിപ്പ് നല്‍കിയെന്നു പറഞ്ഞ ട്രംപ് അമേരിക്കയുടെ സുഹൃത്താണ് പാക്കിസ്ഥാനെന്ന് കൂട്ടിച്ചേര്‍ക്കുകയും ചെയ്തു.

ഒരു ലക്ഷത്തിലധികം പേരാണ് മൊട്ടേരയിലെ സ്റ്റേഡിയത്തില്‍ നമസ്തേ ട്രംപ് പരിപാടിയില്‍ എത്തിയത്. നന്ദിപ്രസംഗം നടത്തിയ മോദി ഇന്ത്യ-അമേരിക്ക സൗഹൃദം നീളാള്‍ വാഴട്ടെ എന്നു പറഞ്ഞുകൊണ്ടാണ് പ്രസംഗം അവസാനിപ്പിച്ചത്.






# ഇന്ത്യക്കെതിരെ വീണ്ടും

വാഷിംഗ്ടണ്‍ ഡിസി: വാണിജ്യകാര്യത്തില്‍ ഇന്ത്യയെ കുറ്റപ്പെടുത്തി അമേരിക്കന്‍ പ്രസിഡണ്ട് ഡോണള്‍ഡ് ട്രംപ്. "വര്‍ഷങ്ങളായി അവര്‍ നമ്മേ കടുപ്പത്തില്‍ അടിക്കുകയാണ്. ഞാന്‍ ഏതായാലും അവരോട് അല്പം കച്ചവടം സംസാരിക്കും" എന്നാണ് ട്രംപ് കോളറാഡോയിലെ ഒരു പൊതുയോഗത്തില്‍ പറഞ്ഞത്. അമേരിക്കന്‍ ഉത്പന്നങ്ങള്‍ക്കുള്ള ചുങ്കം കുറയ്ക്കാനും വിലക്കുള്ള ഇനങ്ങളുടെ വിലക്ക് നീക്കാനും ട്രംപ് സമ്മര്‍ദം ചെലുത്തുമെന്നാണ് ഇതിലെ സൂചനയെന്നു നിരീക്ഷകര്‍ പറഞ്ഞു. സന്ദര്‍ശനത്തിനുള്ള ട്രംപിന്റെ ഔദ്യോഗിക സംഘത്തിന്റെ വലുപ്പവും നിലവാരവും ഉയര്‍ത്തിയത്. ഇന്ത്യയിലേക്കുള്ള വരവിന് അദ്ദേഹം നല്‍കുന്ന മുന്തിയ പ്രാധാന്യം വ്യക്തമാക്കുന്നു. ട്രഷറി സെക്രട്ടറി സ്റ്റീവന്‍ മനുചിന്‍, വാണിജ്യ സെക്രട്ടറി വില്‍ബര്‍ റോസ്, ട്രംപിന്റെ മകള്‍ ഇവാങ്ക, മരുമകനും ട്രംപിന്റെ സീനിയര്‍ ഉപദേഷ്ടാവുമായ ജാറെഡ് കുഷ്നര്‍ എന്നിവരും സംഘത്തിലുണ്ടാകുമെന്ന് പ്രഖ്യാപിച്ചു. ട്രംപും ഭാര്യ മെലാനിയയും എന്നായിരുന്നു ഫെബ്രുവരി 20വരെ അറിയിച്ചിരുന്നത്.

അമേരിക്കന്‍ വാണിജ്യ പ്രതിനിധി റോബര്‍ട്ട് ലൈറ്റൈസര്‍ വരുന്നില്ല. ഇന്ത്യയുമായി ഇപ്പോള്‍ വാണിജ്യ ഉടമ്പടി ഉണ്ടാകില്ല എന്നതുകൊണ്ടാണ് ലൈറ്റൈസര്‍ വരവ് വേണ്ടെന്നു വെച്ചത്. ഇന്ത്യയുമായി സ്വതന്ത്ര വ്യാപാര ഉടമ്പടിക്കു ചര്‍ച്ച നടക്കുകയാണെന്നു ഈയിടെ ട്രംപ് സൂചിപ്പിച്ചിരുന്നു. യുഎസ് പ്രസിഡണ്ട് തെരഞ്ഞെടുപ്പിനു ശേഷമേ ആ കരാര്‍ ഉണ്ടാകൂ എന്നാണ് സൂചന.

യുഎസ് സാധനങ്ങള്‍ക്കുള്ള ഇറക്കുമതിചുങ്കം കുറയ്ക്കുക, അമേരിക്കന്‍ പാലുത്പന്നങ്ങള്‍ക്കുള്ള വിലക്ക് മാറ്റുക, ആപ്പിളും മറ്റു പഴങ്ങളും ആല്‍മണ്ട്, വാല്‍നട്ട് തുടങ്ങിയവയും മറ്റു കാര്‍ഷികോത്പന്നങ്ങളും ഇറക്കുമതി ചെയ്യുന്നതിനു ചുങ്കം ഒഴിവാക്കുക, അമേരിക്കന്‍ മെഡിക്കല്‍ ഉപകരണങ്ങള്‍ക്കു വലിയ നിയന്ത്രണം ഏര്‍പ്പെടുത്തിയതു പിന്‍വലിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് ട്രംപിനുള്ളത്. ബൗദ്ധിക സ്വത്തവകാശ വിഷയത്തില്‍ ഇന്ത്യ കൂടുതലായി വഴങ്ങണമെന്നും ട്രംപ് ആഗ്രഹിക്കുന്നു.

ഇതില്‍ പലതും അംഗീകരിക്കാന്‍ ഇന്ത്യക്കു തടസങ്ങളുണ്ട്. അമേരിക്ക കാലിത്തീറ്റയില്‍ മാംസം ചേര്‍ക്കുന്നതിനാല്‍ അവിടുത്തെ പാലുത്പന്നങ്ങള്‍ ഇന്ത്യക്കാരില്‍ നല്ലൊരു പങ്കിന് അസ്വീകാര്യമാകും. കാര്‍ഷികോത്പന്നങ്ങളുടെ കാര്യത്തില്‍ ഇന്ത്യന്‍ കര്‍ഷകരെ വീണ്ടും ബുദ്ധിമുട്ടിലാക്കുന്നതാകും ചുങ്കമില്ലാത്ത ഇറക്കുമതി. ഇക്കാര്യങ്ങളില്‍ ഇന്ത്യയെ സമ്മര്‍ദത്തിലാക്കുമെന്നാണ് ട്രംപ് ഉദ്ദേശിക്കുന്നതെന്ന് ഫെബ്രുവരി 21ലെ പ്രസ്താവന കാണിക്കുന്നു.

# കൊറോണ മറ്റു രാജ്യങ്ങളിലേക്കും പടരുന്നു

സീയൂള്‍: ചൈനയില്‍ കൊറോണ വൈറസ് ബാധ ഒരുവിധം നിയന്ത്രണ വിധേമായി വരുമ്പോള്‍ മറ്റു രാജ്യങ്ങളില്‍ രോഗം പടരുന്നത് ലോകത്തെ മുഴുവന്‍ ആശങ്കയിലാക്കി. ദക്ഷിണകൊറിയ, ഇറ്റലി, ഇറാന്‍ എന്നീ രാജ്യങ്ങളില്‍ വൈറസ് ബാധ പടരുന്ന സൂചനകളാണ് ലഭിക്കുന്നത്.

ദക്ഷിണകൊറിയയില്‍ രോഗം ബാധിച്ചവരുടെ എണ്ണം അഞ്ചായി. 169 പേര്‍ക്കു കൂടി രോഗം സ്ഥിരീകരിച്ചു. ഇതോടെ രാജ്യത്തെ രോഗബാധിതരുടെ എണ്ണം 612 ആയി. ചൈനയ്ക്കു ശേഷം ഏറ്റവും കൂടുതല്‍ രോഗികള്‍ ഇപ്പോള്‍ കൊറിയയിലാണ്. ജപ്പാനില്‍ 769 കേസുകള്‍ ഉണ്ടെങ്കിലും 634ഉം കാറന്റൈന്‍ ചെയ്തിട്ടിരിക്കുന്ന ഉല്ലാസക്കപ്പലുമായി ബന്ധപ്പെട്ടതാണ്.

ഇറ്റലിയിലും ഇറാനിലും രോഗബാധിതരുടെ എണ്ണം വര്‍ധിച്ചു. രോഗം കൂടുതല്‍ പേര്‍ക്കു പകരാതിരിക്കാനുള്ള മുന്‍കരുതലുകളും ഇരു രാജ്യങ്ങളും എടുത്തുവരുന്നു.

ദക്ഷിണകൊറിയയില്‍ പ്രസിഡണ്ട് മൂണ്‍ ജേ ഇന്നിന്റെ നേതൃത്വത്തില്‍ വിദഗ്ധരും മന്ത്രിമാരും യോഗം ചേര്‍ന്നശേഷം രാജ്യത്ത് അതീവജാഗ്രത പ്രഖ്യാപിച്ചു. കാര്യങ്ങള്‍ ഗൗരവതരമാണെന്നും രോഗബാധ നിയന്ത്രിക്കുന്നതില്‍ വരും ദിവസങ്ങള്‍ നിര്‍ണായകമാണെന്നും മൂണ്‍ പറഞ്ഞു.

കിഴക്കന്‍ കൊറിയയിലെ ഡെയിഗു, ചെങ്ഡോ നഗരങ്ങളിലാണ് രോഗബാധ പടരുന്നത്. ഭൂരിഭാഗം രോഗികളും ഡെയിഗുവിലെ മതസംഘടനയുമായും ചെങ്ഡോയിലെ ഒരു ആശുപത്രിയുമായും ബന്ധമുള്ളവരാണ്.

വടക്കന്‍ ഇറ്റലിയില്‍ രോഗം ബാധിച്ച് രണ്ടുപേര്‍ മരിച്ചു. രോഗബാധിതരുടെ എണ്ണം നൂറിനു മുകളിലായി. വടക്കന്‍ ഇറ്റലിയിലെ ലൊംബാര്‍ഡി, വെനെറ്റോ മേഖലകളില്‍ ക്വാറന്റൈന്‍ നിയന്ത്രണങ്ങള്‍ ഏര്‍പ്പെടുത്തി.

രണ്ടാഴ്ചത്തേക്ക് പ്രത്യേക അനുമതി കൂടാതെ ഈ മേഖലകളിലെ പത്തു നഗരങ്ങളിലേക്കുള്ള പ്രവേശനം നിരോധിച്ചു. ബിബിസി സ്ഥാപനങ്ങളും സ്കൂളുകളും പൂട്ടി. ഫുട്ബോള്‍ അടക്കം കായിക വിനോദങ്ങള്‍ റദ്ദാക്കി.

അഞ്ചു മരണം റിപ്പോര്‍ട്ട് ചെയ്ത ഇറാനില്‍ രോഗബാധ എല്ലാ നഗരങ്ങളിലും പടര്‍ന്നേക്കുമെന്ന് ആരോഗ്യമേഖലയിലെ അധികൃതര്‍ മുന്നറിയിപ്പു നല്‍കി. 29 പേര്‍ക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. 14 പ്രവിശ്യകളിലെ സ്കൂളുകള്‍, യൂണിവേഴ്സിറ്റികള്‍, സാംസ്കാരിക കേന്ദ്രങ്ങള്‍ മുതലായവ അടച്ചിടാന്‍ നിര്‍ദേശം നല്‍കി.

**ചൈനയില്‍ മരണം 2500**

ചൈനയില്‍ 97 മരണങ്ങള്‍ കൂടി റിപ്പോര്‍ട്ട് ചെയ്തു. മൊത്തം മരണസംഖ്യ 2500. രോഗബാധിതരുടെ എണ്ണം 76,936.

ജപ്പാനിലെ യോക്കോഹോമ തീരത്ത് ക്വാറന്റൈന്‍ ചെയ്തിട്ടിരിക്കുന്ന ഉല്ലാസക്കപ്പലിലെ നാല് ഇന്ത്യന്‍ ജീവനക്കാര്‍ക്കുകൂടി രോഗം സ്ഥിരീകരിച്ചതായി ഇന്ത്യന്‍ എംബസി അറിയിച്ചു. ഇതോടെ കപ്പലിലെ ഇന്ത്യന്‍ രോഗികളുടെ എണ്ണം 12 ആയി. 132 ജീവനക്കാരും ആറ് യാത്രക്കാരും അടക്കം 138 ഇന്ത്യക്കാരാണ് കപ്പലിലുള്ളത്.

# അധോലോക കുറ്റവാളി രവി പൂജാരി അറസ്റ്റില്‍

ബെംഗളൂരു: അധോലോക കുറ്റവാളി രവി പൂജാരി ദക്ഷിണാഫ്രിക്കയില്‍ അറസ്റ്റിലായി. ഇയാളെ ഇന്ത്യയിലെത്തിച്ചു. റോ, കര്‍ണാടക പോലീസ് എന്നിവയിലെ ഉദ്യോഗസ്ഥരുടെ സംഘമാണ് രവി പൂജാരിയെ ഇന്ത്യയിലെത്തിച്ചത്.

സെനഗലില്‍ നിന്നു രവി പൂജാരിയുമായി പാരീസിലെത്തി അര്‍ധരാത്രിയോടെ ഇന്ത്യയിലെത്തിച്ചെന്നു പോലീസ് ഉദ്യോഗസ്ഥര്‍ അറിയിച്ചു. 2019 ജനുവരിയില്‍ സെനഗലില്‍ വെച്ചാണ് രവി പൂജാരി അറസ്റ്റിലായത്. ഇയാളെ ഇന്ത്യയിലെത്തിക്കാന്‍ ശ്രമം നടത്തുന്നതിനിടെ സെനഗലിലെ പ്രാദേശിക കോടതി ജാമ്യം അനുവദിച്ചു. തുടര്‍ന്ന് ഇയാള്‍ ദക്ഷിണാഫ്രിക്കയിലേക്കു മുങ്ങി.

ദക്ഷിണാഫ്രിക്കന്‍, സെനഗല്‍ പോലീസ് സംയുക്തമായാണ് ദക്ഷിണാഫ്രിക്കന്‍ ഗ്രാമത്തില്‍ നിന്ന് രവി പൂജാരിയെ പിടികൂടിയത്. കൊലപാതകം, പണാപഹരണം എന്നിവയടക്കം ഇരുന്നൂറിലധികം കേസുകള്‍ ഇയാളുടെ പേരിലുണ്ട്. 2018 ഡിസംബര്‍ 15ന് കൊച്ചി പനമ്പിള്ളി നഗറിലെ ബ്യൂട്ടി പാര്‍ലറിനു നേരെ വെടിവെപ്പ് ആസൂത്രണം ചെയ്തത് രവി പൂജാരിയുടെ സംഘമാണ്. നടിയും മോഡലുമായ ലീന മരിയ പോളിന്റെ ഉടമസ്ഥതയിലുള്ളതാണ് ബ്യൂട്ടി പാര്‍ലര്‍.

തുടക്കത്തില്‍ ഛോട്ടാ രാജനൊപ്പമായിരുന്ന രവി പൂജാരി പിന്നീട് ദാവൂദ് ഇബ്രാഹിമിന്റെ അടുപ്പക്കാരനായി മാറി. കര്‍ണാടക സ്വദേശിയാണ് ഇയാള്‍. ബുര്‍ക്കിനോ പാസ്പോര്‍ട്ട് ഉപയോഗിച്ച് ആന്റണി ഫെര്‍ണാണ്ടസ് ആന്റണി എന്ന വ്യാജപേരിലാണ് രവി പൂജാരി ആഫ്രിക്കയില്‍ കഴിഞ്ഞിരുന്നത്.

# 24 സീ ഹോക്ക് ഹെലികോപ്റ്റര്‍ ഇന്ത്യ വാങ്ങും

ന്യൂഡല്‍ഹി: അമേരിക്കയില്‍ നിന്ന് 24 സീ ഹോക്ക് ഹെലികോപ്റ്ററുകള്‍ വാങ്ങുന്നതിനു സുരക്ഷാകാര്യങ്ങള്‍ക്കായുള്ള കാബിനറ്റ് കമ്മിറ്റി അംഗീകാരം നല്‍കി. യുഎസ് പ്രസിഡണ്ട് ഡോണള്‍ഡ് ട്രംപിന്റെ സന്ദര്‍ശനവേളയില്‍ ഇതിനു കരാര്‍ ഒപ്പിടും. 260 കോടി ഡോളര്‍ (18595 കോടി രൂപ) വരുന്ന ഇടപാടാണിത്.

ലോക്ക്ഹീഡ് മാര്‍ട്ടിന്‍ കമ്പനി നിര്‍മിക്കുന്ന എംഎച്ച് 60 ആര്‍ സീ ഹോക്ക് ഹെലികോപ്റ്ററുകള്‍ നാവികസേനയ്ക്ക് വേണ്ടിയാണ് വാങ്ങുന്നത്.

പഴയ ബ്രിട്ടീഷ് നിര്‍മിത സീകിംഗ് ഹെലികോപ്റ്ററുകള്‍ക്കു പകരമാണിത്. ട്രംപിന്റെ സന്ദര്‍ശനവേളയില്‍ ഉണ്ടാകുന്ന ഏറ്റവും വലിയ പ്രതിരോധ ഇടപാട് ഇതായിരിക്കുമെന്നു കരുതപ്പെടുന്നു.

# വോട്ടർ ഐഡി – ആധാർ ബന്ധിപ്പിക്കൽ ഉടൻ

ന്യൂഡൽഹി: വോട്ടർ തിരിച്ചറിയൽ കാർഡിനെ ആധാറുമായി ബന്ധിപ്പിക്കാനുള്ള കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശത്തിന് വൈകാതെ അനുമതി നൽകാൻ കേന്ദ്രസർക്കാർ നീക്കം. ഒരു മാസത്തിനകം ചേരുന്ന മന്ത്രിസഭായോഗം ഇതിന് അംഗീകാരം നൽകിയേക്കുമെന്നു കേന്ദ്ര നിയമമന്ത്രാലയം സൂചന നൽകി.

ഇതിനായി തെരഞ്ഞെടുപ്പ് കമ്മീഷനു നിയമപരമായ അധികാരം (സ്റ്റാറ്റ്യൂട്ടറി അഥോറിറ്റി) നൽകാനുള്ള നിയമ ഭേദഗതിക്കായുള്ള മന്ത്രിസഭാ കുറിപ്പിനു നിയമമന്ത്രാലയം ഉടൻ അന്തിമ രൂപം നൽകും.

വോട്ടർ പട്ടിക ശുദ്ധീകരിക്കാൻ ആധാർ കാർഡുമായി ബന്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ സുനിൽ അറോറ, കമ്മീഷണർമാരായ അശോക് ലാവാസ, സുശീൽ ചന്ദ്ര എന്നിവർ കേന്ദ്രസർക്കാരിലെ ഉന്നതരെ നേരിൽക്കണ്ട് ആവശ്യപ്പെട്ടു. നിയമമന്ത്രാലയത്തിലെ ലജിസ്ലേറ്റീവ് വകുപ്പ് സെക്രട്ടറി നാരായൺ രാജു, അഡീഷണൽ സെക്രട്ടറി റീത്ത വസിഷ്ഠ എന്നിവരുമായി തെരഞ്ഞെടുപ്പ് കമ്മിഷണർമാർ നടത്തിയ ചർച്ചയിൽ ഇതിന്റെ വിശദാംശങ്ങൾ ചൂണ്ടിക്കാട്ടി.

തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങളിലെ ഏറ്റവും സുപ്രധാന നടപടിയാകുമിതെന്നാണ് ഇലക്ഷൻ കമ്മീഷന്റെ വാദം. ആധാർ കാർഡും വോട്ടർ തിരിച്ചറിയൽ കാർഡും തമ്മിൽ ബന്ധിപ്പിച്ചാൽ കള്ള വോട്ടുകൾ ഏതാണ്ട് പൂർണമായും തടയാനാകും. തെരഞ്ഞെടുപ്പുകളിലെ കള്ളവോട്ടുകൾ തെരഞ്ഞെടുപ്പ് ഫലങ്ങളെ ബാധിക്കുന്ന വിധം ചില സ്ഥലങ്ങളിൽ വ്യാപകമാണെന്നു റിപ്പോർട്ടുകളുണ്ട്. വ്യാജ വോട്ടർമാരെയും ഒന്നിലേറെ സ്ഥലങ്ങളിൽ വോട്ടർ പട്ടികയിൽ പേരുള്ളവരെയും നീക്കാനാകും എന്നതാണ് ആധാറുമായി ബന്ധിപ്പിക്കലിന്റെ പ്രധാന ഗുണം.

വോട്ടർമാരുടെയും പുതിയ അപേക്ഷകരുടെയും ആധാർ നമ്പരുകൾ ശേഖരിക്കാൻ തെരഞ്ഞെടുപ്പ് കമ്മിഷനു നിയമപരമായ അധികാരം നൽകുന്ന പുതിയ നിയമഭേദഗതി നടത്തും. ജനപ്രാതിനിധ്യ നിയമത്തിൽ ഇതനുസരിച്ചുള്ള ഭേദഗതി വരുത്താനാണ് ബിൽ. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടം സമാപിക്കുന്നതിനു മുമ്പായി ഇതിനുള്ള ബിൽ പാർലമെന്റിൽ അവതരിപ്പിച്ചേക്കും. ഈ വർഷം തന്നെ നിയമം പാസാക്കാനായാൽ അടുത്ത വർഷം നടക്കുന്ന തെരഞ്ഞെടുപ്പുകൾ മുതൽ വോട്ടർ തിരിച്ചറിയൽ കാർഡുകൾ ആധാറുമായി ബന്ധിപ്പിക്കേണ്ടിവരും.

നേരത്തെ 32 കോടിയോളം വോട്ടർ തിരിച്ചറിയൽ കാർഡുകൾ ആധാറുമായി ബന്ധപ്പിച്ചിരുന്നു. രാഷ്ട്രീയ സമ്മർദങ്ങളെത്തുടർന്ന് പദ്ധതി ഉപേക്ഷിച്ചു. സേവനങ്ങൾക്ക് ആധാർ നിർബന്ധമാക്കരുതെന്ന സുപ്രീംകോടതി വിധിയെത്തുടർന്നാണ് പദ്ധതി ഉപേക്ഷിച്ചതെന്നായിരുന്നു കേന്ദ്രസർക്കാരിന്റെയും ഇലക്ഷൻ കമ്മീഷന്റെയും വാദം. എന്നാൽ ആവശ്യമായ നിയമഭേദഗതിക്കുശേഷം ആധാർ വിവരങ്ങൾ ശേഖരിക്കാമെന്നു കഴിഞ്ഞ വർഷം സുപ്രീം കോടതി വ്യക്തമാക്കിയതോടെ നിയമതടസം മാറി.

## സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥർ കോച്ചിങ് സെന്റർ നടത്തുന്നു

തിരുവനന്തപുരം: പിഎസ്‌സി കോച്ചിങ് സെന്ററുകൾ നടത്തുന്ന 2 സെക്രട്ടറിയേറ്റ് അസിസ്റ്റന്റുമാർക്കു പൊതുഭരണവകുപ്പിന്റെ കാരണം കാണിക്കൽ നോട്ടീസ്. പി.എസ്‌സി ചോദ്യക്കടലാസ് സെക്ഷനുകളിൽ ജോലി ചെയ്യുന്നവരുമായി ഇവർക്കു ബന്ധമുണ്ടെന്ന് ആരോപിച്ച് ചില ഉദ്യോഗാർത്ഥികളാണ് പരാതി നൽകിയത്. കെഎഎസ് ചോദ്യം ചോർന്നുകിട്ടിയെന്ന മട്ടിൽ വാട്സാപ്പ് പ്രചാരണം നടത്തിയ സെക്രട്ടേറിയറ്റിലെ സെക്ഷൻ ഓഫിസർക്കു പിഎസ്‌സി നേരിട്ടു നോട്ടീസ് നൽകുകയും ചെയ്തു. കെഎഎസ് പരീക്ഷാർത്ഥി കൂടിയായ ഈ ഉദ്യോഗസ്ഥനെ പ്രിലിമറി പരീക്ഷ എഴുതാൻ അനുവദിച്ചു.

പിഎസ്‌സി പരീക്ഷകളുടെ വിശ്വാസ്യത തകർക്കാൻ ശ്രമിച്ചെന്നാണ് 3 ഉദ്യോഗസ്ഥർക്കുമെതിരായ പരാതി. വിശദീകരണം–തൃപ്തികരമല്ലെങ്കിൽ കർശന നടപടിയുണ്ടാകും. വകുപ്പുതല നടപടിയും വരും. തിരുവനന്തപുരത്ത് കോച്ചിങ് സെന്ററുകൾ നടത്തുന്ന ഉദ്യോഗസ്ഥരുടെ പേരെടുത്തു പറഞ്ഞ് ഉദ്യോഗാർത്ഥികൾ പിഎസ്‌സി ചെയർമാനാണ് പരാതി നൽകിയത്. തുടർന്ന് പൊതുഭരണ പ്രിൻസിപ്പൽ സെക്രട്ടറി കെ.ആർ. ജ്യോതിലാലിനു കത്തെഴുതാൻ പിഎസ്‌സി ചെയർമാൻ എം.കെ. സക്കീർ നിർദേശിക്കുകയായിരുന്നു. സെക്രട്ടറിയേറ്റ് അസിസ്റ്റന്റുമാരിൽ ഒരാൾ ഇപ്പോൾ ഒരു കോർപറേഷനിൽ ഡപ്യൂട്ടേഷനിൽ ജോലി ചെയ്യുകയാണ്. ചോദ്യക്കടലാസ് കൈകാര്യം ചെയ്യുന്ന പിഎസ്‌സി സെക്ഷനുകളിലെ ഉദ്യോഗസ്ഥരുമായി ഇവർ നിരന്തരം ബന്ധപ്പെടുന്നുണ്ടെന്നും സെക്രട്ടറിയേറ്റിലെ സ്വാധീനമാണ് ഉപയോഗിക്കുന്നതെന്നും ഉദ്യോഗാർത്ഥികൾ പരാതിപ്പെടുന്നു.

കെഎഎസ് പരീക്ഷാർത്ഥി കൂടിയായതിനാലാണ് സെക്ഷൻ ഓഫീസർക്ക് പിഎസ്‌സിക്കു തന്നെ നോട്ടീസ് നൽകിയത്. പരീക്ഷയുടെ ചോദ്യമാതൃക നൽകിക്കൊണ്ടു യഥാർത്ഥ ചോദ്യമെന്ന തോന്നലുണ്ടാക്കുകയും ചോദ്യകർത്താവിനെ അറിയാമെന്ന മട്ടിൽ വാട്സാപ്പിൽ അഭിപ്രായ പ്രകടനം നടത്തുകയുമാണ് ചെയ്തത്. സെക്രട്ടറിയേറ്റിലെ പല ഉദ്യോഗസ്ഥരും പിഎസ്‌സി കോച്ചിംഗ് സെന്ററുകളിൽ ക്ലാസ് എടുക്കുന്നതായി പരാതിയുണ്ട്. പിഎസ്‌സി ഓഫിസിലെ ചില ഉദ്യോഗസ്ഥർ ഇങ്ങനെ പരിശീലനം നടത്തുന്നതായി കണ്ടെത്തിയ അധികൃതർ താക്കീത് ചെയ്തിരുന്നു. അതോടെ അവർ കോച്ചിങ് അവസാനിപ്പിച്ചു.


# PASTOR FOR YOUTH & CHILDREN

The Indian Pentecostal Church of God in Houston, TX is seeking a passionate and experienced leader to fill the role of Youth Pastor to lead a large congregation, includes youth and children. The Youth Pastor should be able to preach and minister relevantly to a generationally diverse crowd comprised of primarily South Indian descent (i.e. Kerala, India). We are seeking someone who is familiar with this culture and has interest/experience ministering to this group of believers.

**Minimum Qualifications**

- 25 years of age or older
- Married
- Bachelor's degree in Theology or other biblical studies earned through an on-campus program
- Saved, baptized, and filled with the Holy Spirit
- Living a life pleasing to the Lord
- 2 years of ministerial experience(Teaching & Preaching)
- Preferably someone who is familiar with the South Indian (Keralite) culture and has genuine interest/experience ministering to this group of believers
- Legally authorized to work in the United States

We offer a competitive salary with benefits. All submissions will be confidential.

To apply please email an updated resume and two professional references to
**YouthPastorSearch@IPCHouston.com**

For detailed job description, visit
**IPCHouston.Com / YouthPastorSearch**


**Further inquiries please contact**
**Pastor Sabu Varghese (215) 939-7512 or**
**Pastor Sam Varughese (469) 235-4684**


## എൻസിപിയും കേരളാ കോൺഗ്രസും അധികാരമോഹികൾ: വെള്ളാപ്പള്ളി

ചേർത്തല: ഉപതെരഞ്ഞെടുപ്പ് നടക്കുന്ന കുട്ടനാട് സീറ്റ് സിപിഎം ഏറ്റെടുക്കണമെന്ന് എസ്എൻഡിപിയോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ. കർഷക, ചെത്തുതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കുട്ടനാട്ടിൽ സിപിഎമ്മിന് ഏറെ സ്വാധീനമുണ്ട്. കുടുംബാവകാശം പോലെയാണ് ചിലർ സീറ്റ് കുത്തകയാക്കി വെച്ചിരിക്കുന്നത്. ചെത്തുകാരേക്കാൾ നല്ലത് ബ്ലേഡുകാരാണെന്ന് അഭിപ്രായപ്പെട്ട എൻസിപിക്ക് കുട്ടനാട്ടിലെ ചെത്തുകാരോട് വോട്ട് അഭ്യർത്ഥിക്കാൻ അർഹതയില്ല. കേരളാ കോൺഗ്രസ് അധികാര ദുർമോഹികളുടെ ആൾക്കൂട്ടമായി അധപ്പതിച്ചു. വളരുംതോറും പിളരുന്ന ഇവർ ഭണത്തിലേറിയാൽ രാജ്യത്തെ നന്നാക്കാനല്ല സ്വയം നന്നാകാനാണ് ശ്രമിക്കുന്നത്. വോട്ടു ബാങ്ക് രാഷ്ട്രീയത്തിലാണ് എല്ലാവരുടെയും കണ്ണ്. ഭരണപങ്കാളിത്തത്തിൽ നിന്ന് പിന്നോക്കക്കാരനെ ആട്ടിപ്പായിക്കാനാണ് മുന്നണികൾ മത്സരിക്കുന്നത്. അധികാരത്തിൽ നിന്ന് അകറ്റപ്പെടുന്നതിനാൽ പിന്നോക്കക്കാരന് അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയാണെന്നും വെള്ളാപ്പള്ളി നടേശൻ പറഞ്ഞു.

## വുഹാനിൽ ആശുപത്രി ഉടമയും മരിച്ചു

ബെയ്ജിങ്: വുഹാൻ നഗരത്തിലെ വുചാങ് ആശുപത്രിയുടെ ഡയറക്ടർ വൈറസ് ബാധിച്ചു മരിച്ചു. വുഹാനിൽ ഡോക്ടർമാരും നേഴ്സുമാരുമുൾപ്പെടെ വൈറസിനെ പ്രതിരോധിക്കാനുള്ള ശ്രമത്തിനിടെ രക്തസാക്ഷികളായ ആരോഗ്യപ്രവർത്തകരിൽ അവസാനത്തെയാളാണ് ആശുപത്രി ഉടമയായ ഡോ. ലിയു ഷിമിങ്.




കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition From Chicago

2050 W. Devon Ave.
Chicago, IL 60659
Tel: 630 728 7956
eFax: 773.304.1917
Volume XXVIII
Number 09
February 28, 2020

*Chief Editor* K.M. Eapen
*Executive Editor* Jose Kaniyaly
*Managing Editors* Joseph Mathew, K.O. Jose, C.P.A., Titus Eapen
*Circulation Manager* Ajith Eapen
*Office Administration* Anish Eapen

*Legal Advisor* Selma C. D'souza
*Manager* K.M. Thimothy
*Overseas Office* KERALA EXPRESS, KMC 172-A, C.M.S. College Jn., Kottayam - 686001, Kerala, India
Tel : + 91 481-2561203
Fax : + 91 481-2568648

*Co-ordinating Editor* Mani Samuel
*Chief News Editor* Thomas Vadakel
*News Editor* Mini Mani
*Sub Editor* Cyril Thomas
*Graphics* Samuel Mani
*Consultant Editor* Prof. Babu Poozhikunnel

KERALA EXPRESS (USPS 011-008) is published Weekly for $49.00 per year by Grace Publications, Inc. 2050 West Devon Ave. Chicago, Illinois 60659.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to Kerala Express, Grace Publications, Inc. 2050 W. Devon Ave. Chicago, Illinois 60659.



DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


**മഹദ്വചനം**

പ്രക്ഷുബ്ധമായ കാലാവസ്ഥയിൽ നശിക്കുന്ന മൃദുലമായ പുഷ്പമല്ല വിശ്വാസം.

**മഹാത്മാഗാന്ധി**

കണ്ണീരിന്റെ ഈർപ്പമണിഞ്ഞ സ്നേഹമാണ് ഏറ്റവും ഹൃദ്യം.

**വാൾട്ടർ സ്കോട്ട്**

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ
സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# പൊടുന്നനെ വന്ന അവകാശം

ഇന്ത്യയിൽ ഏറ്റവും കൂടുതൽ മുസ്‌ലിംകൾ അധിവസിക്കുന്നതും പാക്കിസ്ഥാനുമായി അതിർത്തി പങ്കിടുന്നതുമായ ജമ്മു കാശ്മീർ സംസ്ഥാനം ആറു മാസത്തിലധികമായി കേന്ദ്രഭരണ പ്രദേശമായിട്ട്. ഭരണഘടനാ ശില്പികൾ അനുവദിച്ചു നല്കിയ സംസ്ഥാനത്തിന്റെ പ്രത്യേകാവകാശങ്ങളെല്ലാം ഒറ്റയടിക്ക് എടുത്തുകളഞ്ഞും സംസ്ഥാനത്തെ രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളായി വെട്ടിമുറിച്ചും കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാർ നടത്തിയ കിരാത നടപടി സുപ്രീംകോടതിയിൽ പരിഗണനയ്ക്കിരിക്കെയാണ് സാറാ അബ്ദുള്ളാ പൈലറ്റ് പ്രിയസഹോദരൻ ജമ്മു കാശ്മീർ മുൻ മുഖ്യമന്ത്രി ഉമർ അബ്ദുള്ളയ്ക്കുവേണ്ടി കോടതിയെ സമീപിച്ചത്. മാർച്ച് രണ്ടിന് കേസ് വീണ്ടും കേൾക്കാമെന്ന ഉത്തരവിലൂടെ ജമ്മു കാശ്മീർ ഭരണകൂടത്തിന് സുപ്രീംകോടതി നോട്ടീസ് അയച്ചിരിക്കുന്നു.

ഉമർ അബ്ദുള്ള മാത്രമല്ല അദ്ദേഹത്തിന്റെ പിതാവും നിലവിലെ ലോക്സഭാംഗവും മുൻമുഖ്യമന്ത്രിയുമായ ഫറൂഖ് അബ്ദുള്ളയും പി.ഡി.പി നേതാവും മറ്റൊരു മുൻ മുഖ്യമന്ത്രിയുമായ മെഹബൂബ മുഫ്തിയും അടക്കം നൂറുകണക്കിന് രാഷ്ട്രീയ നേതാക്കളും പ്രവർത്തകരും കാശ്മീരിലെ വിവിധ തടവറകളിൽ തങ്ങളുടെ കുറ്റമെന്തെന്നറിയാതെ കഴിയുകയാണ്. ഇവർക്കെതിരെയുള്ളത് കരുതൽ തടങ്കൽ മാത്രം. ജമ്മു കാശ്മീരിന്റെ പ്രത്യേകാവകാശ നിയമമായ 370-ാം വകുപ്പ് പിൻവലിച്ചുകൊണ്ട് ലോക്സഭയിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞത് എത്രയും പെട്ടെന്ന് സാധാരണ നിലയിലേക്ക് കാശ്മീരിനെ കൊണ്ടുവരുമെന്നായിരുന്നു. എന്നാൽ, ആറു മാസത്തിനുശേഷവും ഈ കേന്ദ്രഭരണപ്രദേശത്ത് ഭരണഘടന അനുവദിക്കുന്ന മൗലികാവകാശങ്ങൾ പോലും തുടർച്ചയായും വ്യാപകമായും നിഷേധിക്കപ്പെടുകയാണ്. കടകൾ പോയിട്ട് വിദ്യാലയങ്ങൾ പോലും തുറക്കുന്നില്ല. വിനോദസഞ്ചാരത്തിന്റെ പ്രസന്ന നാടായ കാശ്മീർ ഇന്ന് ശവപ്പറമ്പിന് സമാനമായി. അമിത് ഷാ പ്രഖ്യാപിച്ചതുപോലെ കാശ്മീരിനെ സാധാരണ നിലയിലേക്ക് മടക്കിക്കൊണ്ടു വരാൻ ഇതുവരെയും കഴിയാത്തതാണോ അതോ നേതാക്കളെയും ഒരു പ്രദേശത്തെത്തന്നെയും കരുതൽ തടങ്കലിൽ വെക്കാൻ ഉദ്ദേശിക്കുകയാണോ കേന്ദ്രഭരണകൂടം ലക്ഷ്യമിടുന്നതെന്ന് പറയാൻ കഴിയാത്ത അവസ്ഥയാണിപ്പോൾ. ഫറൂഖ് അബ്ദുള്ളയ്ക്ക് ലോക്സഭയിലെ എംപി പദവി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ലെന്നതു പോകട്ടെ, പുറത്തിറങ്ങി നടക്കാനോ രാഷ്ട്രീയപ്രവർത്തനം നടത്താനോ പോലും കഴിയാത്ത അവസ്ഥയുണ്ടായിട്ട് മാസങ്ങൾ പിന്നിടുന്നു. ഉമർ അബ്ദുള്ളയ്ക്കും മെഹബൂബയ്ക്കും എതിരെയും ഈയിടെ കാശ്മീരിലെ പൊതുസുരക്ഷാനിയമം (പി.എസ്.എ) ചുമത്തി. നേരത്തെ മറ്റ് ഏതാനും പേർക്കെതിരെ ഈ കരിനിയമം പ്രയോഗിച്ചിരുന്നു. വിചാരണ കൂടാതെ മൂന്നുമാസം മുതൽ രണ്ടു വർഷം വരെ തടവിൽ വെക്കാൻ ഭരണകൂടത്തിനു കഴിയുന്ന നിയമമാണ് പി.എസ്.എ. തീവ്രവാദികളെ കുരുക്കാൻ ഉപയോഗിക്കുന്ന കരിനിയമം ജനാധിപത്യത്തിനും പൗരാവകാശത്തിനും മനുഷ്യാവകാശത്തിനുമെതിരെയൊക്കെയാണ് കേന്ദ്രസർക്കാരിന്റെ ഒത്താശയോടെ കേന്ദ്രഭരണ പ്രദേശ ഭരണകൂടം പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്. ഇതുവരെയും പുറംലോകം കാണാൻ കഴിയാത്ത വിധത്തിൽ രാഷ്ട്രീയനേതാക്കളെ തടങ്കലിൽ പാർപ്പിച്ചിരിക്കുന്നു. എൺപതു കഴിഞ്ഞ ഫറൂഖ് അബ്ദുള്ളയുടെ വീടു തന്നെ ജയിലായി മാറ്റിയിരിക്കുന്നതുമൂലം ഒരൊറ്റയാൾക്കും അവിടേക്കു കടന്നു ചെല്ലാൻ പറ്റുന്നില്ല. ഉമറിനും മെഹബൂബയ്ക്കും രോഗം ബാധിച്ചതായി റിപ്പോർട്ടുകളുണ്ട്. ഇവരുടെ ചികിത്സ നടക്കുന്നുണ്ടോ എന്നു വ്യക്തമല്ല. ഇതെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നത് ഇന്ത്യയെപ്പോലെ ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്താണെന്നു വരുമ്പോൾ അതേക്കുറിച്ച് ലോകം ആശങ്കപ്പെടുന്നതിൽ അത്ഭുതത്തിന് അവകാശമില്ലല്ലോ.

2019 ആഗസ്റ്റ് അഞ്ചിനാണ് രാജ്യത്തെ ഞെട്ടിച്ചുകൊണ്ട് ലോക്സഭയിൽ പൊടുന്നനെ ജമ്മു കാശ്മീരിന്റെ പ്രത്യേകാവകാശ വകുപ്പ് (370) റദ്ദാക്കുന്നതായി അമിത് ഷാ പ്രഖ്യാപിച്ചതും നിയമഭേദഗതി പാസാക്കുന്നതും. രാജ്യത്ത് ഒരേ നിയമം മതിയെന്നതായിരുന്നു ഇതിന് അമിത്ഷായും കൂട്ടരും പറഞ്ഞ ന്യായം. ഒരു രാജ്യം, ഒരു നിയമം എന്ന് ബി.ജെ.പി. രാജ്യത്താകെ പാടി നടക്കുമ്പോഴാണ് പ്രത്യേകാധികാരങ്ങൾ അനുവദിക്കുന്ന നിയമങ്ങൾ മണിപ്പൂർ, മേഘാലയ, നാഗാലാൻഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിലവിലിരിക്കുന്നത്. ഇന്ത്യാരാജ്യത്തെ പൗരന്മാർക്ക് ഈ സംസ്ഥാനങ്ങളിലേക്ക് കടക്കണമെങ്കിൽകൂടി 'ഇൻലാൻഡ് പെർമിറ്റ്' വാങ്ങിയിരിക്കണം. പൗരത്വ ഭേദഗതിനിയമം പാസാക്കിയപ്പോഴും കേന്ദ്രസർക്കാർ വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്ക് ഇളവുകൾ പ്രഖ്യാപിക്കുകയുണ്ടായി. അതേസമയം ജമ്മു കാശ്മീരിനോട് മാത്രം എന്തിനാണ് ഇത്തരം വകുപ്പുകളും കരിനിയമങ്ങളും എന്ന ചോദ്യത്തിന് മറുപടി പറയാൻ വിയർക്കുകയാണ് ബി.ജെ.പിയും കേന്ദ്രസർക്കാരും. കോൺഗ്രസ് ഉപാദ്ധ്യക്ഷൻ രാഹുൽ ഗാന്ധി കാശ്മീർ സന്ദർശിക്കാനായി ശ്രീനഗർ വിമാനത്താവളത്തിൽ എത്തിയിട്ടും അവിടെനിന്ന് തിരിച്ചോടിച്ചവരാണ് രണ്ടുതവണ യൂറോപ്യൻ ജനപ്രതിനിധി സംഘത്തെ അവിടേക്ക് അയച്ചതെന്നത് ആരോടാണ് മോദി സർക്കാരിന്റെ ബാദ്ധ്യത എന്നതിനെക്കുറിച്ച് സംശയം ജനിക്കുന്നു. ലോകത്താകമാനം, പ്രത്യേകിച്ചും നോം ചോംസ്കിയെപ്പോലുള്ളവർ പോലും കാശ്മീരിലെ മുസ്‌ലിംകളോട് കാണിക്കുന്ന മനുഷ്യാവകാശ വിരുദ്ധതയ്ക്ക് മോദി സർക്കാർ ഉത്തരം പറയണമെന്നു പറയുമ്പോൾ അതിനോട് മുഖം തിരിഞ്ഞു നിൽക്കുന്ന നിലപാട് തീർച്ചയായും ഒരു പരിഷ്കൃതസമൂഹത്തിന് യോജിച്ചതല്ല. മുസ്‌ലിംകളോട് പ്രത്യേകിച്ച് കാശ്മീർ ജനതയോട് കാട്ടുന്ന അനീതിക്ക് അവർ പകരം വീട്ടിയാലോ എന്നതായിരിക്കാം ഈ വേലിക്കെട്ടുകളുടെയും വിലക്കുകളുടെയും പിന്നിലെ ഉന്നം. കറകളഞ്ഞ ഫാസിസമാണ് കാശ്മീർ ജനതയോടും ലോക മനുഷ്യാവകാശങ്ങളോടും കേന്ദ്ര ബി.ജെ.പി നേതൃത്വം പ്രകടിപ്പിക്കുന്നത്. അടച്ചു വെക്കപ്പെടുന്ന ഏതൊന്നിനും ശക്തി വർദ്ധിക്കുകയേയുള്ളൂ എന്ന സാമാന്യ ഊർജ്ജതന്ത്ര സിദ്ധാന്തമെങ്കിലും മോദിയും ഷായും ഭഗവത്തുമാരും ഓർത്താൽ കോടിക്കണക്കിനു വരുന്ന ജനതയ്ക്കും അവർക്കും നല്ലത്.

# ഇന്ത്യയുടെ ആദ്യ അല്മായ രക്തസാക്ഷി

ദേവസഹായം പിള്ള എന്ന ഇന്ത്യയുടെ ആദ്യ അല്മായ രക്തസാക്ഷിയുടെ ജീവിതം അടുത്തറിയുന്നവർ ഒരു നിമിഷം ആ ധന്യസ്മരണയ്ക്കു മുന്നിൽ ശിരസു നമിക്കാതിരിക്കില്ല. വലിയ പ്രതിസന്ധികളുടെയും കൊടിയ പീഡനങ്ങളുടെയും ഇടയിൽ തന്റെ വിശ്വാസത്തിനു വേണ്ടി അചഞ്ചലമായി നിന്ന ദീപ്തജീവിതമാണ് ദേവസഹായം പിള്ളയുടേത്.

1712 ഏപ്രിൽ 23ന് ഇന്നത്തെ കന്യാകുമാരി ജില്ലയിൽ തട്ടാലം എന്ന സ്ഥലത്ത് ഹൈന്ദവ കുടുംബത്തിലാണ് നീലകണ്ഠപിള്ളയുടെ ജനനം. 1745 മേയ് 17ന് ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു ദേവസഹായം പിള്ളയായി.


ശ്രീ ആദികേശവ പെരുമാൾ ക്ഷേത്രത്തിലെ പൂജാരിയായിരുന്ന വാസുദേവൻ നമ്പൂതിരിയും ദേവകിയമ്മയുമായിരുന്നു നീലകണ്ഠപ്പിള്ളയുടെ മാതാപിതാക്കൾ. മിടുക്കനായി വളർന്ന ആ യുവാവ് പിന്നീട് ഉദയഗിരി കോട്ടയിലെ പ്രധാനിയായി മാറി.

നീലകണ്ഠപിള്ളയുടെ ജീവിതത്തിൽ വഴിത്തിരിവായി മാറിയത് കുളച്ചൽ യുദ്ധവും അനുബന്ധ സംഭവങ്ങളുമാണെന്നു പറയാം. 1741-ൽ ആയിരുന്നു കുളച്ചൽ യുദ്ധം. യുദ്ധത്തിൽ മാർത്താണ്ഡവർമ മഹാരാജാവിന്റെ തിരുവിതാംകൂർ സൈന്യം ക്യാപ്റ്റൻ ഡിലനോയിയുടെ നേതൃത്വത്തിലുള്ള ഡച്ച് നാവികപ്പടയെ പരാജയപ്പെടുത്തി. മാത്രമല്ല അദ്ദേഹത്തെ തടവുകാരനായി പിടിക്കുകയും ചെയ്തു. എന്നാൽ, ക്യാപ്റ്റൻ ഡിലനോയിയുടെ യുദ്ധമികവും കാര്യശേഷിയും തിരിച്ചറിഞ്ഞ മഹാരാജാവ് തന്റെ സൈന്യത്തെ പരിശീലിപ്പിക്കാനുള്ള ചുമതല ഏറ്റെടുക്കാമെന്ന കരാറിൽ അദ്ദേഹത്തെ മോചിപ്പിച്ചു. അങ്ങനെ അദ്ദേഹത്തിനു സൈന്യാധിപനായി ഉദയഗിരി കോട്ടയിൽ നിയമനം ലഭിച്ചു. ഉറച്ച കത്തോലിക്കാ വിശ്വാസിയായിരുന്നു ക്യാപ്റ്റൻ ഡിലനോയി. അദ്ദേഹത്തോട് മതിപ്പും പ്രീതിയും തോന്നിയ രാജാവ് ഒരു ചാപ്പലും കോട്ടയിൽത്തന്നെ നിർമിച്ചു കൊടുത്തു. ഡിലനോയിക്കു സഹായങ്ങൾ ചെയ്യാൻ മിടുക്കനായ നീലകണ്ഠപിള്ളയെതന്നെ രാജാവ് നിയോഗിച്ചു. വൈകാതെ ഡിലനോയിയും നീലകണ്ഠപിള്ളയും ഉറ്റമിത്രങ്ങളായി. ക്യാപ്റ്റൻ ഡിലനോയിയുടെ ദൈവവിശ്വാസവും എളിമയും മാതൃകാപരമായ ജീവിതവും നീലകണ്ഠപിള്ളയെ വിസ്മയിപ്പിച്ചു. അന്യനാട്ടിൽ വന്നു പ്രത്യേക സാഹചര്യത്തിൽ കഴിയേണ്ടി വന്നിട്ടും അദ്ദേഹം ജീവിതത്തിൽ പുലർത്തുന്ന ആദർശവും മൂല്യങ്ങളും പ്രത്യാശയുമൊക്കെ നീലകണ്ഠപിള്ളയ്ക്ക് അത്ഭുതമായി മാറി. വൈകാതെ ഡിലനോയിയെ അദ്ദേഹം വളരെ അടുത്തു വീക്ഷിക്കാനും നിരീക്ഷിക്കാനും തുടങ്ങി. അദ്ദേഹത്തിന്റെ ആഴത്തിലുള്ള വിശ്വാസജീവിതം നീലകണ്ഠപിള്ളയെയും സ്വാധീനിച്ചു. അങ്ങനെ അദ്ദേഹം ക്രിസ്തുവിനെക്കുറിച്ച് ചോദിച്ചറിയാനും പഠിക്കാനും തുടങ്ങി. ഡിലനോയിയുടെ സ്വഭാവ സവിശേഷതകളുടെ ഉറവിടം ക്രിസ്തുവാണെന്ന് അദ്ദേഹം മനസിലാക്കി. അതോടെ ക്രിസ്തുവിനെക്കുറിച്ച് കൂടുതൽ അറിയാൻ ബൈബിൾ വായനയിലേക്കു തിരിഞ്ഞു. വൈകാതെ പ്രാർത്ഥനകളും വിശ്വാസപാഠങ്ങളുമൊക്കെ അദ്ദേഹം പഠിച്ചു. ക്രൈസ്തവനായി ജീവിക്കണമെന്ന ആഗ്രഹം അദ്ദേഹത്തിൽ അടിയുറച്ചു.

ഏറെക്കാലത്തെ ഒരുക്കങ്ങൾക്കു ശേഷം 1745 മേയ് 17ന് വടക്കൻകുളത്ത് തിരുക്കുടുംബ ദേവാലയ വികാരിയായിരുന്ന ഫാ. ജെ. ബുട്ടാരി എസ്.ജെ.യിൽ നിന്ന് മാമ്മോദീസ സ്വീകരിച്ചു. 33 വയസിലായിരുന്നു ഇത്. 'ലാസർ' (തമിഴിൽ ദേവസഹായം) എന്ന പേരാണ് സ്വീകരിച്ചത്. അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ ഭാര്യ ഭാർഗവി അമ്മാളും ജ്ഞാനസ്നാനം സ്വീകരിച്ച് ത്രേസ്യാ (തമിഴിൽ ജ്ഞാനപ്പൂ അമ്മാൾ) എന്ന പേര് സ്വീകരിച്ചു.

## തടവറയിലേക്ക്

ദേവസഹായം പിള്ളയുടെ ഈ മനഃപരിവർത്തനം എന്നാൽ, സമുദായ പ്രമാണികൾക്കും കൊട്ടാരവാസികൾക്കും അത്ര സ്വീകാര്യമായില്ല. ഉപജാപസംഘങ്ങൾ രാമയ്യർ ദളവയെ ഇല്ലാക്കഥകൾ പറഞ്ഞു വിശ്വസിപ്പിച്ചു അദ്ദേഹത്തെ കാര്യവിചാരിപ്പു സ്ഥാനത്തു നിന്നു നീക്കി. മാത്രമല്ല, രാജ്യദ്രോഹിയായി ചിത്രീകരിച്ചു. രാജ്യരഹസ്യങ്ങൾ ശത്രുക്കൾക്കും യൂറോപ്യൻ രാജ്യങ്ങൾക്കും കൈമാറിയെന്ന കുപ്രചാരണവും നടത്തി. വിശ്വാസത്തിൽ നിന്നു പിന്മാറിയാൽ ശിക്ഷകൾ പിൻവലിക്കാമെന്നും ഉന്നതസ്ഥാനങ്ങൾ തിരികെ നൽകാമെന്നും വാഗ്ദാനങ്ങൾ നൽകി. എന്നാൽ, ക്രിസ്തുവിനോടുള്ള സ്നേ



ഹം ഈ ബഹുമതികളേക്കാളൊക്കെ വലുതാണെന്ന് ദേവസഹായം പിള്ള പ്രഖ്യാപിച്ചു. ഇതോടെ അസ്വസ്ഥനായ രാജാവ് അദ്ദേഹത്തെ 1749 ഫെബ്രുവരി 23ന് കൽത്തുറുങ്കിൽ അടച്ചു.

## സഹനയാത്ര

രാജാവിന്റെ അപ്രീതിക്കു പാത്രമായതോടെ സഹനങ്ങളുടെയും പീഡനങ്ങളുടെയും പെരുമഴയാണ് അദ്ദേഹത്തെ കാത്തിരുന്നത്. മൂന്നുവർഷങ്ങൾ ഒരു കൊടുംകുറ്റവാളിയെപ്പോലെയാണ് അദ്ദേഹത്തെ കൈകാര്യം ചെയ്യപ്പെട്ടത്. കഴുത്തിൽ ദുർഗന്ധവാഹിയായ എപിക്കുംപൂമാല ചാർത്തി ശരീരമാകെ ചുമപ്പും കറുപ്പും നിറത്തിലുള്ള പുള്ളികളിട്ട് എരുമപ്പുറത്തു പുറംതിരിഞ്ഞിരുത്തി തെരുവീഥികളിലൂടെ പ്രദക്ഷിണം നടത്തി അവഹേളിച്ചു. എരുമപ്പുറത്തു നിന്നു വീണപ്പോൾ വഴിയിലൂടെ എരുമ വലിച്ചിഴച്ചുകൊണ്ടുപോയി. ഉള്ളം കാലിൽ ചാട്ടവാറടികൊണ്ട് ദിവസേന 30 അടി കൊടുത്തു. കുരുമുളക് അരച്ചു മുറിവിലും മൂക്കിലും തേച്ചു. മുളക് തിളപ്പിച്ച വെള്ളത്തിൽ ആവി പിടിക്കാൻ നിർബന്ധിച്ചു. തിളച്ചു പൊങ്ങുന്ന ചുണ്ണാമ്പുചൂളയിൽ നിർത്തി.

ദുർഗന്ധം വമിക്കുന്ന കുരങ്ങിൻ കൂട്ടിൽ അടച്ചു. പാമ്പ്, തേൾ മുതലായ വിഷജന്തുക്കളെ ഇട്ട മുറിയിൽ വായ് മൂടിക്കെട്ടി നിർത്തി. മരപ്പെട്ടിക്കുള്ളിലാക്കി ഉറുമ്പിനെ ഇട്ട് കടിപ്പിച്ചു. പൊരിവെയിലത്തു കരിങ്കൽ തൂണിൽ കെട്ടിനിർത്തി. കൈകാലുകൾ തടിയിൽ കെട്ടിത്തൂക്കി എടുത്തുകൊണ്ടുപോയി. കുടിക്കാൻ മലിനജലം നൽകി... സഹനങ്ങൾ ഓരോന്നായി എത്തുമ്പോഴും അദ്ദേഹം ശാന്തനും സൗമ്യനുമായിരുന്നു. ആരോടും പരാതി പറഞ്ഞില്ല. പരിഭവപ്പെട്ടില്ല. വിശ്വാസത്തെ പ്രതി എല്ലാം സഹിച്ചു.

ഇടപെടുന്ന ആരെയും തന്റെ വ്യക്തിപ്രഭാവവും ചൈതന്യവും സ്നേഹവുംകൊണ്ട് മാനസാന്തരത്തിലേക്കും ക്രൈസ്തവ വിശ്വാസത്തിലേക്കും ആനയിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ഇതോടെ എതിരാളികൾ കൂടുതൽ അസ്വസ്ഥരായി. അദ്ദേഹം ഇനിയും ജീവിച്ചിരുന്നാൽ കൂടുതൽ പേർ അദ്ദേഹത്തെ പിൻചെല്ലുമെന്നു മനസിലാക്കിയ രാജാവ് വിജനമായ കാറ്റാടിമലയിൽ കൊണ്ടുപോയി വെടിവെച്ചു കൊല്ലാൻ കല്പന പുറപ്പെടുവിച്ചു. അങ്ങനെ 1752 ജനുവരി 14ന് 40-ാം വയസിൽ ദേവസഹായം പിള്ളയെ കാറ്റാടിമലയിലെ പൊക്കമുള്ള ഒരു പാറയിൽ കയറ്റിനിർത്തി മൂന്നു ഭടന്മാർ വെടിയുതിർത്തു വധിച്ചു. ആ പാറയിൽ നിന്ന് അദ്ദേഹത്തിന്റെ മൃതദേഹം താഴേക്കു പതിച്ചു. അദ്ദേഹം വീണ സ്ഥാനത്ത് ഇന്നൊരു കുരിശ് നിൽക്കുന്നു.

അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ കോട്ടാർ സെയിന്റ് ഫ്രാൻസിസ് ദേവാലയത്തിന്റെ പ്രധാന അൾത്താരയുടെ താഴെയാണ് അടക്കം ചെയ്തിരുന്നത്. 2012 ഡിസംബർ രണ്ടിനു ബനഡിക്ട് പതിനാറാമൻ മാർപാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തി. ജനുവരി 14നാണ് ദേവസഹായം പിള്ളയുടെ തിരുനാൾ ആഘോഷിക്കുന്നത്.


PANCHAKARMA
AYURVEDA &
NATUROPATHY
TREATMENTS
Wellness Programmes
Rejuvanation Therapy
Body Detoxification Therapy
Relaxation Programme
Weight Management Plans
Post Delivery Mother Care
Daily Yoga Sessions
aarogyamantra
INTEGRATED HEALING
Ayurveda & Yoga & Naturopathy
www.aarogyamantra.com
T : +91 482 924 5400
M :+91 954 494 7778
E : info@aarogyamantra.com
W : www.aarogyamantra.com
REHABILITATION FACILITIES & CONVALESCENCE CARE


Philadelphia Pentecostal Church
3735 N Narragansett Ave., Chicago, IL 60634
Seeking a Full-Time Pastor
(Effective Start by July 01st, 2020)
The candidate shall possess the following qualifications:
- Must be an ordained minister with at least 8-10 years of pastoral experience leading a church.
- Credentialed by an accredited & recognized Pentecostal Institution
- Must be proficient to lead & minister fluently in English & Malayalam
- Must be a U.S Citizen or Green Card holder (No Visa sponsorship) .
- Must be married & 35 years or older
Please send your CV or Resume to:
Email: Ppc.Chicago@Yahoo.Com
Questions or for more information contact:
George Iype: 708-539-1881
Benchi Abraham: 224-659-6035


Spectacular TOURS
Mathews Pilgrimage Tour
Holy Land
(Jordan, Israel, Palestine & Egypt)
Feb.16-27,2020 -Chicago
Rev.George Stephenson
April 17-28,2020-Chicago/FL
April 19-30,2020-Chicago
June22-July3,2020-WA,MTC.
Fabulous
Europe
Sept 7 - 19, 2020
Memorable
South Africa
Sept 1 - 13, 2020
Best of
Greece & Turkey
Oct.5 - 15, 2020
Stunning
AUSTRALIA & NEW ZEALAND
April 13—25, 2020 from New York
Discover Amazing
MALAYSIA, SINGAPORE & THAILAND
November 8 - 21, 2020
Singapore
Malaysia
Thailand
Book NOW: (847) 759-0899
Email: info@mathewstour.com

# കേരളാ കോൺഗ്രസ് യുഡിഎഫിനു തലവേദനയായി

തിരുവനന്തപുരം: മാണി വിഭാഗത്തിനു പിന്നാലെ ജേക്കബ് ഗ്രൂപ്പ് കൂടി പിളർന്നതോടെ കേരള കോൺഗ്രസിലെ തമ്മിലടിയിൽ യുഡിഎഫ് നേതൃത്വം കടുത്ത അമർഷത്തിൽ. തദ്ദേശ തെരഞ്ഞെടുപ്പ് വരാനിരിക്കെ, മുന്നണിയിലെ രണ്ട് കേരള കോൺഗ്രസ് പാർട്ടികളും പിളർന്നു പാമ്പും കീരിയുംപോലെ പോരിലേർപ്പെട്ടതാണ് യുഡിഎഫ് നേതൃത്വത്തെ മടുപ്പിക്കുന്നത്.

ജോസഫ്, ജോസ് വിഭാഗങ്ങളെ ഒരുമിപ്പിക്കാനുള്ള ശ്രമങ്ങളെല്ലാം പാഴായി എന്ന നരാശയിലിരിക്കുമ്പോഴാണ് പിളർപ്പ് ജേക്കബ് വിഭാഗത്തിലേക്കു കൂടി വ്യാപിക്കുന്നത്. മാണി വിഭാഗത്തിലെ പിളർപ്പിന്റെ കാര്യത്തിൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ തീർപ്പ് വൈകാതെ വരാനിടയുള്ള സാഹചര്യം ജേക്കബ് വിഭാഗത്തിൽ പൊട്ടിത്തെറിക്കു വഴിവെച്ചിട്ടുണ്ട്. രണ്ട് എംപിമാർ ഒപ്പമുള്ളതിന്റെ ആനുകൂല്യം ജോസ് കെ. മാണിക്ക് ലഭിച്ചേക്കാമെന്ന ആശങ്കയിൽ മറ്റു കേരള കോൺഗ്രസുകളിലേക്ക് ജോസഫ് വിഭാഗം കണ്ണുവെച്ചതോടെയാണ് ജേക്കബ് വിഭാഗത്തിലെ അന്തഃഛിദ്രങ്ങൾക്ക് ആക്കം കൂടിയത്. അനൂപ് ജേക്കബ് എംഎൽഎ 'ലീഡർ' ആയ പാർട്ടിയെക്കൂടി ഒപ്പം ചേർക്കാനായാൽ നാല് എംഎൽഎമാരെ അണിനിരത്തി ആധികാരികത അവകാശപ്പെടാമെന്ന വിചാരം ജോസഫിനുണ്ടായി. എന്നാൽ, പാർട്ടി ചെയർമാനായ ജോണി നെല്ലൂരിനുണ്ടായ താത്പര്യം അനൂപിനുണ്ടായില്ല. ഇതോടെ ലയനത്തിന്റെ പേരിൽ കൂടി ജോണി–അനൂപ് തർക്കം രൂക്ഷമായി വഴിപിരിയുകയായിരുന്നു. സംസ്ഥാന കമ്മിറ്റി, ഉന്നതാധികാര സമിതി, ജില്ലാ പ്രസിഡണ്ടുമാർ എന്നിവരിൽ ഭൂരിപക്ഷവും അനൂപിനൊപ്പമാണെങ്കിലും നേതാക്കളുടെയും പ്രവർത്തകരുടെയും പിന്തുണ ജോണി അവകാശപ്പെടുന്നു. അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ കോതമംഗലം സീറ്റ് ലഭിക്കുമെന്ന പ്രതീക്ഷയും അദ്ദേഹത്തിനുണ്ട്.

## ജോണി നെല്ലൂർ പി.ജെ. ജോസഫിനൊപ്പം

കോട്ടയം: കേരളാ കോൺഗ്രസ് ജേക്കബ് വിഭാഗം പിളർന്നു. ചെയർമാൻ ജോണി നെല്ലൂരിന്റെ നേതൃത്വത്തിലുള്ള വിഭാഗം കേരളാ കോൺഗ്രസ്-എം ജോസഫ് വിഭാഗത്തിൽ ലയിക്കാൻ തീരുമാനിച്ചു. പാർട്ടി വിടാനോ ലയിക്കാനോ സാഹചര്യമില്ലെന്നും ഇതു വ്യക്തിപരമായ തീരുമാനം മാത്രമാണന്നും അനൂപ് ജേക്കബ് എംഎൽഎ പറഞ്ഞു. ഫെബ്രുവരി 21ന് രാവിലെ കോട്ടയത്തു വിളിച്ചു ചേർത്ത യോഗങ്ങളിലാണ് ഇരുവിഭാഗങ്ങളുടെയും തീരുമാനം. ജോണി നെല്ലൂർ കോട്ടയം പബ്ലിക് ലൈബ്രറി ഹാളിലും അനൂപ് ജേക്കബ് പാർട്ടി സംസ്ഥാന കമ്മിറ്റി ഓഫീസിലുമാണ് യോഗം ചേർന്നത്.

മാഫിയ സംഘത്തിന്റെ തടവിലായ അനൂപ് ജേക്കബ് പാർട്ടിയെ തകർക്കാൻ അച്ചാരം വാങ്ങിയിരിക്കുകയാണെന്നു പബ്ലിക് ലൈബ്രറിയിലെ യോഗം ഉദ്ഘാടനം ചെയ്തു ജോണി നെല്ലൂർ പറഞ്ഞു. ജോണി നെല്ലൂർ വിഭാഗം ജോസ് ഗ്രൂപ്പിൽ ലയിക്കുന്നതുമായി ബന്ധപ്പെട്ട പ്രമേയം സംസ്ഥാന വൈസ് പ്രസിഡണ്ട് ജോർജ് ജോസഫ് അവതരിപ്പിച്ചു യോഗം പാസാക്കി.



അതേസമയം, ലയനത്തിന്റെ സാഹചര്യമില്ലെന്നും ജോണി നെല്ലൂരും ഏതാനും പേരും ജോസഫ് ഗ്രൂപ്പിൽ ലയിക്കുന്നതു വ്യക്തമായ തീരുമാനമാണെന്നും അനൂപ് ജേക്കബ് പറഞ്ഞു. പാർട്ടി പിളർന്നിട്ടില്ലെന്നും ഏതാനും പേർ പാർട്ടിയിൽ ചേർന്നാൽ അത് പിളർപ്പാകില്ലെന്നും അനൂപ് പ്രതികരിച്ചു. ലയനവുമായി ബന്ധപ്പെട്ടു ജോസഫ് വിഭാഗവുമായി ഔദ്യോഗിക ചർച്ചകളൊന്നും നടത്തിയിരുന്നില്ല.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജോണി നെല്ലൂരിനു ഉടുമ്പൻ ചോല സീറ്റ് നൽകാമെന്ന് അറിയിച്ചിരുന്നതാണ്. അങ്കമാലിയോ മൂവാറ്റുപുഴയോ നൽകണമെന്ന ആവശ്യത്തിൽ ജോണി ഉറച്ചു നിന്നു. പ്രത്യേക സാഹചര്യങ്ങളാൽ ഈ സീറ്റുകൾ നൽകാൻ യുഡിഎഫിനു സാധിച്ചില്ല. ജേക്കബ് ഗ്രൂപ്പിനായി ലഭിച്ച യുഡിഎഫ് സെക്രട്ടറി സ്ഥാനം ജോണി നെല്ലൂർ രാജിവെക്കണം. മൂന്നംഗ അച്ചടക്ക സമിതി പരിശോധിച്ചു നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജോണി നെല്ലൂരിനെതിരെ നടപടിയെടുക്കുമെന്നും അനൂപ് പറഞ്ഞു.

ഭൂരിഭാഗം നേതാക്കളും യോഗത്തിൽ പങ്കെടുത്തതായി ജോണി നെല്ലൂരും 14 സംസ്ഥാന ഭാരവാഹികളിൽ 11 പേരും ജില്ലാ പ്രസിഡണ്ടുമാരിൽ 11 പേരും സംസ്ഥാന കമ്മിറ്റി അംഗങ്ങളിൽ 90 ശതമാനം പേരും യോഗത്തിൽ പങ്കെടുത്തതായി അനൂപ് ജേക്കബ് അവകാശപ്പെട്ടു.

## സഹായാഭ്യർത്ഥന



എന്റെ മകൻ സാം സ്റ്റീഫൻ (28 വയസ്സ്) ഫയർ ആൻഡ് സേഫ്റ്റി കോഴ്സ് പഠനം പൂർത്തിയാക്കി കുറച്ചുകാലം വിദേശത്ത് ജോലി ആയിരുന്നു. പെട്ടെന്ന് ശാരീരിക അസ്വാസ്ഥ്യം നേരിട്ടതു മൂലം ജോലി നിർത്തി പോരുകയും തുടർന്നുള്ള പരിശോധനയിൽ അവന് കിഡ്നി സംബന്ധമായ അസുഖമാണെന്ന് ബോധ്യപ്പെടുകയാൽ ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജിൽ ചികിത്സയ്ക്കായി പ്രവേശിപ്പിച്ചു. അവന്റെ കിഡ്നി രണ്ടും പരാജയമാകയാൽ ഇപ്പോൾ ആഴ്ചയിൽ ഒരു ഡയാലിസിസ് വീതം തുടരുകയാണ്. കിഡ്നി മാറ്റിവെക്കുവാൻ പെട്ടെന്നു തന്നെ വേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്ന് ഡോക്ടർമാർ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. കിഡ്നി മാറ്റിവെക്കാൻ ഏകദേശം എട്ട് ലക്ഷത്തോളം രൂപ വേണ്ടി വരുമെന്നാണ് പറഞ്ഞിരിക്കുന്നു. ഞങ്ങൾ സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിൽ കഴിയുന്നവരാണ്. ഞങ്ങൾ വളരെ ഭാരത്താൽ കഴിയവേയാണ് ഭാഗ്യവശാൽ കേരളാ എക്സ്പ്രസിന്റെ സേവനം സംബന്ധിച്ചുള്ള അറിവ് ലഭിച്ചത്. ആകയാൽ പ്രിയ വായനക്കാർ കഴിയാവുന്നത്രയും സഹായം ചെയ്തുതരണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

എന്ന്, സ്റ്റീഫൻ വർഗീസ്

**സഹായം എത്തിക്കേണ്ട വിലാസം:**

**Sam Stephen,**
Vadakkeparampu,
Kunnumma P.O., Thakazhy,
Pin : 688562, Alappuzha Dt.,
Kerala, India.

**Sam Stephen,**
C/o Kerala Express,
2050 W.Devon Avenue,
Chicago, Illinois 60659

## പോസ്റ്റൽ ഓർഡർ അയയ്ക്കരുത്

കേരളാ എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുന്ന സഹായാഭ്യർത്ഥനയെ മാനിച്ച് ഒരാൾ സഹായം തേടുന്ന എല്ലാവർക്കും തന്നെ 50 ഡോളറിന്റെ പോസ്റ്റൽ ഓർഡർ അയയ്ക്കുന്നുണ്ട്. എന്നാൽ ഇത് ഇന്ത്യയിൽ മാറാൻ സാധിക്കുകയില്ലെന്നുള്ള വിവരം അറിയിക്കട്ടെ. ഇനി ആരും ദയവായി പോസ്റ്റൽ ഓർഡർ അയയ്ക്കരുത്. ഡോളർ ചെക്കായോ ഇന്ത്യൻ ചെക്കായോ മാത്രം സഹായം എത്തിക്കുക.

**പത്രാധിപർ**

## കുട്ടനാട് സീറ്റിൽ എൻസിപി തന്നെ

തിരുവനന്തപുരം: കുട്ടനാട് സീറ്റിൽ എൽഡിഎഫിലെ എൻസിപി തന്നെ മത്സരിക്കും. ഇടതുമുന്നണി നേതൃയോഗത്തിനുശേശം സിപിഎം, സിപിഐ നേതാക്കൾ എൻസിപി നേതൃത്വത്തിന് ഇക്കാര്യത്തിൽ ഉറപ്പ് നല്കി. സ്ഥാനാർത്ഥി നിർണയവുമായി മുന്നോട്ടു പോകുവാനും ആവശ്യപ്പെട്ടു. എൻസിപിയുടെ തോമസ് ചാണ്ടി അന്തരിച്ച ഒഴിവിലാണ് ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്.

സീറ്റ് സിപിഎം ഏറ്റെടുക്കണമെന്ന അഭിപ്രായം പ്രാദേശികതലത്തിൽ ഉയർന്നിരുന്നുവെങ്കിലും സിപിഎം സംസ്ഥാന നേതൃത്വം അതു തള്ളി. പാലായിൽ എൻസിപിയുടെ മാണി സി. കാപ്പൻ അട്ടിമറിജയം കാഴ്ചവെച്ച സാഹചര്യത്തിൽ കുട്ടനാട്ടിലും അവർതന്നെ മത്സരിക്കട്ടെയെന്നാണ് ഇടതുമുന്നണി തീരുമാനം. എൻസിപി സംസ്ഥാന ജനറൽ സെക്രട്ടറി സലിം പി. മാത്യു, തോമസ് ചാണ്ടിയുടെ സഹോദരൻ തോമസ് കെ. തോമസ് എന്നിവരിലൊരാൾ സ്ഥാനാർത്ഥിയാകാനാണ് സാദ്ധ്യത. തോമസിനെ സ്ഥാനാർത്ഥിയാക്കണമെന്ന താത്പര്യം തോമസ് ചാണ്ടിയുടെ കുടുംബം പ്രകടിപ്പിച്ചിട്ടുണ്ട്.


Ann's Beauty Salon

**517 N. Wolf Road, Hillside, IL 60162**

annsalon@gmail.com
A Full Service Salon & Spa
For all your Beauty Care Needs



Lissy
(Licensed Cosmetologist & Licensed Cosmetology Instructor)

Call for appointment
708-547-6787

Business Hours
Tue - Fri 9:30 a.m to 7 p.m.
Sat. 8 a.m. - 5 p.m.
Sunday appointment only
Monday closed

-Special-
Spa Day Package Includes

| | |
|---|---|
| Full Facial | $ 47 |
| Eyebrow Arch | $ 12 |
| Hair Loss Treatment Dandruff Treatment.. | $ 30 |
| Deep Conditioning for Hair | $ 30 |
| Scalp Massage w/hot oil | $ 30 |
| Manicure | $ 15 |
| Pedicure | $ 25 |
| Total | $ 189 |
| **Sale Price** | **$ 129** |

*Thank you for your support! Since 1995*

We Specialize In:
Eyebrow Arching, Japanese Hair Straightening Facials (over 25 different types) Foil Highlights, Henna for Hair Manicure, Pedicure, Teenage Facial, Acne Facial, 4 layer Facial, Ear Piercing. Roller Set, Mini Beauty Package Bridal Package, etc.

Achieve Real Estate Group, Inc.

Achieve all your real estate needs with us
"Satisfied customers are our primary Goal"
"We are hiring brokers"
Please contact Sabu Achettu for more information

Achieve Brokers


Alexander Mathew
847 650 0110 (alexmathewchicago@gmail.com)
Arkadiusz Jamula
773 671 5555 (aj.jamula@gmail.com)
Benny Joseph (Puthukulam)
847 612 4319 (bennyrealtor@comcast.net)
Biju Jacob
847 840 5532 (bijubjacob@gmail.com)
Eby George
1 773 671 3911 (Ebychengannur@yahoo.com)
George (Babu) Mathew
847-602-9326 (georgelrealtor@gmail.com)
George Panicker
847 401 7771 (realtorpanicker@gmail.com)
James P Kannookadan
847 910 7866 (jimkannoox@hotmail.com)
Jinson Vachachira
618-203-9142 (VachaRealtor@gmail.com)
John Lyndon Gatus
224 258 8235 (realtoryjohn1992@gmail.com)
John (Anish) Plamoottil
563-505-7377 (jplamoottil.realtor@gmail.com)
John (Thengumoottil) Mathew
847 309 2826 (realtorjthengum@gmail.com)
Luka Chirayil
630 290 1524 (lchirayil22@yahoo.com)
Luke Chirayil (Kochumon)
Cell 630 808 2125 (lchirayil@gmail.com)
Mariamma Thomas
847 452 8125 (mariammatho@gmail.com)
Mohan Sebastian
847 331 1123 (realtormohan@yahoo.com)
Prince Eapen
224 659 0336 (eapenrealtor@gmail.com)
Renchi Varghese
847 845 7361 (renchirealtor@yahoo.com)
Roy John
708 833 2769 (royjohnreb@yahoo.com)
Sabu Achettu (Managing Broker)
847 687 5100 (saburealtor@sbcglobal.net)
Sabu Philip Madathiparambil
847 276 7354 (sabuaphilip@hotmail.com)
Shawn S Achettu
847-529-7962 (realtorachettu@gmail.com)
Sheljo Abraham
331-202-6087 cell (realtorsheljo@gmail.com)
Soy Mathew
847 769 1805 (soymathew@sbcglobal.net)
Tino Tomy
847-651-2923.(realtortino@gmail.com)
Thomas (Karikulam) Kuruvilla
847 219 6050
thomasrealtor557@gmail.com
Tomy Plathottathil Mathew
773-349-7154 (tomyrealtor1229@gmail.com)

"For Residential,Commercial, Short sales and Foreclosure sales please call Achieve Real Estate Group"

834 E Rand RD Suite 6, Mount Prospect, IL 60056
Real Estate for diversified Investors and Promise for future generations.

# കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് വീണ്ടും സിബിസിഐ പ്രസിഡണ്ട്

ബെംഗളൂരു: കാത്തലിക് ബിഷപ് കോൺഫറൻസ് ഓഫ് ഇന്ത്യ (സിബിസിഐ) പ്രസിഡണ്ടായി മുംബൈ ആർച്ച് ബിഷപ് കർദിനാൾ ഡോ. ഓസ്വാൾഡ് ഗ്രേഷ്യസിനെ പ്ലീനറി സമ്മേളനം വീണ്ടും തെരഞ്ഞെടുത്തു. ഒന്നാം വൈസ് പ്രസിഡണ്ടായി മാവേലിക്കര ബിഷപ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസിനെയും രണ്ടാം വൈസ് പ്രസിഡണ്ടായി തലശ്ശേരി ആർച്ച് ബിഷപ് മാർ ജോർജ് ഞരളക്കാട്ടിനെയും തെരഞ്ഞെടുത്തു.



വസായ് ആർച്ച് ബിഷപ് ഡോ. ഫെലിക്സ് ആന്റണി മച്ചാഡോ ആണ് പുതിയ സെക്രട്ടറി ജനറൽ. 2 വർഷമാണ് ഭാരവാഹികളുടെ കാലാവധി.

ഫ്രാൻസിസ് മാർപാപ്പയുടെ ഉപദേശക സമിതി അംഗം, ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്സ് കോൺഫറൻസ് പ്രസിഡണ്ട്, ലത്തീൻ ബിഷപ്പുമാരുടെ കൂട്ടായ്മയായ കോൺഫറൻസ് ഓഫ് കാത്തലിക് ബിഷപ്സ് ഓഫ് ഇന്ത്യ (സിബിസിഐ) പ്രസിഡണ്ട് എന്നീ നിലകളിലും ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ് പ്രവർത്തിച്ചിട്ടുണ്ട്.

സിബിസിഐ മുൻ സെക്രട്ടറി ജനറലും ആഗ്ര അതിരൂപത മുൻ അദ്ധ്യക്ഷനുമാണ്. മുംബൈയിലെ മാഹിം സ്വദേശി.

# പോലീസ് വില്ലകൾ സന്ദർശിച്ച് യുഡിഎഫ് സംഘം

തിരുവനന്തപുരം: ഫണ്ട് വകമാറ്റി ഡിജിപിക്കും എഡിജിപിമാർക്കുമായി നിർമിച്ച വില്ലകൾ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ യുഡിഎഫ് സംഘം സന്ദർശിച്ചു. ഉച്ചയോടെയാണ് കെപിസിസി പ്രസിഡണ്ട് മുല്ലപ്പള്ളി രാമചന്ദ്രൻ, എം. എം. ഹസൻ, പി.ടി. തോമസ് എംഎൽഎ, സിഎംപി നേതാവ് സി.പി. ജോൺ, തമ്പാനൂർ രവി, നെയ്യാറ്റിൻകര സനൽ തുടങ്ങി ഇരുപതോളം പേരടങ്ങുന്ന സംഘം വഴുതക്കാട് വില്ലകൾ നിർമിക്കുന്ന സ്ഥലത്തെത്തിയത്. ഒരു വില്ലയ്ക്കുള്ളിൽ പ്രവേശിച്ചു സൗകര്യങ്ങൾ വിലയിരുത്തി. ഡിജിപിയുടെ വില്ലയിൽ അദ്ദേഹം താമസിക്കുന്നതിനാൽ അവിടേക്ക് കടക്കാനായില്ല.

പക്ഷ നേതാവ് രമേശ് ചെന്നിത്തല. മുഖ്യമന്ത്രിയെക്കൂടി അന്വേഷണ പരിധിയിൽ കൊണ്ടുവരണം. ഈ ആഭ്യന്തര സെക്രട്ടറികൂടി അറിഞ്ഞാണ് എല്ലാ വഴിവിട്ട വാങ്ങലുകളും നടന്നത്. പോലീസിൽ നടന്ന കൊള്ള അന്വേഷിക്കാൻ സിബിഐ വേണം. സർക്കാരിനെ രക്ഷിക്കാൻ ക്രൈംബ്രാഞ്ച് എഡിജിപി ടോമിൻ ജെ. തച്ചങ്കരിയും കള്ളക്കളി കളിക്കുകയാണ്. അഴിമതിയുടെ കേന്ദ്രബിന്ദു മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ ഓഫീസുമാണെന്ന് മുല്ലപ്പള്ളി രാമചന്ദ്രനും ആരോപിച്ചു.



ഡിജിപിക്കും എഡിജിപിമാർക്കുമായി നിർമിക്കുന്ന വില്ലകൾ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ യുഡിഎഫ് സംഘം സന്ദർശിക്കുന്നു.

കള്ളനെ കാവലേൽപിച്ചതു പോലെയാണ് പോലീസിലെ അഴിമതികൾ അന്വേഷിക്കാൻ ആഭ്യന്തര സെക്രട്ടറിയെ ചുമതലപ്പെടുത്തിയതെന്ന് പ്രതി

## തുല്യത വരണമെങ്കിൽ മനോഭാവം മാറണം: സുപ്രീംകോടതി

# കമാൻഡ് ചുമതലയിലും വനിതകൾ

ന്യൂഡൽഹി: കരസേനയുടെ പോരാട്ട യൂണിറ്റുകളിലൊഴികെ വനിതകൾക്ക് ദീർഘകാല നിയമനം (പെർമനന്റ് കമ്മിഷൻ-പിസി) മൂന്നു മാസത്തിനകം അനുവദിക്കാൻ കേന്ദ്രസർക്കാരിനോട് സുപ്രീംകോടതി നിർദേശിച്ചു. കമാൻഡ് ചുമതലയുള്ള തസ്തികകളിലും വനിതകളെ നിയമിക്കാം. ഇതുസംബന്ധിച്ച ഡൽഹി ഹൈക്കോടതി വിധി ശരിവെച്ച സുപ്രീംകോടതി, ശാരീരിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി സർക്കാർ ഉന്നയിച്ച എതിർപ്പ് അസ്വസ്ഥജനകമാണെന്നു നിരീക്ഷിച്ചു. ഹ്രസ്വകാല നിയമനത്തിൽ (ഷോർട്ട് സർവീസ് കമ്മീഷൻ) 14 വർഷം പൂർത്തിയാക്കിയവരെ പിസിക്കു പരിഗണിക്കില്ലെന്ന കേന്ദ്രസർക്കാർ നയം ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അദ്ധ്യക്ഷനായ ബെഞ്ച് റദ്ദാക്കി.

വനിതകൾക്കു പിസി അനുവദിക്കാത്തതു ഗർഭധാരണം, മാതൃത്വം, ഗാർഹിക ഉത്തരവാദങ്ങൾ തുടങ്ങിയവയാണ് പ്രതിരോധമന്ത്രാലയം പറഞ്ഞ ന്യായങ്ങൾ. പുരുഷന്മാരെപ്പോലെ പരിമിതമായ സാഹചര്യങ്ങളിൽ ജോലി ചെയ്യാൻ സ്ത്രീകൾക്ക് സാധിക്കില്ലെന്നും വാദമുന്നയിക്കപ്പെടുന്നു.



എന്നാൽ, ശാരീരിക കാരണങ്ങൾ പറഞ്ഞ് സ്ത്രീകളെ അബലകളായി ചിത്രീകരിക്കുന്നത് അവരുടെ മാത്രമല്ല, കരസേനയിലെ പുരുഷന്മാരുടെയും അന്തസ്സിനെ ഹനിക്കുന്ന നടപടിയാണെന്ന് കോടതി വ്യക്തമാക്കി. തുല്യത സാധ്യമാകണമെങ്കിൽ മനോഭാവം മാറണം. സാമൂഹികമായി മേൽക്കൈയുള്ളത് പുരുഷന്മാർക്കാണ്. അവർക്കാണ് കരുത്തു കൂടുതലുള്ളത്. അവരാണ് കുടുംബത്തിനു വരുമാനമുണ്ടാക്കുന്നത്. സ്ത്രീകൾ അബലകളും ശാരീരിക ക്ഷമതയില്ലാത്തവരുമാണ്. അവർ വീട്ടിലൊതുങ്ങി പരിപാലന ചുമതലയിൽ കഴിയണം തുടങ്ങിയ വിശ്വാസങ്ങൾ വെച്ചുപുലർത്തിയാൽ മനോഭാവം മാറില്ല.

സ്ത്രീകൾക്ക് പിസി അനുവദിക്കാത്തത്, സ്ത്രീപുരുഷ സമത്വം, അവസര തുല്യത, വിവേചമില്ലായ്മ തുടങ്ങിയവ ഉറപ്പാക്കുന്ന ഭരണഘടനാ വകുപ്പുകളുടെ ലംഘനമാണ്. 2010ലാണ് ഹൈക്കോടതിയുടെ വിധിയുണ്ടായത്. ഇത് സുപ്രീംകോടതി സ്റ്റേ ചെയ്യാതിരുന്നിട്ടും കേന്ദ്രം നയം മാറ്റിയത് കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ മാത്രമാണെന്നും കോടതി വിമർശിച്ചു. യുഎൻ സമാധാന സേനയിലുൾപ്പെടെ മികവു തെളിയിച്ച ഇന്ത്യൻ വനിതകളുടെ പട്ടികയും എടുത്തുപറഞ്ഞുള്ളതാണ് വിധി.

# സച്ചിന് ലോറസ് പുരസ്കാരം

ബർലിൻ: '1983ൽ ഇന്ത്യ ആദ്യമായി ലോകകപ്പ് നേടുമ്പോൾ എനിക്ക് 10 വയസ്സ്. അതിന്റെ പ്രാധാന്യം എനിക്കു ശരിക്കും മനസ്സിലായി. പക്ഷേ, ചുറ്റുമുള്ളവരുടെ ആഘോഷം കണ്ട് ഞാനും അതിലേക്കു ചാടി. രാജ്യത്ത് വിശേഷപ്പെട്ട എന്തോ നടന്നുവെന്ന് എനിക്ക് മനസ്സിലായി. ആ സന്തോഷം ഒരിക്കൽ എനിക്കും അനുഭവിക്കണമെന്നു തോന്നി. അങ്ങനെയാണ് എന്റെ ക്രിക്കറ്റ് യാത്ര തുടങ്ങുന്നത്. കഴിഞ്ഞ 2 ദശാബ്ദത്തിനിടയിലെ ഏറ്റവും മികച്ച കായികനിമിഷത്തിനുള്ള ലോറസ് പുരസ്കാരം നേടിയ ശേഷം നടത്തിയ പ്രസംഗത്തിൽ ഇൻഡ്യയുടെ ക്രിക്കറ്റ് ഇതിഹാസം സച്ചിൻ തെൻഡുൽക്കർ പറഞ്ഞു.



സച്ചിൻ ബർലിനിൽ ലോറസ് പുരസ്കാരവുമായി.

ലോകകപ്പ് നേടിയതിന്റെ സന്തോഷം പറഞ്ഞറിയിക്കാനാവില്ല. നീണ്ട 22 വർഷം ഞാൻ ആ സ്വപ്നത്തിന്റെ പിന്നാലെയായിരുന്നു. പലപ്പോഴും ആ നേട്ടം വഴുതിപ്പോയി. പക്ഷേ, ഞാൻ പ്രതീക്ഷ കൈവിട്ടില്ല. ഒടുവിൽ ആറാമത്തെ ശ്രമത്തിൽ ആ കപ്പ് എന്റെ കൈകളിലേക്കുമെത്തി. ദക്ഷിണാഫ്രിക്കയുടെ ഇതിഹാസ നായകൻ നെൽസൻ മണ്ടേലയുടെ ജീവിതം എന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. 19 വയസ്സുള്ളപ്പോൾ മണ്ടേലയെ നേരിൽക്കാണാൻ എനിക്കു ഭാഗ്യം ലഭിച്ചു.

സഹനങ്ങൾ മണ്ടേല എന്ന നേതാവിനെ തളർത്തിയില്ല. മനുഷ്യരെ ഒന്നിപ്പിക്കാനുള്ള മന്ത്രശക്തി കായികതാരങ്ങൾക്കും ഉണ്ടെന്ന സന്ദേശം പ്രചരിപ്പിച്ചയാളാണെന്ന നിലയിൽ മാഡിബയെ എക്കാലവും എന്റെ ജീവിതത്തോടു ചേർത്തുവെക്കും. ഈ പുരസ്കാരം എനിക്കു മാത്രമുള്ളതല്ല; ഈ ഹാളിൽ ഒരുമിച്ചു കൂടിയിരിക്കുന്ന നമ്മൾ കായികതാരങ്ങൾ മുഴുവൻ പേർക്കുമുള്ളതാണ്': നിറഞ്ഞ കയ്യടികൾക്കിടയിൽ സച്ചിൻ പറഞ്ഞു.


പുരസ്കാരം പ്രഖ്യാപിച്ച ടെന്നിസ് ഇതിഹാസം ബോറിസ് ബെക്കറെയും പുരസ്കാരം സമ്മാനിച്ച ഓസ്ട്രേലിയൻ ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റൻ സ്റ്റീവ് വോയെയും വേദിയിൽ നിർത്തിയാണ് സച്ചിൻ വികാരനിർഭരമായ വാക്കുകൾ പങ്കുവെച്ചത്. 2011ൽ ക്രിക്കറ്റ് ലോകകപ്പ് നേടിയശേഷം ഇന്ത്യൻ ടീമംഗങ്ങൾ ഗ്രൗണ്ടിൽ വെച്ച് സച്ചിനെ തോളിലേറ്റിയ നിമിഷമാണ് പുരസ്കാരത്തിന് അർഹമായത്. ലോകമെങ്ങുമുള്ള ആരാധകരാണ് മികച്ച കായികനിമിഷം വോട്ടിങ്ങിലൂടെ തെരഞ്ഞെടുത്തത്.


FAMILY DENTAL Practice

9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood

Office: (847) 581-1418,

Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 12 years!!

www.familydentalglenview.com

ACHIEVE REAL ESTATE GROUP, INC.


For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM

Real Estate Broker

1-847-219-6050

834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# കാമുകനൊപ്പം ജീവിക്കാൻ സ്വന്തം കുഞ്ഞിനെ അമ്മ കൊന്നു

കണ്ണൂർ: മാതാപിതാക്കൾക്കൊപ്പം ഉറങ്ങാൻ കിടന്ന വിയാൻ എന്ന ഒന്നര വയസുകാരനെ കടൽത്തീരത്തെ പാറക്കൂട്ടത്തിനിടയിൽ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ അമ്മ തയ്യിൽ കൊടുവള്ളി ഹൗസിൽ ശരണ്യയെ (22) അറസ്റ്റിനുശേഷം കോടതി റിമാൻഡിൽ വിട്ടു. ശരണ്യയെയും ഭർത്താവ് പ്രണവിനെയും രണ്ട് ദിവസം തുടർച്ചയായി ചോദ്യം ചെയ്ത ശേഷമാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. കുഞ്ഞിനെ കാണാതായപ്പോൾ ശരണ്യ ധരിച്ച വസ്ത്രത്തിൽ ഉപ്പുവെള്ളത്തിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നതായി ഫൊറൻസിക് പരിശോധനയിൽ സ്ഥിരീകരിച്ചു.



വിയാൻ

പ്രണവുമായി അകന്ന് സ്വന്തം മാതാപിതാക്കൾക്കൊപ്പമായിരുന്നു ശരണ്യയുടെ താമസം. എന്നാൽ ഫെബ്രുവരി 16ന് പ്രണവിനെ വിളിച്ചുവരുത്തി വീട്ടിൽ താമസിപ്പിക്കുകയും പിറ്റേന്നു പുലർച്ചെ മൂന്നരയ്ക്കും നാലരയ്ക്കുമിടയിൽ കൃത്യം നടത്തുകയുമായിരുന്നുവെന്നു പോലീസ് പറഞ്ഞു. കല്ലിൽ ശക്തിയായി തലയിടിച്ചുണ്ടായ പരുക്കാണ് കുഞ്ഞിന്റെ മരണകാരണമെന്നു പോസ്റ്റുമോർട്ടത്തിൽ വ്യക്തമായിരുന്നു.

കുറ്റം പ്രണവിൽ ചുമത്തിയ ശേഷം കാമുകനൊപ്പം ജീവിക്കാനായിരുന്നു ശരണ്യയുടെ പദ്ധതി. ഫോൺ കോളുകൾ പരിശോധിച്ചപ്പോഴാണ് ഫെയ്സ്ബുക് വഴി പരിചയപ്പെട്ട കാമുകനെക്കുറിച്ച് വിവരം ലഭിച്ചത്. എന്നാൽ കൊലപാതകത്തിൽ ഇയാൾക്ക് പങ്കുള്ളതായി സംശയിക്കുന്നില്ല.

ശരണ്യയെ പോലീസ് തെളിവെടുപ്പിനെത്തിച്ചപ്പോൾ കടപ്പുറത്തു കാത്തിരുന്നത് ജനരോഷത്തിന്റെ പെരുങ്കടൽ. ചീത്തവിളിച്ചും ശപിച്ചും കയ്യേറ്റം ചെയ്യാൻ ശ്രമിച്ചും ജനം രോഷം പ്രകടിപ്പിച്ചു. ശരണ്യയുടെ മാതാപിതാക്കൾ ദേഷ്യവും സങ്കടവും മൂലം അലമുറയിട്ടു കരഞ്ഞു.

കാമുകനുമൊത്തുള്ള ജീവിതത്തിനു തടസ്സമാകാതിരിക്കാൻ കുഞ്ഞിനെ പാതിരാത്രി കരിങ്കൽകൂട്ടത്തിലെറിഞ്ഞു കൊലപ്പെടുത്തുകയായിരുന്നുവെന്നാണ് ശരണ്യയുടെ മൊഴി.

ഫെബ്രുവരി 20ന് രാവിലെ ഒൻപതരയോടെയാണ് കണ്ണൂർ സിറ്റി പോലീസ് ശരണ്യയുമായി വീട്ടിലും കടപ്പുറത്തും തെളിവെടുപ്പിനെത്തിയത്. അച്ഛൻ വൽസരാജിന്റെയും അമ്മ റീനയുടെയും മുൻപിലേക്ക് പോലീസ് വലയത്തിൽ ശരണ്യ ചെന്നുകയറി.



കടൽത്തീരത്ത് കുഞ്ഞിനെ എറിഞ്ഞ് കൊലപ്പെടുത്തിയ സംഭവത്തിൽ അറസ്റ്റിലായ ശരണ്യയെ കുഞ്ഞിന്റെ മൃതദേഹം കണ്ടെത്തിയ കടൽപ്പുറത്ത് തെളിവെടുപ്പിന് കൊണ്ടുവന്നപ്പോൾ.

ശരണ്യയെ കണ്ടതോടെ അടക്കിപ്പിടിച്ച തേങ്ങൽ അണപൊട്ടി. 'ഞങ്ങടെ കുഞ്ഞിനെ ഇല്ലാതാക്കിയിട്ട് എന്തിനാ നീ ഈ വീട്ടിലേക്ക് വന്നത്, അവനെ ഞങ്ങക്കു തന്നുകൂടായിരുന്നോ...? നെഞ്ചുപൊട്ടിയുള്ള ചോദ്യത്തിനു മുൻപിൽ ശരണ്യയുടെ കണ്ണുനിറഞ്ഞെങ്കിലും കള്ളക്കരച്ചിലാണെന്നു ചുറ്റും നിന്നവർ കൂവിവിളിച്ചു.'

കുഞ്ഞിനെ കൊലപ്പെടുത്തിയ കടൽത്തീരത്ത്, കടൽഭിത്തിക്കു മുകളിൽ കയറിനിന്ന ശരണ്യ, കുഞ്ഞിനെ എറിഞ്ഞ ഭാഗം പോലീസിനു ചൂണ്ടിക്കാണിച്ചു കൊടുത്തു.

തിരിച്ചു റോഡിലേക്കുള്ള വഴിയിൽ നാട്ടുകാർ ശരണ്യയെ കയ്യേറ്റം ചെയ്യാൻ ശ്രമിച്ചതിനെ തുടർന്നു സംഘർഷാവസ്ഥയുണ്ടായി. തെളിവെടുപ്പ് പൂർത്തിയാക്കാൻ അനുവദിക്കണമെന്ന പോലീസിന്റെ അഭ്യർത്ഥനയ്ക്ക് ഒടുവിൽ നാട്ടുകാർ വഴങ്ങി. എങ്കിലും 9.50ന് ശരണ്യയുമായി പോലീസ് വാഹനം അകലുംവരെ കൂവലും ശാപവാക്കുകളും തുടർന്നു. പിന്നീട് കോടതിയിൽ ഹാജരാക്കിയ ശരണ്യയെ കോടതി റിമാൻഡ് ചെയ്തു.

ശരണ്യയുടെ കാമുകനായ വാരം സ്വദേശിയുടെ മൊഴി പോലീസ് രേഖപ്പെടുത്തി.

## ഒൻപത് വർഷത്തിനിടെ മരിച്ചത് ആറു മക്കൾ

തിരൂർ: 9 വർഷത്തിനിടെ 6 കുഞ്ഞുങ്ങളെ നഷ്ടമായി ഒരു കുടുംബം. തിരൂർ പരന്നേക്കാട് തറമ്മൽ റഫീഖ്-ഷബ്ന ദമ്പതികളുടെ 3 മാസം പ്രായമായ ആൺകുട്ടി ഫെബ്രുവരി 18ന് മരിച്ചതോടെയാണ് മുൻപുണ്ടായ മരണങ്ങളും ചർച്ചയായത്. നാട്ടുകാർ ഇക്കാര്യങ്ങൾ പോലീസിൽ അറിയിച്ചു. മരിച്ച കുട്ടിയുടെ കബറടക്കം രാവിലെ തന്നെ നടത്തിയിരുന്നെങ്കിലും വൈകിട്ട് പുറത്തെടുത്ത് തിരൂർ ജില്ലാ ആശുപത്രിയിൽ പോസ്റ്റുമോർട്ടം നടത്തി.

പ്രഥമിക പരിശോധന അനുസരിച്ച് മരണത്തിൽ അസ്വഭാവികതയില്ലെന്നു ഡിവൈഎസ്പി കെ.എ. സുരേഷ് ബാബു പറഞ്ഞു. പരിശോധനകൾ നടത്തിയെങ്കിലും 6 കുഞ്ഞുങ്ങളുടെയും അസുഖം കണ്ടുപിടിക്കാനായില്ലെന്നു ദമ്പതികൾ പറയുന്നു. 2014ൽ മരിച്ച 40 ദിവസം പ്രായമായ ആൺകുഞ്ഞിന്റെ മൃതദേഹം എറണാകുളത്ത് പോസ്റ്റുമോർട്ടം നടത്തിയതായി ബന്ധുക്കൾ പറഞ്ഞെങ്കിലും അത് അസുഖം കണ്ടെത്താനുള്ള പരിശോധന മാത്രമായിരുന്നുവെന്ന് പോലീസ് അറിയിച്ചു. ഇപ്പോഴത്തെ പോസ്റ്റുമോർട്ടം റിപ്പോർട്ടും ചികിത്സാ രേഖകളും പരിശോധിച്ചശേഷം മുൻ മരണങ്ങൾ അന്വേഷിക്കണോ എന്നു തീരുമാനിക്കുമെന്നും ജില്ലാ പോലീസ് മേധാവി യു. അബ്ദുൾ കരീം അറിയിച്ചു. കുട്ടികൾ മരിക്കുന്നതിനാൽ തകർന്നിരിക്കുകയാണെന്നും കാരണം കണ്ടെത്താനുള്ള അന്വേഷണത്തിന് എല്ലാ സഹകരണവും നൽകുമെന്നും ദമ്പതികൾ പറഞ്ഞു.

## കല്ലട ബസ് മറിഞ്ഞു യുവതി മരിച്ചു

മലപ്പുറം: തമിഴ്നാട് അവിനാശിയിൽ കെഎസ്ആർടിസി ബസും കണ്ടെയ്നർ ലോറിയും കൂട്ടിയിടിച്ചുണ്ടായ വൻദുരന്തത്തിനു പിന്നാലെ മൈസൂരിനടുത്ത് ഹുൻസൂരിൽ ദീർഘദൂര ബസ് മറിഞ്ഞ് ഒരു യുവതി മരിച്ചു. മൂന്നു പേർക്ക് പരുക്കേറ്റു. മഹാരാഷ്ട്ര നാഗ്പൂർ സ്വദേശിനിയായ ഷെറിൻ (28) ആണ് മരിച്ചത്. ഇവർ പെരിന്തൽമണ്ണയിലേക്കാണ് ടിക്കറ്റെടുത്തിരുന്നത്. ബെംഗളൂരുവിലെ ഒരു സ്കൂളിൽ അദ്ധ്യാപികയാണ്.

ബെംഗളൂരുവിൽ നിന്ന് 20ന് രാത്രി 9.30ന് പുറപ്പെട്ട് 21ന് ആറരയോടെ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിലെത്തേണ്ട കല്ലട ട്രാവൽസ് (സുരേഷ് കുമാറിന്റെ ഉടമസ്ഥതയിലുള്ളത്) ബസാണ് മറിഞ്ഞത്. മൈസൂരു കഴിഞ്ഞു ഹുൻസൂരിയിലെത്തിയപ്പോൾ അതിവേഗത്തിൽ ബസിന്റെ മുന്നിൽ കയറിയ കാറിൽ തട്ടാതിരിക്കാൻ ഡ്രൈവർ ബസ്വെട്ടിച്ചപ്പോൾ നിയന്ത്രണംവിട്ടു മറിയുകയായിരുന്നു.

## തെളിവില്ലാതാക്കാൻ ശ്രീറാം വെങ്കിട്ടരാമൻ ഗൂഢനീക്കം നടത്തിയതായി കുറ്റപത്രം

തിരുവനന്തപുരം: മാധ്യമപ്രവർത്തകൻ കെ.എം. ബഷീർ കാറിടിച്ചു മരിച്ച കേസിൽ ശ്രീറാം വെങ്കിട്ടരാമൻ ഐഎഎസ് തെളിവ് നശിപ്പിക്കാൻ ബോധപൂർവം ശ്രമിച്ചതായി ക്രൈംബ്രാഞ്ച് കുറ്റപത്രം.

അപകടം നടന്ന സമയം മുതൽ എല്ലാം മറച്ചുവെക്കാനും കേസിൽനിന്ന് രക്ഷപ്പെടാനുമുള്ള വഴികൾ ശ്രീറാം സൃഷ്ടിച്ചെന്നും പ്രത്യേക അന്വേഷണ സംഘം കോടതിയിൽ സമർപ്പിച്ച കുറ്റപത്രം ചൂണ്ടിക്കാട്ടുന്നു. താനല്ല സഹയാത്രികയായ വഫ ഫിറോസാണ് കാർ ഓടിച്ചതെന്നാണ് അപകടസ്ഥലത്തെത്തിയ പോലീസിനോട് ശ്രീറാം പറഞ്ഞിരുന്നത്. വഫ രണ്ടാം പ്രതിയാണ്.

കുറ്റപത്രത്തിൽ പറയുന്നതിങ്ങനെ: ബഷീറിനെ മെഡിക്കൽ കോളജിലേക്ക് കൊണ്ടുപോയശേഷം മ്യൂസിയം പോലീസ് സ്റ്റേഷനിലെത്തിയ ശ്രീറാം തനിക്കും അപകടത്തിൽ പരുക്കേറ്റെന്നും ആശുപത്രിയിൽ പോകണമെന്നും ആവശ്യപ്പെട്ടു. പോലീസുകാരനൊപ്പം ജനറൽ ആശുപത്രിയിലെത്തിച്ച ശ്രീറാം കാര്യമായ പരുക്കില്ലാതിരുന്നിട്ടും തുടർ ചികിത്സയ്ക്കായി മെഡിക്കൽ കോളജിലേക്ക് റഫർ ചെയ്യണമെന്ന് ആവശ്യപ്പെട്ടു. പരിശോധനയിൽ ശ്രീറാമിന് മദ്യത്തിന്റെ മണം ഉണ്ടെന്ന് ജനറൽ ആശുപത്രിയിലെ ഡോ. രാകേഷ് എസ് കുമാർ രേഖപ്പെടുത്തി.

മെഡിക്കൽ കോളജിലേക്ക് പോകാതെ ശ്രീറാം തന്റെ സുഹൃത്തായ മറ്റൊരു ഡോക്ടറെ വിളിച്ചുവരുത്തി സ്വ



കാര്യ ആശുപത്രിയിലേക്കാണ് പോയത്. അപകടമുണ്ടായ കാര്യം ഇവിടെ ശ്രീറാം ബോധപൂർവം മറച്ചുവെച്ചു. ഇക്കാര്യം ഡോക്ടറുടെ മൊഴിയിലുണ്ട്. കാർ മതിലിൽ ഇടിച്ചാണ് പരുക്കേറ്റതെന്നും താനല്ല വണ്ടിയോടിച്ചിരുന്നതെന്നുമാണ് ശ്രീറാം ഡോക്ടർമാരോട് പറഞ്ഞത്.

ചികിത്സയുടെ ആവശ്യത്തിനായി ശ്രീറാമിന്റെ രക്തമെടുക്കാൻ ഡോക്ടർ നിർദ്ദേശിച്ചപ്പോൾ ശ്രീറാം വിസമ്മതിച്ചു. ഇക്കാര്യം നേഴ്സ് കേസ് ഷീറ്റിൽ രേഖപ്പെടുത്തി. രക്തത്തിലെ മദ്യത്തിന്റെ അളവ് കുറയുന്നതുവരെ രക്തം ശേഖരിക്കുന്നത് വൈകിപ്പിച്ച് തെളിവ് നശിപ്പിക്കുകയായിരുന്നു ലക്ഷ്യം. മദ്യപിച്ചെന്നറിഞ്ഞിട്ടും ശ്രീറാമിന് കാർ കൈമാറിയതിനും വേഗത്തിൽ ഓടിക്കാൻ അനുവദിച്ചതിനുമാണ് വഫയ്ക്കതിരെ പ്രേരണാക്കുറ്റം ചുമത്തിയിട്ടുള്ളത്.

തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി മൂന്നിൽ സമർപ്പിച്ച കുറ്റപത്രത്തിൽ നൂറ് സാക്ഷി മൊഴികളാണുള്ളത്. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 304, 201 വകുപ്പുകളും മോട്ടോർവാഹന നിയമത്തിലെ 184, 185, 188 വകുപ്പുകളുമാണ് ശ്രീറാമിനും വഫയ്ക്കുമെതിരെ ചുമത്തിയിരിക്കുന്നത്. അപകടകരമായി ഡ്രൈവ് ചെയ്ത് വരുത്തിയ മനപ്പൂർവമല്ലാത്ത നരഹത്യ, പൊതുമുതൽ നശിപ്പിക്കൽ എന്നീ കുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത്. പത്തുവർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന ക്രിമിനൽ കുറ്റമാണിത്. അപകടത്തെത്തുടർന്ന് സസ്പെൻഷനിലായ ശ്രീറാമിനെ കുറ്റപത്രം സമർപ്പിക്കുന്നതിനു മുമ്പ് സർവീസിൽ തിരിച്ചെടുക്കാൻ ശ്രമമുണ്ടായെങ്കിലും വിവാദത്തെത്തുടർന്ന് മരവിപ്പിച്ചിരുന്നു.



P. Isaac Isaac, B.S., D.D.S., M.P.H.

Modern Personal Dental Care

For New Patient FREE Consultation

Office Hours by Appointments

847-292-6640

ISAAC PARAMPOTTIL, D.D.S.

FAMILY DENTAL CLINIC


259 E. Rand Rd, Suite # 110
Mount Prospect, IL 60056

Most Major Insurance Plans Accepted

COMPREHENSIVE DENTAL CARE

- Extraction / Dentures
- Cosmetic Bonding / Bleaching / Porcelain Laminate / Cleaning / X-rays / Filling
- Preventive Checkups
- Root Canals / Crowns / Bridges


Trusted Representation
Achieves Aggressive Financial Results
Over $ 50M Recovered and Collected For Our Clients
Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
Free Confidential Consultation On All Matters
Home Visits Available
Personal Injuries-Wrongful Death - Work Injuries
Your call is Always Welcome
Attorney Steve Crifase
Law Offices of Steven A. Crifase, Ltd.
8 South Michigan Suite 2000
Chicago, Illinois 60603
312-855-0511 StevenCrifase.com
LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America
Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families
$1,500,000.00 Jury Verdict Car Crash Neck Injury
$5,000,000.00 Car Crash – Brain Injury
$700,000.00 Medical Malpractice Stillborn Baby
$1,500,000.00 Wrongful Death – Car Crash
$750,000.00 Medical Malpractice – Fetal Injury
$600,000.00 Medical Malpractice – Fetal Injury
$200,000.00 Work Injury – Shoulder Surgery
$149,000.00 Slip and Fall – Knee Injury
$239,000.00 Work Injury – Shoulder Surgery
$190,000.00 Car Crash – Back Injury
$338,000.00 Work Injury – Shoulder/Wrist Surgery
We Want A Long Term Relationship With You
Steve Crifase
http://www.crifaselaw.com/
scrifase@sbcglobal.net
Steven A Crifase, Ltd.
8 S. Michigan, Suite 2000
Chicago IL 60603
Phone (312) 855-0511,
Fax (312) 855- 0537
A+ Rating
AV PREEMINENT
Peer Rated for Highest Level of Professional Excellence 2018


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


K.O. JOSE & ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com

# ഡിജിപിക്ക് ആഭ്യന്തര വകുപ്പിന്റെ ക്ലീൻ ചിറ്റ്

തിരുവനന്തപുരം: സംസ്ഥാന പോലീസ് സേനയെയും ഡിജിപി ലോക്നാഥ് ബെഹ്റയെയും പ്രതിക്കൂട്ടിലാക്കിയ സിഎജിയുടെ കണ്ടെത്തലുകൾ പൂർണമായും തള്ളിക്കളഞ്ഞ് ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബിശ്വാസ് മേത്തയുടെ റിപ്പോർട്ട്

എല്ലാ തോക്കുകളും ഭദ്രമാണെന്നു ക്രൈംബ്രാഞ്ച് കണ്ടെത്തിയിട്ടുണ്ട്. രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയതിലെ പിഴവുകളാണ് ആയുധങ്ങൾ കാണാനില്ലെന്ന പരാമർശത്തിന് ഇടയാക്കിയത്. പോലീസ് നവീകരണ ഫണ്ട് വിനിയോഗിച്ചതിൽ ക്രമക്കേട് നടന്നെന്നും പണം ഡിജിപി വക മാറ്റി ചെലവഴിച്ചെന്നുമുള്ള സിഎജിയുടെ റിപ്പോർട്ടിൽ കഴമ്പില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയനു സമർപ്പിച്ച റിപ്പോർട്ടിൽ ആഭ്യന്തര സെക്രട്ടറി പറയുന്നു. കെൽട്രോണുമായി ഒത്തുകളിച്ച് കോടികളുടെ ദുരൂഹ ഇടപാടുകൾ നടത്തിയെന്ന ആക്ഷേപത്തിലും കഴമ്പില്ല. പൊതുമേഖലാ സ്ഥാപനമായ കെൽട്രോണുമായി മാനദണ്ഡങ്ങൾ പ്രകാരമുള്ള ഇടപാടുകളാണ് നടത്തിയത്. ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ വാങ്ങുന്നതിന് ഓപ്പൺ ടെൻഡർ വിളിക്കാതിരുന്നത് സുരക്ഷാ കാരണങ്ങളാലാണ്. ഉന്നത ഉദ്യോഗസ്ഥർക്കായി വാങ്ങിയതു ലക്ഷ്വറി കാറുകളല്ല. ഇന്നോവ അടക്കമുള്ള വാഹനങ്ങൾ ഓപ്പറേഷണൽ വാഹനങ്ങളുടെ വിഭാഗത്തിലുള്ളതാണ്. സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെയുള്ള ഉയർന്ന ഉദ്യോഗസ്ഥർ ഓപ്പറേഷനുകളിൽ പങ്കെടുക്കാറുണ്ട്. സിഎജി റിപ്പോർട്ടിൽ സംസ്ഥാന പോലീസ് മേധാവിയെ പേരെടുത്തു കുറ്റപ്പെടുത്തിയത് അസാധാരണ നടപടിയാണെന്ന സൂചനയും ആഭ്യന്തര സെക്രട്ടറിയുടെ റിപ്പോർട്ടിലുണ്ട്.

**സിഎജിയുടെ കണ്ടെത്തൽ;**

ആഭ്യന്തരസെക്രട്ടറിയുടെ മറുപടി

ആഭ്യന്തര സെക്രട്ടറി: കാണാതായെന്നു പറയുന്ന 25 എണ്ണമടക്കം ഇൻസാസ് തോക്കുകളെല്ലാം ക്രൈംബ്രാഞ്ച് കണ്ടെത്തി. 1994 മുതൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്താതിരുന്നതാണ് പ്രശ്നം. വെടിക്കോപ്പുകൾ കാണാനില്ലെന്ന പ്രചാരണം നടത്തി. സുരക്ഷയ്ക്കു ഭീഷണിയുണ്ടെന്നു പറയുന്നതു ശരിയല്ല.

**ആഡംബരവാഹനങ്ങൾ വാങ്ങി**

ആഭ്യന്തര സെക്രട്ടറിയുടെ മറുപടി: പോലീസിൽ ഇന്നോവ അടക്കമുള്ള വാഹനങ്ങൾ ഓപ്പറേഷണൽ വാഹനങ്ങളുടെ ഗണത്തിലാണ്. സ്റ്റേഷനുകളിൽ വാഹന ദൗർബല്യമില്ല. ക്രൈംബ്രാഞ്ച് വിഭാഗങ്ങൾക്കും ഓപ്പറേഷണൽ വാഹനങ്ങൾ ആവശ്യമാണ്. സിഎജിയുടെ കണ്ടെത്തലുകൾ പ്രയോഗികമായി ശരിയല്ല.

**ഡിജിപി നേരിട്ട് ലക്ഷങ്ങളുടെ കരാർ നൽകി**


ആഭ്യന്തരസെക്രട്ടറി: ജിപിഎസ് ടാബ്ലെറ്റുകൾ വാങ്ങിയപ്പോൾ കമ്പനിയുടെ പേരു പറഞ്ഞത് സി.വി.സി നിർദേശത്തിനു വിരുദ്ധമാണെന്നാണ് ആക്ഷേപം. പോലീസിന്റെ ഭാഗത്തുനിന്ന് ഇതൊരു വീഴ്ചയാണെങ്കിലും വിപണിയിൽ വിൽപ്പനയുടെ 65 ശതമാനം സ്വന്തമാക്കിയ പാനാസോണിക്കിനെയാണ് നിർദേശിച്ചത്. യഥാക്രമം 13, 16 ശതമാനം വിപണി വിഹിതമുള്ള ജിടെക്, ഡി.ടി. റിസർച്ച് കമ്പനികൾക്ക് ഇന്ത്യൻ സേവന കേന്ദ്രങ്ങളില്ല. ഡിജിപിയുടെ നടപടിയിൽ ദുരുപദിഷ്ടമായി ഒന്നുമില്ല.

**സ്റ്റോർ പർച്ചേസ് മാന്വൽ ലംഘിച്ചു**

ആഭ്യന്തര സെക്രട്ടറി: കെൽട്രോൺ പൊതുമേഖലാ സ്ഥാപനമാണ്. സർക്കാർ ഉത്തരവ് അനുസരിച്ചാണ് കരാറുകൾ നൽകിയത്. ഇക്കാര്യത്തിൽ പോലീസ് വകുപ്പ് മാനദണ്ഡങ്ങൾ ലംഘിച്ചിട്ടില്ല.

# അമൽ ജ്യോതിയിലെ സ്കൈവാക്കിനു റിക്കാർഡിന്റെ തിളക്കം

കോട്ടയം: കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എൻജിനീയറിംഗ് കോളജിലെ പ്രശസ്തമായ സ്കൈ വാക്കിനു റിക്കാർഡിന്റെ തിളക്കം. പെൺകുട്ടികളുടെ ഹോസ്റ്റലിനെയും കോളജ് ലൈബ്രറിയെയും തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്ന ആകാശപ്പാതയാണ് 'വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഏറ്റവും നീളമുള്ള സ്കൈവാക്ക്' എന്ന ശീർഷകത്തിൽ അറേബ്യൻ ബുക്ക് ഓഫ് വേൾഡ് റിക്കാർഡ്സിൽ സ്ഥാനം പിടിച്ചത്.



470 മീറ്റർ ആണ് സ്കൈവാക്കിന്റെ ആകെ നീളം. രാത്രിയും പകലും ഒരുപോലെ ലൈബ്രറി സൗകര്യം പെൺകുട്ടികൾക്കു ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കാമ്പസിൽ ആകാശപ്പാത നിർമിച്ചത്. പെൺകുട്ടികളുടെ ഹോസ്റ്റലിൽ നിന്ന് ലൈബ്രറിയിലേക്ക് നേരിട്ട് എത്താവുന്ന രീതി. ആകാശപ്പാതയിലൂടെയുള്ള യാത്രകൾ മറക്കാനാവാത്ത അനുഭവമാണെന്ന് വിദ്യാർത്ഥിനികൾ പറയുന്നു.

കോളജിന്റെ മനോഹര ദൃശ്യങ്ങളിൽ ഒന്നായ ആകാശപ്പാത വിദ്യാർത്ഥിനികൾക്കു സുരക്ഷയും ഒരുക്കുന്നു. 24 മണിക്കൂറും സെക്യൂരിറ്റി പോയിന്റുള്ള ഈ ആകാശപ്പാതയിലൂടെയാണ് ഹോസ്റ്റലിലെ മുഴുവൻ വിദ്യാർത്ഥിനികളും കാമ്പസിൽ പ്രവേശിക്കുന്നത്. ആകർഷകമായ ഈ നിർമിതി വളരെപ്പെട്ടെന്ന് തന്നെ വാർത്തകളിൽ വരികയും പ്രശസ്തമാവുകയും ചെയ്തിരുന്നു. മികവിലും സൗകര്യങ്ങളിലും കേരളത്തിലെ മുൻനിര എൻജിനീയറിംഗ് കോളജുകളിലൊന്നായ അമൽജ്യോതിയിലെ അഭിമാനകാഴ്ചയാണ് ഈ സ്കൈവാക്ക്. കോളജിൽ നടന്ന ചടങ്ങിൽ കോളജിന്റെ മുൻ മാനേജർ ഫാ. വറുഗീസ് പരിന്തിരിക്കലാണ്, സ്കൈവാക്ക് അറേബ്യൻ ബുക്ക് ഓഫ് വേൾഡ് റിക്കാർഡ്സിൽ സ്ഥാനം പിടിച്ച വിവരം പ്രഖ്യാപിച്ചത്.

# കോൺഗ്രസിലെ നേതൃപ്രതിസന്ധിക്ക് അടിയന്തര പരിഹാരം വേണം: തരൂർ

ന്യൂഡൽഹി: കോൺഗ്രസ് നിലകിട്ടാതെ ഒഴുകുകയാണെന്ന ജനങ്ങളുടെ വിചാരം ഇല്ലാതാക്കാൻ നേതൃപ്രതിസന്ധി പരിഹരിക്കാൻ പാർട്ടി മുൻഗണന നൽകണമെന്ന് ശശി തരൂർ. ദീർഘകാല അദ്ധ്യക്ഷനെക്കുറിച്ചുള്ള അനിശ്ചിതത്വം പരിഹരിക്കുകയെന്നത് പാർട്ടിയുടെ തിരിച്ചുവരവിന് നിർണായകമാണെന്ന് കോൺഗ്രസ് എംപിയായ അദ്ദേഹം വാർത്താ ഏജൻസിയായ പിടിഐയോടു പറഞ്ഞു.

കോൺഗ്രസ് അദ്ധ്യക്ഷനായി തിരിച്ചെത്തണമോയെന്നു തീരുമാനിക്കേണ്ടത് രാഹുൽ ഗാന്ധിയാണ്. അദ്ദേഹം നിലപാടുമാറ്റുന്നില്ലെങ്കിൽ സജീവമായ പൂർണസമയ നേതൃത്വത്തെ പാർട്ടി കണ്ടെത്തണം. എന്നാലേ രാജ്യം പ്രതീക്ഷിക്കുന്നതുപോലെ പാർട്ടിക്ക് മുന്നോട്ട് പോകാൻ കഴിയൂ.

ബിജെപി സർക്കാരിന്റെ വിഭജന നയങ്ങൾക്കുള്ള ദേശീയ ബദൽ കോൺഗ്രസാണ്. രാഷ്ട്രീയപ്പാർട്ടിയെന്ന നിലയിൽ അത് നിലകിട്ടാതൊഴുകയാണെന്ന തോന്നൽ ചില വോട്ടർമാരെ മറ്റു തെരഞ്ഞെടുപ്പുകൾ നടത്താൻ പ്രേരിപ്പിച്ചിട്ടുണ്ട്. അതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് ഡൽഹിയിൽ കണ്ടത്.

ഇത് അവലോകനം ചെയ്യേണ്ടത് അടിയന്തരാവശ്യമാണ്. കോൺഗ്രസിനെ എഴുതിത്തള്ളുന്ന മാധ്യമങ്ങളുടെ മനോഭാവം മാറേണ്ടതുണ്ട്. അതിനു ഞങ്ങൾ ചെയ്യേണ്ടത് നേതൃപ്രശ്നങ്ങൾ പരിഹരിക്കുകയെന്നതാണ്. ഇടക്കാല അദ്ധ്യക്ഷയ്ക്കു പകരം ദീർഘകാല നേതാവിനെ തെരഞ്ഞെടുത്തുകൊണ്ട് ഞങ്ങൾ തുടങ്ങണം. അതിനൊപ്പം പ്രവർത്തക സമിതിയിലേക്ക് തെരഞ്ഞെടുപ്പ് നടത്തണം: അദ്ദേഹം പറഞ്ഞു.

രാഹുൽ ഗാന്ധിക്ക് പാർട്ടിയിൽ എപ്പോഴും പ്രത്യേക സ്ഥാനമുണ്ടാകും. പാർട്ടിയെ ഒന്നിച്ചു നിർത്തി മുന്നോട്ടുകൊണ്ടുപോകാൻ അദ്ദേഹത്തിനാകും എന്ന വിശ്വാസം കോൺഗ്രസിനുണ്ട്. അതുകൊണ്ടാണ് ഞങ്ങളിലേറെപ്പേരും അദ്ദേഹം തുടരണമെന്നു പറയുന്നത്. പാർട്ടിയെ തിരിച്ചുകൊണ്ടുവരാൻ അദ്ദേഹത്തേക്കാൾ മികച്ചയാളില്ലെന്ന് ഞങ്ങൾ കരുതുന്നതും അതുകൊണ്ടാണ്: തരൂർ പറഞ്ഞു.

രാഹുൽ അദ്ധ്യക്ഷ ജോലി ഏറ്റെടുത്തില്ലെങ്കിൽ പ്രിയങ്കയെ തെരഞ്ഞെടുക്കുമോ എന്ന ചോദ്യത്തിന് ഏതു കോൺഗ്രസ് നേതാവിനും കടന്നുവരാവുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. പ്രിയങ്കയ്ക്ക് വ്യക്തിപ്രഭാവവും സംഘടനാ അനുഭവവുമുണ്ട്. അദ്ധ്യക്ഷസ്ഥാനത്തേക്കു വരണമോയെന്നത് അവരുടെ വ്യക്തിപരമായ തീരുമാനമാണ്: അദ്ദേഹം പറഞ്ഞു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 70.52 |
| യൂറോ | 78.27 |
| സ്റ്റെർലിംഗ്പൗണ്ട് | 92.68 |
| സ്വിസ് ഫ്രാങ്ക് | 72.77 |
| സിംഗപ്പൂർ ഡോളർ | 52.22 |
| കനേഡിയൻ ഡോളർ | 53.59 |
| ഒമാൻ റിയാൽ | 180.43 |
| ബഹ്റൈൻ ദിനാർ | 184.16 |
| സൗദി റിയാൽ | 18.56 |
| യു.എ.ഇ. ദിർഹം | 18.98 |
| കുവൈത്ത് ദിനാർ | 229.51 |

# വീടും കടയും ഉരുൾപൊട്ടലിൽ നഷ്ടപ്പെട്ട ജോർജുകുട്ടി യാത്രയായി

മലപ്പുറം: വീടും കടയും ഉരുൾപൊട്ടലിൽ നഷ്ടപ്പെട്ടപ്പോഴും ഉന്തുവണ്ടിയിൽ കച്ചവടം നടത്തി ജീവിതം തിരിച്ചുപിടിക്കാൻ ശ്രമിച്ച ഗൃഹനാഥന് ഒടുവിൽ കാലിടറി. പാതാറിലെ ഇലവനാംകുഴി ജോർജുകുട്ടി (ബാബു-64) ആണ് ജീവിതപ്രതിസന്ധികളുടെ സമ്മർദ്ദങ്ങൾക്കൊടുവിൽ ഹൃദയാഘാതം മൂലം മരിച്ചത്. പാതാർ അങ്ങാടിക്കു സമീപം ഇഴുകത്തോടിന്റെ കരയിൽ പത്ത് സെന്റ് സ്ഥലത്ത് പഞ്ചായത്തിന്റെ സഹായത്തോടെ നിർമ്മിച്ച വീട് കഴിഞ്ഞ ഓഗസ്റ്റിലുണ്ടായ ഉരുൾപൊട്ടലിൽ തകർന്നടിഞ്ഞു. രോഗിയായ ഭാര്യ റോസ്ലിയും മകൾ ഇജിയും പേരക്കുട്ടിയും അടങ്ങുന്ന കുടുംബത്തെ നാട്ടുകാരുടെ പിന്തുണയോടെ വാടകവീട്ടിലേക്കു മാറ്റി. പുനരധിവാസം ഒന്നുമാകാത്തതിനെത്തുടർന്ന് കുറച്ചു ദിവസമായി കടുത്ത മാനസിക സമ്മർദ്ദത്തിലായിരുന്നു ജോർജുകുട്ടിയെന്ന് വീട്ടുകാർ പറഞ്ഞു. പാതാറിലേക്കു തിരിച്ചു പോകാനുള്ള ആഗ്രഹം പലരോടും പങ്കുവെച്ചിരുന്നു.

വെള്ളിമുറ്റത്തു വാടകവീടിനു സമീപം ഉന്തുവണ്ടിയിൽ കച്ചവടം തുടങ്ങിയത് നാല് ദിവസം മുമ്പാണ്, നേരത്തെ പാതാർ അങ്ങാടിയിൽ ചെറിയൊരു മുറിയിൽ ചെരിപ്പും കുടയും തുന്നിയാണ് ജീവിതം മുന്നോട്ടു കൊണ്ടുപോയിരുന്നത്.

23ന് പുലർച്ചെ അഞ്ചിന് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെത്തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. മകൻ റോജി.

# എസ്എപി മുദ്രയും 350 വ്യാജ വെടിയുണ്ടയും പിടിച്ചെടുത്തു

തിരുവനന്തപുരം: വെടിയുണ്ടയും കാലി കെയ്സും ഉരുക്കി നിർമിച്ചെന്നു കരുതുന്ന സ്പെഷൽ ആംഡ് പോലീസ് മുദ്രയും 350 വ്യാജ വെടിയുണ്ടകളും പേരൂർക്കട എസ്എപി ക്യാംപിൽ നിന്നു ക്രൈംബ്രാഞ്ച് പിടിച്ചെടുത്തു.

ഇവ ഫൊറൻസിക് പരിശോധനയ്ക്ക് അയയ്ക്കും. വെടിയുണ്ട കാണാതായതിനെക്കാൾ ഗുരുതര കുറ്റമാണ് അതു മറച്ചു വെക്കാൻ വ്യാജ ഉണ്ടകൾ നിർമിച്ചതെന്നു ക്രൈംബ്രാഞ്ച് അധികൃതർ പറഞ്ഞു.

വെടിയുണ്ടകൾ കാണാതായ കേസ് അന്വേഷിക്കാൻ ഐജി എസ്. ശ്രീജിത്തിന്റെ നേതൃത്വത്തിൽ ക്രൈംബ്രാഞ്ച് പ്രത്യേക സംഘത്തെ നിയോഗിച്ചു. വെടിയുണ്ടകൾ കാണാതായെന്നു കരുതുന്ന 1996-2018 കാലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന ഉദ്യോഗസ്ഥരോടു ചോദ്യം ചെയ്യലിനു ഹാജരാകാൻ നിർദേശിച്ചു.

നിലവിലെ എഫ്ഐആറിൽ മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ ഗൺമാൻ ഉൾപ്പെടെ 11 പോലീസുകാരാണ് പ്രതികൾ.

# ഡോ. ബാബു ചാക്കോ അന്തരിച്ചു



കോട്ടയം: മോഡേൺ ഡയഗനോസ്റ്റിക് സെന്റർ സ്ഥാപകനും ഒമാൻ ആൻഡ് റോയൽ ഒമാൻ പോലീസ് മുൻ ചീഫ് മെഡിക്കൽ ഓഫിസറും സിനിമാ നിർമാതാവുമായ ഡോ. ബാബു ചാക്കോ (75) അന്തരിച്ചു.

പുല്ലാട് സെയിന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ ഡോ. മാത്യൂസ് മാർ തിമോത്തിയോസ്, ഡോ. കുര്യാക്കോസ് മാർ ക്ലിമ്മീസ് എന്നിവരുടെ കാർമികത്വത്തിൽ സംസ്കാരം നടത്തി. മങ്ങാട്ട് പരേതരായ എം.സി. ചാക്കോയുടെയും തങ്കമ്മ ചാക്കോയുടെയും മകനാണ്. ഭാര്യ: അച്ചാമ്മ ചാക്കോ (ജോ) കുറുപ്പന്തറ വെങ്ങണിക്കൽ കുടുംബാംഗം.

# സാമ്പത്തിക സംവരണം അട്ടിമറിക്കെതിരെ സീറോ മലബാർ സഭ

തിരുവനന്തപുരം: കേരള മെഡിക്കൽ, എൻജിനീയറിംഗ് എൻട്രൻസിലും അഡ്മിഷനിലും സുറിയാനി ക്രിസ്ത്യാനികൾക്കും മറ്റു സംവരണേതര വിഭാഗങ്ങൾക്കുമായി അനുവദിച്ചു നൽകിയ 10 ശതമാനം സാമ്പത്തിക സംവരണം (ഇക്കണോമിക്കലി വീക്കർ സെക്ഷൻ-ഇഡബ്ല്യുഎസ്) അട്ടിമറിക്കാൻ ചിലർ ശ്രമിക്കുന്നു എന്ന സംശയം നിലനിൽക്കുന്ന സാഹചര്യത്തിൽ സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ നിവേദനം സഭാ പ്രതിനിധികൾ റവന്യു മന്ത്രി ഇ. ചന്ദ്രശേഖരനു സമർപ്പിച്ചു.

സാമ്പത്തിക സംവരണം സംബന്ധിച്ചു സർക്കാർ വിജ്ഞാപനമിറക്കിയെങ്കിലും വില്ലേജ് ഓഫീസർമാർക്കു വ്യക്തമായ മാർഗനിർദേശങ്ങൾ നൽകാത്തതുമൂലം പല ഓഫീസർമാരും ഇഡബ്ല്യുഎസ് സർട്ടിഫിക്കറ്റ് നൽകാൻ തയാറാകുന്നില്ലെന്ന് നിവേദനത്തിൽ ചൂണ്ടിക്കാട്ടി. അപേക്ഷയുടെ മാതൃക അടിയന്തരമായി ലാൻഡ് റവന്യു കമ്മീഷണർ നിശ്ചയിച്ചു നൽകുമെന്ന് ഫെബ്രുവരി 12ന് പുറത്തിറക്കിയ വിജ്ഞാപനത്തിൽ പറഞ്ഞിരുന്നു. ഒരാഴ്ച കഴിഞ്ഞിട്ടും ഇതു നൽകാത്തതുമൂലം ഫെബ്രുവരി 12ന് ശേഷം വെള്ളപ്പേപ്പറിലുള്ള അപേക്ഷകൾ സ്വീകരിക്കാൻ പലതും തയാറായില്ല.

അപേക്ഷ സ്വീകരിക്കുന്നതും സർട്ടിഫിക്കറ്റ് നൽകുന്നതും അടിയന്തരമായി ഓൺലൈൻ മുഖാന്തരം ആക്കുമെന്ന് വിജ്ഞാപനത്തിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ, ഇതുവരെ ഓൺലൈൻ സംവിധാനം നിലവിൽ വരാത്തതുമൂലം വിദ്യാർത്ഥികളും രക്ഷിതാക്കളും ആശങ്കയിലാണ്. പല വില്ലേജ് ഓഫീസർമാരും ആലുകളെ തെറ്റായ വിവരങ്ങൾ നൽകി കബളിപ്പിച്ചയയ്ക്കുവെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ഇഡബ്ല്യുഎസ് സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യാനുള്ള സംവിധാനം ഇതുവരെ ക്രമീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ വിദ്യാർത്ഥികളും മാതാപിതാക്കളും ഒരുപോലെ ആശങ്കയിലാണെന്നും നിവേദനത്തിൽ സൂചിപ്പിച്ചു. നിവേദനം ലഭിച്ചതിനെത്തുടർന്ന് ലാൻഡ് റവന്യുകമ്മീഷണറെ മന്ത്രി ഫോണിൽ വിളിച്ചു സംസാരിച്ചു. അപേക്ഷയുടെ ഔദ്യോഗിക മാതൃക തയാറാകാത്തതിനാൽ വെള്ളപ്പേപ്പറിൽ അപേക്ഷ സ്വീകരിക്കാൻ ആവശ്യപ്പെട്ടു. അപേക്ഷയുടെ മാതൃകയും സർക്കാർ പുറത്തിറക്കി. അപേക്ഷകർക്കു സർട്ടിഫിക്കറ്റിനും ഉള്ള ഓൺലൈൻ സംവിധാനം ഇതുവരെ പൂർത്തിയാക്കാത്തതിനാൽ ഓഫ്ലൈനായി അപേക്ഷ സ്വീകരിക്കാനും മന്ത്രി നിർദേശിച്ചിട്ടുണ്ട്.

വില്ലേജ് ഓഫീസർമാർ അനാവശ്യ വാദഗതികൾ ഉന്നയിച്ചാൽ തനിക്കു നേരിട്ടു പരാതി നൽകാനും മന്ത്രി സീറോ മലബാർ സഭാ പ്രതിനിധികളോട് ആവശ്യപ്പെട്ടു. കെഇഎഎം വെബ്സൈറ്റിൽ സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടത് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നാണെന്നും മന്ത്രി അറിയിച്ചു.

# കെഎസ്ആർടിസി ബസും കണ്ടെയ്നർ ലോറിയും കൂട്ടിയിടിച്ച് 19 മലയാളികൾക്ക് ദാരുണാന്ത്യം

അവിനാശി: കോയമ്പത്തൂരിനടുത്ത് അവനാശിയിൽ കെഎസ്ആർടിസി ബസും കണ്ടെയ്നർ ലോറിയും കൂട്ടിയിടിച്ച് 19 മലയാളികൾക്ക് ദാരുണാന്ത്യം. രണ്ടുപേർ കർണാടകയിൽ സ്ഥിരതാമസമാക്കിയ മലയാളികളാണ്. മരിച്ചവരിൽ അഞ്ചുപേർ സ്ത്രീകളാണ്. 25 പേർക്ക് പരുക്കേറ്റു. ഒരാളുടെ നില ഗുരുതരം. ബസിൽ 48 യാത്രക്കാരുണ്ടായിരുന്നതിൽ 42 പേരും മലയാളികളായിരുന്നു. അഞ്ചു വയസുള്ള കുട്ടി പരുക്കേൽക്കാതെ അത്ഭുതകരമായി രക്ഷപ്പെട്ടു.

ഫെബ്രുവരി 20ന് പുലർച്ചെ 3.15നാണ് ബെംഗളൂരുവിൽ നിന്ന് എറണാകുളത്തേക്ക് വന്ന ബസ് അവനാശിയിൽ അപകടത്തിൽപ്പെട്ടത്. സേലത്തേക്കു ടൈൽസുമായി പോവുകയായിരുന്നു കണ്ടെയ്നർ ലോറി. ഡ്രൈവറും കണ്ടക്ടറും ഉൾപ്പെടെ ബസിന്റെ വലുതുവശത്തിരുന്നവരാണ് മരിച്ചവരിലേറെയും. ലോറി ഡ്രൈവർ ഉറങ്ങിയതാണ് അപകടകാരണമെന്നാണ് സൂചന.

നിയന്ത്രണം വിട്ട ലോറി ഡിവൈഡറിലൂടെ 50 മീറ്ററോളം ഓടിയാണ് എതിർവശത്തെ ട്രാക്കിലൂടെ വന്ന ബസിലിടിച്ചത്. ലോറിയിൽ നിന്ന് ഭാരമുള്ള കണ്ടെയ്നർ തെറിച്ച് റോഡിൽ വീണു.

ഇതിൽ ബസ് ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ ബസിന്റെ വലതുഭാഗം പൂർണമായും തകർന്നു. കണ്ടെയ്നറിൽ കനത്ത ലോഡുണ്ടായിരുന്നതാണ് ആഘാതം വർധിക്കാൻ കാരണമായത്. വലുഭാഗത്തിരുന്ന യാത്രക്കാരുടെയും ജീവനക്കാരുടെയും മൃതദേഹങ്ങളിൽ പലതും തിരിച്ചറിയാൻ കഴിയാത്ത വിധം ഛിന്നഭിന്നമായി. അവിനാശി പോലീസും ഫയർഫോഴ്സും നാട്ടുകാരുടെ സഹായത്തോടെ ബസ് വെട്ടിപ്പൊളിച്ചാണ് മൃതദേഹങ്ങൾ പുറത്തെടുത്തത്. റോഡിലും മറ്റും ശരീരഭാഗങ്ങൾ ചിന്നിച്ചിതറിയ നിലയിലായിരുന്നു.

പരുക്കേറ്റവരെ ഉടൻ അവിനാശി ഗവ. അശുപത്രിയിലാണ് ആദ്യമെത്തിച്ചത്. പിന്നീട് തിരുപ്പൂർ ഗവ. ആശുപത്രി, തിരുപ്പൂർ രേവതി ആശുപത്രി, ദീപ് റോയൽ കെയർ, കോയമ്പത്തൂർ കോവൈ മെഡിക്കൽ കോളജ് എന്നിവിടങ്ങളിലേക്കു മാറ്റുകയായിരുന്നു. മൃതദേഹങ്ങൾ തിരുപ്പൂർ ഗവ. ആശുപത്രിയിലാണ് പോസ്റ്റുമോർട്ടം ചെയ്തത്.

ബന്ധുക്കൾ എത്തി തിരിച്ചറിഞ്ഞയുടൻ പോസ്റ്റുമോർട്ടം നടത്തി മൃതദേഹങ്ങൾ വിട്ടുകൊടുത്തു.

അപകടത്തിന്റെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് എൻഫോഴ്സ്മെന്റ് ആർടിഒ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നൽകി. അപകടം നടന്നത് ലോറിയുടെ സാങ്കേതിക തകരാർ മൂലമല്ലെന്നാണ് പ്രാഥമിക കണ്ടെത്തൽ.

ഡ്രൈവർ ഉറങ്ങിയതോ അമിത വേഗത്തിൽ ദേശീയപാതയിലെ വളവ് അശ്രദ്ധമായി തിരിച്ചതോ ആണ് വാഹനം നിയന്ത്രണം വിട്ട് ഡിവൈഡർ മറികടക്കാനുള്ള കാരണം.

ലോറി സഞ്ചരിച്ചിരുന്ന ട്രാക്കിലെ ഡിവൈഡറിന്റെ വശത്ത് 60 മീറ്ററോളം ദൂരത്തിൽ ടയർ ഉരഞ്ഞതിന്റെ പാട് ഉണ്ട്.

വേഗത്തിൽ സഞ്ചരിക്കുന്ന ഭാരം കയറ്റിയ ലോറിയുടെ ടയർ ഇത്തരത്തിൽ ഉരഞ്ഞപ്പോൾ ശക്തമായി ചൂടാകുകയും ഒരു ടയർ ഡ്രമ്മിൽ നിന്ന് ഊരിപ്പോകുകയുമാണ് ചെയ്തിരിക്കുന്നത്.

രജിസ്റ്റർ ചെയ്തിട്ട് 6 മാസം മാത്രമായ വാഹനത്തിന്റെ ടയറുകൾക്ക് മറ്റു കുഴപ്പമുണ്ടാകാൻ സാധ്യതയില്ല. ഡ്രം നിലത്ത് ഉരഞ്ഞ് ഡിവൈഡറിലൂടെ സഞ്ചരിച്ചപ്പോൾ മറ്റ് ടയറുകൾ പൊട്ടി ലോറി ചെരിയുകയും ആഘാതത്തിൽ പ്ലാറ്റ് ഫോമിലെ ലോക്ക് പൊട്ടി കണ്ടെയ്നർ ബോക്സ് എതിർ വശത്തുനിന്ന് വന്ന ബസിലേക്ക് ഇടിച്ചുകയറുകയും ചെയ്തതാകാനാണ് സാധ്യതയെന്നും ആർടിഒ വ്യക്തമാക്കി. അപകടം നടന്നയുടൻ ലോറിയിൽ നിന്ന് ഇറങ്ങി ഓടിപ്പോയ ഡ്രൈവർ ഹേമരാജ് പോലീസിൽ കീഴടങ്ങുന്നതിനു മുൻപ് ബന്ധുവിനെ ഫോണിൽ ബന്ധപ്പെട്ടിരുന്നതായും 'ലോറി അപകടത്തിൽപ്പെട്ടു, കുറച്ചു പേർക്ക് പരുക്കുണ്ടെന്നാണ് കരുതിയത്. പക്ഷേ, ഒട്ടറെ പേർ മരിച്ചതായി കേൾക്കുന്നു. അതിനാൽ പോലീസിൽ കീഴടങ്ങുകയാണ്' എന്നറിയിച്ചിരുന്നതായും പറയപ്പെടുന്നു.



തമിഴ്നാട് അവിനാശിയിൽ അപകടത്തിൽ തകർന്ന ബെംഗളൂരു - എറണാകുളം കെഎസ്ആർടിസി വോൾവോ ഗരുഡ ബസ്.












KERALA EXPRESS
പ്രവാസി താളുകൾ

യാത്രാവിവരണം

# തമസ്സിന്റെ സിംഹാസന നഗരമായ പെർഗമൊസ്

സാംജീവ്

2018 സെപ്റ്റംബർ 18നാണ് ഞങ്ങൾ പെർഗമൊസിൽ എത്തിയത്. 'പൗലോസിന്റെ കാൽച്ചോടുകളിലൂടെ' എന്നാണ് ഞങ്ങളുടെ തീർത്ഥയാത്ര നാമകരണം ചെയ്യപ്പെട്ടിരുന്നത്. എന്നാൽ, പൗലോസ് അപ്പോസ്തലൻ പെർഗമൊസ് സന്ദർശിച്ചതായി ബൈബിൾ പറയുന്നില്ല.

ചരിത്രവും പാരമ്പര്യകഥകളും അനറ്റോളിയയുമായി ബന്ധപ്പെടുത്തുന്നത് മൂന്ന് അപ്പോസ്തലന്മാരെയാണ്. പൗലോസ്, യോഹന്നാൻ, ഫിലിപ്പൊസ് എന്നിവരാണവർ. അതിൽ പൗലോസ് അനറ്റോളിയാ സന്ദർശിച്ചതിനു മാത്രമേ ചരിത്രപരമായ തെളിവുകളുള്ളൂ.



അപ്പസ്തോല പ്രവൃത്തികളിൽ പൗലോസ് മുസ്യ എന്ന പ്രദേശത്തു കൂടി സഞ്ചരിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ, പൗലോസ് മുസ്യയിൽ സഭ സ്ഥാപിച്ചുവെന്നോ മുമ്പു തന്നെ സ്ഥാപിക്കപ്പെട്ട ഏതെങ്കിലും സഭ സന്ദർശിച്ചുവെന്നോ രേഖപ്പെടുത്തിയിട്ടില്ല.

ആരാണ് പെർഗമൊസിൽ സുവിശേഷവുമായി എത്തിയത്? ഒരുപക്ഷേ മേൽപ്പറഞ്ഞ അപ്പോസ്തലന്മാർ ആരുമായിരിക്കില്ല. അപ്പസ്തോല പ്രവൃത്തികൾ മൂന്നാം അദ്ധ്യായത്തിൽ വിവരിക്കപ്പെടുന്ന പരിശുദ്ധാത്മ അവരോഹണത്തിനു സാക്ഷ്യം വഹിച്ച അനേകർ അനറ്റോളിയായിൽ നിന്നുള്ളവരായിരുന്നു. അവർ കൊണ്ടുവന്ന അഗ്നിസ്ഫുലിംഗങ്ങൾ പെർഗമൊസിലും തുയഥൈരയിലുമൊക്കെ ആളിപ്പടർന്നു കാണും. വെളിപ്പാട് പുസ്തകത്തിൽ രക്തസാക്ഷിയായ ഒരു അന്തിപ്പാസിനെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹം യോഹന്നാൻ അപ്പോസ്തലന്റെ ശിഷ്യനായിരുന്നുവത്രേ.

പെർഗമൊസിന്റെ ആധുനിയ നാമധേയം ബർഗാമാ എന്നാണ്. തുർക്കിയുടെ ഇസ്മീർ പ്രവിശ്യയിൽ ആണ് ഇന്ന് ഈ സ്ഥലം. ഈജിയൻ കടലിൽ നിന്നും 16 മൈൽ ദൂരെ ഇസ്മീർ (പുരാതന സ്മിർണ) നഗരത്തിൽ നിന്നും 45 മൈൽ വടക്കു കിഴക്കായി ബർഗാമാ സ്ഥിതി ചെയ്യുന്നു. ലോകോത്തരമായ ടർക്കിഷ് കാർപ്പെറ്റുകളും കളിമൺപാത്രങ്ങളും നിർമ്മിക്കുന്ന സ്ഥലമാണ് ബർഗാമാ.

അതിപുരാതനമായ ഒരു ചരിത്രം ബർഗാമാ നഗരത്തിനുണ്ട്. ക്രിസ്തുവിന് അനേകം നൂറ്റാണ്ടുകൾക്കു മുമ്പ് ഹിത്യർ ഈ ദേശത്തു താമസിച്ചിരുന്നു. അവരുടെ ഭാഷ ലൂവിയൻ എന്നാണ് അറിയപ്പെട്ടിരുന്നത്. മഹാനായ അലക്സാണ്ടർ ബിസി 333-ൽ പെർഗമൊസ് പിടിച്ചടക്കി. അലക്സാണ്ടറുടെ കാലശേഷം അത്താലദ് രാജവംശമാണ് പെർഗമൊസ് ഭരിച്ചത്. പെർഗമൊസിന്റെ സുവർണ്ണകാലമായിരുന്നു അത്. ഗ്രീക്കുഭാഷയും സംസ്കാരവും കലയുമെല്ലാം ഈ കാലഘട്ടത്തിൽ പരിപോഷിപ്പിക്കപ്പെട്ടു. ഗ്രീക്കു ദേവനായിരുന്ന സിയൂസ്സിന്റെ വെണ്ണക്കല്ലിലുള്ള ക്ഷേത്രവും അൾത്താരയും പ്രതിഷ്ഠിക്കപ്പെട്ടു.

ബിസി 197 മുതൽ 160 വരെ രാജ്യം ഭരിച്ച യൂമനസ് രണ്ടാമന്റെ കാലത്താണത്. അടിവാരത്തുനിന്നും 1000 അടി ഉയരത്തിലുള്ള ഒരു ഗിരിശൃംഗമാണ് അക്രൊപ്പൊലിസ്. വാക്കിന്റെ അർത്ഥം ഗിരിശൃംഗ നഗരം എന്നാണ്. ഗ്രീസിലും തുർക്കിയിലുമുള്ള പല പുരാതന നഗരങ്ങൾക്കും അക്രൊപ്പൊലിസും അഗോറ എന്നു വിളിക്കപ്പെടുന്ന വാണിജ്യകേന്ദ്രങ്ങളും ഉണ്ടായിരുന്നു.

പെർഗമൊസിന്റെ അക്രൊപ്പോലീസിൽ മൂന്നു ക്ഷേത്രങ്ങൾ സ്ഥാപിച്ചിരുന്നു. സിയൂസ് ദേവൻ, അഥേനാദേവി, ഡയനോസ്യസ് ദേവൻ എന്നിവരുടെ ക്ഷേത്രങ്ങൾ, സിയൂസ് ദേവന്റെ അൾത്താര ഒരു സിംഹാസനരൂപത്തിലായിരുന്നുവെന്നും അതാണ് വെളിപാട് പുസ്തകത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന സാത്താന്റെ സിംഹാസനം എന്നും അഭിപ്രായപ്പെടുന്നവരുണ്ട്. ഈ പുരാതന ക്ഷേത്രവസ്തുക്കളെല്ലാം ഇന്ന് ബർലിനിലുള്ള പെർഗമൊൺ മ്യൂസിയത്തിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു. ചെങ്കുത്തായ മലയുടെ പാർശ്വത്തിൽ അക്രൊപ്പൊലിസിനോട് ചേർന്ന് ഒരു പുരാതന തിയേറ്റർ കാണാം. 10,000 ഇരിപ്പിടങ്ങളോടു കൂടിയ പ്രസ്തുത തിയേറ്റർ ആധുനിക ശില്പക്ഷലയെ വെല്ലുന്ന സംവിധാനമാണ്.

ഹെലനിസ്റ്റു കാലത്തിനു ശേഷം പെർഗമൊസ് റോമൻ അധീനതയിലായി. 20,000 വാല്യങ്ങളുള്ള ബൃഹത്തായ ഒരു ഗ്രന്ഥശാല പെർഗമൊസിൽ ഉണ്ടായിരുന്നുവെന്നതാണ് എടുത്തു പറയേണ്ട ഒരു കാര്യം. അലക്സാണ്ഡ്രിയായിലെ ലൈബ്രറി കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും വലിയ ഗ്രന്ഥശാല അതായിരുന്നു. തുകൽച്ചുരുളുകളുടെ നിർമ്മാണത്തിലും സംസ്കരണത്തിലും പെർഗമൊസ് അദ്വിതീയസ്ഥാനം നേടിയിരുന്നു. റോമൻ സൈന്യാധിപനായിരുന്ന മാർക്ക് ആന്റണി തന്റെ പ്രേമഭാജനമായിരുന്ന ക്ലിയോപാട്രയ്ക്കു പെർഗമൊസ് ലൈബ്രറി സമ്മാനമായി കൊടുത്തിരുന്നുവത്രെ.

എഡി 98 മുതൽ 117 വരെ റോമൻ ചക്രവർത്തിയായിരുന്നു ട്രാജൻ. ട്രാജൻ ചക്രവർത്തിയുടെ നാമധേയത്തിൽ പെർഗമൊസിലെ അക്രൊപ്പൊലിസിൽ ഒരു ക്ഷേത്രം പണികഴിപ്പിച്ചു. പുനരുദ്ധരിക്കപ്പെട്ട ക്ഷേത്രഭാഗങ്ങൾ ഇന്നും കാണാം (ചിത്രം കാണുക) റോമൻ ചക്രവർത്തിമാർ ദൈവങ്ങളായി ആരാധിക്കപ്പെട്ടിരുന്നുവെന്നോർക്കുക.

വൈദ്യശാസ്ത്രത്തിന് അമൂല്യസംഭാവനകൾ നല്കിയ ഒരു നഗരമായിരുന്നു പെർഗമൊസ്. വൈദ്യശാസ്ത്രത്തിന്റെ ദേവനായിരുന്ന അസ്ക്ലിപ്പിയസിന്റെ നാമധേയത്തിലുള്ള ഒരു ക്ഷേത്രവും പെർഗമൊസിൽ ഉണ്ടായിരുന്നു. നാഗദേവനായിരുന്നു അസ്ക്ലിപ്പിയസ് എന്നാണ് സങ്കല്പം. ലോകത്തിലെ ആദ്യത്തെ മാനസികരോഗ ചികിത്സാകേന്ദ്രം പെർഗമൊസിൽ ആയിരുന്നു. ഗാലൻ എന്ന ഭിഷഗ്വരന്റെ ചികിത്സാകേന്ദ്രം ലോകപ്രസിദ്ധമായിരുന്നു. ശരീരശാസ്ത്രസംബന്ധമായ അദ്ദേഹത്തിന്റെ പ്രബന്ധങ്ങൾ റോമൻ സാമ്രാജ്യത്തിലാകെ മാനിക്കപ്പെട്ടിരുന്നു.

അടിവാരത്തിൽ നിന്നും 10000 അടി ഉയരമുള്ള അക്രൊപ്പൊലിസിലേക്ക് വാഹനങ്ങളിൽ പോകാൻ സാദ്ധ്യമല്ല. അതിനുവേണ്ടി ബർഗാമാ നഗരസഭ കേബിൾ കാറുകൾ സംവിധാനം ചെയ്തിട്ടുണ്ട്. 2300 അടി നീളമുള്ള റോപ്പ് വേയിൽ തൂങ്ങി സഞ്ചരിക്കുന്ന 15 കേബിൾ കാറുകളാണ് അടിവാരത്തിൽ നിന്നും യാത്രക്കാരെ അക്രൊപ്പൊലിസിൽ എത്തിക്കുന്നത്.

**ക്രൈസ്തവസഭ പെർഗമൊസിൽ:** ബൈബിളിലെ വെളിപാട് പുസ്തകത്തിൽ പരാമർശിക്കപ്പെടുന്ന ഏഴു സഭകളിൽ ഒന്നാണ് പെർഗമൊസ്. പെർഗമൊസ് സഭയോടുള്ള സന്ദേശം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

*"പെർഗമൊസിലെ സഭയുടെ ദൂതന് എഴുതുക....*

*നീ എവിടെ പാർക്കുന്നു എന്നും അത് സാത്താന്റെ സിംഹാസനം ഉള്ള സ്ഥലം എന്നും ഞാൻ അറിയുന്നു... എന്റെ സാക്ഷിയും വിശ്വസ്തനുമായിരുന്ന അന്തിപ്പാസിനെ കൊന്ന കാലത്ത് പോലും നീ എങ്കലുള്ള വിശ്വാസം നിഷേധിച്ചിട്ടില്ല. എങ്കിലും നിന്നെക്കുറിച്ച് കുറഞ്ഞോരു കുറ്റം പറവാൻ ഉണ്ട്.... ആകയാൽ മാനസാന്തരപ്പെടുക...."*

യോഹന്നാൻ അപ്പോൾതലന്റെ ശിഷ്യനായിരുന്ന അന്തിപ്പാസ് പെർഗമൊസിലെ ബിഷപ്പായിരുന്നു. ചുട്ടുപഴുപ്പിച്ച ഇരുമ്പു കൂട്ടിലടച്ചാണ് അന്തിപ്പാസിനെ വധിച്ചത് എന്നാണ് പാരമ്പര്യകഥകൾ പറയുന്നത്. റോമൻ ചക്രവർത്തിയായിരുന്ന നീറോയുടെ കാലത്താണത്. അന്തിപ്പാസിന്റെ രക്തസാക്ഷിത്വത്തിനു ശേഷം പെർഗമൊസിലെ ക്രൈസ്തവ സഭയ്ക്ക് എന്തു സംഭവിച്ചുവെന്ന് വ്യക്തമല്ല.

ഒന്നാം നൂറ്റാണ്ടിൽ തന്നെ അക്രൈസ്തവ ചിന്താഗതികൾ പെർഗമൊസിലെ സഭയിൽ നുഴഞ്ഞുകയറിയെന്നു ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഒരുപക്ഷേ സമീപസ്ഥമായ എഫെസൊസിന്റെ അനുബന്ധ സഭയായി അവർ പ്രവർത്തിച്ചിരിക്കാം.



ലേഖകൻ

എഡി 1337-ൽ പെർഗമൊസ് ഒട്ടോമാൻ സാമ്രാജ്യത്തിൽ ലയിച്ചു. താമസംവിനാ മംഗോളിയൻ ഭരണാധികാരിയായിരുന്ന ജംഗിസ്ഖാന്റെ പിന്തുടർച്ചക്കാരനായ തൈമൂറിന്റെ ഉരുക്കുമുഷ്ടിയിൽ പെർഗമൊസ് ഞെരിഞ്ഞമർന്നു. എഡി 1922 സെപ്റ്റംബർ 14ന് ആധുനിക തുർക്കി സംജാതമായി. പെർഗമൊസിലെ ദൈവസഭ കാലത്തിന്റെ കറുത്ത യവനികയ്ക്കുള്ളിൽ മറഞ്ഞു; അതിന്റെ നിലവിളക്ക് നീക്കപ്പെട്ടു.

# ജപ്പാനിൽനിന്നുള്ള യുഎസ് പൗരന്മാരെ വഹിച്ചുള്ള ആദ്യവിമാനം അമേരിക്കയിലെത്തി

കാലിഫോർണിയ: കൊറോണ വൈറസ് ബാധയെത്തുടർന്ന് ജപ്പാനിൽ നങ്കൂരമിട്ടിരുന്ന ഡയമണ്ട് പ്രിൻസസ് ക്രൂയിസ് കപ്പലിൽ നിന്ന് അമേരിക്കൻ പൗരന്മാരെ കയറ്റിയ ആദ്യത്തെ വിമാനം 16ന് ഞായറാഴ്ച വൈകിട്ട് കാലിഫോർണിയയിലെ ട്രാവിസ് എയർ ഫോഴ്സ് ബേസിൽ എത്തി. ചാർട്ടർ ഫ്ളൈറ്റ് സാൻ ഫ്രാൻസിസ്കോയിൽ നിന്ന് 40 മൈൽ (70 കിലോമീറ്റർ) വടക്കു കിഴക്കുള്ള എയർഫോഴ്സ് ബേസിൽ രാത്രി 11.29ന് ലാൻഡ് ചെയ്തു. യാത്രക്കാരെ മുഴുവൻ 14 ദിവസത്തേക്ക് നിരീക്ഷണത്തിനായി മാറ്റി പാർപ്പിക്കുമെന്ന് അധികൃതർ അറിയിച്ചു.



ഡയമണ്ട് പ്രിൻസസ് ക്രൂയിസ് കപ്പലിൽ നിന്ന് ഒഴിപ്പിച്ച മുന്നൂറിലധികം യുഎസ് പൗരന്മാരെയും കുടുംബാംഗങ്ങളെയും ഉൾക്കൊള്ളുന്ന രണ്ടാമത്തെ വിമാനം താമസിയാതെ ടെക്സസിലെ സാൻ അന്റോണിയോയിലെ മറ്റൊരു വിമാനത്താവളത്തിലേക്കാണ് കൊണ്ടുപോകുക. അവരെയും 14 ദിവസം നിരീക്ഷണത്തിനിടും.

ജപ്പാനിൽ നിന്ന് പുറപ്പെടുന്നതിനു തൊട്ടുമുമ്പ് പതിനാല് യാത്രക്കാർക്ക് കൊറോണ വൈറസ് പോസിറ്റീവ് കണ്ടെത്തി. അവരെ വിമാനത്തിനകത്ത് ഒറ്റപ്പെട്ട ഭാഗത്ത് സൗകര്യം ചെയ്തു കൊടുത്താണ് തിരികെ കൊണ്ടുവന്നതെന്ന് സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് വക്താവ് അറിയിച്ചു. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ചൈനയിലെ പ്രധാന കൊറോണ വൈറസ് കേസുകളുടെ എണ്ണം വർദ്ധിച്ച് 70,635 ആയി. 16ന് റിപ്പോർട്ട് ചെയ്തതിനേക്കാൾ അല്പം കൂടുതൽ പുതിയ കേസുകളാണിത്. പക്ഷേ 15ന് റിപ്പോർട്ട് ചെയ്തതിനേക്കാൾ നൂറുകണക്കിനു കുറവും. ഇത് രോഗം പടരുന്നത് തടയാൻ സ്വീകരിച്ച നടപടികൾ ഫലപ്രദമാകുന്നതിന്റെ സൂചനയാണെന്നാണ് ചൈനീസ് അധികൃതർ പറയുന്നത്. എന്നിരുന്നാലും വൈറസ് ആദ്യമായി പ്രത്യക്ഷപ്പെട്ട ചൈനയിലും മധ്യ ഹുബെ പ്രവിശ്യയിലും എത്രത്തോളം പൊട്ടിപ്പുറപ്പെടുന്നുണ്ടെന്ന് പറയാറായിട്ടില്ലെന്ന് എപ്പിഡെമിയോളജിസ്റ്റുകൾ പറയുന്നു. പുതിയ കേസുകളുടെ ഔദ്യോഗിക കണക്കുകൾ പൂർണ്ണമായും അറിവായിട്ടില്ല.

മൊയ്തീൻ പുത്തൻചിറ

ചൈനയ്ക്കു പുറത്തുള്ള വൈറസ് ബാധിതരിൽ പകുതിയോളം പേരും ഡയമണ്ട് പ്രിൻസസ് ക്രൂയിസ് കപ്പലിലായിരുന്നു. ഫെബ്രുവരി മൂന്നിനാണ് ജപ്പാനിലെ യോകോഹാമ തുറമുഖത്ത് കപ്പലിൽ നങ്കൂരമിടാൻ ആവശ്യപ്പെട്ടത്.

മറ്റ് പല രാജ്യങ്ങളും യാത്രക്കാരെ നാട്ടിലേക്ക് കൊണ്ടുവരുന്നതിൽ അമേരിക്കയെ പിന്തുടരാനുള്ള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. 3,700 യാത്രക്കാരിലും ജോലിക്കാരിലും പകുതിയോളം പേരും ജാപ്പനീസ് വംശജരാണ്. സ്വമേധയാ മടക്കിക്കൊണ്ടു പോകാനുള്ള വിമാനങ്ങളിൽ കയറാൻ വിസമ്മതിച്ചതിനെ തുടർന്ന് അമേരിക്കൻ യാത്രക്കാരനായ മാത്യു സ്മിത്തും ഭാര്യയും കപ്പലിൽ തന്നെ കഴിയുകയാണ്.

# ഫാമിലി കോൺഫറൻസ് ടീം സിറാക്യൂസ് ഇടവക സന്ദർശിച്ചു

രാജൻ വാഴപ്പള്ളിൽ

വാഷിങ്ടൺ ഡിസി: മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ സിറാക്യൂസ് സെ. തോമസ് ഓർത്തഡോക്സ് ഇടവക സന്ദർശിച്ചു. സിറാക്യൂസ് സെ. തോമസ് ഇടവകയിൽ വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന യോഗത്തിൽ വികാരി ഫാ. എബി പൗലോസ് ടീം അംഗങ്ങളെ സ്വാഗതം ചെയ്യുകയും കോൺഫറൻസിനെക്കുറിച്ചും രജിസ്റ്റർ ചെയ്യുന്ന രീതികളെക്കുറിച്ചും വിവരണം നല്കി. കോൺഫറൻസിന് എല്ലാ സപ്പോർട്ടും നല്കണമെന്നും പറഞ്ഞു.



ഫിനാൻസ് ചെയർ ചെറിയാൻ പെരുമാൾ കോൺഫറൻസിൽ പങ്കെടുത്താൽ ലഭിക്കാവുന്ന നേട്ടങ്ങളെക്കുറിച്ചും യുവജനങ്ങൾക്കും കുട്ടികൾക്കുമായി ക്രമീകരിച്ചിട്ടുള്ള വിവിധ ക്ലാസുകളെക്കുറിച്ചും സംസാരിച്ചു. കൂടാതെ കോൺഫറൻസിൽ പ്രസിദ്ധീകരിക്കുന്ന ആകർഷകമായ സുവനീറിനെക്കുറിച്ചും വിവരണം നല്കി.

ഇടവക വികാരിയും ചെറിയാൻ പെരുമാളും ചേർന്ന് രജിസ്ട്രേഷൻ കിക്കോഫ് നിർവഹിച്ചു. യോഗത്തിൽ ഇടവക ട്രസ്റ്റി, സെക്രട്ടറി എന്നിവർ പങ്കെടുത്തു. നിരവധി അംഗങ്ങൾ രജിസ്റ്റർ ചെയ്യുകയും സുവനീറിലേക്ക് പരസ്യങ്ങൾ നല്കുകയും ചെയ്തു. ഇടവകയിൽ നിന്നും നല്കിയ എല്ലാ സഹായസഹകരണങ്ങൾക്കും കോൺഫറൻസ് കമ്മിറ്റി നന്ദി അറിയിച്ചു.

## കുടുംബസമാധാന സന്ദേശവുമായി സണ്ണി സ്റ്റീഫൻ അമേരിക്കയിൽ

കെ.ജെ. ജോൺ

ന്യൂയോർക്ക്: ലോകപ്രശസ്ത കുടുംബപ്രേഷിതനും ഫാമിലി കൗൺസിലറും വചനപ്രഘോഷകനും ജീവകാരുണ്യപ്രവർത്തകനും വേൾഡ് പീസ് മിഷൻ ചെയർമാനുമായ സണ്ണി സ്റ്റീഫൻ മാർച്ച് ഒന്നു മുതൽ ഏപ്രിൽ രണ്ട് വരെ അമേരിക്കയിലെ വിവിധ ദേവാലയങ്ങളിൽ നോമ്പുകാല ധ്യാനം നടത്തുന്നു.



വിവിധ ധ്യാനരീതികളിൽ നിന്നു വ്യത്യസ്തമായി തിരുവചന പ്രബോധനങ്ങളും പ്രായോഗിക ജീവിത പാഠങ്ങളും നാല്പതു വർഷത്തെ കൗൺസിലിംഗ് അനുഭവങ്ങളും പങ്കുവെച്ച് സണ്ണി സ്റ്റീഫൻ നല്കുന്ന പ്രബോധനങ്ങൾ കുടുംബങ്ങൾക്ക് ഉണർവും പ്രാർത്ഥനാജീവിതത്തിന് ആഴവും നല്കുന്നതാണെന്ന് വേൾഡ് പീസ് മിഷന്റെ ചീഫ് പേട്രൺ ബിഷപ് ജോർജ് പള്ളിപറമ്പിൽ അഭിപ്രായപ്പെട്ടു.

ഈ വചനവിരുന്നിൽ പങ്കെടുത്ത് ജീവിതത്തിനാവശ്യമായ ആത്മീയ ഉണർവും തലമുറകൾ അനുഗൃഹീതമാകാനുള്ള അറിവും ആത്മാഭിഷേകത്തിന്റെ നിറവും നേടാൻ എല്ലാവരെയും സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: +91 9447154999, +91 481 2533399 (ഓഫീസ്) wpmissionofficial@gmail.com

## FIACONA urged Donald Trump to support Christianity

The Federation of Indian American Christian Organizations (FIACONA) has written to President Trump yesterday expressing deep concerns about the rapid deterioration of rule of law in India under Mr. Modi's leadership where Christians are assaulted, intimidated and even killed by his party supporters. Christian properties are damaged, demolished or burnt by members of Mr. Modi's party with police often taking the side of the Hindu party.

FIACONA has urged President Trump to make public show of support for over 100 million people who follow Christianity in India.

In the letter President of FIACONA, Mr. Koshy George pointed out that, "Although Prime Minister Modi professes his allegiance to Gandhian values whenever he travels abroad, at home, he employs a very divisive strategy based on religion. It not only hurts the Christian population but also undermines the institutional foundation of the democratic India".

He further said, "Today, Christians across India are living in fear. Pastors, Social workers, and ordinary Christians are arrested, tortured, or killed. Christian properties are burnt or destroyed by supporters of Mr. Modi's party. Mr. Modi is mostly silent when their followers go on such a rampage interrupting worship service. It is creating an environment of insecurity among Christians along with other religious minorities and the general population".

Mr. John Prabhudoss, the Chairman of the Board said that, we fully agree with President's policy of forging a strong bilateral relationship with India.

He also pointed out that, many US Citizens, especially Christian pastors and members of international relief organizations are being deported or denied entry into Indiaevery single day at Indian airports simply because they are visiting Christian institutions in India.

FIACONA is concerned that radical views of Mr. Modi and his party gets implemented unchecked, it has the potential to create large scale civil unrest in the Union of India that could lead to the disintegration of the Union itself.

The letter also informed the President that, FIACONA sincerely appreciateshis support and commitment to stand by Christians around the world and now over 100 million people that follow Christ in India need his public support.

In conclusion, the letter reminded him that, "back in the US, a million plus Indian Christians will be waiting to see his public expression of support for the persecuted Christian population of India".

## പ്രത്യേക അറിയിപ്പ്

### വരിസംഖ്യ നൽകി സഹകരിക്കുക

കേരളാ എക്സ്പ്രസ്സിന് നിങ്ങളോരോരുത്തരും നല്കിവരുന്ന പിന്തുണയ്ക്കും പ്രോത്സാഹനങ്ങൾക്കും ഞങ്ങൾ പ്രത്യേകം നന്ദി അറിയിക്കുന്നു. അമേരിക്കൻ പോസ്റ്റൽ സർവീസിന്റെ സഹായത്താൽ ഓരോ ആഴ്ചയും തപാൽമാർഗ്ഗം പത്രം വായനക്കാരുടെ ഭവനങ്ങളിലെത്തിക്കുവാൻ വരിസംഖ്യ നൽകേണ്ടത് അത്യാവശ്യമാണ്. അമേരിക്കൻ പോസ്റ്റൽ നിയമങ്ങൾ അത് പ്രത്യേകം അനുശാസിക്കുന്നു. പുതിയ വായനക്കാർക്ക് കോംപ്ലിമെന്ററിയായി പത്രം ഏതാനും ആഴ്ചകളിലേക്ക് മാത്രം ഞങ്ങൾ അയയ്ക്കാറുണ്ട്. അങ്ങനെ പത്രം ലഭിക്കുന്നവർ വരിസംഖ്യ നല്കി ഈ പ്രസ്ഥാനത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രം വരുത്തുവാൻ താല്പര്യമില്ലാത്തവർ വരിസംഖ്യാ കൂപ്പൺ ലഭിക്കുമ്പോൾ 'പത്രം തുടർന്ന് അയയ്ക്കേണ്ടതില്ല' എന്ന ഭാഗം പൂരിപ്പിച്ച് അയയ്ക്കുന്നതും സഹായകരമാണ്. ജാതിമത സംഘടനാഭേദമെന്യേ ആർക്കും കോംപ്ലിമെന്ററിയായി കൂടുതൽ നാൾ പത്രം അയയ്ക്കുവാൻ നിയമങ്ങൾ അനുവദിക്കാത്തതിനാൽ സാധിക്കുകയില്ലായെന്ന വിവരം ഞങ്ങൾ ഓർമ്മിപ്പിക്കട്ടെ.

### ഫോട്ടോ അയക്കുമ്പോൾ ശ്രദ്ധിക്കുക

കേരളാ എക്സ്പ്രസ്സിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ഫോട്ടോകൾക്ക് അടിക്കുറിപ്പെഴുതാൻ പലരും വിട്ടുപോകുന്നു. എല്ലാ പടങ്ങൾക്കും വിശദമായ അടിക്കുറിപ്പ് പ്രത്യേകം പ്രത്യേകം എഴുതി അയയ്ക്കണമെന്ന് എല്ലാ റിപ്പോർട്ടർമാരേയും ലേഖക സുഹൃത്തുക്കളേയും ഓർമ്മപ്പെടുത്തുന്നു. ഫോട്ടോകൾ 'JPEG,' ഫോർമാറ്റിൽ അറ്റാച്ച് ചെയ്യുവാൻ താൽപ്പര്യപെടുന്നു.

### എഴുത്തുകാർ കോപ്പികൾ സൂക്ഷിക്കുക

കേരളാ എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ തുടങ്ങിയവയുടെ കോപ്പികൾ സൂക്ഷിക്കുവാൻ ബഹുമാനപ്പെട്ട രചയിതാക്കളെ ഓർമ്മിപ്പിക്കുന്നു. കേരള എക്സ്പ്രസിൽ ലഭിക്കുന്ന രചനകളിൽ പ്രസിദ്ധീകരിക്കാത്തവ തിരിച്ചയയ്ക്കുവാൻ സാങ്കേതിക തടസ്സങ്ങളുണ്ട്. ഇവിടെ ലഭിക്കുന്ന രചനകളെല്ലാം പ്രസിദ്ധീകരിക്കപ്പെടണമെന്നില്ല. പത്രാധിപ സമിതിക്ക് യുക്തമെന്നു തോന്നുന്നവ മാത്രമെ കേരള എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുകയുള്ളൂ. തെരഞ്ഞെടുക്കുന്നവ തന്നെ സ്ഥല പരിമിതിമൂലം വെളിച്ചം കാണാൻ ചിലപ്പോൾ താമസിച്ചേക്കാം. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മാന്യ എഴുത്തുകാർ സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥന.




## പ്രത്യേക അറിയിപ്പ്

കേരളാ എക്സ്പ്രസ്സിൽ വാർത്തകളോ പരസ്യങ്ങളോ നല്ഖകുവാൻ ആഗ്രഹിക്കുന്നവർ കേരളാ എക്സ്പ്രസ്സുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്. ഇക്കാര്യത്തിന് ഏതെങ്കിലും വ്യക്തികളെയോ റിപ്പോർട്ടർമാരെയോ സംഘടനകളെയോ കേരളാ എക്സ്പ്രസ് മാനേജ്മെന്റ് അധികാരപ്പെടുത്തിയിട്ടില്ല. അമേരിക്കയിൽ ഒന്നിലധികം പ്രസ്ക്ലബുകൾ രൂപംകൊണ്ടിരിക്കുന്ന സാഹചര്യത്തിലും പ്രസ്ക്ലബ് എന്ന ഓമനപ്പേരിൽ കൂടുതൽ സംഘടനകൾ ഉണ്ടാകുവാനുള്ള സാധ്യതകൾ മുന്നിൽ കാണുന്നതിനാലും കേരളാ എക്സ്പ്രസ് മാനേജ്മെന്റോ പ്രതിനിധികളോ ഇനി മുതൽ ഒരു പ്രസ്ക്ലബിന്റെയും ഭാഗമായിരിക്കുന്നതല്ല. കേരളാ എക്സ്പ്രസ്സിനെ സംബന്ധിച്ചിടത്തോളം പത്രത്തിന്റെ നിലനില്പ് നിങ്ങൾ ഓരോരുത്തരും നല്കുന്ന വരിസംഖ്യയിലാണ്. വാർത്തകളും സാഹിത്യസൃഷ്ടികളും കേരളാ എക്സ്പ്രസ്സിലേക്ക് അയയ്ക്കുമ്പോൾ വരിസംഖ്യ നല്കി പത്രത്തെ സഹായിക്കുന്നവർക്കായിരിക്കും മുൻഗണന എന്ന വിവരവും അറിയിക്കട്ടെ. വായനക്കാരുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

പത്രാധിപർ

# ഭവനം പദ്ധതിക്ക് സഹായഹസ്തവുമായി ഫൊക്കാന നേതാക്കൾ

ന്യൂയോർക്ക്: 2018-ലെ പ്രളയത്തിലകപ്പെട്ടു ദുരിതമനുഭവിക്കുന്ന കേരളജനതയ്ക്കു തെല്ലൊരാശ്വാസമായി ഫൊക്കാനയുടെ സ്വപ്ന പദ്ധതിയായ ഭവനം പദ്ധതിക്ക് സഹായഹസ്തവുമായി ഫൊക്കാനാ നേതാക്കളായ മറിയാമ്മ പിള്ള, ജോയി ഇട്ടൻ, കോശി കുരുവിള, വർഗീസ് ജേക്കബ് എന്നിവർ ഓരോ വീട് നിർമ്മിക്കാനുള്ള തുക നല്കി. മാകൃകയായി. ഫൊക്കാനയുടെ എല്ലാ അംഗസംഘടനകളേയും ഭാരവാഹികളേയും അഭ്യുദയകാംക്ഷികളെയും നിരന്തരം ബന്ധപ്പെട്ടതിനെത്തുടർന്ന് നിരവധി പേർ സഹായഹസ്തവുമായി മുന്നോട്ടുവന്നതായി പദ്ധതിയുടെ കോ-ഓർഡിനേറ്റർ കൂടിയായ സജിമോൻ ആന്റണി പറഞ്ഞു.

കഴിഞ്ഞ മഹാപ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ട കേരളത്തിലെ നൂറ് തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നല്കുന്ന പദ്ധതിയാണ് ഫൊക്കാനാ ഭവനം പദ്ധതി.

മറിയാമ്മ പിള്ള ഫൊക്കാനയുടെ ആദ്യകാലം മുതലുള്ള പ്രവർത്തകയാണ്. ഫൊക്കാനാ പ്രസിഡണ്ടായും ട്രസ്റ്റി ബോർഡ് മെംബർ, വൈസ് പ്രസിഡണ്ട്, ട്രഷറർ ആയും പ്രവർത്തിച്ചിട്ടുണ്ട്. അമേരിക്കൻ മലയാളികളുടെ പ്രശ്നങ്ങൾക്ക് എപ്പോഴും മുന്നിൽ നിൽക്കുന്ന മറിയാമ്മ പിള്ളയെപ്പോലുള്ളവർ സമൂഹത്തിനു തന്നെ മാതൃകയാണ്. ജനസേവനം എന്ന മനോഭാവത്തോടെ അമേരിക്കയുടെ സാമൂഹിക സാംസ്കാരിക രംഗത്ത് നാല് പതിറ്റാണ്ടായി അവർ പ്രവർത്തിക്കുന്നു.

അമേരിക്കൻ മലയാളികൾക്കൊപ്പം സജീവമായി നിലകൊണ്ട് അമേരിക്കൻ മലയാളി സമൂഹത്തിന്റെ നിർണ്ണായകമായ സാന്നിദ്ധ്യമായി മാറുവൻ കഴിഞ്ഞ ഒരു വ്യക്തിത്വമാണ് ജോയി ഇട്ടൻ. ഫൊക്കാനയുടെ കമ്മിറ്റി മെംബർ, ട്രഷറർ, എക്സി. വൈസ് പ്രസിഡണ്ട് എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

ഫൊക്കാനയുടെ ചാരിറ്റി പ്രവർത്തനങ്ങളുടെ മുൻ ചെയർമാൻ കൂടിയാണ് ജോയി ഇട്ടൻ. വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ രണ്ട് വട്ടത്തെ പ്രസിഡണ്ടായിരുന്ന ഇട്ടൻ ഒരു ചാരിറ്റി പ്രവർത്തകൻ കൂടിയാണ്.

കോശി കുരുവിള ന്യൂജേഴ്സി കേരള കൾച്ചറൽ അസോസിയേഷന്റെ പ്രസിഡണ്ട് ഫൊക്കാനാ കൺവൻഷന്റെ രജിസ്ട്രേഷൻ കമ്മിറ്റി ചെയർപേഴ്സണുമാണ്. സാമൂഹിക പ്രതിബദ്ധതയും സേവനസന്നദ്ധതയും അർപ്പണമനോഭാവവുമുള്ള കോശി കുരുവിള ഒട്ടുമിക്ക ചാരിറ്റി പ്രവർത്തനങ്ങളിലും കരുത്തായി അമേരിക്കൻ മലയാളികളുടെ കൂടെയുണ്ട്.



സൗത്ത് ഫ്ളോറിഡയിലെ സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ സജീവസാന്നിദ്ധ്യമായ വറുഗീസ് ജേക്കബ് (സാമുവേൽ കുട്ടി) കൈരളി ആർട്സിനെ പ്രതിനിധീകരിച്ച് ഫൊക്കാനയുടെ പല സമ്മേളനങ്ങളിലും കൺവൻഷനുകളിലും പങ്കെടുത്തിട്ടുണ്ട്. പാവപ്പെട്ടവരെ സഹായിക്കാനുള്ള എല്ലാ സംരംഭങ്ങളിലും മുന്നിൽനിന്ന് പ്രവർത്തിക്കുകയും ഉദാരമായി സഹായിക്കുകയും ചെയ്യുന്നു. ഫ്ളോറിഡയുടെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സ്തുത്യർഹമായി പ്രവർത്തിച്ചുവരുന്നു.

രണ്ടുമുറി, ഹാൾ, അടുക്കള, ഒരു ബാത്ത്റൂം എന്നീ സൗകര്യങ്ങളുള്ള വീടാണ് ഭവനംപദ്ധതിപ്രകാരം നിർമ്മിച്ചുനല്കുന്നത്. പത്ത് വീടുകൾ പണി തീർത്ത് താക്കോൽദാനം നിർവഹിച്ചു. ബാക്കിയുള്ള വീടുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സഹായഹസ്തവുമായി വന്ന എല്ലാവരോടുമുള്ള ഫൊക്കാനയുടെ നന്ദിയും കടപ്പാടും അറിയിക്കുന്നതായി പ്രസിഡണ്ട് മാധവൻ ബി. നായർ, സെക്രട്ടറി ടോമി കോക്കാട്, ട്രഷറർ സജിമോൻ ആന്റണി എന്നിവർ അറിയിച്ചു.

സ്പോൺസർഷിപ്പിന് താത്പര്യമുള്ളവർ ബന്ധപ്പെടുക: sajimon-antony1@yahoo.com

# മുൻ വോളിബോൾ താരങ്ങളും മക്കളും വാഹനാപകടത്തിൽ കൊല്ലപ്പെട്ടു

മൊയ്തീൻ പുത്തൻചിറ

മിസോറി: രണ്ട് മുൻ വോളിബോൾ താരങ്ങളും അവരുടെ 12 വയസുള്ള പെൺമക്കളും മിസോറിൽ നടന്ന വാഹനാപകടത്തിൽ കൊല്ലപ്പെട്ടു.

മുൻ സിറാക്കൂസ് യൂണിവേഴ്സിറ്റി താരം കാരി ഉർട്ടൻ മക്കാവ് (44), ലൂയിസ്വില്ലെ യൂണിവേഴ്സിറ്റിക്കു വേണ്ടി കളിച്ച ലെസ്ലി ഡ്രൂറി പ്രഥർ (40) എന്നിവരാണ് രണ്ട് കുട്ടികളുമായി വോളിബോൾ ടൂർണമെന്റിലേക്ക് പോകുന്ന വഴി മിസോറി സ്റ്റേറ്റ് ഹൈവേയിൽ വെച്ച് എതിരെ വന്ന വാഹനവുമായി കൂട്ടിയിടിച്ച് കൊല്ലപ്പെട്ടത്.

പ്രാദേശികസമയം വെള്ളിയാഴ്ച രാവിലെ പത്തരയോടെ മിസോറിയിലെ സെന്റ് ചാൾസ് കൗണ്ടിയിലെ അന്തർസംസ്ഥാന ഹൈവേ 64-ൽ മറ്റൊരു വാഹനം മീഡിയനിൽ തട്ടി മറുവശത്തേക്ക് മറിയുകയും താരങ്ങൾ സഞ്ചരിച്ച വാഹനത്തിൽ ഇടിക്കുകയുമായിരുന്നു എന്ന് ദൃക്സാക്ഷികൾ പറയുന്നു. ഇടിയുടെ ആഘാതത്തിൽ ഇരു വാഹനങ്ങളും പൂർണ്ണമായും തകർന്നു.



ഇടിച്ച വാഹനം ഓടിച്ചിരുന്ന 29-കാരനായ എലിയാ ഹെൻഡേഴ്സൺ മയക്കുമരുന്ന് ഉപയോഗിക്കുന്ന ചരിത്രമുള്ള ആളാണെന്ന് സെന്റ് ചാൾസ് കൗണ്ടി പ്രൊസിക്യൂട്ടർ പറഞ്ഞു.

അപകടസമയത്ത് മയക്കുമരുന്ന് ഉപയോഗിച്ചിരുന്നോ എന്നറിയാൻ ടോക്സിക്കോളജി റിപ്പോർട്ടുകൾക്കായി കാത്തിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

അമ്മമാർ രണ്ടുപേരും സംഭവസ്ഥലത്തുവെച്ചുതന്നെ മരിച്ചതായി പോലീസ് പറഞ്ഞു. വാഹനത്തിന്റെ പിൻസീറ്റിലിരുന്ന പെൺകുട്ടികളെ രണ്ടുപേരെയും പ്രാദേശിക ആശുപത്രികളിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ഉർട്ടൻ മക്കാവ് 1994 മുതൽ 97 വരെ സിറാക്കൂസ് യൂണിവേഴ്സിറ്റി സീനിയർ ഇയർ ടീമിന്റെ വോളിബോൾ ക്യാപ്റ്റനായിരുന്നു. വോളിബോൾ കളിയിൽ ഒന്നിലധികം തവണ റെക്കോർഡുകൾ ഭേദിച്ചിട്ടുമുണ്ട്.

1998 മുതൽ 2001 വരെ ലൂയിസ്വില്ലിൽ കളിച്ച പ്രഥർ ഒരു സ്റ്റാൻഡ് ഔട്ട് കളിക്കാരിയായാണ് അറിയപ്പെട്ടിരുന്നത്.

# YOGA POSES FOR BACK PAIN

**Dr.Jinoy Mathew, BNYS, MSC Psy.**

The back pain is a general term for any pains originating at posterior trunk; the differential diagnosis is made by evaluation on musculoskeletal system and analysis of other organ systems. The back pain is the major cause of employee absence from work as per the WHO data. Commonly listed diagnoses for back pain are Lumbago, IVD disorders, Sciatica, Spondylosis, Spondylopathies, Lumbar radiculopathy, Spinal stenosis, Fibromyalgia, Myofascial syndrome, PMID *etc. Back pain majorly classified as;A) Back pain due to disorders of the musculoskeletal structures and B) back pain due to systemic disease affecting the spine C) Back pain due to visceral disease (serious, requires specific and rapid diagnosis and treatment).

**A. Back pain due to disorders of the musculoskeletal structures**

1. Nonspecific (mechanical) back pain: no definite relationship between anatomic abnormalities seen on imaging and symptoms eg: PMID.

2. Specific musculoskeletal back pain: clear relationship between anatomic abnormalities and symptoms. a) Lumbar radiculopathy due to herniated disk, osteophyte, facet hypertrophy, or neuroforaminal narrowing b) Spinal stenosis c) Cauda equina syndrome

**B. Back pain due to systemic disease affecting the spine**

1.Serious and emergent (requires specific and often rapid treatment) a) Neoplasia like Leukemia Lymphoma and Spinal cord tumors b) Infection like Osteomyelitis, Septic diskitis & Epidural abscess.

2. Serious but nonemergent (requires specific treatment but not urgently) a)Osteoporotic compression fracture b) Inflammatory arthritis like Ankylosing spondylitis & Inflammatory bowel disease–associated arthritis.

**C. Back pain due to visceral disease** (serious, requires specific and rapid diagnosis and treatment) like Aortic aneurysm, Endometriosis, Prostatitis, Pelvic inflammatory disease, Nephrolithiasis (Renal stones), Cholecystitis, Pancreatitis, Penetrating ulcer etc.

Ashtangahridayam refers back pain (Kati soola) as a chronic disease where the permanent cure may not be possible, prescribes Panchakarma. Various medical streams offer cure, but the result varies subjectively. A detailed evaluation and assessment are required to make differential diagnosis and yoga can be helpful in back pain due to disorders of the musculoskeletal structures. The best thing is prevention; by adapting and maintaining good posture, being conscious while making speedy movements, driving, long travel, while using computers etc. It is now known that the muscular fitness determines a healthy posture and spinal health. The strengthening of the muscles can be achieved by systematic stretching, repetitive movements and muscles get toned by maintaining the good Yoga poses. Simple Yogasanas like bhujangasana can help spinal health and strengthening of back&abdominal muscle groups. We shall discuss about the yoga postures for back pain in the following weeks in Kerala express.



Dr.Jinoy Mathew


**Makarasana: Crocodile Pose**

Imitating a calm resting crocodile is the most relaxing prone position. Here the person is asked to lie on abdomen and the hands stretched out and then folded at the elbow, the chin or forehead is placed at the meeting point of the crossed arms. The big toes are touching together, and the heels are turned outwards, this helps in opening the pelvic joint and the person may lie comfortably or slowly contract and relax the pelvic and lower abdominal and lower back muscles. The duration of Makarasana can be 2 to 3 minutes between other poses in the prone series.

**Bhujangasana: Cobra pose 1**

Lie on abdomen and place your palms side by side of the chest. Forehead is in the ground, knees legs & heels together toes pointing outwards, as you breath in raise the head and look foreward relax for a while, now the portions below the naval region are firmly pressed to the ground and slowly with the supportof the hands lift the chest up, try to look upwards, try to lift the portion above the naval, the palms are in the ground fingers are turned outwards, initially the power is applied on the hands and wrists, the hand flexed at elbow and the elbows are trying to touch the ribs. Maintain normal breathing and try look upwards or forwrads and maintian the pose in normal breathing for 3 to 5 minutes, feel the tightening of lower back and gluteal muscles. Now take a deep breath and as you breath out slowly release the pose come down and place the forhead in the ground, maintain for a while give a slight contraction of the lowerback and slowly go to the crocodile pose. Relax.

*PMID: Please refer to the article published in Kerala Express edition 24 Jan 2020.


THE NORTHEAST AMERICAN DIOCESE
PRESENTS
THE ANNUAL LENTEN RETREAT
2020
UNLOCK YOUR MIND
March
12 to 14
Free up your mind from all clutters!
Enjoy freedom from the clutches of the Adversary!
Take part in Offices of Prayers of the Church
Practice meditation
Reflect on Biblical lessons.
Participate in Holy Confession and Holy Eucharist
Note:
Bring your own bedsheets and pillowcases
Registration fee $100; checks to HTRC
Mail to:
Director HTRC, 1000 Seminary Road, Dalton, PA, 18414
Then He opened their minds to
understand the Scripture"
Luke 24:45
HOLY TRANSFIGURATION
RETREAT CENTER
LED BY
His Grace Zachariah Mar Nicholovos
Rev. Dr. Johnson C. John &
Rev. Fr. V. M. Shibu
Contact:
Mary De Angelis, Director, HTRC Cell. 973-998-1749
Fr. M. K. Kuriakose, Development Director 201-681-1078
Fr. Dr. Varghese M Daniel, Diocesan Secretary 203-508-2690


LOWEST FARE & HASSLE FREE SERVICES
Holy Land
12 Days
on November 25-
December 07, 2020
From Dallas/Houston
New York/Atlanta
Florida/Boston
South Africa
on August
04-17, 2020
New York/Houston
Philadelphia
Florida/Dallas
EXCEL WORLD TOURS
Our Travel Partners
EXCEL HOLY LAND & HOLIDAYS
Your Dream Journey
Kerala, India
B6 travel and tourism LLC.
Dubai, UAE
+1 267 549 4733
Info@excelworldtours.com
Excel World Tours LLC
16112 Gladewater Ter.,
Prosper, TX 75078 USA
+ 1 215 322 3161
ALL INTERNATIONAL FLIGHTS SERVICES


SHIJU ABRAHAM
FINANCIAL SERVICES
www.ShijuFinancial.com
Off : 972-455-4371
sabraham@financialguide.com
Achieve Your Goals
Saving & Investment Strategies
Life Insurance & Annuities
College Saving Strategies
Disability & Long Term Care Insurance
Tax Reduction Strategies
IRA, Roth IRA & SEP IRA
Retirement Plans & Mutual Funds
401(k) Set Up & Rollovers
13455 Noel Rd, 20th Floor, Dallas, TX 75240
Securities offered through qualified registered representatives of MML Investors Services, LLC. Member www.sipc.org.
Shiju Abraham Financial Services is not a subsidiary or affiliate of MML Investors Services, LLC, or its affiliated companies
CRN202110-255789

# മരണത്തിനുശേഷവും കെ.എം. മാണിയെ വേട്ടയാടണമോ?

ജോസ് കാടാപുറം

ഏതാണ്ട് 50 വർഷത്തെ കേരള രാഷ്ട്രീയ മികവ് ഭരണ തലത്തിലും അല്ലാതെയും പാലായെ കേരളത്തിലെ വികസന കേന്ദ്രമാക്കിയ എം എൽഎ. യുഡിഎഫ് രാഷ്ട്രീയത്തെ



കെ.എം. മാണി

കേരള രാഷ്ട്രീയത്തിൽ പിടിച്ചുനിർത്തിയതും തെക്കൻ തിരുവിതാംകൂറിലെ കത്തോലിക്കരെ കോൺഗ്രസ് പാളയത്തിൽ പിടിച്ചുനിർത്തിയതും ബഹുമാനപ്പെട്ട കരിങ്ങോഴയ്ക്കൽ മാണിയെന്ന മാണിസാറിന്റെ രാഷ്ട്രീയ മാന്യത തിരിച്ചറിയാൻ കഴിയാതെ പോയതാണ് കേരളത്തിലെ കോൺഗ്രസ് നേതൃത്വത്തിന്റെ നേരില്ലായ്മ. കേരള രാഷ്ട്രീയത്തിലെ നിത്യഹരിത നായകൻ എന്ന് ആരെയെങ്കിലും വിളിക്കാമെങ്കിൽ അത് കെ.എം. മാണിയെന്ന മാണിസാറിനെയാണ്.

കേരള രാഷ്ട്രീയത്തിലെ പ്രേംനസീർ ആണ് ബഹുമാനപ്പെട്ട മാണി സാർ. 5 പതിറ്റാണ്ട് കഴിഞ്ഞ രാഷ്ട്രീയ സപര്യ, നിറവിലുള്ള രാഷ്ട്രീയം മറ്റാർക്കാണ് കേരള രാഷ്ട്രീയത്തിലുള്ളത്. 1976 ലാണ് കെ.എം. മാണി ആദ്യ ബജറ്റ് അവതരിപ്പിച്ചത്. അന്നു മുതൽ ഇന്നുവരെ ഒരു ധനമന്ത്രിക്കും മിച്ച ബജറ്റ് അവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇൻഡ്യയിൽ കർഷക തൊഴിലാളി പെൻഷൻ ഏർപ്പെടുത്തിയത് മാണി സാറിന്റെ ബജറ്റിലാണെന്ന് ഓർക്കുമ്പോൾ കുഞ്ഞുമാണിയിൽ നിന്നും മാണിസാറിലേക്കുള്ള യാത്രയിൽ ഉദ്ദേശിച്ച നേട്ടം ഉണ്ടാക്കാത്ത നേതാവാണ് കെ.എം. മാണി സാർ.

ബംഗ്ലാ കോൺഗ്രസ് എന്ന പ്രാദേശിക പാർട്ടിയുടെ നേതാവ് ഇൻഡ്യയുടെ ഉന്നതനായ പ്രസിഡണ്ട് പ്രണബ് മുഖർജിയായിരുന്നെങ്കിൽ കേരളാ കോൺഗ്രസ് എന്ന കേരള പാർട്ടിയുടെ 50 വർഷത്തെ രാഷ്ട്രീയ സപര്യയിൽ എപ്പോഴേ ഒരു മുഖ്യമന്ത്രിയെങ്കിലും ആകേണ്ടിയിരുന്ന ആളാണ് സാക്ഷാൽ കേരള രാഷ്ട്രീയ സിനിമയിലെ പ്രേംനസീർ. കേരള രാഷ്ട്രീയം സൂക്ഷ്മമായി പരിശോധിക്കുന്ന ഏതൊരാൾക്കും മനസിലാകുന്ന കാര്യം മുഖ്യമന്ത്രിയാകാനുള്ള ശ്രമങ്ങൾ ഒക്കെ കൂടെ വല്യേട്ടൻ ചമഞ്ഞു നിന്ന് കോൺഗ്രസ് നേതാക്കൾ മുടക്കുകയായിരുന്നു. അവസാനം രാജീവ് ഗാന്ധിയുടെ കാലത്ത് കേന്ദ്രമന്ത്രിയാകാൻ പിന്നീട് മാണിയെ ദില്ലിക്ക് വിളിപ്പിച്ചു.



ദില്ലിയിലെത്തിയ മാണിയോട് 'മി. മാണി, യു ആർ ഔട്ട്' എന്ന് കോൺഗ്രസ് നേതൃത്വം പറഞ്ഞെന്നാണ് നായനാർ പറഞ്ഞത്. കരുണാകരൻ പാരവെച്ചതാണെന്നായിരുന്നു അന്നത്തെ പൊതുസംസാരം.

കഴിഞ്ഞ ഉമ്മൻചാണ്ടി മന്ത്രിസഭയുടെ കാലത്തു മാണി സാർ യുഡിഎഫ് വിടുമോ എന്ന സംശയം തോന്നിയപ്പോൾ അദ്ദേഹത്തിന്റെ പേരിൽ ബാർ കോഴ ആരോപണം ഉന്നയിപ്പിച്ചതിന് പിന്നിൽ ഉമ്മൻചാണ്ടിയാണെന്നത് പരസ്യമായ രഹസ്യമാണ്. ആരോപണം ഉന്നയിച്ച ബിജു രമേശിന്റെ മകൻ കല്യാണം കഴിച്ചത് മുൻമന്ത്രിയും ഇപ്പോൾ എംപിയുമായ അടൂർ പ്രകാശിന്റെ മകളെയാണ്. വിവാഹത്തിൽ കോൺഗ്രസ് നേതാക്കളായ ഉമ്മൻചാണ്ടിയും രമേശ് ചെന്നിത്തലയും പങ്കെടുക്കുകയും ചെയ്തു.

ബാർ കോഴ വിവാദത്തെ തുടർന്ന് എൽഡിഎഫ് അദ്ദേഹത്തിനെതിരെ വൻസമരം നടത്തിയതൊക്കെ സമീപ കാല ചരിത്രമാണ്.

എല്ലാവർക്കും അറിയാം അധികാരവും ലൈംഗിക അരാജകത്വവും അതിലൂടെ സൃഷ്ടിക്കപ്പെട്ട ജീർണതയും കൊണ്ട് മുഖം നഷ്ടപ്പെട്ടിരിക്കുകയായിരുന്നു ഉമ്മൻചാണ്ടി ഭരണം. വഴിയേ പോകുന്ന സരിതമാർ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ഓഫീസിൽ കയറി നിരങ്ങി, ആ മന്ത്രിസഭയിൽ സൗരോർജത്തിൽ തെന്നിവീഴാതിരുന്നതും വീതം മേടിക്കാതിരുന്നതും കെ.എം. മാണിയെന്ന നസ്രാണി കുടുംബ രാഷ്ട്രീയക്കാരന്റെ വിശ്വാസ്യതയായിരുന്നു.

ഏതു തിരക്കിനിടയിലും തന്റെ കുടുംബത്തിൽ വന്നു കുട്ടിയമ്മയുടെ കൈയിൽ നിന്ന് അല്പം ചോറും മോരും കഴിച്ചു കുഞ്ഞുമക്കളെ താലോലിച്ച പാരമ്പര്യമാണ് കെ.എം. മാണിയെന്ന നേതാവിനെ പാലാക്കാരുടെ മാണി കൃമാക്കിയത്.

പ്രതിപക്ഷ ബഹുമാനവും മിതത്വവും മാണിസാറിനുള്ളതുപോലെ കേരള രാഷ്ട്രീയത്തിൽ മറ്റാർക്കുമില്ല. കൂടെനിന്ന കോൺഗ്രസ് നേതൃത്വത്തിന്റെ പാര മുഴുവൻ സഹിച്ചു തെക്കൻ തിരുവിതാംകൂറിന്റെ രാഷ്ട്രീയത്തെ കോൺഗ്രസിന് അനുകൂലമാക്കിമാറ്റിയതു ഒരു മുത്തശ്ശിപ്പത്രത്തിന്റെയും സഹായം കൂടാതെ അണികളെ സ്നേഹിക്കുന്ന നേതാവായിട്ടാണ്.

2019ലെ ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണ സമയത്താണ് അദ്ദേഹത്തിന്റെ ദേഹവിയോഗം. പിണറായി സർക്കാരിന്റെ സമ്പൂർണ ബജറ്റ് ഈ ഫെബ്രുവരി ഏഴിന് ഡോ. തോമസ് ഐസക് അവതരിപ്പിച്ചപ്പോൾ അതിൽ കെ.എം. മാണി സ്മാരകത്തിന് 5 കോടി രൂപ അനുവദിച്ചതാണ് ഇപ്പോൾ വിവാദമായിരിക്കുന്നത്.

മാണിയുടെ പ്രതിമയുണ്ടാക്കാനല്ല പണമനുവദിച്ചത്. മാണിയുടെ സ്മാരകമുണ്ടാക്കുന്ന ട്രസ്റ്റിന് സർക്കാർ പണമനുവദിക്കണം എന്ന അദ്ദേഹത്തിന്റെ മകനും കേരളാ കോൺഗ്രസ് നേതാവും എംപിയുമായ ജോസ് കെ. മാണിയുടെ അഭ്യർത്ഥന സ്വീകരിക്കുകയാണുണ്ടായത്. അര നൂറ്റാണ്ടിലേറെ ഒരേ മണ്ഡലത്തിൽ നിന്ന് ജയിച്ച വ്യക്തി കാര്യങ്ങൾ നന്നായി പഠിച്ച് അവതരിപ്പിക്കുന്ന ഒരു നിയമസഭാ സാമാജികനായിരുന്നു കെ.എം. മാണി എന്നതും അവിതർക്കിതമായ കാര്യമാണ്.

ഈ വസ്തുത നിലനിൽക്കുമ്പോൾ അദ്ദേഹത്തിനുള്ള സ്മാരകം എന്ന ആശയത്തെ ഒരു ജനാധിപത്യ സർക്കാരിന് എങ്ങനെ നിരാകരിക്കാനാവും.

മാണി സാറിന്റെ ആരാധകരുടെ ആവശ്യം 50 വർഷത്തെ നിയമസഭാ സാമാജികൻ എന്ന മികവിന് ഏറ്റവും കൂടുതൽ പ്രാവശ്യം ധനമന്ത്രിസ്ഥാനം വഹിച്ച ഒരാളുടെ കുടുംബത്തിന്റെ അണികളുടെ ആവശ്യം നിരാകരിക്കാനുള്ള രാഷ്ട്രീയ അപക്വതയൊന്നും ഇപ്പോഴത്തെ ധനമന്ത്രിക്കില്ല.

ആ പണം കൊണ്ട് പാവപ്പെട്ടവരെ സഹായിച്ചുകൂടേ, മോദി പ്രതിമ ഉണ്ടാക്കിയതും ഇതുപോലെ അല്ലേ എന്നൊക്കെ സോഷ്യൽ മീഡിയയിൽ ചോദിക്കുന്നവരിൽ അധികവും (ചാണ്ടി കോൺഗ്രസുകാരാണ്.) അങ്ങനെ ചോദിക്കുന്നവരോട് ഒന്ന് പറയാം; പാവപ്പെട്ട മനുഷ്യരെ ഏറ്റവും കൂടുതൽ സഹായിക്കുന്ന ബജറ്റാണ് ഡോ. ഐസക്കിന്റെ ബജറ്റ്.



ലേഖകൻ

ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ലൈഫ് മിഷനിലൂടെ കേരളത്തിൽ രണ്ടുലക്ഷം പേർക്ക് വീട് നിർമിച്ചു നൽകിയ സർക്കാരാണ് ഇത്.

കേരള രാഷ്ട്രീയത്തിൽ അഴിമതിയും പോലീസ് ക്രിമിനലിസവും കൊണ്ട് കോടതി ശിക്ഷിച്ചു പുറത്താക്കിയ കരുണാകരന് വരെ സ്മാരകം പണിയാമെങ്കിൽ നമുക്ക് ഒരു പാരമ്പര്യമുണ്ട്; എതിരാളികളെ അവരുടെ മരണശേഷവും ക്രൂശിക്കുകയല്ല വേണ്ടത് അവരുടെ നയങ്ങളെ രാഷ്ട്രീയ നന്മകൊണ്ട് എതിരിടുകയാണ് വേണ്ടത്. അവിടെ ഒക്കെ രാഷ്ട്രീയ മര്യാദ കൈമോശം വരാതെ നോക്കണം. നമ്മുടെ പാരമ്പര്യമതാണ്.

മാണി സാറിന് സ്മാരകമുയരാനുള്ള യോഗ്യത അരനൂറ്റാണ്ടിലേറെക്കാലം മികച്ച എംഎൽഎയും മന്ത്രിയുമായിരുന്നു എന്നത് തന്നെയാണ്. രാജ്യത്തുള്ള കാക്കത്തൊള്ളായിരം സ്മാരകങ്ങൾ എല്ലാം കറകളഞ്ഞ പരിശുദ്ധാത്മാക്കളുടേതൊന്നുമല്ലല്ലോ. അതുകൊണ്ട് അത്തരം കാര്യങ്ങളൊന്നും പറയാതിരിക്കലായിരിക്കും ഉചിതം. എന്തെല്ലാം കുറവുണ്ടെങ്കിലും രാഷ്ട്രീയ മര്യാദയുടെ പേരിൽ മാണിസാറിന്റെ അനുയായികളുടെയും കുടുംബത്തിന്റെയും ആവശ്യം പരിഗണിച്ച് ബജറ്റിൽ തുക അനുവദിക്കുന്നതിൽ ഒരുതെറ്റുമില്ല.

# ചിക്കാഗോ റോട്ടറി ക്ലബ് ഓഫ് നൈൽസ് 58 ഭവനങ്ങൾ നിർമ്മിക്കുന്നു

ജോണിക്കുട്ടി പിള്ളവീട്ടിൽ

ചിക്കാഗോ: നാട്ടിലുണ്ടായ പ്രളയ ദുരിതത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് കൈത്താങ്ങാകുകയാണ് ചിക്കാഗോ നൈൽസ് റോട്ടറി ക്ലബ്. തീർത്തും നിർദ്ധനരായ അർഹതപ്പെട്ട 58 കുടുംബങ്ങൾക്കാണ് ഇപ്പോൾ ഭവനനിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്നത്. പ്രളയക്കെടുതിയിൽ നിന്നും കരകയറുവാൻ സാധിക്കാത്ത അനേകം കുടുംബങ്ങൾ ഇപ്പോഴും പലതരത്തിൽ കഷ്ടതകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. പ്രളയദുരിത പ്രദേശങ്ങളിലേക്ക് സൗജന്യ കിഡ്നിപരിശോധനാ മെഡിക്കൽ ക്യാമ്പുകളും അവശ്യമരുന്നു വിതരണവുമാണ് അടുത്ത പദ്ധതിയെന്ന് കോ-ഓർഡിനേറ്റർമാരായ ജോർജ് നെല്ലാമറ്റം, ഡോ. ജോസഫ് ഏബ്രഹാം, ജോയി കോട്ടൂർ, സിറിയക് കൂവക്കാട്ടിൽ, ജോണിക്കുട്ടി പിള്ളവീട്ടിൽ, നൈനാൻ തോമസ്, ടോമി പുല്ലുകാട്ട്, സിറിയക് പുത്തൻപുരയ്ക്കൽ, കുര്യൻ തൊട്ടിച്ചിറ, തമ്പി വിരുതിക്കുളങ്ങര, ബിനു പൂത്തറയിൽ, ജസ്റ്റിൻ തെങ്ങനാട്ട് തുടങ്ങിയവർ അറിയിച്ചു. റോട്ടറി ഇന്റർനാഷണലിന്റെ ഗ്ലോബൽ ഗ്രാൻഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് മൂന്നു കോടി രൂപയുടെ (4 ലക്ഷം ഡോളർ) ഭവനനിർമ്മാണം നടപ്പിലാക്കുവാൻ സാധിക്കുന്നതെന്ന് ക്ലബ് പ്രസിഡണ്ട് ഷിബു പീറ്റർ വെട്ടുകല്ലേൽ പറഞ്ഞു. ക്ലബ് അംഗങ്ങളുടെ നിസ്വാർത്ഥ സഹകരണംകൊണ്ട് മാത്രമാണ് ഇങ്ങനെയുള്ള സന്നദ്ധപ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുവാൻ സാധിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.



നിർമാണത്തിലിരിക്കുന്ന വീടുകൾ

കമ്യൂണിറ്റി സർവീസിന് ഏറെ പ്രാധാന്യം നല്കി വിവിധ തരത്തിലുള്ള മെഗാ പ്രൊജക്ടുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നൈൽസ് ക്ലബിന്റെ സേവനങ്ങൾ ഏറെ പ്രശംസനീയവും



ഭവന നിർമ്മാണ പ്രോജക്ടിനെക്കുറിച്ച് ഷിബു പീറ്റർ വിശദീകരിക്കുന്നു

അമേരിക്കയിലെ മറ്റ് റോട്ടറി ക്ലബുകൾക്ക് മാതൃകയുമാണെന്ന് റോട്ടറി ഇന്റർനാഷണൽ ഗവർണർ സൂസന്ന ഹിംപ്സൺ, മുൻ ഗവർണർ എല്ലൻ യംങ് തുടങ്ങിയവർ അഭിപ്രായപ്പെട്ടു. ഇല്ലിനോയ് ഹാർപ്പർ കോളജിൽ നടന്ന റോട്ടറി പ്രോജക്ട് ഗ്രാന്റ് മാനേജ്മെന്റ് സെമിനാർ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അവർ.

# മാർ കുന്നശ്ശേരിയേയും കെ.എം. മാണിയേയും മാതൃകയാക്കണം: പി.എസ്. ശ്രീധരൻപിള്ള

കോട്ടയം: പുതിയ തലമുറയ്ക്കു സനാതന പാഠമാകേണ്ട രണ്ടു വ്യക്തിത്വങ്ങളാണ് ആർച്ച് ബിഷപ് മാർ കുര്യാക്കോസ് കുന്നശേരിയും കെ.എം. മാണിയുമെന്ന് മിസോറാം ഗവർണർ പി.എസ്. ശ്രീധരൻപിള്ള. ആർച്ച് ബിഷപ് കുര്യാക്കോസ് കുന്നശേരി ഫൗണ്ടേഷന്റെ പ്രഥമ അവാർഡ് സമ്മാനിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. മരണാനന്തര ബഹുമതിയായി കെ.എം. മാണിക്കു പ്രഖ്യാപിച്ച അവാർഡ് ഭാര്യ കുട്ടിയമ്മ മാണി ഏറ്റുവാങ്ങി.




ജോസ് കെ. മാണി എംപി മറുപടി പ്രസംഗം നടത്തുന്നു.

ആത്മീയതയിൽ മാത്രമാകാതെ സമൂഹത്തിന്റെ എല്ലാ മേഖലകളിലും പ്രത്യേകിച്ചു വേദനയനുഭവിക്കുന്നവരുടെ പക്ഷത്തു നിൽക്കാൻ മാർ കുന്നശേരിക്ക് എപ്പോഴും കഴിഞ്ഞിട്ടുണ്ടെന്നും ഗവർണർ പറഞ്ഞു. വിദ്വേഷത്തിന്റെ വിളവെടുപ്പു രാഷ്ട്രീയത്തിൽ സ്നേഹം പകർന്നു നൽകുന്ന രാഷ്ട്രീയക്കാരനായി വ്യത്യസ്തത പുലർത്തിയ വ്യക്തിയായിരുന്നു കെ.എം. മാണിയെന്നു ഗവർണർ പി.എസ്. ശ്രീധരൻപിള്ള അനുസ്മരിച്ചു.



സദസ്സ്

കോട്ടയം ദർശന ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ആർച്ച് ബിഷപ് കുര്യാക്കോസ് കുന്നശേരി ഫൗണ്ടേഷൻ ചെയർമാൻ ജസ്റ്റീസ് സിറിയക് ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ആർച്ച് ബിഷപ് മാർ മാത്യു മൂലക്കാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. മതേതര ഭാരതത്തിൽ മതങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ ഡോ. സി.വി. ആനന്ദബോസ് പ്രഭാഷണം നടത്തി. രാജ്യസഭാ മുൻ ഡെപ്യൂട്ടി ചെയർമാൻ പി.ജെ. കുര്യൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, കെ. സുരേഷ് കുറുപ്പ് എംഎൽഎ, മുൻ അംബാസഡർ ടി.പി. ശ്രീനിവാസൻ എന്നിവർ പ്രസംഗിച്ചു. ജോസ് കെ. മാണി മറുപടി പ്രസംഗം നടത്തി. ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റി തോമസ് ചാഴികാടൻ എംപി സ്വാഗതവും ട്രസ്റ്റി മോൻസ് ജോസഫ് എംഎൽഎ കൃതജ്ഞതയും രേഖപ്പെടുത്തി.

### അവാർഡ് തുക നവജീവന്

ആർച്ച് ബിഷപ് കുര്യാക്കോസ് കുന്നശേരി ഫൗണ്ടേഷന്റെ പ്രഥമ അവാർഡിനൊപ്പം ലഭിച്ച 50,000 രൂപ നവജീവനു സമ്മാനിച്ചു.

മറുപടി പ്രസംഗം നടത്തിയ ജോസ് കെ. മാണിയാണ് അവാർഡ് തുക നവജീവൻ ട്രസ്റ്റിനു കൈമാറുന്നതായി അറിയിച്ചത്. 84 വയസ് തികഞ്ഞപ്പോൾ ആഘോഷ പരിപാടികളൊന്നും വേണ്ട 1,000 അഗതി മന്ദിരങ്ങളിൽ ഭക്ഷണം നൽകി ആഘോഷം മതിയെന്നു കെ.എം. മാണി പറഞ്ഞിരുന്നതായും അന്നത്തെ ആഘോഷ പരിപാടികളുടെ ഉദ്ഘാടനം നവജീവനിലായിരുന്നു നടന്നിരുന്നതെന്നും ജോസ് കെ. മാണി പറഞ്ഞു. എല്ലാ വർഷവും കെ.എം. മാണിയുടെ ജന്മദിനം ഇപ്പോൾ കാരുണ്യദിനമായി ആചരിക്കുകയാണെന്നും ജോസ് മറുപടി പ്രസംഗത്തിൽ പറഞ്ഞു.

## ബേബി മണക്കുന്നേൽ വൈസ് പ്രസിഡണ്ട്

ഹൂസ്റ്റൺ: വ്യവസായപ്രമുഖനും ഹൂസ്റ്റൺ സാമൂഹിക-സാംസ്കാരിക, സാമുദായിക, രാഷ്ട്രീയ മേഖലകളിൽ നിറസാന്നിദ്ധ്യവുമായ ബേബി മണക്കുന്നേലിനെ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരളാ ചാപ്റ്ററിന്റെ വൈസ് പ്രസിഡണ്ടായി കേരള ചാപ്റ്റർ പ്രസിഡണ്ട് ലീലാ മാരേട്ട്, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് നാഷണൽ വൈസ് ചെയർമാൻ ജോർജ് ഏബ്രഹാം എന്നിവർ നിയമിച്ചു. ആയിരത്തിതൊള്ളായിരത്തി എൺപതുകളുടെ തുടക്കത്തിൽ പിറവത്തുനിന്നുള്ള ഏക കോൺഗ്രസ് പഞ്ചായത്ത് മെംബർ ആയിരുന്നു ബേബി. ഇന്ത്യൻ നാഷണൽ ട്രേഡ് യൂണിയൻ കോൺഗ്രസിന്റെ പിറവം യൂണിറ്റ് പ്രസിഡണ്ട്, യൂത്ത് കോൺഗ്രസ് ബ്ലോക്ക്, മണ്ഡലം പ്രസിഡണ്ട്, പിറവം കോ-ഓപ്പറേറ്റീവ് സർവീസ് ബോർഡ് മെംബർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.



മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹൂസ്റ്റൺ പ്രസിഡണ്ട്, ഹൂസ്റ്റൺ ക്നാനായ കത്തോലിക്കാ സൊസൈറ്റി പ്രസിഡണ്ട്, ക്നാനായ കത്തോലിക്കാ കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡണ്ട് എന്നീ ഉത്തരവാദിത്വങ്ങൾ ഒന്നിലധികം തവണ വിവിധ കാലയളവിൽ വളരെ സ്തുത്യർഹമായ രീതിയിൽ അദ്ദേഹം നിറവേറ്റിയിട്ടുണ്ട്.

രണ്ടായിരത്തി എട്ടിലെ ഫോമാ കൺവൻഷൻ ചെയർമാനായിരുന്നു. എല്ലാ വർഷവും ജനുവരി അഞ്ചിന് 'അമ്മയോടൊപ്പം' എന്നു പേരിട്ടിരിക്കുന്ന സഹായനിധിയിലൂടെ വിധവകൾക്ക് വിതരണം ചെയ്യുന്ന വസ്ത്രം, ആഹാരം, മരുന്നുകൾ, അനുബന്ധ സമാഗ്രികൾ എന്നിവയടങ്ങുന്ന പൊതി ബേബി മണക്കുന്നേലിന്റെ സാമൂഹിക പ്രതിബദ്ധതയുടെയും മഹാമനസ്കതയുടെയും ഉദാഹരണമാണ്.

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരള ചാപ്റ്ററിന്റെ മറ്റ് ഭാരവാഹികൾ തോമസ് മാത്യു (ചെയർമാൻ, കേരള ചാപ്റ്റർ), രാജൻ പടവത്തിൽ (ട്രഷറർ), സജി കരിമ്പന്നൂർ (സെക്രട്ടറി), ജെസ്സി റിൻസി (സെക്രട്ടറി), സതീശൻ നായർ (വൈസ് പ്രസിഡണ്ട്) എന്നിവർ ബേബി മണക്കുന്നേലിനെ അഭിനന്ദിക്കുകയും അദ്ദേഹത്തിന്റെ നിയമനം ഇന്ത്യൻ ഓവർസീസ് കോൺഗ്രസിനെ ശക്തിപ്പെടുത്തുകയും ചെയ്യുമെന്ന് പ്രത്യാശിക്കുകയും ചെയ്തു.

## ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസ് ഫ്ളോറിഡാ ചാപ്റ്ററിന് പുതിയ ഭാരവാഹികൾ

ഫ്ളോറിഡ: ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസ് ഫ്ളോറിഡാ ചാപ്റ്ററിന് (2020-2022) പുതിയ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

ഫ്ളോറിഡയിലെ സാമൂഹിക സാംസ്കാരിക രംഗത്ത് തിളങ്ങി നിൽക്കുന്നതും നിരവധി സംഘടനകളിലൂടെയും മാധ്യമരംഗത്തും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീമതി ബിനു ചിലമ്പത്ത് പ്രസിഡണ്ടായി ഇരുപത്തിയൊന്നംഗ കമ്മിറ്റിയാണ് അധികാരമേറ്റത്.

ഫ്ളോറിഡയിൽ നടന്ന ചടങ്ങിൽ കോൺഗ്രസ് നേതാവും എംഎൽഎയുമായ വി.ടി. ബലറാം പുതുതായി സ്ഥാനമേറ്റ ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. ഇന്ത്യയിലെ ജനങ്ങളെ മതത്തിന്റെ പേരിൽ ഭിന്നിപ്പിക്കുകയും സ്വന്തം ഐഡന്റിറ്റി മതാടിസ്ഥാനത്തിൽ സ്വയം തെളിയിക്കേണ്ട ഗതികേടിലെത്തി നിൽക്കുന്ന അവസ്ഥയിലാണ് ഭാരതീയർ.

ഇന്ത്യയെ സ്നേഹിക്കുകയും ഭാരതത്തിന്റെ അഖണ്ഡതയിൽ വിശ്വസിക്കുകയും ചെയ്യുന്ന ഓരോ ഭാരതീയനും ഉണർന്നു പ്രവർത്തിക്കേണ്ട സമയമാണിത്. രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന നരേന്ദ്ര മോദിയുടെ പൗരത്വനിയമത്തിനെതിരെ ഓരോ കോൺഗ്രസുകാരനും ലോകത്തെവിടെയായാലും ഒന്നിച്ച് അണിനിരക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഫ്ളോറിഡായിലെ വിവിധ സംഘടനകളുടെ ഭാരവാഹികൾ ചടങ്ങിൽ പങ്കെടുത്തു. ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസ് ഫ്ളോറിഡ ചാപ്റ്ററിന് ആശംസകൾ അറിയിക്കുകയും ചെയ്തു.

പുതിയ കമ്മിറ്റിയെ പ്രതിനിധീകരിച്ച് ചാപ്റ്റർ പ്രസിഡണ്ട് ശ്രീമതി ബിനു ചിലമ്പത്ത് സംസാരിക്കുകയും സംഘടനയുടെ പ്രവർത്തനങ്ങൾക്ക് ഫ്ളോറിഡയിലെ സാമൂഹിക സാംസ്കാരിക മാധ്യമസമൂഹത്തിന്റെ പിന്തുണയും സഹായസഹകരണങ്ങളും ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചു.

ശ്രീമതി ബിനു ചിലമ്പത്ത്-പ്രസിഡണ്ട്, സജി ജോൺ-വൈസ് പ്രസിഡണ്ട്, എബി ആനന്ദ്-സെക്രട്ടറി, മാത്തുക്കുട്ടി



തുമ്പമൺ-ജോ. സെക്രട്ടറി, ശ്രീമതി ഷീല ജോസ്-ജോ.ട്രഷറർ, ബിനു പാപ്പച്ചൻ-ട്രഷറർ, സേവി മാത്യു-ആർവിപി, ഡോ.മാമ്മൻ സി. ജേക്കബ് (നാഷണൽ കമ്മിറ്റി വൈസ് പ്രസിഡണ്ട്), അസ്സീസ്സി നടയിൽ-ചെയർമാൻ, ജോർജ് കൊരുത്, ഡോ. സാജൻ കുര്യൻ (നാഷണൽ കമ്മിറ്റി അംഗങ്ങൾ).

ചാപ്റ്റർ കമ്മിറ്റി അംഗങ്ങൾ: ജോയ് കുറ്റിയാനി, സജി സക്കറിയാസ്, ജോർജി വർഗീസ്, ബാബു കല്ലിടുക്കിൽ, ജോർജ് മാലിയിൽ, ബേബി വർക്കി സിപിഎ, ജെയിൻ വാത്യേലി, ഷിബു ജോസഫ്, ഡോ. സുനിൽകുമാർ, ലൂക്കോസ് പൈനുങ്കൽ, മനോജ് ജോർജ്.

# കെസിസിഎൻസി ലൈബ്രറി ഉദ്ഘാടനം ചെയ്തു

ഷിബു പാലക്കാട്ട്





സാൻജോസ്: ക്നാനായ കത്തോലിക്കാ കോൺഗ്രസ് ഓഫ് നോർത്തേൺ കാലിഫോർണിയയയും ഓഫീസ് ബിൽഡിംഗിൽ ഓഫീസ് ഫെസിലിറ്റിയോടൊപ്പം നമ്മുടെ കമ്യൂണിറ്റിയിലെ അംഗങ്ങളുടെ വിജ്ഞാനത്തിനും വിനോദത്തിനും പ്രാധാന്യം കൽപിച്ചുകൊണ്ട് കെസിസിഎൻസി വായനശാല (ലൈബ്രറി) എന്ന പേരിൽ ലൈബ്രറിയും ഇൻഡോർ ഗെയിംസ് ഫെസിലിറ്റിയും സജ്ജീകരിച്ചുകൊണ്ട് കെസിസിഎൻസി ഓഫീസ് ബിൽഡിംഗ് മോടിപിടിപ്പിച്ചു.

ഫെബ്രുവരി 16ന് ഞായറാഴ്ച കെസിസിഎൻസി സ്പിരിച്വൽ ഡയറക്ടർ ഫാ. സജി പിണർകയിൽ കെസിസിഎൻസി ഓഫീസ് ബിൽഡിംഗ് പ്രവർത്തനം ഉദ്ഘാടനം നിർവഹിച്ചു. കെസിസിഎൻസി മുൻ പ്രസിഡണ്ടുമാർ, ഭാരവാഹികൾ എന്നിവരുടെ സാന്നിദ്ധ്യവും ശ്രദ്ധേയമായി.

കെസിസിഎൻസി മെമ്പർഷിപ്പ് ഫോം, കെസിസിഎൻസി, കെസിസിഎൻഎ കൺവൻഷൻ സംബന്ധിച്ചുള്ള അന്വേഷണങ്ങൾ, 2019–22 അസോസിയേഷൻ ഭാരവാഹികളുടെ പേരും ഫോൺ നമ്പർ എന്നിവ ഓഫീസ് ബിൽഡിംഗിൽ ഉണ്ടായിരിക്കും. ലൈബ്രറി: ക്നാനായ ടൈംസ്, അപ്നാദേശ്, കേരളാ എക്സ്പ്രസ്, ശാലോം എന്നിങ്ങനെ മലയാള ന്യൂസ് പേപ്പറുകളും മാസികകളും, ക്നാനായ ചരിത്രപുസ്തകങ്ങളും ലൈബ്രറിയിൽ ലഭ്യമാണ്. കെസിസിഎൻസി ലോഗ് ബുക്കിൽ പേരെഴുതി ബുക്കുകൾ വീട്ടിൽ കൊണ്ടുപോകുവാനും സാധിക്കും.

ടേബിൾ ഗെയിംസ്, ചെസ് ബോർഡ്, മോണോപോളി, കാരംസ്, ടേബിൾ ടെന്നിസ് എന്നിവ എടുത്തു കളിക്കാനുള്ള സൗകര്യവും ഉണ്ടായിരിക്കും എന്ന് കെസിസിഎൻസി പ്രസിഡണ്ട് വിവിൻ ഓണശ്ശേരിൽ അറിയിച്ചു.

മാർത്തോമൻ നന്മയാൽ എന്ന ഈശ്വര പ്രാർത്ഥനയോടെ കെസിസിഎൻസി ലൈബ്രറി പ്രവർത്തന ഉദ്ഘാടനത്തിനും വിവിൻ ഓണശ്ശേരിൽ, ഷീബ പുറയംപള്ളിൽ, പ്രബിൻ ഇലഞ്ഞിക്കൽ, ഷിബു പാലക്കാട്ട്, സ്റ്റീഫൻ വേലികേട്ടേൽ എന്നിവർ നേതൃത്വം നൽകി.

# കൈരളി ലയൺസ് വാർഷിക വോളിബോൾ ടൂർണമെന്റ് ചിക്കാഗോയിൽ നടത്തുന്നു

സൈമൺ മുട്ടത്തിൽ



ചിക്കാഗോ: ചിക്കാഗോ കൈരളി ലയൺസ് വർഷന്തോറും നടത്തിവരുന്ന വോളിബോൾ ടൂർണമെന്റ് ഇക്കുറി ഏപ്രിൽ 11ന് നൈൽസിലെ ഫീൽഡ് മാൻ ജിമ്മിൽ വെച്ച് നടത്തപ്പെടുന്നു. (8800 West Kathy Lane, Niles - IL - 60714).

തൊണ്ണൂറുകളിൽ ചിക്കാഗോ കൈരളി ലയൺസിനുവേണ്ടി ശക്തമായ പ്രകടനം കാഴ്ചവെച്ച ചിക്കാഗോ മലയാളി സമൂഹത്തിന്റെ പ്രിയങ്കരനായ വോളിബോൾ കായികതാരം അന്തരിച്ച മധു ഇടയാടിയുടെ ഓർമ്മസൂചകമായാണ് ഈ വർഷം ടൂർണമെന്റ് നടത്തപ്പെടുന്നത്.

കളിക്കളത്തിലെ മധുവിന്റെ ആകർഷകമായ ബ്ലോക്ക് ഇന്നും ചിക്കാഗോ സമൂഹത്തിന്റെ കായിക പ്രേമികൾക്ക് സുപരിചിതമാണ്. ഒരു വൻമതിലെന്നപോലെ കളിക്കളത്തിൽ മധു എതിരാളികളുടെ ഏത് സ്മാഷുകളും നിഷ്പ്രയാസം തടഞ്ഞിരുന്നത് കായികപ്രേമികൾക്ക് എന്നെന്നും ആവേശം പകർന്നിരുന്നു. ഈ കായിക താരത്തിന്റെ ഓർമ്മസൂചകമായി നടത്തുന്ന ഈ ടൂർണമെന്റ് വിജയകരമാക്കാൻ ചിക്കാഗോ ലയൺസ് ഒന്നടങ്കം ആരംഭിച്ചിരിക്കുകയാണ്.

32–ാമത് ജിമ്മി ജോർജ് വോളിബോൾ ടൂർണമെന്റിന് മുന്നോടിയായി നടത്തുന്ന ഈ വാശിയേറിയ ടൂർണമെന്റിന്റെ കോ–ഓർഡിനേറ്റമാരായി കൈരളി ലയൺസിന്റെ ജോയിന്റ് സെക്രട്ടറി മാത്യു തട്ടാമറ്റവും (773 317 3444) പ്രവീൺ തോമസും (847 769 0050) ബിജോയ് കാപ്പനും (630 656 7336) സെൽവിൻ പൂതക്കരി (847 208 2297)യും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

# ഫാ. ഫിലിപ് മോഡയിൽ ഓർമാ ഇന്റർനാഷൺ പ്രസിഡണ്ട്

പി.ഡി. ജോർജ് നടവയൽ

ഫിലാഡൽഫിയ: ഗതകാല കേരള കുടുംബമൂല്യങ്ങൾക്ക് ഒരേതൂവൽ പക്ഷികൾ എന്നപോലെ പ്രാധാന്യം നല്കുന്ന കുടുംബങ്ങളുടെ, ആഗോള സൗഹൃദ വേദിയായ, ഓവർസീസ് റസിഡന്റ് മലയാളീസ് അസോസിയേഷൻ (ഓർമ ഇന്റർനാഷണൽ) പുതിയ



ഫാ. ഫിലിപ്പ് മോഡയിൽ



റോഷൻ പ്ലാമൂട്ടിൽ



ഫിലിപ്പോസ് ചെറിയാൻ

ഭാരവാഹികളെ ഫിലാഡൽഫിയായിൽ ചേർന്ന ദ്വൈവാർഷിക പൊതുയോഗത്തിൽ തെരഞ്ഞെടുത്തു.

ഫാ. ഫിലിപ്പ് മോഡയിൽ (പ്രസിഡണ്ട്), റോഷൻ പ്ലാമൂട്ടിൽ (ജനറൽ സെക്രട്ടറി), ഫീലിപ്പോസ് ചെറിയാൻ (ട്രഷറർ), ജോർജ് ഓലിക്കൽ. തോമസ് പോൾ, ജേക്കബ് കോര (വൈസ് പ്രസിഡണ്ടുമാർ), സുധാ കർത്താ, മോഡി ജേക്കബ്, ജോൺ പണിക്കർ (സെക്രട്ടറിമാർ). റേച്ചൽ തോമസ് (ജോ. ട്രഷറർ). വിൻസന്റ് ഇമ്മാനുവേൽ (പബ്ലിക് റിലേഷൻസ് ആൻഡ് ഗവൺമെന്റ് അഫയേഴ്സ്), ആലീസ് ജോസ് (ഹോസ്പിറ്റാലിറ്റി), മാത്യു തരകൻ, ജോർജുകുട്ടി അമ്പാട്ട് (എക്സിക്യൂട്ടീവ് കമ്മിറ്റി മെംബേഴ്സ്). ബോർഡ് ഓഫ് ട്രസ്റ്റീസ് ഭാരവാഹികൾ: ജോർജ് നടവയൽ (ചെയർമാൻ), ജോസ് ആറ്റുപുറം, സിബിച്ചൻ ചെമ്പ്ളായിൽ, അലക്സ് തോമസ് (ബോർഡ് ഓഫ് ട്രസ്റ്റീസ് മെംബേഴ്സ്).

ഫാ. ഫിലിപ്പ് മോഡയിൽ ഫിലാഡൽഫിയാ ജെഫേഴ്സൺ ഹെൽത്ത് സിസ്റ്റത്തിൽ ചാപ്ലിനാണ്. വിദ്യാഭ്യാസാത്മക പ്രസംഗികനും രചയിതാവും പ്രശസ്തനുമാണ്.

റോഷൻ പ്ലാമൂട്ടിൽ നാടകനടൻ, സംഘാടകൻ, വിവിധ സംഘടനകളിൽ ഭാരവാഹി എന്നീ നിലകളിൽ ഖ്യാതി നേടിയിട്ടുണ്ട്. ട്രഷറർ ഫീലിപ്പോസ് ചെറിയാൻ സി.എം.എസ് കോളജ് മുൻ ലക്ചററായിരുന്നു. ഫിലാഡൽഫിയാ സിറ്റി വാട്ടർ ഡിപ്പാർട്ടുമെന്റിലെ സൂപ്പർവൈസർ സയന്റിസ്റ്റായിരുന്നു. വിവിധ സംഘടനാ സാരഥിയാണ്.



# റവ.ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് ഇനി സഫ്രഗൻ മെത്രാപ്പോലീത്ത

ന്യൂയോർക്ക്: മാർത്തോമ്മാ നോർത്ത് അമേരിക്ക യൂറോപ്പ് മുൻ ഭദ്രാസനാധിപനും മുംബൈ ഭദ്രാസനാധിപനുമായ റവ.ഡോ. ഗീവർഗീസ് മാർ



തിയഡോഷ്യസ് എപ്പിസ്കോപ്പയെ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്തയായി ഫെബ്രുവരി 18ന് കുറ്റാലത്ത് കൂടിയ സഭാ സിനഡ് തിരുമാനിച്ചു. സഭയുടെ ഉത്തരവാദപ്പെട്ടവർ നിയമനകാര്യം സ്ഥിരീകരിച്ചു.

കഴിഞ്ഞ സഭാ മണ്ഡലത്തിൽ സഫ്രഗൻ മെത്രാപ്പോലീത്ത നിയമനകാര്യം സംബന്ധിച്ച് പ്രമേയം അംഗീകരിച്ചിരുന്നു. രണ്ടു എപ്പിസ്കോപ്പമാരെ (യുയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പ ഉൾപ്പെടെ) ഒരേ സമയം സഫ്രഗൻ മെത്രാപ്പോലീത്താമാരായി നിയമിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. സഫ്രഗൻ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം ഏപ്രിൽ 4ന് ശനിയാഴ്ച കൊല്ലത്ത് വെച്ച് നടക്കുമെന്നറിയുന്നു.

# ആലീസ് കുന്നശ്ശേരി നിര്യാതയായി



ഹൂസ്റ്റൺ: ജിമ്മി കുന്നശ്ശേരിയുടെ ഭാര്യ ആലീസ് ഫെബ്രുവരി 18ന് ഹൂസ്റ്റണിൽ നിര്യാതയായി. മക്കൾ: അഭിലാഷ് ആൻഡ് ക്രിസ്റ്റീന കുന്നശ്ശേരി, ആശ ആൻഡ് സിറിൾ തൈപ്പറമ്പിൽ, ജെയ്മി കുന്നശ്ശേരി.

ഉഴവൂർ വട്ടാടികുന്നേൽ പരേതരായ കോരയും അച്ചാമ്മയുമാണ് മാതാപിതാക്കൾ. സഹോദരങ്ങൾ: ലീലാമ്മ ആൻഡ് പരേതനായ ജോയി കോരത്, ജോസ് ആൻഡ് ആൻസി വട്ടാടികുന്നേൽ, ത്രേസ്യാമ്മ ആൻഡ് ബേബി പനങ്ങാട്ട്, ജെയ്ൻ ആൻഡ് സൈമൺ കൈതമറ്റത്തിൽ, ലൂസി ആൻഡ് പീറ്റർ ചാഴികാട്ട്. പൊതുദർശനം ഫെബ്രുവരി 24ന് തിങ്കളാഴ്ച വൈകുന്നേരം. സംസ്കാരം ഫെബ്രുവരി 25ന് ചൊവ്വാഴ്ച

# ആമസോൺ സിഇഒ ജെഫ് ബെസോസ് 10 ബില്യൺ ഡോളർ ഫണ്ട് ആരംഭിച്ചു

വാഷിങ്ടൺ: തന്റെ കമ്പനിയുടെ പാരിസ്ഥിതിക റെക്കോർഡിനെ പലപ്പോഴും വിമർശിക്കാറുണ്ടെങ്കിലും കാലാവസ്ഥാ വ്യതിയാനത്തെ നേരിടാൻ ഒരു പുതിയ ഫണ്ടിനായി 10 ബില്യൺ ഡോളർ ചെലവഴിക്കുന്നതായി ആമസോണിന്റെ സിഇഒയും ലോകത്തെ ഏറ്റവും ധനികനുമായ ജെഫ് ബെസോസ് പ്രഖ്യാപിച്ചു.

ഇൻസ്റ്റാഗ്രാമിലെ തന്റെ 1.4 ദശലക്ഷം ഫോളോവേഴ്സിന് അയച്ച പോസ്റ്റിൽ ഇ-കൊമേഴ്സ് വ്യവസായി ബെസോസ് എർത്ത് ഫണ്ട് ശാസ്ത്രജ്ഞർ, പ്രവർത്തകർ, എൻജിഒകൾ എ

മൊയ്തീൻ പുത്തൻചിറ

ന്നിവയ്ക്ക് ധനസഹായം നല്കുമെന്ന് പറഞ്ഞു. പ്രകൃതിയേയും ലോകത്തേയും സംരക്ഷിക്കാനും പരിരക്ഷിക്കാനും സഹായിക്കുന്ന ഒരു യാഥാർത്ഥ്യമാണ് ഈ ഫണ്ട് എന്ന് അദ്ദേഹം പറഞ്ഞു. കാലാവസ്ഥാ വ്യതിയാനമാണ് നമ്മുടെ ഗ്രഹത്തിന് ഏറ്റവും വലിയ ഭീഷണിയെന്നും അദ്ദേഹം പറഞ്ഞു. ഏകദേശം 130 ബില്യൺ ഡോളറാണ് ബെസോസിന്റെ ആസ്തി.

കാലാവസ്ഥാ നയങ്ങളെ വിമർശിക്കുകയും കാലാവസ്ഥാ വ്യതിയാനത്തെ നേരിടാൻ കൂടുതൽ കാര്യങ്ങൾ ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്ന നൂറുകണക്കിന് ആമസോൺ ജീവനക്കാർ കഴിഞ്ഞമാസം ഒരു പെറ്റീഷനിൽ ഒപ്പിട്ടിരുന്നു.

ഡോർ ടു ഡോർ ഡെലിവറികൾക്കായി ഉപയോഗിക്കുന്ന പായ്ക്കറ്റുകളിൽ നിന്ന് ധാരാളം മാലിന്യങ്ങൾ സൃഷ്ടിച്ചതായും അതുപോലെതന്നെ വൻതോതിലുള്ള വാഹനങ്ങളിൽ നിന്ന് വാതകങ്ങൾ പുറന്തള്ളുന്നതായും ആമസോണിനെതിരെ ആരോപണങ്ങൾ ഉയർന്നിരുന്നു.

കാലാവസ്ഥാ വ്യതിയാനത്തിന്റെ വിനാശകരമായ പ്രത്യാഘാതങ്ങളെ ചെറുക്കുന്നതിനുള്ള പുതിയ മാർഗ്ഗ



ങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിന് മറ്റുള്ളവരോടൊപ്പം പ്രവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നുവെന്ന് ബെസോസ് പ്രഖ്യാപനത്തിൽ പറഞ്ഞു.

കഴിഞ്ഞവർഷം നടന്ന അദ്ദേഹത്തിന്റെ വിവാഹമോചനം ലോകത്തിലെ ഏറ്റവും വിലയേറിയതായിരുന്നു എങ്കിലും ലോകത്തിലെ ഏറ്റവും ധനികനായ വ്യക്തി എന്ന പദവി നിലനിർത്തിയിരുന്ന ബെസോസ്, തന്റെ പുതിയ ഫൗണ്ടേഷൻ ഈ വർഷം അവസാനം ഗ്രാന്റുകൾ നല്കാൻ ആരംഭിക്കുമെന്ന് പറഞ്ഞു.

കഴിഞ്ഞ സെപ്റ്റംബറിൽ ആമസോൺ 2040 ഓടെ കാർബൺ ന്യൂട്രൽ ആകുമെന്നും കമ്പനി ഒരു ലക്ഷം ഇലക്ട്രോണിക് ഡെലിവറി ട്രക്കുകൾക്ക് ഓർഡർ നല്കുമെന്നും പ്രതിജ്ഞയെടുത്തിരുന്നു.

തന്റെ സോഷ്യൽ മീഡിയ പോസ്റ്റിൽ ബെസോസ് കുറച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തിയിരുന്നു. അതിനു നല്ല പ്രതികരണമാണ് അഭ്യുദയകാംക്ഷികളിൽ നിന്ന് ലഭിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

കാലാവസ്ഥാ വ്യതിയാന പ്രവർത്തകരെ പതിവായി ആക്രമിക്കുന്ന അമേരിക്കൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപുമായി ബെസോസ് പലപ്പോഴും ഏറ്റുമുട്ടിയിട്ടുണ്ട്.

# ഫോമാ 2020 സ്ഥാനാർത്ഥി സംഗമം സംഘടിപ്പിക്കുന്നു


**ഷോളി കുമ്പിളുവേലി**

ന്യൂയോർക്ക്: എംപയർ റീജന്റ് കൺവൻഷനോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ഫോമാ 2020 സ്ഥാനാർത്ഥി സംഗമവും സംവാദവും മെയ് 9ന് ശനിയാഴ്ച രാവിലെ 4 ന് റോക്ക്ലാന്റിലുള്ള സിത്താർ പാലസ് റെസ്റ്റോറന്റിൽ വെച്ച് നടത്തുന്നതാണെന്ന് കൺവൻഷൻ ചെയർമാൻ ജോൺ സി. വർഗീസും (സലിം) വൈസ് ചെയർമാൻ തോമസ് കോശിയും അറിയിച്ചു.

ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് മത്സരിക്കുന്ന എല്ലാ സ്ഥാനാർ







ത്ഥികളേയും പ്രസ്തുത സംഗമത്തിൽ പങ്കെടുപ്പിക്കുവാൻ ശ്രമിക്കുമെന്ന് റീജണൽ വൈസ് പ്രസിഡണ്ട് ഗോപിനാഥക്കുറുപ്പ് പറഞ്ഞു.

ജൂലൈ 6 മുതൽ 10 വരെ റോയൽ കരീബിയൻ ക്രൂസിൽ വെച്ച് നടക്കുന്ന ഫോമാ അന്താരാഷ്ട്ര കൺവൻഷനിൽ വെച്ചാണ് 2020-22 വർഷത്തേക്കുള്ള ഫോമാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നത്. ഫോമാ അന്താരാഷ്ട്ര കൺവൻഷനിൽ പങ്കെടുക്കുന്ന വിവിധ റീജനുകളിൽ നിന്നുള്ള പ്രതിനിധികളും എംപയർ റീജൺ സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കും. അവർക്ക് സ്ഥാനാർത്ഥികളോട് സംവദിക്കുന്നതിനും മത്സരാർത്ഥികൾക്ക് തങ്ങളുടെ ഭാഗം വിശദീകരിക്കുന്നതിനുമുള്ള അവസരം ഫോമാ ഡെലിഗേറ്റ് മീറ്റ് ആൻഡ് ഡിബേറ്റ് എന്നു നാമകരണം ചെയ്തിട്ടുള്ള ഈ സമ്മേളനത്തിൽ ഉണ്ടാകും.

ദൂരെ നിന്നു വരുന്നവർക്കുള്ള താമസ സൗകര്യം അടുത്തുള്ള ഹോട്ടലുകളിൽ ചെയ്യുന്നതാണ്. അത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

റീജണൽ കൺവൻഷന്റേയും സ്ഥാനാർത്ഥി സംഗമത്തിന്റെയും വിജയത്തിനായി ഫോമാ നാഷണൽ ട്രഷറർ ഷിനു ജോസഫ്, കൺവൻഷൻ പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രദീപ് നായർ, നാഷണൽ കമ്മിറ്റി അംഗങ്ങളായ സുരേഷ് നായർ, ഷോളി കുമ്പിളുവേലി, യൂത്ത് പ്രതിനിധി ആശിഷ് ജോസഫ്, റീജണൽ സെക്രട്ടറി ഷോബി ഐസക്, ട്രഷറർ അഭിലാഷ് ജോർജ്, യോങ്കേഴ്സ് മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജോഫ്രിൻ ജോസ്, ഇൻഡ്യൻ കൾചറൽ അസോസിയേഷൻ പ്രസിഡണ്ട് ജോസ് മലയിൽ, ഫോമാ നേതാക്കളായ ജെ. മാത്യൂസ്, സണ്ണി പൗലോസ്, സണ്ണി കല്ലൂപ്പാറ, അനിയൻ യോങ്കേഴ്സ്, തോമസ് പി. മാത്യു എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. എംപയർ റീജൻ സംഘടിപ്പിക്കുന്ന സ്ഥാനാർത്ഥി സംഗമത്തിലേക്ക് എല്ലാ ഫോമാ അംഗസംഘടനകളുടെ നേതാക്കളേയും സ്ഥാനാർത്ഥികളേയും സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് : ജോൺ സി. വർഗീസ് - 914 643 3700, തോമസ് കോശി - 914 310 2242

# പിസിഎൻഎകെ രജിസ്ട്രേഷൻ ഇളവ് മാർച്ച് 31 വരെ

അറ്റ്ലാന്റാ: പെൻസിൽവേനിയയിലെ ലാങ്കാസ്റ്റർ കൗണ്ടി കൺവൻഷൻ സെന്ററിൽ വെച്ച് 2020 ജൂലൈ 2 മുതൽ 5 വരെ നടത്തപ്പെടുന്ന മുപ്പത്തെട്ടാമത് നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫറൻസിന്റെ രജിസ്ട്രേഷൻ നിരക്ക് ഇളവോടുകൂടി ലഭിക്കുന്നതിന്റെ അവസാന തീയതി മാർച്ച് 31, 2020 വരെ ആയിരിക്കുമെന്നും കോൺഫറൻസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലായെങ്കിൽ എത്രയും വേഗം രജിസ്റ്റർ ചെയ്യണമെന്നും പിസിഎൻഎകെ നാഷണൽ സെക്രട്ടറി സാമുവൽ യോഹന്നാൻ അറിയിച്ചു.

സ്പോൺസേഴ്സിനായിരിക്കും കോൺഫറൻസ് സെന്ററിനോട് ഏറ്റവും അടുത്തുള്ള ഹോട്ടൽ മുറികൾ ലഭിക്കുന്നതിനുള്ള പ്രഥമ പരിഗണന. കോൺഫറൻസിൽ കടന്നുവരുന്നവർക്ക് ഏറ്റവും മെച്ചമായ നിലവാരത്തിലുള്ള താമസവും ഭക്ഷണവും നൽകുവാനുള്ള ക്രമീകരണങ്ങളാണ് നാഷണൽ കമ്മിറ്റിയും പ്രാദേശിക കമ്മിറ്റിയും അടങ്ങിയ സംഘാടകർ ചെയ്തു വരുന്നത്.

എന്നിൽ വസിപ്പിൻ (Abide in me) യോഹന്നാൻ 15:4 എന്നതാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ഈ മഹാസമ്മേളനത്തിന്റെ മലയാളം, ഇംഗ്ലീഷ് സെഷനുകളിൽ ഈ വിഷയങ്ങളെക്കുറിച്ച് പ്രഗത്ഭരായ പ്രസംഗകർ വചനശുശ്രൂഷ നടത്തുമെന്ന് നാഷണൽ കൺവീനർ പാസ്റ്റർ റോബി മാത്യു അറിയിച്ചു.

നോർത്ത് അമേരിക്കയിലും കാനഡായിലുമായി വിവിധ സംസ്ഥാനങ്ങളിൽ വെച്ച് നടത്തപ്പെടുന്ന പ്രമോഷണൽ യോഗങ്ങളിലും പിസിഎൻഎകെ രജിസ്ട്രേഷനും ധനസമാഹരണവും മികച്ച പ്രതികരണമാണ് എല്ലാ പട്ടണങ്ങളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത് എന്ന് നാഷണൽ ട്രഷറർ വിൽസൺ തരകൻ അറിയിച്ചു. ഫെബ്രുവരി 22 സൗത്ത് ഫ്ളോറിഡ, ഫെബ്രുവരി 23 സെന്റർ ഫ്ളോറിഡ, മാർച്ച് 7 ടെന്നസി, മാർച്ച് 22 ഒക്കലഹോമ എന്നീ പട്ടണങ്ങളിൽ വെച്ച് അടുത്ത പ്രമോഷണൽ യോഗങ്ങൾ നടക്കുന്നതാണ്.

പാസ്റ്റർ റ്റോബി മാത്യു (കൺവീനർ), ബ്രദർ സാമുവൽ യോഹന്നാൻ (സെക്രട്ടറി), ബ്രദർ വിൽസൻ തരകൻ (ട്രഷറർ), ബ്രദർ ഫിന്നി ഫിലിപ്പ് (യൂത്ത് കോ-ഓർഡിനേറ്റർ), സിസ്റ്റർ സോഫി വർഗീസ് (ലേഡീസ് കോ-ഓർഡിനേറ്റർ) എന്നിവരടങ്ങുന്ന ഭരണ സമിതിയാണ് 2020 പിസിഎൻഎകെയിക്ക് നേതൃത്വം നൽകുന്നത്. കൂടുതൽ വിവരങ്ങൾക്കും ഓൺലൈൻ രജിസ്ട്രേഷനും www.2020pcnak.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക

# കോൺഫറൻസ് ടീം യോങ്കേഴ്സ് ഇടവക സന്ദർശിച്ചു

**രാജൻ വാഴപ്പള്ളിൽ**

വാഷിങ്ടൺ ഡിസി: ജൂലൈ 15 മുതൽ 18 വരെ ന്യൂജേഴ്സിയിലെ അറ്റ്ലാന്റാ സിറ്റിയിൽ നടക്കുന്ന മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി കോൺഫറൻസ് ഫണ്ട് ശേഖരണ കമ്മിറ്റി അംഗങ്ങൾ യോങ്കേഴ്സ് സെ. തോമസ് ഓർത്തഡോക്സ് ഇടവക

ഭദ്രാസന അസംബ്ലി അംഗം സണ്ണി ജേക്കബ്, മലങ്കര അസോസിയേഷൻ അംഗം ജോസി മാത്യു എന്നിവരും യോഗത്തിൽ സന്നിഹിതരായിരുന്നു. തോമസ് വർഗീസ് കോൺഫറൻസിനെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും ഏപ്രിൽ

പുലവാച്ചേരിൽ കുരുവിളയും പുന്നൂസ് പുന്നനും ചേർന്ന് രജിസ്ട്രേഷൻ ചെക്ക് വികാരി വെരി റവ. ചെറിയാൻ നീലാങ്കൽ കോർ എപ്പിസ്കോപ്പയ്ക്ക് നല്കിക്കൊണ്ട് കിക്കോഫ് നിർവഹിച്ചു. തുടർന്ന് 12 കുടുംബങ്ങൾ രജിസ്റ്റർ ചെയ്യുകയും ചെക്കുകൾ ട്രഷറർ എബി കുര്യാക്കോസിനെ ഏല്പി



സന്ദർശിച്ചു. വിശുദ്ധ കുർബാനയ്ക്കു ശേഷം നടന്ന ചടങ്ങിൽ വികാരി വെരി റവ. ചെറിയാൻ നീലാങ്കൽ കോർ എപ്പിസ്കോപ്പയും അസി. വികാരി ഫാ. ഷോൺ തോമസും ചേർന്ന് ടീം അംഗങ്ങളായ എബി കുര്യാക്കോസ്, മറിയാമ്മ ഏബ്രഹാം, തോമസ് വർഗീസ് ജോൺ, താമരവേലിൽ, ഷിബു തരകൻ എന്നിവരെ സ്വാഗതം ചെയ്തു.

ഇടവകയിൽ നിന്നും സെക്രട്ടറി മാത്യു ജോർജ്, വിനോയ് തന്നേശ്ശേരി,

ഒന്നിനു മുമ്പ് രജിസ്റ്റർ ചെയ്താൽ ലഭിക്കുന്ന സൗജന്യനിരക്കിനെക്കുറിച്ചും വിവരിച്ചു. ജോൺ താമരവേലിൽ സ്പോൺസർഷിപ്പിനെക്കുറിച്ചും സുവനീറിലേക്ക് നല്കുന്ന പരസ്യങ്ങളെക്കുറിച്ചും ഷിബു തരകൻ സുവനീറിലേക്ക് നല്കുന്ന ആർട്ടിക്കിൾ, ചെറുകഥകൾ, ഗാനങ്ങൾ എന്നിവയെക്കുറിച്ചും സംസാരിച്ചു. മറിയാമ്മ ഏബ്രഹാം എല്ലാവരെയും കോൺഫറൻസിലേക്ക് ക്ഷണിച്ചു.

ക്കുകയും ചെയ്തു. നിരവധി അംഗങ്ങൾ സുവനീറിലേക്ക് പരസ്യങ്ങളും നല്കി. ഇടവകയിൽ നിന്നും വേണ്ട ക്രമീകരണങ്ങൾ നല്കിയ കുര്യാക്കോസ് തര്യൻ, പുന്നൂസ് പുന്നൻ എന്നിവരെ കോൺഫറൻസ് കമ്മിറ്റി അഭിനന്ദിച്ചു. ട്രഷറർ എബി കുര്യാക്കോസ് ഇടവകയിൽ നിന്നും സഹായസഹകരണങ്ങൾക്ക് നന്ദി പറയുകയും മുൻകാലങ്ങളിൽ നല്കിയിട്ടുള്ള സഹായങ്ങളെ സ്മരിക്കുകയും ചെയ്തു.

# ക്ലിഫ്ടൺ ഇടവക സന്ദർശിച്ചു

വാഷിങ്ടൺ ഡിസി: ജൂലൈ 15 മുതൽ 18 വരെ ന്യൂജേഴ്സിയിലെ അറ്റ്ലാന്റാ സിറ്റിയിൽ നടക്കുന്ന മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി കോ

ഗങ്ങളായ സോഫി വിത്സൺ, സജി പോത്തൻ, അജോയ് ജോർജ്, മത്തായി ചാക്കോ എന്നിവരെ സ്വാഗതം ചെയ്തു. കോൺഫറൻസിനെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും സുവനീറി

ക്കോഫ് നിർവഹിച്ചു. നിരവധി അംഗങ്ങൾ കോൺഫറൻസിലേക്ക് രജിസ്റ്റർ ചെയ്യുകയും സുവനീറിലേക്ക് പരസ്യങ്ങൾ നല്കുകയും ചെയ്തു. മലങ്കര അസോസിയേഷൻ അംഗം മനു ജോ



ൺഫറൻസ് ഫണ്ട് ശേഖരണ കമ്മിറ്റി അംഗങ്ങൾ ക്ലിഫ്റ്റൺ സെ. ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക സന്ദർശിച്ചു. ഫെബ്രുവരി 9ന് വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന ചടങ്ങിൽ വികാരി ഫാ. മാത്യു തോമസ് ടീം അം

ലേക്ക് നല്കുന്ന പരസ്യങ്ങളെക്കുറിച്ചും വിവരങ്ങൾ നല്കി. സോഫി വിൽസൺ എല്ലാ ഇടവകാംഗങ്ങളെയും കോൺഫറൻസിലേക്ക് ക്ഷണിച്ചു.

ഫാ. മാത്യു തോമസും സോഫി വിൽസനും ചേർന്ന് രജിസ്ട്രേഷൻ കി

ർജ്, ഇടവക സെക്രട്ടറി വർഗീസ് പി. മത്തായി, ട്രസ്റ്റി ബിജു കൊട്ടാരത്തിൽ എന്നിവരും യോഗത്തിൽ പങ്കെടുത്തു. ഇടവകയിൽ നിന്നും നല്കിയ സഹായസഹകരണങ്ങൾക്ക് കോൺഫറൻസ് കമ്മിറ്റി നന്ദി അറിയിച്ചു.

# കേരള ക്രിക്കറ്റ് ലീഗിന്റെ വാർഷികാഘോഷവും ഫാമിലി നൈറ്റും വൻവിജയം

ന്യൂയോർക്ക്: കേരള ക്രിക്കറ്റ് ലീഗ് യുഎസ്എയുടെ അഞ്ചാമത് വാർഷികാഘോഷ ചടങ്ങുകളും ഫാമിലി



നൈറ്റും വിജയകരമായി. ന്യൂയോർക്കിൽ സംഘടിപ്പിച്ചു. വർണശബളമായ ആഘോഷപരിപാടികളിൽ സാമൂഹിക സാംസ്കാരിക രാഷ്ട്രീയരംഗത്തെ പ്രമുഖരും മലയാളി സംഘടനകളിലെ നേതാക്കളും സംബന്ധിച്ചു.

ന്യൂയോർക്ക് സെനറ്റർ കെവിൻ തോമസിന്റെ പ്രതിനിധി മാർക്ക്, കോമൺവെൽത്ത് ലീഗ് പ്രസിഡണ്ട് ലെസ്ലി ലോ, യുഎസ്എ ക്ലബ് ക്രിക്കറ്റ് ഡയറക്ടർ അജിത് ഭാസ്കർ തുടങ്ങിയവർ ചടങ്ങിൽ മുഖ്യാതിഥികളായിരുന്നു. കേരള ക്രിക്കറ്റ് ലീഗ് യുഎസ്എയുടെ അഞ്ചാം വാർഷിക ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിച്ച മാർക്ക്, സെനറ്റർ ഓഫീസിന്റെ പേരിൽ മെമന്റോ കേരള ക്രിക്കറ്റ് ലീഗിന് സമ്മാനിച്ചു. തുടർന്ന് യുഎസ്എ ക്ലബ് ക്രിക്കറ്റ് ഡയറക്ടർ അഭിജിത് ഭാസ്കറും സിസിഎൽ പ്രസിഡണ്ട് ലെസ്ലി ലോയും സംയുക്ത കെസിഎൽ യുഎസ്എയുടെ അഞ്ചാം വർഷത്തെ സുവനിയർ 22 യാർഡ് പ്രസിദ്ധീകരിച്ചു.

ലീഗിന്റെ ഗ്രാൻഡ് സ്പോൺസർ സ്പെക്ട്രം, ഓട്ടോ ഭാരവാഹികളായ ബിനു ബേബി, പ്രിൻസ് ബേബി എന്നിവരും പ്ലാറ്റിനം സ്പോൺസേഴ്സ് ഗ്ലോബൽ ഐടി ചെയർമാൻ സജിത്ത് നായർ, സൺ റൺ എന്നിവയുടെ പ്രതിനിധികളും മറ്റ് സ്പോൺസർമാരായ ഗ്രാൻഡ് റസ്റ്റോറന്റ്, ഇവന്റ്ഗ്രാം, സിഇഒ ജോജോ കൊട്ടാരക്കര, ജിബി എം. തോമസ്, ക്വിക് മോർട്ട്ഗേജ്, ടോം ജോസഫ്, ഇമേജിൻ ഡിജിറ്റൽ, ലൂസൈഡ്സെവൻ പ്രൊഡക്ഷൻസ് ബേസിൽ കുര്യാക്കോസ് തുടങ്ങിയവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

തുടർന്നു നടന്ന സമ്മാനദാന ചടങ്ങിൽ കഴിഞ്ഞ സീസണിൽ ഉജ്വലപ്രകടനത്തിലൂടെ ശ്രദ്ധയാകർഷിച്ച ലീഗ് പ്ലയേഴസിന് അവാർഡുകൾ നല്കുകയും വിജയികളായ ടീമിന് ട്രോഫി സമ്മാനിക്കുകയും ചെയ്തു. ആഘോഷ പരിപാടികളോടനുബന്ധിച്ച് നടന്ന ലീഗ് മെംബേഴ്സിന്റെ വൈവിദ്ധ്യമാർന്ന കലാവിരുന്നും ന്യൂയോർക്ക് എൻആർഐ ബാൻഡിന്റെ സംഗീതപരിപാടിയിൽ മയൂര ഡാൻസ് സ്കൂളിന്റെ നൃത്തവും ആഘോഷപരിപാടികളുടെ മാറ്റ്കൂട്ടി.

വരുംവർഷങ്ങളിൽ ക്രിക്കറ്റിനൊപ്പം തങ്ങളുടെ ചാരിറ്റി വിങ് ആയ കെസിഎൽ, ഹെല്പിങ് ഹാൻഡ്സിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനും അതോടൊപ്പം ട്രൈസ്റ്റേറ്റിലെ കൂടുതൽ ടീമുകളെ പങ്കെടുപ്പിച്ച് കേരള ക്രിക്കറ്റ് ലീഗ് മത്സരങ്ങൾ വിപുലീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതായും ഭാരവാഹികൾ അറിയിച്ചു.

# ത്രിദിന നോമ്പുകാല ധ്യാനം

ഫിലാഡൽഫിയ: നോർത്തീസ്റ്റ് അമേരിക്കൻ ഓർത്തഡോക്സ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ മൂന്ന് ദിവസത്തെ ധ്യാനവും ഉപവാസ പ്രാർത്ഥനയും ഭദ്രാസനത്തിന്റെ ഹോളി ട്രാൻസ്ഫിഗറേഷൻ ധ്യാനകേന്ദ്രത്തിൽ മാർച്ച് 12, 13, 14 തീയതികളിൽ നടക്കുന്നു.

മനസ്സിന്റെ കെട്ടുകളഴിക്കുവിൻ എന്ന വിഷയത്തെ കേന്ദ്രീകരിച്ച് ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ സഖറിയ മാർ നിക്കോളോവോസ് തിരുമേനിയുടെയും വൈദികരായ റവ.ഡോ. ജോൺസൺ സി. ജോൺ, റവ.ഫാ. വി.എം. ഷിബു എന്നിവരുടെയും ആത്മീയ നേതൃത്വത്തിൽ പ്രഭാഷണങ്ങളും ധ്യാനവും ഉണ്ടായിരിക്കും. വിശുദ്ധ കുമ്പസാരത്തിനും അവസരം ഉണ്ടായിരിക്കുന്നതാണ്.

മാർച്ച് 12ന് വ്യാഴാഴ്ച വൈകുന്നേരം 5ന് ആരംഭിച്ച് ശനിയാഴ്ച രാവിലെ വിശുദ്ധ കുർബാനയോടെ 11ന് അവസാനിക്കും. വ്യക്തികൾക്കും കുടുംബം മുഴുവനായും രജിസ്റ്റർ ചെയ്യാവുന്നതാണ്. സ്വസ്ഥമായ പ്രകൃതി മനോഹര അന്തരീക്ഷത്തിൽ അല്പം സമയം ചെലവഴിച്ച് മനസ്സിനെ സ്വതന്ത്രമാക്കി ഒരു പുതിയ ജീവിതത്തിലേക്ക് കടക്കുവാൻ ആഗ്രഹിക്കുന്നവർ ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

നോമ്പിലെ പ്രാർത്ഥനകൾ ഉരുവിട്ട് ശാന്തമായ അന്തരീക്ഷത്തിൽ ദൈവിക ദർശനത്തിൽ ഉറ്റിരിക്കുവാൻ നല്ല അവസരമാണിത്.

കൂടുതൽ വിവരങ്ങൾക്കും രജിസ്റ്റർ ചെയ്യുവാനും ബന്ധപ്പെടുക: റവ.ഫാ. എം.കെ. കുര്യാക്കോസ് 201 681 1078, റവ.ഫാ.ഡോ. വർഗീസ് ദാനിയേൽ 203 508 2690.

ടെക്സ്റ്റിങ്, വാട്സാപ്പ് എന്നീ മാധ്യമങ്ങളിലൂടെയും വിവരം അറിയിക്കാവുന്നതാണ്. ഇ-മെയിൽ: kuriakosem@hotmail.com

# ഫുഡ്ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു



ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് ഇടവകയിൽ വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഫുഡ്ഫെസ്റ്റ് സംഘടിപ്പിച്ചു. അമ്പത് നോമ്പിന് ഒരുക്കമായി തിരിഞ്ഞുനോക്കലിന്റെ സന്ദേശവുമായി ആചരിച്ച പേത്രത്താ ദിനത്തോടനുബന്ധിച്ചായിരുന്നു ഫുഡ് ഫെസ്റ്റ് സംഘടിപ്പിച്ചത്. പ്രശസ്ത സിനിമാതാരം സുനിൽ സുഗതൻ ഫുഡ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു.

ഇതുവഴി സമാഹരിക്കുന്ന തുക നോമ്പ് കാലത്ത് വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുമെന്ന് സംഘാടകർ അറിയിച്ചു.

# ക്യാമ്പസ് മിനിസ്ട്രി സംഘടിപ്പിച്ചു

ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ചിക്കാഗോ യുഐസി യൂണിവേഴ്സിറ്റി ക്യാമ്പസ് മിനിസ്ട്രിയുടെ ഭാഗമായി വി. കുർബാനയും കൂട്ടായ്മയും സംഘടിപ്പിച്ചു.

25-ഓളം കുട്ടികൾ സംഗമത്തിൽ പങ്കെടുത്തു. ഫാ. ബിൻസ് ചേത്തലിൽ വി. കുർബാനയ്ക്ക് നേതൃത്വം നല്കി. കോ-ഓർഡിനേറ്റർ ക്രിസ് കട്ടപ്പുറം യുവജനങ്ങൾക്കായി നടത്തുന്ന കർമ്മപദ്ധതികളെക്കുറിച്ച് വിശദീകരിച്ചു. സ്നേഹവിരുന്നും ക്രമീകരിച്ചിരുന്നു.

# വനിതാദിനത്തിൽ പുതുമയാർന്ന കർമ്മപദ്ധതികൾ

ചിക്കാഗോ സെ.മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ ദശവത്സരത്തോടനുബന്ധിച്ച് മാർച്ച് എട്ടിന് ഞായറാഴ്ച ആഗോള വനിതാദിനം പ്രത്യേക പരിപാടികളോടെ ആഘോഷിക്കുന്നു.

വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി നാട്ടിലെ 101 വനിതകൾക്ക് സ്വയം തൊഴിലിന്റെ ഭാഗമായി 101 തയ്യൽ മെഷീൻ സമ്മാനമായി നല്കും. അതിനുള്ള പ്രത്യേക പരിശീലന കോഴ്സും സൗജന്യമായി നല്കുന്നതാണ്.

ദശവത്സരത്തിലെ ഈ കാരുണ്യ സ്പർശനത്തിന് വനിതകളുടെ ഇടയിൽ നിന്നും ആത്മാർത്ഥമായ സഹകരണമാണ് ലഭിക്കുന്നത്. അതോടൊപ്പം വനിതകൾക്കായി പുതുമയാർന്ന വിവിധയിനം മത്സരങ്ങളും ഇടവകയുടെ വിമൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

## സ്വർണ്ണം, റബർ മാർക്കറ്റ്

(ഫിലാഡൽഫിയ ബ്യൂറോ)

### സ്വർണ്ണം

| | |
|---|---|
| 8 ഗ്രാം | 29720 |
| 1 ഗ്രാം | 3715 |

### റബർ

| | |
|---|---|
| കോട്ടയം | 13750 |
| കൊച്ചി | 13750 |
| കോഴിക്കോട് | 13450 |

### രാജ്യാന്തരം

| | |
|---|---|
| ബാങ്കോക്ക് | |
| ആർ.എസ്.എസ്.-1 | 11711 |
| ആർ.എസ്.എസ്.-2 | 11571 |
| ആർ.എസ്.എസ്.-3 | 11442 |
| ആർ.എസ്.എസ്.-4 | 11371 |
| എസ്.എം.ആർ.-20 | 10467 |

# പ്രണയദിനത്തിൽ അവതരിപ്പിച്ച പ്രണയാദ്രം അവിസ്മരണീയം

ഗാർലന്റ്: ലോകപ്രണയ ദിനത്തിൽ ഡാളസ്സിൽ അരങ്ങേറിയ പ്രണയാദ്രം നാടകം കാണികളുടെ മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റി. ഡാളസ് ഫോർട്ട് വർത്ത് മെട്രോപ്ലെക്സിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നിരവധി നാടകാസ്വാദകരാണ് ഭരത് കലാ തിയേറ്റേഴ്സിന്റെ പ്രണയാദ്രം നാടകം കാണുന്നതിന് ഫെബ്രുവരി 15ന് ഡാളസ് ഗാർലന്റ് കിയാ ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്നത്. നാടകാവതരണത്തിലും ആശയസമ്പന്നതയിലും ഉയർന്ന നിലവാരം പുലർത്തിയ സലിൽ ശ്രീനിവാസിന്റെ തൂലികയിൽ നിന്നും പിറന്ന പ്രണയാദ്രം അവസാനനിമിഷം വരെ ആകാംക്ഷയോടെയാണ് കാണികൾ ആസ്വദിച്ചത്.



ഡാളസ് ഫോർട്ട് വർത്തിലെ ഒരുകൂട്ടം ചെറുപ്പക്കാരായ കലാകാരന്മാർ ചേർന്ന് രൂപീകരിച്ച ഭരതകലാ തിയേറ്റേഴ്സിന്റെ ബാനറിൽ ലോസ്റ്റ് വില്ല്, സൂര്യപുത്രൻ, സൈലന്റ് നൈറ്റ് തുടങ്ങിയ നാടകങ്ങൾ ഇതിനകംതന്നെ ഡാളസിലെ വിവിധ സ്റ്റേജുകളിൽ അവതരിപ്പിച്ചുകഴിഞ്ഞു. പുത്തൻ പ്രമേയങ്ങളുമായി ഇസബെൽ, അധിനയുടെ കാറുകൾ എന്നീ രണ്ട് നാടകങ്ങൾ കൂടി അണിയറയിൽ അണിഞ്ഞൊരുങ്ങുന്നതായി ഇതിനു ചുക്കാൻ പിടിക്കുന്ന അനുഗൃഹീത കലാകാരന്മാരും ഗായകരുമായ ഹരിദാസ് തങ്കപ്പൻ, അനശ്വർ മാംമ്പിള്ളി എന്നിവർ അറിയിച്ചു.

അമേരിക്കയിൽ മലയാള ഭാഷയുടെ പ്രസക്തി അനുദിനം കുറഞ്ഞുവരുമ്പോഴും മാതൃഭാഷയെ മാറോടണച്ച്, ഭാഷയുടെ ഉന്നമനത്തിനായി ഭരത് കലാതിയേറ്റേഴ്സ് നടത്തുന്ന ഭഗീരഥപ്രയത്നങ്ങൾ പ്രത്യേകം അഭിനന്ദനാർഹമാണ്. പ്രണയാദ്രത്തിന്റെ പിന്നണിയിൽ പ്രവർത്തിച്ച ഷാലു ഫിലിപ്പ്, ജിജി പി. സ്കറിയ, ജിപ്സൺ, ജോമി ഫ്രാൻസിസ്, അഭിനേതാക്കളായ ഐറിൻ കല്ലൂർ, ജയ്സൺ, അനുരഞ്ജ് ജോസഫ്, ഷാജി മാത്യു എന്നിവരാണ് കൂടുതൽ വിവരങ്ങൾക്ക്: അനശ്വർ മാംമ്പിള്ളി 203 400 9266.


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com


7 മലയാളം ചാനൽ, മാസം $13.33 മാത്രം
ഒരു വർഷത്തേക്ക് $160.00 ഒരുമിച്ച് അടക്കുക. *
മഴവിൽ manorama
SURYA
SURYA MOVIE
KAIRALI
KAIRALI NEWS
NEWS 18 കേരളം
WILLOW
INDIA TODAY TELEVISION
NDTV 24x7
dish അമേരിക്കയിലെ അംഗീകൃത മലയാളം ചാനൽ വിതരണക്കാർ.
sling
UNITED MEDIA DVP INC
AUTHORIZED RETAILER
UNITEDMEDIALIVE.COM
unitedmediads@gmail.com
Call: 972 839 9080 - 914 954 9586
മഴവിൽ മനോരമ, സൂര്യ, സൂര്യ സിനിമ, കൈരളി, കൈരളി ന്യൂസ്, കൈരളി വി ചാനൽ, ചാനൽ 18 മലയാളം ന്യൂസ്, രണ്ടു ക്രിക്കറ്റ് ചാനൽ. കൂടാതെ നിരവധി ഫ്രീ ചാനലുകളും




# യുട്യൂബിൽ തരംഗമായി ഹിന്ദി പുലിമുരുകൻ



ആദ്യമായി 100 കോടി ക്ലബിൽ ഇടംപിടിച്ച മലയാള ചിത്രമായിരുന്നു പുലിമുരുകൻ. വൈശാഖ് സംവിധാനം ചെയ്ത് 2016ൽ റിലീസ് ചെയ്ത ചിത്രം മലയാള സിനിമയുടെ ചരിത്രത്തിലെ എക്കാലത്തേയും ഹിറ്റായി.

തമിഴ്, തെലുങ്ക് ഭാഷകളിൽ പുലിമുരുകൻ ഡബ്ബ് ചെയ്ത് ഇറങ്ങിയിരുന്നുവെങ്കിലും ഹിന്ദി ഡബ്ബ് വേർഷൻ മറ്റൊരു റെക്കോർഡ് സൃഷ്ടിച്ചിരിക്കുകയാണ്. പുലിമുരുകന്റെ ഹിന്ദി ഡബ്ബ് പതിപ്പ് യുട്യൂബിൽ 60 മില്യൺ പ്രേക്ഷകർ കണ്ടുകഴിഞ്ഞു.


ഇന്ത്യൻ പ്രേക്ഷകർക്കൊപ്പം വിദേശരാജ്യങ്ങളിൽ നിന്നുള്ള പ്രേക്ഷകരും ചിത്രവും മോഹൻലാൽ തങ്ങളെ അത്ഭുതപ്പെടുത്തിയെന്ന കമന്റുകൾ ചിത്രത്തിനു നൽകിയിട്ടുണ്ട്.

പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ഇൻഡോനേഷ്യ, സാമ്പിയ, കാനഡ എന്നിവിടങ്ങളിൽ നിന്നുള്ള പ്രേക്ഷകർ മോഹൻലാലിന്റെ അഭിനയ പാടവത്തെ പുകഴ്ത്തി രംഗത്തെത്തിയിട്ടുണ്ട്.

ആഫ്രിക്കൻ ഭാഷകളിലും ഇംഗ്ലീഷിലും ചിത്രം ഡബ്ബ് ചെയ്യണമെന്ന ആവശ്യമാണ് ചിലർ മുന്നോട്ട് വെച്ചിരിക്കുന്നത്. ചിലർ ഇംഗ്ലീഷ് സബ് ടൈറ്റിൽ വേണമെന്ന് ആവശ്യപ്പെടുന്നു. ഷേർ കാ ശിക്കാർ എന്ന പേരിലാണ് യുട്യൂബിൽ ചിത്രം റിലീസ് ചെയ്തത്. ഉദയകൃഷ്ണയാണ് ചിത്രത്തിന് തിരക്കഥ രചിച്ചത്. മുളകുപാടം ഫിലിംസിന്റെ ബാനറിൽ ടോമിച്ചൻ മുളകുപാടമാണ് ചിത്രം നിർമിച്ചത്.

## കൈദിയുടെ ഹിന്ദി പകർപ്പിൽ ഹൃത്വിക് റോഷൻ

തമിഴകത്തിനു പുതിയ കാഴ്ചയും അവതരണവും സമ്മാനിച്ചു പോയ വർഷത്തെ വലിയ വിജയം നേടിയ ചിത്രമായിരുന്നു കൈദി. ഏറെ പ്രശംസ നേടിയ ചിത്രത്തിനു ഹിന്ദി റീമേക്ക് ഒരുങ്ങുന്നതായി മുമ്പ് റിപ്പോർട്ട് വന്നിരുന്നു. ഇപ്പോൾ കൈദിയുടെ റീമേക്കിൽ ഹൃത്വിക് റോഷൻ നായകനാകുന്നതായി ഔദ്യോഗിക സ്ഥിരീകരണം. തമിഴിൽ കൈദി ഒരുക്കിയ ലോകേഷ് കനകരാജ് തന്നെയാണ് ഹിന്ദി പതിപ്പും സംവിധാനം ചെയ്യുന്നത്. റിലയൻസ് എന്റർടെയ്ൻമെന്റ് ഡ്രീം വാരിയർ പിക്ചേഴ്സുമായി ചേർന്നാണ് ചിത്രം നിർമിക്കുന്നത്. മുമ്പ് കൈദിയുടെ ഹിന്ദി പതിപ്പിനായി അജയ് ദേവഗണിനെ അണിയറ പ്രവർത്തകർ സമീപിച്ചിരുന്നതായി റിപ്പോർട്ടുകൾ ഉണ്ടായിരുന്നു.



സംവിധാകൻ ലോകേഷ് കനകരാജ് ഇപ്പോൾ വിജയ് നായകനാകുന്ന മാസ്റ്റർ എന്ന ചിത്രത്തിന്റെ ഷൂട്ടിംഗിലാണ്. മാസ്റ്റർ പൂർത്തിയാക്കിയതിനു ശേഷം ഈ വർഷം ഹിന്ദി പതിപ്പ് ആരംഭിക്കും. ഒരു രാത്രി നടക്കുന്ന സംഭവങ്ങൾ ത്രില്ലർ മൂഡിൽ ഒരുക്കിയ കൈദിയിൽ മലയാളി താരം നരേൻ, ഹരീഷ് പേരടി, രമണ, ഹരീഷ് ഉത്തമൻ തുടങ്ങിയ വലിയ താരനിര എത്തിയിരുന്നു.

## പ്രണയദിനത്തിൽ ആശംസകളുമായി കേശുവും രത്നമ്മയും



ഈവർഷത്തെ പ്രണയദിനത്തിൽ പ്രേക്ഷകർക്ക് ആശംസകളുമായി എത്തിയത് കേശുവും ഭാര്യ രത്നമ്മയുമാണ്. മുപ്പതാം വിവാഹവാർഷിക ദിനത്തിലാണ് ആശംസകൾ പകർന്നത്. കേശുവായി ദിലീപും രത്നമ്മയായി ഉർവശിയുമാണ് എത്തിയിരിക്കുന്നത്. നാദിർഷ സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിലെ കഥാപാത്രങ്ങളാണ് ഇരുവരും.

കേശു ഈ വീടിന്റെ നാഥൻ എന്ന് പേരിട്ടിരിക്കുന്ന ചിത്രത്തിലൂടെ ആദ്യമായി ദിലീപും ഉർവശിയും ജോഡികളാവുകയാണ്. ദേശീയ പുരസ്കാര ജേതാവായ സജീവ് പാഴൂരാണ് ചിത്രത്തിനു രചന ഒരുക്കിയിരിക്കുന്നത്.

60 വയസുകഴിഞ്ഞ് കഷണ്ടി കയറി, വട്ടക്കണ്ണട വെച്ച കേശുവിന്റെ രൂപം പ്രേക്ഷകരെ ഏറെ ആവേശത്തിലാക്കിയിരുന്നു. കേശുവിനും രത്നമ്മയ്ക്കുമൊപ്പം തണ്ണീർമത്തൻ ഫെയിം നസ്‌ലിൻ, ജൂൺ ഫെയിം വൈഷ്ണവി എന്നിവർ മക്കളായി ചിത്രത്തിൽ എത്തുന്നു. സിദ്ധിഖ്, ഹരിശ്രീ അശോകൻ, കലാഭവൻ ഷാജോൺ, സലീം കുമാർ, ഹരീഷ് കണാരൻ, ശ്രീജിത്ത് രവി, അനുശ്രീ, സ്വാസിക, മഞ്ജു പത്രോസ്, സീമാ ജി. നായർ തുടങ്ങിയവരും ചിത്രത്തിൽ എത്തുന്നുണ്ട്.

## ചങ്ങായ്



സുധേഷ് സംവിധാനം ചെയ്യുന്ന പുതിയ ചിത്രമാണ് ചങ്ങായ്. പ്ലസ്ടുവിന് പഠിക്കുന്ന രണ്ടു കുട്ടികളുടെ സൗഹൃദത്തിന്റെ കഥ പറയുന്ന ചിത്രത്തിൽ പറവ എന്ന ചിത്രത്തിലൂടെ ശ്രദ്ധേയരായ അമൽ ഷാ, ഗോവിന്ദ് പൈ എന്നിവരാണ് കേന്ദ്രകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. സന്തോഷ് കീഴാറ്റൂർ, ജാഫർ ഇടുക്കി, ശിവജി ഗുരുവായൂർ, വിനോദ് കോവൂർ, കോട്ടയം പ്രദീപ്, അനു ജോസഫ്, പുതുമുഖം ശ്രീലക്ഷ്മി എന്നിവർ അഭിനയിക്കുന്നു. മുഹമ്മദ് ഷഫീഖ് തിരക്കഥ രചിക്കുന്നു. ഷഹിതാ നസീറിന്റെ ഗാനങ്ങൾക്ക് മോഹൻ സിതാര ഈണം പകരുന്നു. പ്രശാന്ത് മാധവാണ് ഛായാഗ്രാഹകൻ.

## ഇടി മഴ കാറ്റ്

പ്രകൃതിയുടെ പ്രതിഭാസമാണ് ഇടി മഴ കാറ്റ്. ഒന്ന് ഒന്നിനോട് ബന്ധപ്പെട്ടു കിടക്കുന്നു. ഈ നാടിന്റെ നേർരേഖ സിമ്പോളിക്കായി വരച്ചുകാട്ടുന്ന ഒരു ചിത്രമാണ് ഇടി മഴ കാറ്റ്. വിബ്




ആർട്ട്സ് നിർമ്മിക്കുന്ന ഈ ചിത്രം നിരവധി ജനകീയ പരമ്പരകൾ സംവിധാനം ചെയ്ത് ശ്രദ്ധനേടിയ അമ്പിളി എസ്. രംഗന്റെ ബിഗ് സ്ക്രീനിലേക്കുള്ള കടന്നുവരവ് കൂടിയാണ്. ബംഗാളിൽ നിന്നെത്തിയ ഒരു പെൺകുട്ടിയുടെ ജീവിതത്തിലൂടെയാണ് ഈ ചിത്രത്തിന്റെ കഥ നടക്കുന്നത്. ഒരു ഫ്ളാഷ്ബാക്കിൽക്കൂടിയാണ് കഥയിലേക്ക് പ്രവേശിക്കുന്നത്. വയനാട്ടിലെ ഒരു റീഹാബിലിറ്റേഷൻ സെന്ററിൽ സ്വീപ്പറായി എത്തുകയാണ് വളരെ പാവപ്പെട്ട ഒരു ബംഗാളി കുടുംബത്തിലെ അംഗമായ സൗഗാഥ.

ഇവിടെവെച്ച് അവൾ കാണുന്ന നാലുപേരാണ് പെരുമാൾ, സുജിത്, ഡേവിഡ്, ബുഹാരി എന്നിവർ. നാലുപേരും പരസ്പരം ബന്ധമില്ലാത്തവർ പക്ഷേ, നാലുപേർക്കും ഇവിടെ എത്തപ്പെടേണ്ടതായ ചില സാഹചര്യങ്ങൾ ഉണ്ടാകുന്നു. ഒരു ത്രില്ലർ മൂഡിലാണ് ഈ ചിത്രത്തെ സംവിധായകനായ അമ്പിളി എസ്. രംഗൻ അവതരിപ്പിക്കുന്നത്.

ചെമ്പൻ വിനോദ് ജോസാണ് പെരുമാളിനെ അവതരിപ്പിക്കുന്നത്. സുജിത്ത്, ഡേവിഡ്, ബുഹാരി എന്നിവരെ യഥാക്രമം ശ്രീനാഥ് ഭാസി, ശരൺജിത്ത്, സാബുമോൻ എന്നിവരവതരിപ്പിക്കുന്നു. ബംഗാളി നടി പൂജാഡബെയാണ് സൗഗാഥയെ അവതരിപ്പിക്കുന്നത്. ശേഖൻ മേനോൻ, സെന്തിൽ കൃഷ്ണ, അസീസ് നെടുമങ്ങാട്, അച്ചുതൻ, ശിവദാസ് മട്ടന്നൂർ, ഗീതി, സംഗീത, പ്രിയംവദ എന്നിവരും പ്രധാന താരങ്ങളാണ്.

## രാജീവ് രവി– ആസിഫ് അലി ചിത്രം കുറ്റവും ശിക്ഷയും

രാജീവ് രവിയും ആസിഫ് അലിയും ആദ്യമായി ഒന്നിക്കുന്ന പോലീസ് ത്രില്ലർ ചിത്രമാണ് കുറ്റവും ശിക്ഷയും. തിരക്കഥാകൃത്തും നാടക രചയിതാവുമായ ഗോപൻ ചിദംബരം സിച്ചോൺ നിർവഹിച്ച് ചിത്രീകരണം പുരോഗമിക്കുന്ന കുറ്റവും ശിക്ഷയും കേരളത്തിലും രാജസ്ഥാനിലുമായി രണ്ട് ഷെഡ്യൂളുകളിലായി പൂർത്തിയാക്കും.



ഫിലിംറോൾ പ്രൊഡക്ഷൻസിന്റെ ബാനറിൽ അരുൺകുമാർ വി.ആർ. നിർമിക്കുന്ന ചിത്രത്തിൽ ആസിഫ് അലിയെ കൂടാതെ സണ്ണിവെയ്ൻ, അലൻസിയർ, ഷറഫുദ്ദീൻ, സെന്തിൽ എന്നിവർ മുഖ്യകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. തൊണ്ടിമുതലും ദൃക്സാക്ഷിയും എന്ന ചിത്രത്തിലൂടെ പ്രശസ്തനായ സിബി തോമസിന്റേതാണ് കഥ. മാധ്യമപ്രവർത്തകനായ ശ്രീജിത്ത് ദിവാകരനും സിബി തോമസും ചേർന്നാണ് തിരക്കഥ തയാറാക്കിയിട്ടുള്ളത്.

വലിയപെരുന്നാൾ, തൊട്ടപ്പൻ, കിസ്മത്ത് എന്നീ ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ സുരേഷ് രാജൻ ഛായാഗ്രഹണം നിർവഹിക്കുന്നു.



## പകൽക്കിനാവ്

ജോർജ് തുമ്പയിൽ
189
thumpayil@aol.com

# നമസ്തേ ട്രംപ്

ഇന്ത്യയിലെത്തുന്ന അമേരിക്കൻ പ്രസിഡണ്ട് ട്രംപിന് ഭക്ഷണം നൽകുന്നത് സ്വർണ തളികയിൽ എന്ന വാർത്തയിൽ തുടങ്ങി, മതിൽക്കെട്ട് വരെ വിവാദമായ പശ്ചാത്തലത്തിൽ ഒന്നു ചിന്തിക്കാം. എന്തിനാണ് ഇന്ത്യ ഈ വിധേയത്വം കാണിക്കുന്നത്. എന്തിനാണ് അമേരിക്കയെ ഇന്ത്യ ഭയാശങ്കകളോടെ നേരിടുന്നത്. എന്തിനാണ്, ഒന്നു വിരൽ ഞൊടിച്ചപ്പോൾ കടൽ കടന്ന് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കയിൽ ഓടിയെത്തിയത്. ട്രംപിന്റെ രണ്ടു മണിക്കൂർ അഹമ്മദാബാദ് പര്യടനത്തിനു വേണ്ടി മാത്രം യുഎസ് ചെലവഴിക്കുന്നത് 170 കോടി രൂപയാണ്. ഇന്ത്യ ചെലവഴിക്കുന്നത് അതിന്റെ നാലിരട്ടിയാവണം, കണക്ക് ഇതു വരെ പുറത്തു വിട്ടിട്ടില്ല. പ്രധാനമന്ത്രിക്കു നൽകുന്ന എസ്പിജി സുരക്ഷ ട്രംപിനും കൊടുക്കാൻ അസാധാരണമായ ഉത്തരവ് ആഭ്യന്തരമന്ത്രാലയം പുറത്തിറക്കിയിരിക്കുന്നു. എന്നാൽ ട്രംപിനെ മീറ്ററുകളോളം ദൂരെ നിന്നു കാണാൻ മാത്രമേ ഈ പ്രത്യേക സുരക്ഷാഭടന്മാർക്കും കഴിയും. അത്തരത്തിലൊരു കണ്ണിനു വിരുന്നാകുന്ന വലിയൊരു പൂരമായി ട്രംപ് ഷോ മാറുമ്പോൾ, അത് ഏഷ്യൻ രാജ്യങ്ങൾക്ക് നൽകുന്ന ഒരു സന്ദേശം കൂടിയുണ്ട്. അതിനെ ഇന്ത്യ വേദിയാക്കുന്നുവെന്നു മാത്രമേ പറയാനാവൂ!

ഫെബ്രുവരി 24-ന് ഇന്ത്യയിൽ കാലുകുത്തുന്ന ട്രംപിന്റെ ഒരുക്കങ്ങൾക്ക് വേണ്ടി രണ്ടാഴ്ചയായി യുഎസ് ഉദ്യോഗസ്ഥർ ഇന്ത്യയിലുണ്ട്. പ്രത്യേകിച്ച് അഹമ്മദാബാദിൽ. ഇവിടെ ട്രംപ് കടന്നു പോകുന്ന വഴിയിലെ ചേരി അദ്ദേഹത്തിന്റെ കണ്ണിൽ പെടാതിരിക്കാൻ വേണ്ടി മതിൽക്കെട്ടി മറക്കുകയാണ്. അതിനു വേണ്ടി ഇന്ത്യൻ സർക്കാർ ചെലവഴിക്കുന്നത് ഏകദേശം മൂന്നുറുലക്ഷം രൂപയാണെന്നു കൂടി ഓർക്കണം.

ട്രംപിനു തിന്നാനും സഞ്ചരിക്കാനും മാത്രമല്ല പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സാമഗ്രികൾ വരെ അമേരിക്കയിൽ നിന്നും ഇറക്കുമതി ചെയ്തിരിക്കുകയാണ്. അമേരിക്ക എന്നത് ലോക നമ്പർ വൺ രാജ്യമാണെന്നു മറ്റു രാജ്യങ്ങൾ എങ്ങനെ സമ്മതിക്കുന്നുവെന്നതിന്റെ കൂടി ഉദാഹരണമാണിത്. അമേരിക്കൻ പ്രസിഡണ്ടിനൊപ്പമുള്ള ഉദ്യോഗസ്ഥപ്രഭു വർഗത്തിനു വേണ്ടി എയർഫോഴ്സ് വണ്ണിനൊപ്പം ഇന്ത്യയിലേക്ക് അനുഗമിക്കുന്നത് മൂന്നു വലിയ വിമാനങ്ങളാണ്. ഇതിനു പുറമേ, പാക് വ്യോമാതിർത്തി കടത്തി വിടാൻ മുന്നിലും പിന്നിലുമായി ഡസൻ കണക്കിനു യുദ്ധവിമാനങ്ങൾ വേറെയും ഉണ്ടാവും. ഒന്നു വിരൽ ഞൊടിച്ചാൽ പാഞ്ഞെത്താവുന്ന വിധത്തിൽ ഇന്ത്യൻ മഹാസമുദ്രത്തിൽ യുദ്ധകപ്പലുകളുടെ പട വേറെ. ഇങ്ങനെ, സുരക്ഷയുടെ കാര്യത്തിൽ ലോകത്തെ മറ്റു നൂറു രാജ്യങ്ങളെ വരെ അമ്പരപ്പിക്കുന്ന സന്നാഹങ്ങളുമായി വലിയൊരു ഷോയാണ് ട്രംപിന്റെ ഇന്ത്യൻ സന്ദർശനം.

പ്രസിഡണ്ടായിരിക്കെ ബറാക്ക് ഒബാമ മാത്രമാണ് ഇന്ത്യയിൽ രണ്ട് തവണ സന്ദർശനം നടത്തിയിട്ടുള്ളത്. സമീപകാലത്തെ മൂന്ന് അമേരിക്കൻ പ്രസിഡണ്ടുമാരും ഇന്ത്യയിൽ സന്ദർശനം നടത്തിയിരുന്നു. ഇന്ത്യയ്ക്ക് അമേരിക്ക നൽകുന്ന പ്രാധാന്യത്തിന്റെ സൂചനയായിട്ട് ഇതിനെ കാണാം. അമേരിക്കയിൽനിന്ന് 2.6 ബില്ല്യൺ ഡോളറിന്റെ ഹെലികോപ്റ്റർ വാങ്ങാനുള്ള കരാറാണ് മുഖ്യം. അമേരിക്കൻ പ്രതിരോധ ആയുധ നിർമ്മാണ കമ്പനിയായ ലോക്ഹീഡ്മാർട്ടിൻ എന്ന കമ്പനിയിൽനിന്നാണ് വിമാനങ്ങൾ വാങ്ങുന്നത്. എന്നാൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം വ്യാപാരക്കമ്മി എന്നതാണ വലിയ പ്രശ്നം. ഇന്ത്യക്ക് കയറ്റുമതിയിലൂടെ കിട്ടുന്നത്ര ഡോളർ ഇന്ത്യ ഇറക്കുമതിയിലൂടെ അമേരിക്കക്ക് തിരിച്ചു നൽകുന്നില്ല. അതാണ് ട്രംപ് പറയുന്ന വ്യാപാര കമ്മി. യു.എ.ഇ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് പ്രവാസികൾ അയക്കുന്ന വിദേശ കറൻസി ഒഴിച്ച് നിർത്തിയാൽ ഇങ്ങനെ ലഭിക്കുന്ന ഡോളർ വഴിയാണ് ഇന്ത്യ എല്ലാ പ്രാഥമിക ആവശ്യങ്ങളും നിറവേറ്റുന്നത്. ഈ വരുമാനത്തിനാണ് ട്രംപ് ഇടപെട്ട് ജി.എസ്.പി എന്ന ആനുകൂല്യം ലോക വ്യാപാര സംഘടനയെ കൊണ്ട് പിൻവലിപ്പിച്ചത്. (അവികസിത രാജ്യങ്ങൾക്ക് സമ്പന്ന രാജ്യങ്ങൾ കൊടുക്കുന്ന ഒരു ആനുകൂല്യമാണ് ജി.എസ്.പി. ഈ ആനുകൂല്യമുള്ള രാജ്യങ്ങളിൽ നിന്ന് സമ്പന്ന രാജ്യങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ തുച്ഛമായ നികുതിയെ ഈടാക്കാൻ പാടുള്ളൂ.) ഇന്ത്യയിൽ നിന്ന് തുണികൾ ഇറക്കുമതി ചെയ്യുമ്പോൾ അമേരിക്ക കാര്യമായി നികുതി ഏർപ്പെടുത്തിയിരുന്നില്ല. ബംഗ്ലാദേശ്, കമ്പോഡിയ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് വരുന്ന തുണികളേക്കാൾ പത്തോ പതിനഞ്ചോ ശതമാനം വില കൂടുതലാണ് ഇന്ത്യൻ തുണികൾക്ക്. മത്സരം നിലനിൽക്കുന്ന അമേരിക്കൻ മാർക്കറ്റുകളിൽ ഈ വിലവ്യതാസം ഇന്ത്യക്കാർക്കു വലിയ തിരിച്ചടിയാകും. അതിനെ മറികടക്കാനാണ് മോദി ട്രംപിന് സ്വർണപാത്രത്തിൽ



ഭക്ഷണം വിളമ്പുന്നത്. ഇല്ലെങ്കിൽ അധികകാലം വണ്ടിയോടിക്കാൻ കഴിയില്ലെന്ന് അദ്ദേഹത്തിന് നന്നായറിയാം.

അഹമ്മദാബാദിനു പുറമേ ഡൽഹിയും ആഗ്രയുമാണ് ട്രംപ് സന്ദർശിക്കുക. ദി ബീസ്റ്റിൽ ആവും ട്രംപിന്റെ റോഡ് ഷോ. കാഡിലാക് ബ്രാൻഡിന്റെ ഡിടിഎസ്സിനോട് സാമ്യം തോന്നുന്ന ഡിസൈനിൽ നിർമിച്ചിരിക്കുന്ന ബീസ്റ്റ്, ട്രക്കിന്റെ ഷാസി അടിസ്ഥാനപ്പെടുത്തിയാണ് നിർമിച്ചിരിക്കുന്നത്. ബോംബ് ബ്ലാസ്റ്റുകൾ പോലും ചെറുക്കാവുന്ന വിധം സ്റ്റീൽ, അലുമിനിയം, ടൈറ്റാനിയം, സെറാമിക് എന്നിവ ചേർന്ന് പ്രത്യേകം തയ്യാറാക്കിയ ബോഡിക്ക് ഏകദേശം 5 ഇഞ്ചോളം വീതിയുണ്ട് ഓരോ ബോഡി പാനലുകൾക്കും. അതുകൊണ്ടുതന്നെ ഭാരം വളരെ കൂടുതലാണ്, 6350 കിലോഗ്രാം. റോക്കറ്റ് പ്രൊപ്പൽഡ് ഗ്രനേഡുകൾ, ടിയർ ഗ്യാസ് കാനൻ, പമ്പ്ആക്ഷൻ ഷോട്ട്ഗൺ, സ്മോക്ക് ഡിസ്പെൻസർ എന്നിങ്ങനെ പോകുന്നു ബീസ്റ്റിലെ ആക്രമണ സംവിധാനങ്ങൾ. ഹെഡ്‌ലൈറ്റുകൾ ഓഫ് ആയിരിക്കുമ്പോൾ പോലും രാത്രി സമയത് ഡ്രൈവ് ചെയ്യാൻ സഹായിക്കുന്ന നൈറ്റ് വിഷൻ ക്യാമറകൾ, തേയ്മാനവും പഞ്ചറും ചെറുക്കുന്ന ടയറുകൾ എന്നിവ ബീസ്റ്റിലുണ്ട്. രാസായുധ ആക്രമണമുണ്ടായാൽ പോലും ബീസ്റ്റിന്റെ ഇന്റീരിയർ സുരക്ഷിതമാണ്. ഓക്സിജൻ വിതരണം ഉൾപ്പെടെ ബീസ്റ്റിൽ ലൈഫ് സപ്പോർട്ട് യൂണിറ്റ് ഉണ്ട്. അടിയന്തര സാഹചര്യമുണ്ടായാൽ പ്രസിഡണ്ടിന്റെ അതേ ഗ്രൂപ്പ് രക്തവും, ഡിഫൈബറിലേറ്ററും ഇന്റീരിയറിൽ സൂക്ഷിച്ചിട്ടുണ്ട്. വെടിയുണ്ടകളെ പോലും ചെറുക്കുന്ന ആർമേർഡ് പെട്രോൾ ടാങ്ക് ആണ് ബീസ്റ്റിന്റെ മറ്റൊരു പ്രത്യേകത. വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളിൽ ഡ്രൈവിംഗിനായി പ്രത്യേക പരിശീലനം നേടിയ സിഐഎ ഏജന്റാണ് ബീസ്റ്റ് ഡ്രൈവ് ചെയ്യുക. റോഡ്ഷോയിൽ ദി ബീസ്റ്റ് മാത്രമല്ല ഉണ്ടാവുക. ഒരു വാൻ വാഹനവ്യൂഹവുമായാണ് ബീസ്റ്റിൽ അമേരിക്കൻ പ്രസിഡണ്ട് യാത്ര ചെയ്യുക. 'ഹോക്കി' എന്ന് വിളിപ്പേരുള്ള കൗണ്ടർ അറ്റാക്ക് വാഹനം ആണ് ഇതിൽ പ്രധാനം. പ്രത്യാക്രമണത്തിനുള്ള സർവ സന്നാഹങ്ങളുമുള്ള ഹോക്കികൾ സാധാരണ ഗതിയിൽ ഫോർഡ് എഫ് 350 പിക്ക് അപ്പ് ട്രക്ക് ആയിരിക്കും. പ്രസിഡൻഷ്യൽ ലിമോസിന് (ബീസ്റ്റ്) തൊട്ടുപുറകിലായ് യുഎസ് സീക്രട്ട് സർവീസ് ഓഫീസർമാർ സഞ്ചരിക്കുന്ന കാർ ആണ് 'ഹാഫ്ബാക്ക്'. ഇലക്ട്രോണിക് റെസ്പോൺസ് ഡിഫെൻസ് വാഹനമായ 'വാച്ച്ടവർ' ഹാഫ്ബാക്കിന് പുറകിലായി സഞ്ചരിക്കും. സിഗ്നൽ ജാമറുകൾ, ഡിറ്റനേറ്റിംഗ് ഉപകരണങ്ങൾ എന്നിവ നിറഞ്ഞ തടസ്സമില്ലാത്ത ആശയവിനിമയം പ്രസിഡണ്ടിനു ഉറപ്പു വരുത്തുക എന്നുള്ളതാണ് വാച്ച്ടവർ കാറിന്റെ ചുമതല. കൺട്രോൾ വാഹനങ്ങൾ, ആംബുലൻസ്, മാധ്യമപ്രവർത്തകർക്കുള്ള ബസ്, ലീഡ് കാർ, റൂട്ട് കാർ, സ്വീപ്പർ കാർ എന്നിവയും ചേർന്നതാണ് അമേരിക്കൻ പ്രസിഡണ്ടായ ഡോണൾഡ് ട്രംപിന്റെ വാഹനവ്യൂഹം. ഇനി മറ്റ് സുരക്ഷാസന്നാഹങ്ങളെക്കുറിച്ച് പറഞ്ഞാൽ ഒരു പുസ്തകമെഴുതേണ്ടുന്ന വിവരങ്ങളുണ്ട്. അതു കൊണ്ടു തത്ക്കാലം നിർത്തട്ടെ. ഇന്ത്യക്കാർക്ക് ഗംഭീര ഷോയാണ് ട്രംപ് നൽകുന്നതെന്നും അത് കണ്ട് ആശ്വസിക്കുക എന്നു മാത്രം പറഞ്ഞു കൊള്ളട്ടെ. അതിനിടയിൽ വ്യാപാരക്കമ്മി മാറി കിട്ടിയാൽ ഊട്ടി, ഇല്ലെങ്കിൽ ചട്ടി!

# 5 ഏക്കർ സ്വീകരിക്കുമെന്ന് സുന്നി വഖഫ് ബോർഡ്

ലക്നൗ: അയോധ്യയിൽ മസ്ജിദ് നിർമിക്കാൻ സ്ഥലം അനുവദിച്ച 5 ഏക്കർ സ്ഥലം സ്വീകരിക്കാൻ ഉത്തർപ്രദേശ് സുന്നി സെൻട്രൽ വഖഫ് ബോർഡ് തീരുമാനിച്ചു. ഭൂമി ഏതു രീതിയിൽ ഉപയോഗിക്കണമെന്ന് യോഗം തീരുമാനിക്കും. അയോധ്യയിലെ 2.77 ഏക്കർ തർക്കഭൂമി രാമക്ഷേത്ര നിർമാണത്തിനു കൈമാറാനും മസ്ജിദ് നിർമിക്കാൻ അയോധ്യയിൽ പ്രധാന സ്ഥാനത്തു അഞ്ചേക്കർ നൽകാനും സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് കഴിഞ്ഞ നവംബറിലാണ് ഉത്തരവിട്ടത്. എന്നാൽ ഭൂമി സ്വീകരിക്കുന്നതിനെപ്പറ്റി മുസ്ലിം സംഘടനകളിൽ അഭിപ്രായ ഭിന്നതയുണ്ടായിരുന്നു. യുപി സർക്കാർ അയോധ്യയിൽ സോഹൻവാൾ താലൂക്കിൽ ധനിപുർ ഗ്രാമത്തിൽ 5 ഏക്കർ അനുവദിച്ച് കത്തു നൽകിയിരുന്നു. അയോധ്യ- ലക്നൗ ഹൈവേക്കു സമീപമാണിത്. 'ഭൂമി നിരസിക്കാൻ സുന്നി വഖഫ് ബോർഡിനാവില്ല. അങ്ങനെ ചെയ്താൽ അതു കോടതിയെ അവഹേളിക്കലാകും. കോടതി വിധി പരിപാലിക്കുമെന്നാണ് തുടക്കം മുതലേ ഞങ്ങളുടെ നിലപാട്': സുന്നി സെൻട്രൽ വഖഫ് ബോർഡ് അധ്യക്ഷൻ സുഫാർ ഫാറൂഖി പറഞ്ഞു. ബാബറി മസ്ജിദിന് സമാനമായ. നിർമാണത്തിന് ഒരേക്കർ ഭൂമിയുടെ മൂന്നിലൊന്നുമതി. ബാക്കി സ്ഥലത്ത് മറ്റു നിർമിതികളാകാം. 'ബാബറി മസ്ജിദ്' എന്നതിന് ഇനി നിലനിൽപില്ലെന്നും ബോർഡിന്റെ രേഖകളിൽ നിന്ന് അത് ഉടൻ നീക്കം ചെയ്യുമെന്നും ഫാറൂഖി പറഞ്ഞു.

## ടിവി പൊട്ടിത്തെറിച്ചു വീട്ടമ്മ മരിച്ചു

ഭുവനേശ്വർ: ഒഡീഷയിൽ സീരിയൽ കണ്ടുകൊണ്ടിരുന്ന വീട്ടമ്മ ടിവി പൊട്ടിത്തെറിച്ച് മരിച്ചു. ഭർത്താവിനെയും 6 മാസംപ്രായമായ മകളെയും ഗുരുതര പരുക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സുന്ദർഗർ ജില്ലയിലെ ലഹൻഡാബുദ ഗ്രാമത്തിലെ ദിലേഷ്വർ നായിക്കിന്റെ ഭാര്യ ബോബി നായിക് ആണ് മരിച്ചത്. വൈദ്യുതി ഷോർട്ട് സർക്യൂട്ട് ആണ് മരണകാരണമെന്നു കരുതുന്നു.



# HOW MODI KEEPS THE AMERICAN CHRISTIAN LEADERSHIP AT BAY WHILE BEFRIENDING TRUMP

**George Abraham**

On the surface, President Trump appears committed fully to the idea of Religious Freedom. He has been very vocal about the issue on many forums that include the United Nations. To his credit, he has appointed Mr. Sam Brownback, a conservative Catholic, to the position at the State Department as the Ambassador of Religious freedom. Evangelical leaders in the U.S. are some of the most ardent supporters of this President anywhere because of his clear commitment to the cause. To the delight of his Evangelical base, he has not only spoken against the 'Johnson Amendment' that prohibits Clergy from commenting on politics from the pulpit but also issued an Executive order that lessens its enforcement power and limits its bureaucratic oversight.

However, a different picture emerges if one delves deeply into the inner workings of this President concerning this very issue. As someone who has participated in the Religious Freedom Conference in Washington, D.C., I witnessed the selective application of this issue firsthand that suits his political purposes. There were many speakers from countries like China and Iran who detailed the suppression of religious freedom in those countries and the persecution of the faithful by the authorities. However, India rather conspicuously was missing any representation at the conference.

The weaponization of religion by the current Administration – so they can preserve their power - has reached a fever pitch in India, where minorities are being lynched for their dietary habits and churches are being torched by the Hindutva radicals. When questioned about this absence, an official of the State Department could only respond by saying that India was invited but declined to participate. It is hard to believe that speakers from authoritarian regimes of China and Iran somehow found their way to the conference, but Indian representatives willing to speak on the matter could not be found! Upon questioning, Mr. Brownback feigned his ignorance in this regard and said someone from India should have been present. However, according to several sources, White House appears to have given special instructions to the State Department not to bring the current BJP government's shabby record on religious freedom to the table.



Now that President Trump is on the way to India to meet with Prime Minister Modi, whom he considers his strategic partner, it is important to examine how the wellbeing of the minority Christians in India, as well as the interests of American Christian leadership, may have been undermined by this Administration for either political expediency or plain business interests.

Firstly, let us take the case of 'Compassion International,' a Christian Charitable organization in the U.S. that has done incredible work around the World, including India, by clothing, feeding, and educating impoverished children by allowing their upward mobility. The Modi Government has decided to throw out the organization while knowing fully well that they are jeopardizing the futures of 145000 poor children only because the organization is considered 'Christian.' If the country is so opposed to foreign funding, why then the Hindu organizations like 'Eka Vidyalaya,' a Sangh Parivar affiliated outfit in the U.S. continue to collect funds from all Americans including Christians?

To add insult to injury, Mr. S. Jaishankar, the diplomat, turned politician who is the current Minister of External Affairs, is said to have invited the lead attorney for the organization and gave him a tongue-lashing at his office lambasting the organization and accusing its leadership of engaging in proselytizing. The organization had vehemently denied these charges often raised by anti-minority zealots who could care less about the lives of the lower caste and poor folks around them. Moreover, it is genuinely disappointing to see a diplomat who had such a rich multi-cultural global experience, including being Ambassador to the United States, to behave with such arrogance and lack of empathy.

Another arena where American Christian leadership is unfairly treated by India is in the issuance of visas to those who aspire to visit their fellow Christians to attend a conference or a convention. In a shocking display of bad faith, only a few months ago, nine leaders from the New York Council of Christian churches headed by Rev. Peter Cook, who traveled to India with valid visas were denied entry at the Chennai airport. And after subjugating them to a grueling 12-hour questioning, they were deported back to the United States. 'The team was there to meet some people and learn,' said Mr. Cook, who is also the Executive Director of the New York State Council of Churches. They were even denied the basic courtesy of making a phone call to their would-be hosts. According to one of the team members, an immigration official went as far as to pronounce, 'we don't want Christians to come here'!

Visas are indeed considered a privilege, not a right; however, protocol and courtesy call for reciprocity. Hindu religious leaders from India appear to have unlimited access to visit or serve their fellow faithful in this country. The number of religious visas issued to Hindu temples and other religious institutions by the U.S. stand at an all-time high. However, an American Christian leader does not even have an option to apply for a visa on such a ground. If one dares to take a tourist visa and attend any of the church meetings, he/she risks not only being deported but will be banned from an entry back to India for their lifetime.

It is not only the American Christian leadership that is put under the grind but also Indians who have immigrated to this country and acquired U.S. Citizenship. Many of them took the opportunity to avail themselves of the Overseas Citizenship (OCI) card, believing that it would give them privileges on par with Indian citizens except for voting or owning agricultural lands. However, as Dr. Christo Philip from Houston found out, one of his frequent trips to India turned out to be a nightmare. He was stopped at the airport and deported back to Spain, where the flight originated, ending up in prison for a day and losing his OCI status. He was falsely accused of evangelizing though, as a medical doctor, his primary interest was to serve the needy people over their health concerns at some of the remotest parts of India. Although the Delhi high court has finally restored his OCI status, the Judge involved may have paid a higher price and said to have been reassigned since then.

The current OCI application contains obvious conditions preventing 'Missionary work' and 'Journalism' and combined with the provision in the newly passed Citizenship Amendment Act (CAA) empowering the bureaucracy to cancel OCI card for any 'violation of the law' has sent shivers down the spine in the Indian Christian leadership in America. Mere participation of religious activity while visiting India could now be construed as a violation of the OCI agreement, and there are plenty folks in the RSS cadre and in the bureaucracy who are more than willing to collude in making such a participation a violation of the law that may also be beyond any judicial review. The provision of 'journalism' may shield the Government from any form of criticism from OCI cardholders who may want to pen their experiences in any of the media outlets.



George Abraham

Let me also quote from a letter recently sent by a multi-faith group to President Trump highlighting the plight of an American Pastor named Bryan Nerren that shows Religious persecution is not restricted to Indian citizens only. "In October 2019, police arrested U.S. pastor Bryan Nerren in Bagdogra airport in India. The police arrested him on the grounds of failing to declare funds, this followed after the officers in New Delhi interrogated him, asking him if he was Christian and if the money was for Christians or Hindus, they cleared him at the airport in New Delhi only to have him arrested in Bagdogra. The pastor was compliant and said he would fill out the customs form but was instead arrested. Authorities confiscated the pastor's funds and passport, and while he has now been released, he is still waiting to receive his passport. Senator Alexander and Senator Blackburn are working on his case. The boldness of the authorities' arrest and discrimination of a U.S. national because of his faith - shows that actors of religious persecution in India, afforded government impunity, further embolden state and non-state extremists to continue their discriminatory and abusive actions towards non-Hindus".

(see page 28)

# ഫ്ളവേഴ്സ് ടിവി യുഎസ്എയുടെ അറ്റ്ലാന്റ റീജിയണ് പുതിയ നേതൃത്വം

അറ്റ്ലാന്റ: മലയാള ടെലിവിഷൻ ചരിത്രത്തിൽ മികച്ച പ്രോഗ്രാമുകളുടെ നിരയുമായി ഫ്ളവേഴ്സ് ടിവി അമേരിക്കൻ മലയാളികളുടെ സ്വീകരണ മുറിയിലെ നിറസാന്നിദ്ധ്യമായി മാറിക്കഴിഞ്ഞു. അമേരിക്കയിലെ വിവിധ റീജിയനുകളുടെ പ്രവർത്തനങ്ങൾക്കൊപ്പം ഫ്ളവേഴ്സ് ടിവി യുഎസ്എയുടെ അറ്റ്ലാന്റ റീജിയന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംഘടനാരംഗത്തും ദൃശ്യ മാധ്യമരംഗത്തും പ്രവർത്തനപരിചയമുള്ള ബിജു തുരുത്തുമാലിനെ അറ്റ്ലാന്റ റീജിയണൽ മാനേജരായി ഫ്ളവേഴ്സ് ടിവി യുഎസ്എ സിഇഒ ബിജു സക്കറിയ നിയമിച്ചു. ഒപ്പം നിമാ മോനിഷ് പ്രോഗ്രാം പ്രൊഡ്യൂസർ, ജിജോ തോമസ് കാമറ ആൻഡ് പ്രൊഡക്ഷൻ മാനേജർ, അബുബക്കർ സിദ്ധിഖ് മാർക്കറ്റിങ് മാനേജരായും ചുമതലയേറ്റു.

അമേരിക്കൻ മലയാളി സമൂഹത്തിന്റെ കാഴ്ചകളും വിശേഷങ്ങളും ലോക മലയാളികളുടെ മുമ്പിൽ എത്തിക്കുന്ന അമേരിക്കൻ ഡ്രീംസും അമേരിക്കൻ ലൈഫ്സ്റ്റൈലും ഇതിനോടകം ഏവരും ഇരുകൈയും നീട്ടി സ്വീകരിച്ചുകഴിഞ്ഞു. നിലവിൽ ചിക്കാഗോ, ന്യൂജേഴ്സി എന്നിവിടങ്ങളിൽ അത്യാധുനിക സാങ്കേതിക സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ഫ്ളവേഴ്സ് ടിവി യുഎസ്എ സ്റ്റുഡിയോ പ്രവർത്തനങ്ങൾ അറ്റ്ലാന്റയിലും ആരംഭിക്കുന്നതിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്.

അമേരിക്കൻ മലയാളികൾ ഇരുകൈയും നീട്ടി സ്വീകരിച്ച ഫ്ളവേഴ്സ് ടോപ് സിംഗർ, കോമഡി ഉത്സവം, ഉപ്പും മുളകും തുടങ്ങിയ പരിപാടികളോടൊപ്പം തികച്ചും വ്യത്യസ്തമായ പുതിയ ജനപ്രിയ പരിപാടികൾ നിർമ്മിക്കുന്നതിനുള്ള ചർച്ചകളും ഫ്ളവേഴ്സ് ടിവി യുഎസ്എയുടെ നേതൃത്വം തുടങ്ങിക്കഴിഞ്ഞു.

കൂടുതൽ വിവരങ്ങൾക്ക്: ബിജു തുരുത്തുമാലിൽ 678 938 0692, ബിജു സക്കറിയ 847 630 6462.



ബിജു തുരുത്തുമാലിൽ



ജിജോ തോമസ്



നിമാ മോനിഷ്



അബുബക്കർ സിദ്ധിഖ്

# ദശവത്സര സംഗമം നടത്തപ്പെട്ടു

ചിക്കാഗോ: ചിക്കാഗോ സെയിന്റ് മേരീസിൽ കൂടാരയോഗതല ദശവത്സര സംഗമം നടത്തപ്പെട്ടു. ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിന്റെ ദശവത്സരത്തോടനുബന്ധിച്ച് ഓരോ മാസവും നടത്തപ്പെടുന്ന കൂടാരയോഗതല സംഗമത്തിന്റെ ഭാഗമായി സെ. ജൂഡ് കൂടാരയോഗത്തിന്റെ സംഗമം നടത്തപ്പെട്ടു.

കൂടാരയോഗ ഭാരവാഹികളായ ഫ്രാൻസിസ് കിഴക്കേക്കുറ്റ്, ജോസ് പിണർക്കയിൽ, ഏലമ്മ ചൊള്ളമ്പേൽ എന്നിവരുടെ നേതൃത്വത്തിൽ ദേവാലയത്തിൽ കാഴ്ചവെപ്പ് നടത്തുകയും വി. കുർബാനയിലുള്ള സജീവമായ പങ്കാളിത്തത്തിനു വേണ്ട നേതൃത്വം നല്കുകയും ചെയ്തു.



തുടർന്ന് കൂടാരയോഗത്തിലുള്ള വിവിധ വീടുകളിലേക്കുള്ള മാതാവിന്റെ തിരുസ്വരൂപം ഇടവക അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ നിന്ന് സ്വീകരിക്കുകയും കൂടാരയോഗത്തിലെ എല്ലാവരെയും ഉൾപ്പെടുത്തി സ്മരണിക്കായി ഗ്രൂപ്പ്ചിത്രം എടുക്കുകയും ചെയ്തു.

# കെസിഎസ് വാലന്റൈൻസ് ഡേ പാർട്ടി വൈറലായി

**റോയി ചേലമലയിൽ**




ചിക്കാഗോ: ദമ്പതികൾക്കായി ലോക പ്രണയദിനത്തിൽ ചിക്കാഗോ കെ.സി.എസ് ഒരുക്കിയ വാലന്റൈൻസ് ഡേ പാർട്ടി പങ്കാളിത്തം കൊണ്ടും സംഘാടനമികവുകൊണ്ടും ക്നാനായ ലോകത്തിന്റെ മുഴുവൻ ശ്രദ്ധനേടി. മൗണ്ട് പ്രോസ്പെക്ടിലുള്ള ബ്രിസ്റ്റോൾ കോർട്ട് ബാങ്കറ്റ് ഹാളിൽ നടന്ന വർണ്ണശബളമായ പരിപാടിയിൽ 140-ലധികം ക്നാനായ ദമ്പതികൾ പങ്കെടുത്തു.

കഴിഞ്ഞ ഡിസംബർ മുതൽ പ്രശസ്തമായ ചലച്ചിത്രങ്ങളുടെ പോസ്റ്റർ മാതൃകയിൽ പുറത്തുവന്നിരുന്ന പരസ്യങ്ങൾ സോഷ്യൽ മീഡിയായിൽ വലിയ ശ്രദ്ധ നേടിയിരുന്നു. കമ്യൂണിറ്റിയിൽ നിന്നുള്ള കലാകാരന്മാരും പ്രൊഫഷണൽ ഡാൻസേഴ്സും അവതരിപ്പിച്ച കലാപരിപാടികളും ഡിജെയും പരിപാടിക്ക് മാറ്റ്കൂട്ടി.

കെസിഎസ് എന്റർടെയിൻമെന്റ് കമ്മിറ്റി ചെയർമാൻ ലിൻസൺ കൈതമലയിൽ, ഇവന്റ് കോ-ഓർഡിനേറ്റേഴ്സായ മാറ്റ് വിളങ്ങാട്ടുശേരിൽ, സിറിയക് കീഴങ്ങാട്ട് എന്നിവരുടെ നേതൃത്വത്തിൽ നാല്പതംഗ കമ്മിറ്റിയാണ് പരിപാടികൾക്ക് ചുക്കാൻ പിടിച്ചത്.

കൃത്യം ഏഴു മണിക്ക് ആരംഭിച്ച ഈ പരിപാടിയിലേക്ക് കെ.സി.എസ് പ്രസിഡണ്ട് ഷിജു ചെറിയത്തിൽ ഏവരേയും സ്വാഗതം ചെയ്തു. നിധിൻ പടിഞ്ഞാത്ത്. ചാരി വണ്ടന്നൂർ എന്നിവർ എംസിമാരായി പ്രവർത്തിച്ചു. ദേ പുട്ട് മെയിൻ ലാൻഡ് റെസ്റ്റോറന്റ്, സഞ്ജു പുളിക്കത്തൊട്ടിയിൽ (എൽഎംഎസ് ലിങ്കൺവുഡ് മോർട്ട്ഗേജ്), മംഗല്യ ജൂവലറി, റോയൽ ഗ്രോസേഴ്സ് ആൻഡ് ഫ്ളവേഴ്സ്, നോർത്ത് ഷോർ സ്മൈൽസ് ഫാമിലി ഡെന്റൽ കെയർ, അൾട്രാമെഡ് അർജന്റ് കെയർ, ജസ്റ്റിൻ തെങ്ങനാട്ട് എന്നിവർ പരിപാടിയുടെ സ്പോൺസേഴ്സായിരുന്നു.

ചിക്കാഗോ ിഎസ് ഇദംപ്രദമമായി നടത്തിയ ഈ പരിപാടി ഉന്നതനിലവാരം പുലർത്തിയെന്നും വരുംവർഷങ്ങളിലും ഇതു തുടരണമെന്നും പരിപാടിയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.




## കുളത്തൂപ്പുഴയിൽ പാക്ക് വെടിയുണ്ട

(ഒന്നാം പേജിൽ നിന്നും)

2 എണ്ണം വേറിട്ട നിലയിലുമായിരുന്നു. സൈന്യവും പോലീസും ഉപയോഗിക്കുന്നതരം വെടിയുണ്ടകളാണെന്നു പ്രാഥമിക അന്വേഷണത്തിൽ സ്ഥിരീകരിച്ചിട്ടുണ്ട്. ലോങ് റേഞ്ചിൽ വെടിവെക്കാവുന്ന തോക്കുകളിൽ ഉപയോഗിക്കുന്ന 7.62 എംഎം ഉണ്ടകളാണിവ. അന്വേഷണം ആന്റി ടെററിസ്റ്റ് സ്ക്വാഡിനു കൈമാറി. ഡിഐജി അനൂപ് കുരുവിള ജോണിനാണ് അന്വേഷണച്ചുമതല. വെടിയുണ്ടകൾ വിദേശത്തു നിന്നു കൊണ്ടുവന്നതാണെന്ന് വ്യക്തമായെന്നു ഡിജിപി ലോക്നാഥ് ബെഹ്റ അറിയിച്ചു.

ഫെബ്രുവരി 22ന് 3 മണിയോടെ കുളത്തൂപ്പുഴ-മടത്തറ പാതയിൽ മുപ്പതടി പാലത്തിനു സമീപമാണ് വെടിയുണ്ടകൾ കണ്ടത്. അതുവഴി പോയ മടത്തറ ഒഴുകുപാറ സ്വദേശി ജോഷി, സുഹൃത്ത് തിരുവനന്തപുരം ഭരതന്നൂർ സ്വദേശി അജീഷ് എന്നിവരാണ് ഇവ കണ്ടത്. ഇവർ വിവരം അറിയിച്ചതിനെ തുടർന്ന് വൻ പോലീസ് സംഘവും ഫൊറൻസിക്-വിരലടയാള വിഭാഗവും ബോംബ് സ്ക്വാഡും ആർമറി വിഭാഗവും എത്തി പരിശോധിച്ചു. മുപ്പതടി പാലത്തിനു സമീപത്തെ വനപ്രദേശത്തു മെറ്റൽ ഡിറ്റക്ടർ അടക്കമുള്ള ഉപകരണങ്ങൾ ഉപയോഗിച്ചും പരിശോധന നടത്തി.

എല്ലാ തിരകളും അതു നിർമിക്കുന്ന സ്ഥലവും വർഷവും രേഖപ്പെടുത്തും. അതിനാൽ കേരള പോലീസിൽ നിന്നു കാണാതായ വെടിയുണ്ട ആണോ ഇവയെന്നും കണ്ടെത്താൻ കഴിയും. ലഭിച്ച വെടിയുണ്ടകളിൽ വിശദമായ പരിശോധന നടത്താൻ പ്രത്യേക സംഘത്തിനു ക്രൈംബ്രാഞ്ച് മേധാവി ടോമിൻ തച്ചങ്കരി നിർദേശം നൽകി. കേരള പോലീസിന്റെ കാണാതായ വെടിയുണ്ടകളുടെ വിശദാംശം ക്രൈംബ്രാഞ്ചിന്റെ കൈവശമുണ്ട്. കഴിഞ്ഞ ജനുവരി 28നു പ്രസിദ്ധീകരിച്ച മലയാളം ദിനപത്രത്തിലും തമിഴ് പത്രക്കടലാസിലുമായി പൊതിഞ്ഞുമാണ് ഇവ കണ്ടെത്തിയിരിക്കുന്നത്.

# കോച്ചിങ് സെന്ററുകളിൽ റെയ്ഡ്

തിരുവനന്തപുരം: സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള തലസ്ഥാനത്തെ പിഎസ്സി കോച്ചിങ് സെന്ററുകളിൽ വിജിലൻസ് റെയ്ഡ്. നടത്തിപ്പുകാരുടെ ആസ്തിയും ബന്ധങ്ങളും കണ്ടെത്താനുള്ള പരിശോധനയിൽ രസീതുകളും പണിമിടപാട് രേഖകളും പിടിച്ചെടുത്തു.

സ്ഥാപനങ്ങൾ ഉദ്യോഗാർത്ഥികളിൽ നിന്നു വൻതുക ഫീസ് വാങ്ങുന്നുണ്ട്. കൂടുതൽ തെളിവുകൾക്കായി വീടുകളും ഉടൻ പരിശോധിക്കും. തമ്പാനൂരിലെ വീറ്റോ, ലക്ഷ്യ എന്നീ സ്ഥാപനങ്ങളിലായിരുന്നു റെയ്ഡ്. വീറ്റോയുടെ വെഞ്ഞാറമൂട്ടിലെ സെന്ററിലും പരിശോധന നടത്തി. ഇരുകൂട്ടരും പുറത്തിറക്കിയിട്ടുള്ള പി.എസ്.സി ഗൈഡുകളും മോഡൽ ചോദ്യങ്ങളും ശേഖരിച്ചു.

സെക്രട്ടേറിയറ്റിലെ പൊതുഭരണവകുപ്പ് ഉദ്യോഗസ്ഥരായ രഞ്ജൻ രാജ് (വീറ്റോ), ഷിബു കെ. നായർ (ലക്ഷ്യ) എന്നിവരാണ് ഉടമസ്ഥരെന്ന വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു റെയ്ഡ്. നേരിട്ടാണോ ബന്ധുക്കളുടെ പേരിലാണോ സ്ഥാപനം നടത്തുന്നതെന്നു സ്ഥിരീകരിച്ചിട്ടില്ല. ഇരുവരും അവധിയിലാണെന്നു വിവരം ലഭിച്ചെങ്കിലും ഇക്കാര്യം ഉറപ്പിക്കാൻ പൊതുഭരണ വകുപ്പുമായി ബന്ധപ്പെടും. പി.എസ്.സി. ചോദ്യകർത്താക്കളുമായോ ഉന്നത സർക്കാർ ഉദ്യോഗസ്ഥരുമായോ ഇവർക്കു ബന്ധമുണ്ടോയെന്നും പരിശോധിക്കുന്നു. മികച്ച റാങ്കുകൾക്കു വേണ്ടി സ്ഥാപനങ്ങൾ തമ്മിൽ കടുത്ത മത്സരമുള്ളതിനാൽ ചോദ്യം ചോർത്താനുള്ള സാദ്ധ്യത വിജിലൻസ് തള്ളിക്കളയുന്നില്ല. പരാതി നല്കിയവരിൽ നിന്ന് മൊഴിയെടുക്കുമ്പോൾ കൂടുതൽ വിവരം ലഭിക്കുമെന്നാണ് പ്രതീക്ഷ. വിജിലൻസ് പ്രത്യേക സെൽ ഡിവൈഎസ്പി പി. പ്രസാദിന്റെ നേതൃത്വത്തിലാണ് അന്വേഷണം.

## സ്കൂട്ടറിൽ ബസിടിച്ചു പരുക്കേറ്റ അദ്ധ്യാപിക മരിച്ചു

കോട്ടയം: ഭർത്താവിനും പിഞ്ചു കുഞ്ഞിനുമൊപ്പം സ്കൂട്ടറിൽ യാത്ര ചെയ്യവേ കെഎസ്ആർടിസി ബസ് ഇടിച്ച് പരുക്കേറ്റ സ്കൂൾ അദ്ധ്യാപിക മരണത്തിനു കീഴടങ്ങി. ഏറ്റുമാനൂർ പട്ടിത്താനം പ്ലാത്തോട്ടത്തിൽ ബിജിമോൾ (38) ആണ് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരിച്ചത്.

കഞ്ഞിക്കുഴി മൗണ്ട് കാർമ്മൽ വിദ്യാനികേതൻ സീനിയർ സെക്കൻഡറി സ്കൂളിൽ മലയാളം അദ്ധ്യാപികയാണ്. ഭർത്താവ് തൊടുപുഴ കാക്കനാട്ട് ജോമോൻ ആന്റണി ഇലക്ട്രീഷ്യനാണ്. ഫെബ്രുവരി 22ന് രാത്രി എട്ടരയോടെ കോതനല്ലൂർ തൂവാനീസാ ജംഗ്ഷനിലായിരുന്നു അപകടം.

ചെങ്ങന്നൂരിലേക്കു പോകുകയായിരുന്ന കെഎസ്ആർടിസി ബസ് ഇതേ ദിശയിൽ പോകുകയായിരുന്ന സ്കൂട്ടറിൽ ഇടിക്കുകയായിരുന്നു. തെറിച്ചുവീണ ബിജിമോളുടെ കാലുകളിലൂടെ ബസിന്റെ പിൻചക്രം കയറിയിറങ്ങി. സ്കൂട്ടറിനെയും ബിജിമോളെയും വലിച്ചുകൊണ്ട് 50 മീറ്ററോളം മുന്നോട്ടു പോയതിനു ശേഷമാണ് ബസ് നിന്നത്.

ബന്ധുവിന്റെ മരണവുമായി ബന്ധപ്പെട്ട് മാൻവെട്ടത്തു പോയി തിരികെ വരുമ്പോഴാണ് അപകടം. സ്കൂട്ടർ ഓടിച്ചിരുന്ന ജോമോനും ബിജിമോളുടെ കൈയിലിരുന്ന രണ്ടര വയസുള്ള മകൾ എലിസബത്തും നിസ്സാര പരുക്കുകളോടെ രക്ഷപ്പെട്ടു.

## വള്ളം മുങ്ങി വൈദികൻ മരിച്ചു

നേര്യമംഗലം: പെരിയാറ്റിൽ വള്ളം മുങ്ങി വൈദികൻ മരിച്ചു. കൂടെ യാത്ര ചെയ്ത രണ്ട് വൈദികർ നീന്തി രക്ഷപ്പെട്ടു. കോതമംഗലം രൂപതാംഗവും മൂവാറ്റുപുഴ രണ്ടാർ പടിഞ്ഞാറ്റുവയലിൽ പരേതനായ ജേക്കബിന്റെയും റോസിലിയുടെയും മകനുമായ ഫാ. ജോൺ (അമൽ) പടിഞ്ഞാറ്റുവയലിൽ (32) ആണ് മരിച്ചത്. ഫെബ്രുവരി 23ന് വൈകിട്ട് 6ന് ആവോലിച്ചാൽ ജീവ മിനറൽ വാട്ടർ പ്ലാന്റിനു സമീപമായിരുന്നു അപകടം.

## 60 വെടിയുണ്ടകൾ പിടിച്ചു

ഇരിട്ടി: കർണാടകത്തിൽ നിന്ന് കാറിൽ കേരളത്തിലേക്കു കടത്തുകയായിരുന്ന 60 വെടിയുണ്ടകൾ കിളിയന്തറയിൽ എക്സൈസ് ചെക്ക് പോസ്റ്റ് അധികൃതർ പിടികൂടി. ഒരാളെ അറസ്റ്റ് ചെയ്തു. കാർ കസ്റ്റഡിയിൽ എടുത്തു. തില്ലങ്കേരി മച്ചൂർമലയിലെ കെ. പ്രമോദിനെ (42) ആണ് എക്സൈസ് ഇൻസ്പെക്ടർ ബി. വിഷ്ണുവിന്റെ നേതൃത്വത്തിലുള്ള സംഘം പിടികൂടിയത്. തുടരന്വേഷണത്തിനായി കേസ് ഇരിട്ടി പോലീസിന് കൈമാറി.

## മൂന്നാറിലെ റെയിൽവേ ഗാർഡൻ

(ഒന്നാം പേജിൽ നിന്നും)

പട്ടികയിലാണ് മൂന്നാറിലെ പൂന്തോട്ടവും ഉൾപ്പെട്ടത്. ലോകത്തിലുടനീളമുള്ള ഉദ്യാനങ്ങളെക്കുറിച്ചുള്ള ഡോക്യുമെന്ററി പരമ്പരയായ എറൗണ്ട് ദ വേൾഡ് ഇൻ 80 ഗാർഡൻ എന്ന പരിപാടിയിലാണ് മൂന്നാറിലെ പൂന്തോട്ടം ഇടംപിടിച്ചത്.

മൂന്നാറിലെ തണുപ്പുകാലം അനുഭവിക്കാനെത്തുന്ന സഞ്ചാരികൾക്ക് കണ്ണിന് വർണാഭമാകുന്ന കാഴ്ചയാണ് ഈ ഉദ്യാനം ഒരുക്കുന്നത്. കെഡിഎച്ച്പി കമ്പനി തന്നെയാണ് ഈ ഉദ്യാനം പരിപാലിക്കുന്നത്. മൂന്നാറിലെ തേയിലത്തോട്ടങ്ങൾ നട്ടുപിടിപ്പിച്ച് ബ്രിട്ടീഷ് ഭരണകാലത്തു നിർമിച്ച റെയിൽവേസ്റ്റേഷൻ നിലനിന്ന ഭാഗത്തു നിർമിച്ചതു കാരണമാണ് റെയിൽവേ ഗാർഡൻ എന്ന പേരു വന്നത്. 1924ലെ വെള്ളപ്പൊക്കത്തിൽ റെയിൽവേ സ്റ്റേഷൻ തകർന്നെങ്കിലും പൂന്തോട്ടം അതിന്റെ ഓർമയുണർത്തി ഇന്നും നിലനിൽക്കുന്നു.

മൂന്നാറിലെ മൂന്നു പുഴകളും സംഗമിക്കുന്ന സ്ഥലത്തു തന്നെയാണ് പൂന്തോട്ടം നിലനിൽക്കുന്നതെന്നുമുള്ള പ്രത്യേകതയും സഞ്ചാരികൾക്കു കൗതുകം പകരുന്നു. പുഴയോടു ചേർന്നു നിലനിൽക്കുന്ന ഉദ്യാനത്തിൽ അപൂർവങ്ങളായ നിരവധി പൂക്കളുണ്ട്. ഇതിനോടു ചേർന്ന് ചായയുടെ വിവിധ തരത്തിലുള്ള രുചികൾ ആസ്വദിക്കാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

## പ്രസിഡണ്ട് ഡോണൾഡ് ട്രംപ് ഇന്ത്യയിലെത്തി

(ഒന്നാം പേജിൽ നിന്നും)

ഒരു ലക്ഷത്തോളം പേർ ഇതിൽ പങ്കെടുത്തു. പ്രധാനമന്ത്രി വ്യോമസേനാ വിമാനത്തിൽ ഡൽഹിക്കും ട്രംപ് എയർഫോഴ്സ്-വണ്ണിൽ ആഗ്രയ്ക്കും തിരിച്ചു. താജ്മഹൽ സന്ദർശിച്ചശേഷം രാത്രിയോടെ ഡൽഹിയിലെത്തി. രാഷ്ട്രപതി രാംനാഥ് കോവിന്ദ്, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവരുമായി ഫെബ്രുവരി 25ന് ട്രംപ് കൂടിക്കാഴ്ച നടത്തും. അമേരിക്കൻ എംബസി സംഘടിപ്പിക്കുന്ന രണ്ടു ചടങ്ങുകളിലും രാഷ്ട്രപതി നൽകുന്ന അത്താഴവിരുന്നിലും പങ്കെടുത്തശേഷം രാത്രി 10ന് യുഎസ് പ്രസിഡണ്ട് മടങ്ങും.

പ്രതിരോധം, വ്യാപാരം, നിക്ഷേപം, ഭീകരതയ്ക്കെതിരെ പോരാട്ടം, ഊർജ സുരക്ഷ, മതസ്വാതന്ത്ര്യം തുടങ്ങിയവ മോദി - ട്രംപ് ചർച്ചയിൽ വിഷയമാകുമെന്നാണ് സൂചന.

ഇന്ത്യയിലേക്കു പോകുന്നതിന്റെ ആവേശത്തിലാണ് താനെന്നും നരേന്ദ്ര മോദി തന്റെ ഏറ്റവും അടുത്ത സുഹൃത്താണെന്നും ഇന്ത്യയിലേക്കു തിരിക്കും മുമ്പ് വൈറ്റ് ഹൗസിൽ ട്രംപ് മാധ്യമ പ്രവർത്തകരോട് പറഞ്ഞു.

ട്രംപിന്റെ സന്ദർശനം നമുക്ക് അഭിമാനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ട്വീറ്റ് ചെയ്തു. ട്രംപിന്റെ സന്ദർശനവേളയിൽ കനത്ത സുരക്ഷയാണ് ഒരുക്കിയിരുന്നത്. 10,000 പോലീസുകാരെ നഗരത്തിൽ വിന്യസിച്ചു. ഇതുകൂടാതെ യുണൈറ്റഡ് സ്റ്റേറ്റ് സീക്രട്ട് സർവീസ്, ഇന്ത്യയിലെ സവിശേഷ സേനാവിഭാഗമായ നാഷണൽ സെക്യൂരിറ്റി ഗാർഡ്സ് (എൻഎസ്ജി) സ്പെഷൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നിവയും ട്രംപിനു സുരക്ഷയൊരുക്കി. യുണൈറ്റഡ് സ്റ്റേറ്റ് സീക്രട്ട് സർവീസ് സംഘം ഉപകരണങ്ങളും വാഹനങ്ങളുമായി ഒരാഴ്ച മുമ്പ് എത്തിയിരുന്നു. ആഗ്രയിലും വൻ സുരക്ഷ ഒരുക്കി. യുഎസ് സീക്രട്ട് സർവീസ്, യുപി പോലീസ്, പാരാമിലിട്ടറി സേന, എൻഎസ്ജി, പിഎസി, പോലീസ് കമാൻഡോകൾ എന്നിവർ ട്രംപിനു സുരക്ഷയൊരുക്കി.

## ദേവസഹായം പിള്ള വിശുദ്ധ പദവിയിലേക്ക്

(ഒന്നാം പേജിൽ നിന്നും)

ഉറച്ച വിശ്വാസിയായിരുന്ന ഡിലനോയിയുമായുള്ള അടുപ്പമാണ് നീലകണ്ഠപ്പിള്ളയെ ക്രിസ്തുമതത്തിലേക്ക് ആകർഷിച്ചത്. ഡിലനോയിയുടെ വേദോപദേശത്തെ തുടർന്ന് 1745 മേയ് 17നു ഫാ. ജെ.പി. പട്ടാരി അദ്ദേഹത്തെ ജ്ഞാനസ്നാനം ചെയ്യിച്ചു.

തുടർന്ന് സുവിശേഷ പ്രചാരണം നടത്തിയതിന്റെ പേരിൽ പരാതികളുണ്ടായപ്പോൾ 1749 ഫെബ്രുവരി 23ന് രാജാവ് ദേവസഹായത്തെ തടവിലാക്കി. ക്രിസ്തുമതം ഉപേക്ഷിക്കാൻ തയാറാകാത്തതിനെത്തുടർന്ന് കന്യാകുമാരി ആരുവാമൊഴിയിൽ കാറ്റാടിമലയിൽ 1752 ജനുവരി 14ന് അദ്ദേഹത്തെ വധിച്ചുവെന്നാണ് ചരിത്രം.

കോട്ടാർ സെയിന്റ് ഫ്രാൻസിസ് സേവ്യേഴ്സ് കത്തീഡ്രലിലാണ് ഭൗതികശരീരം സംസ്കരിച്ചത്. ദേവസഹായം പിള്ളയുടെ നാമത്തിലുള്ള ആദ്യ പള്ളി നെയ്യാറ്റിൻകര രൂപതയിലെ പാറശാല ഫൊറോനയിലെ ചൊവ്വല്ലൂർ പൊറ്റ ദേവാലയമാണ്. തിരുശേഷിപ്പും ഇടവകയിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്.

2012 ഡിസംബർ രണ്ടിനാണ് വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത്. ഇറ്റലിയിലെ വാഴ്ത്തപ്പെട്ട മരിയ ഫ്രാൻസിസ്കയുടെ അത്ഭുതപ്രവൃത്തിയും മാർപാപ്പ അംഗീകരിച്ചു. ഇരുവരുടെയും നാമകരണ തീയതി പിന്നീട് പ്രഖ്യാപിക്കും.

## HOW MODI KEEPS....

(from page 26)

The ill-treatment of the Christian leadership by the officials is not just limited to American Christians but includes leaders from other countries as well. Considering that India, which has 30 million of its citizens living abroad and more at home are looking for opportunities around the World, what the Modi government has done to a Spanish Nun who lived in India for five decades and serving the poor is deeply shameful. Sister Enedina, 86 years old, a member of the Daughters of Charity, was denied the renewal of her visa and was told by the Government that she had ten days to leave the country. She flew August 20 from New Delhi to Spain. It should also be noted that the Modi administration has so far not extended an invitation to Pope Francis, who is eager for such a visit, despite appeals from various Christian and secular quarters.

In many of the incidents highlighted above, so far, Trump Administration appears to have taken a wait and see attitude in dealing with the Modi Administration. In light of President's remarks at the United Nations General Assembly that it is necessary to "increase the prosecution and punishment of crimes against religious communities", the world is waiting to see whether he will raise the issue privately with Modi during the state visit, make a public statement in support of constitutional rights similar to Obama, or remain silent. Then we will have a much clearer idea whether religious freedom is merely a political football or a sincere goal of the Trump Administration.



# SEEKING BRIDEGROOM

*Pentecostal parents seeking proposal for their daughter currently working as R.N, born again, baptized, spirit filled 28 yrs, 5 feet 4 inch from parents of Pentecostal professional boys from USA with similar background. If interested please contact: **lethakuruvila@yahoo.com, 405-514-5062.**

*Pentecostal, Malayali parents settled in USA inviting proposal for their daughter, 29 years, 5'1", born again, spirit filled, MD student in USA, expected to start residency during summer of this year. We are seeking a professionally qualified Christian man with a heart for mission work. Please respond with details and a recent photograph to **TLG7736@gmail.com**

*Pentecostal parents settled in U.S. seeking proposals for their daughter born and brought up in U.S., born again, baptized and spirit filled, board certified internal medicine doctor, currently doing fellowship in Geriatrics. She is 31/ 5"3 looking for a God fearing, compatible qualified boy from U.S.A. If interested please send recent photos with bio data to **mathewthomas0810@yahoo.com** or call **469-360-5735.**

*Pentecostal parents are prayerfully seeking a proposal for their daughter born in Kerala and brought up in Middle East and USA. She is 29, 5' 1", holds Doctors degree in Pharmacy and currently working as Pharmacy Manager In Kroger store, Michigan. She is born again, baptized, family-oriented, spiritual, loves the Lord. We are seeking proposals from the parents of Pentecostal, God-fearing who loves the Lord, educated, family-oriented and USA citizen or green card boys. Please contact with recent photos with full details. **Thomaskutty Mathai - Cell# 919-482-9788, tom966t@gmail.com**

**Pentecostal parents settled in USA inviting proposal for their daughter, 28 yrs 5"7, born again, baptized and completed medical school, currently doing second year residency. We are seeking born again, spiritual boys with similar educational background from USA. You may please contact with recent pictures to **sobha6588@yahoo.com**

*Orthodox parents invite proposals for our daughter. 27 years old. Born and brought up in the U.S.A. Who is a Family Nurse Practitioner working in Texas. We are very well established in the U.S.A and also outside of Kerala. Preferences will be given to boys who in the medical profession(Doctors NP, PA, Pharmacy etc) who are in Texas or willing to move to Texas. Boys with good character, good family background, non-smoker and non-drinker. From a well-established family with good educated family background. Orthodox, Catholic, Marthoma, Bretheran, CSI etc. Call **214-578-2235** leave message or email to **turnerj12000@yahoo.com**

*Knanaya Catholic parents settled in USA invite proposals for their daughter 37, widow, has a son. Interested Knanaya men or parents please contact **6305186001** or **jfmcd785@gmail.com**

*Pentecostal parents are prayerfully seeking a proposal for their daughter born and brought up in the US. She is 26, 5'1", holds BS degree in accounting and currently working as an accountant in a company. She is born again, baptized, family oriented, spiritual, loves the Lord and a worship leader. We are seeking proposals from the parents of Pentecostal, God fearing who loves the Lord, educated, family oriented and US born and brought up boys. Please contact with recent photos with full details. **shalomkbd2016@gmail.com.**

*Pentecostal parents settled in USA inviting proposal for their daughter, 28 yrs, 5'7" BSc Nurse, born again , spiritual, born and brought up in USA. We are seeking professionally qualified boys with good spiritual background. You may please contact with recent pictures and details to **vineyard525@gmail.com**

*Catholic parents settled in US inviting proposals for their daughter born and brought up in US (27 years,5'3") with a Masters Degree in Anesthesia from a prestigious University,currently working in a prestigious University Hospital in Missouri.We are seeking proposals from God fearing boys,preferably grow up in US. Please send with recent pictures and details to **john.thomas2@duke.edu.** Or call **336-693-9397** or **crthomas913@gmail.com.**

*Pentecostal parents settled in North America invite proposal for their daughter, MBA; 33; 5'6" working in U.S. for a financial company. She is born again, baptized and spirit filled. Parents of professionally qualified boys and good spiritual background may please respond with details and picture to **scjoseph22@gmail.com** or call **905 793 5007.**

*Roman Catholic mother invites proposals for her daughter M.D. Working as Ob & Gyn Specialist in New York since 2012. She is born in July 1982, ht 5' 2", good looking with fair complexion, born in U.S and graduated from U.S. medical school. Seeking qualified christian professionals age 37-39yrs. If interested, please reply with a recent photograph to **gladys.abraham01@gmail.com.**

*Pentecostal parents settled in US inviting proposal for their daughter, 27 yrs, 5'6", CPA, working in a major auditing firm. Born again, baptized, spiritual. Born and brought up in US, attractive. We are seeking professionally qualified Pentecostal boys. Please contact with recent pictures and detail to **wmathew1@comcast.net** or call Phone **206-234-5555**

*Kerala Pentecostal Parents invite proposal for their daughter (DOB:29/12/ 1992) (5'1") (BSc Nurse) Born again with good spirituAal values currently working in Kerala seeking proposal from professionally qualified, baptized, and spirit filled young men with similar Christian faith and values. Email: **jaisonkvj@gmail.com.** Contact: **+91 7025416048, +91 6282129858**

**Syrian Catholic parents settled in MI seeking groom for their God-fearing daughter who was born and raised in US. She is 25 years old (Dec 1993), 5'7" and currently completing MD degree at a top university. We are seeking God-fearing professionally qualified Catholic groom who is either born in the US or raised in the US since high school. Please contact with full details at: **mango4212@yahoo.com**

*Christian parents seeking groom for their, God-fearing, slim, fair and good-looking daughter (5.4 and 31) from Dallas, TX with a MPH degree and a nice job. She loves to travel and is a hard working individual. Seeking well-educated, true Christian boys who are either born in the US or raised in the US since high and preferably 5'7 and above. Interested please contact: **blossom2029@gmail.com**

# SEEKING BRIDE

*Seeking bride for a Christian boy age 29, 6 ft tall, holding business degree, working with Bloomberg group in New York. Looking for a Malayalee girl that is brought up in the U.S. Should be tall and educated professional. Please email details and photo to: **prabhaphilip@yahoo.com** or call: **614-329-9361**

*Knanaya Jacobite parents invite proposals for our son ( 31, 5'10", employed in IT field). He was born and raised in the U.S and is living in Boston. Preferably seeking proposals from parents of Knanaya girls, employed in the medical field. Please contact **bmt554206@gmail.com** or call **978-577-7732.**

*Pentecostal family members are seeking a suitable life partner for our nephew (26 years old, 5'8") born in the U.S. Bachelor's in Business Management, MBA specialized in Aerospace Logistics. Working in the Tinker Airforce Base (civilian). Active in the church in the role of praise and worship leader, Sunday school teacher, and as evangelism director. We are seeking a born-again, spirit-filled girl, with some professional education (Knanaya background preferred). Please contact with details to **mtkuruvilla1@hotmail.com** or call **(405) 474-1222.**

*Syrian Christian Pentecostal parents invites proposal for their son 27, 179 cm, fair, B.Tech, working as instrumentation engineer in Kuwait, Baptized and spiritfilled. From parents of well educated girls with good spiritual life and family backgrounds. Phone USA **405 541 5567**, Kerala **9633170515**

*Pentecostal parents prayerfully seeking suitable life partner for their son (26, 5-11)born and brought up in the US, holds a degree in business administration and currently working for a reputable firm. We are seeking proposals from the parents of Pentecostal, Holy Spirit baptized US born girls with similar field of education, employed or unemployed. Please contact with full detailsto: **Eliazer2017@yahoo.com**

*Proposals are invited for a Knanaya Catholic groom, 39 years old, divorced, working in USA; from girls belonging to any mainstream Christian denominations. Please contact with details to: infomatrimonial **20@gmail.com** or call: (**803) 873-0395.**

**Christian/Catholic Malayalee parents settled in USA invite proposal for their son family-oriented, caring with moral/ spiritual value, good character, 34 years, 5'9", US-educated medical doctor MD. Proposal seeking from slim, fair, beautiful Christian/catholic girls with similar professions. please send emails with recent picture to **mkurian101@gmail.com**

* Malayalee Pentecostal Parents settled in the USA invite marriage proposals for their son, born again, baptized, spirit filled, 5'10", 34 years old, spiritual, and family oriented IT professional working for a highly acclaimed IT firm in the USA, from parents of born again, baptized, spirit filled Pentecostal girls, with excellent spiritual and family values, preferably raised in the USA. Please reply with recent photos to **onlyhisgrace79@gmail.com**

*Sister invites proposal for her born again brother, 26 years, fair in complexion, 5'9", studying MBA Pharmacy and completing in 2020. He is born and brought up in the US and from the Knanaya back-ground. Looking for God-fearing born again girl working or studying in the medical field preferably from the US or Canada. Phone # **847 337 0660.** Email: **Neethusz@gmail.com** or **ashzach84@gmail.com**

*Christian male, divorced, 44 yrs, well mannered, a graduate electrician with Saudi Arabian work experience currently in Kerala seeking Christian Malayalee bride (Single, widowed, divorced) from USA or Canada. Contact **(713) 505 4747** or email to: **priyajohn002@gmail.com.**

**Christian Malayalee parents settled in the USA invite proposal for their sons MD 41 & 42 years, 5'7" & 5'9". 1st son is ER doctor in California and 2nd son double board-certified MD V A Hospital. We are seeking God-fearing and professionally qualified, slim, fair and good looking girl. Please contact with recent picture and details to email: **j_indy21@hotmail.com**

*Roman Catholic parents well settled in USA invite Marriage Proposal for their only son 34 years 5'5" Fair Complex USA Educated Chemical Engineer with Master of Business Management. He is working in Chicago in a MN Chemical Company as Global Innovation manager. He has all The Best Qualities. Please send details with recent full size pictures to **stevarmaan@hotmail.com**

*Christian (Orthodox) malayalee parents settled in NY invite proposals for their son (31 years, 5'8") who is born and brought up in US, working as a pharmacist in NY. Proposals seeking from parents of family oriented and well educated christian girls from US, Canada and Middle East. Please send details with recent pictures to **thomgpv@gmail.com** or call **(917) 689-3947.**

## SEEKING BRIDEGROOM CONTD.....

*Pentecostal parents currently settled in Madhya Pradesh, India is inviting proposals for their daughter, brought up in Madhya Pradesh, India (27 Years, 4'11") with M.Com, MBA, working at a Multi National Corporation. She is born again, baptized, family oriented and committed for ministry. We are seeking proposals from God fearing boys who are US citizen or Green holder. Please contact with recent pictures and full details to: **tonygeorge316@sbcglobal.net** or Call at **815-723-0650**

**Pentecostal parents are prayerfully seeking a proposal for their daughter who was born and raised in the USA. She is 25 years old (October 1993), 5'4", and loves to travel. She is currently finishing up rotations for PA school and will graduate with her Masters in September. She is a hardworking individual who loves the Lord and is involved in the worship team. We are seeking proposals from a God-fearing Pentecostal groom who is professionally (BS/MS) qualified. We prefer him to be raised in the USA, Canada, Middle East, or North India as well as someone who has a personal relationship with God, loves family, and is actively involved in church activities. Interested individuals please contact with a latest picture and recent information by sending an email to **jaomf99@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

# നിര്യാതരായി

## കെ.എ. ടോമിച്ചൻ

**ചങ്ങനാശേരി:** മോർക്കുളങ്ങര കല്ലുകളത്തിൽ കെ.എ. തോമസ് (ടോമിച്ചൻ-76) നിര്യാതനായി. ഭാര്യ: തങ്കമ്മ. മകൻ: ഡോ. രാജേഷ് (യുഎസ്). മരുമകൾ: ജോംസി (യുഎസ്).

**കാക്കനാട്:** കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയം മുൻ ഉപദേഷ്ടാവ് ചേർത്തല നെടുമ്പ്രക്കാട്ട് കോയിക്കര തുരുത്തിക്കാട്ട് ഡോ. ജോസഫ് പി. ജോൺ (പാപ്പച്ചൻ-85) നിര്യാതനായി.

## മാത്യു മാത്യു

**പാമ്പാടി-വെള്ളൂർ:** പൊക്കനാമറ്റത്തിലായ പതിപറമ്പിൽ മാത്യു മാത്യു (കുഞ്ഞച്ചൻ-99) നിര്യാതനായി. ഭാര്യ: നെടുമാവ് പട്ടശേരിൽ പരേതയായ മറിയാമ്മ. മക്കൾ: ലിസിമോൾ, കൊച്ചുമോൾ (ഇരുവരും യുഎസ്), സൂസമ്മ, പരേതനായ സാബു. മരുമക്കൾ: മാത്യു ജേക്കബ് കാവുങ്കൽ, ജേക്കബ് പത്തനാകണ്ടത്തിൽ (ഇരുവരും യുഎസ്), ജിജി (യൂണി പവ്വർ).

**കൊച്ചി:** പിന്നാക്ക സമുദായ സംഘടനാ പ്രമുഖനും കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ (കെഎൽസിഎ) സ്ഥാപക ജനറൽ സെക്രട്ടറിയുമായ പാലിവട്ടം എട്ടുരുത്തിൽ ഡോ. ഇ.പി. ആന്റണി (93) നിര്യാതനായി.

**ചേന്നാട്:** തെക്കേവയലിൽ പരേതനായ ടി.ടി. മത്തായിയുടെ മകൻ റ്റോമിസ് മാത്യു (46) നിര്യാതനായി.

**മണ്ണയ്ക്കനാട്:** പാലയ്ക്കത്തറപ്പിൽ പി.ജെ. ജോസഫിന്റെ ഭാര്യ ത്രേസ്യാമ്മ (85) നിര്യാതയായി.

**മരങ്ങാട്ടുപിള്ളി:** നടയ്ക്കൽ പരേതനായ വർക്കിയുടെ ഭാര്യ മരങ്ങാട്ടുപിള്ളി സെ. തോമസ് എച്ച്എസ് റിട്ട. ഉദ്യോഗസ്ഥ എൻ.ജെ. റോസ (86) നിര്യാതയായി.

## സുരേഷ് പി. മാണി

**ബെംഗളൂരു:** കോട്ടയം കണ്ടമുണ്ടാരിൽ സുരേഷ് സി. മാണി (63) നിര്യാതനായി. ഭാര്യ: സൂസൻ. മക്കൾ: മോണിക്ക (എച്ച്എൽ), മോനിഷ (യുഎസ്). മരുമക്കൾ: എസ്. സന്തോഷ്കുമാർ, എം. സനിൽ ജോർജ് സക്കറിയ.

**പള്ളം:** പുളിമൂട്ടിൽ പരേതനായ വി.എ. ശ്രീധരന്റെ ഭാര്യ തങ്കമണി (83) നിര്യാതയായി.

**പൈക:** ആയലൂക്കുന്നേൽ എ.എസ്. തോമസിന്റെ ഭാര്യ ഏലിക്കുട്ടി (76) നിര്യാതയായി.

**തലപ്പലം:** കരിയിലക്കാനം ഇളപ്പുങ്കൽ പനച്ചിക്കൽ രാധാകൃഷ്ണൻ നായർ (68) നിര്യാതനായി.

**കാന്തളം:** തടിക്കുളങ്ങര പരേതനായ ടി.സി. വർഗീസിന്റെ ഭാര്യ അച്ചാമ്മ (96) നിര്യാതയായി.

**കോട്ടമുറി:** പ്ലാംചുവട് മാവേലിമറ്റം പരേതനായ രാമന്റെ മകൾ കോട്ടയം ഗവ. മെഡിക്കൽ കോളജ് ലക്ചറർ എം.ആർ. ഇന്ദു (44) നിര്യാതയായി.

**തൃക്കോതമംഗലം:** കുറിച്ചി സിഎംഎസ് എൽപി സ്കൂൾ റിട്ട. ഹെഡ്മാസ്റ്റർ മഞ്ഞക്കാലായിൽ എം.എം. മത്തായി (88) നിര്യാതനായി.

**കല്ലൂർ:** കല്ലുറുമ്പിൽ ജോർജിന്റെ ഭാര്യ മേരി (61) നിര്യാതയായി.

**മണർകാട്:** ഐരാറ്റുനട പാടത്തുമാപ്പിള കുടുംബാംഗം ഈരേച്ചേരിൽ കരോട്ട് കെ.എ. ജോർജ് (79) നിര്യാതനായി.

## എം.എസ്. മണി



**തിരുവനന്തപുരം:** പ്രശസ്ത പത്രപ്രവർത്തകനും കലാകൗമുദി ചീഫ് എഡിറ്ററും കേരള കൗമുദി മുൻ ചീഫ് എഡിറ്ററുമായ എം.എസ്. മണി (79) നിര്യാതനായി. പത്രപ്രവർത്തകനായി തുടങ്ങിയ പത്രാധിപരായി തലയെടുപ്പോടെ മാധ്യമരംഗത്ത് നിലയുറപ്പിച്ച എം.എസ്. മണി, കേരള കൗമുദി പത്രാധിപരായിരുന്ന കെ. സുകുമാരന്റെ മകനും സ്ഥാപക പത്രാധിപർ സി.വി. കുഞ്ഞുരാമന്റെ കൊച്ചുമകനുമാണ്. ഡോ. കസ്തൂരി ബായിയാണ് ഭാര്യ.

**കൊച്ചി:** കലാഭവൻ ഷാജോണിന്റ മാതാവും മലയിൽ വീട്ടിൽ പരേതനായ പി.ജെ. ജോണിന്റെ ഭാര്യയുമായ റെജീന ജോൺ (78) നിര്യാതയായി.

## പ്രതാപ് ജി. ചന്ദ്രൻ

**ചങ്ങനാശേരി:** മാവേലിക്കര മാമ്പയിൽ മഠത്തിൽ ഡോ. ജി. ചന്ദ്രൻ (78) അമേരിക്കയിൽ നിര്യാതനായി. ഭാര്യ: മന്നത്ത് പത്മനാഭന്റെ പൗത്രി ഇന്ദിരാ ദേവിയുടെ മകൾ റീതാ ചന്ദ്രൻ (യുഎസ്). മക്കൾ: പ്രവീൺ ചന്ദ്രൻ, ഗായത്രി പ്രീതി ചന്ദ്രൻ. മരുമക്കൾ: ആനന്ദി ചന്ദ്രൻ, ഡോ. അനൂപ് മനോഹരൻ (എല്ലാവരും യുഎസ്).

**ചങ്ങനാശേരി:** യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് റിട്ട. ഡവലപ്മെന്റ് ഓഫീസർ ഇടമന ഇല്ലത്ത് കെ. ഗോവിന്ദൻ നമ്പൂതിരിയുടെ ഭാര്യ പെരുന്ന എൻഎസ്എസ് സ്കൂൾ, റിട്ട. അദ്ധ്യാപിക പത്മിനി ഗോവിന്ദൻ (60) നിര്യാതയായി.

**പേരൂർ:** മന്നാമലയിൽ പരേതനായ വി.സി. ജോസഫിന്റെ ഭാര്യ നൈത്തി (93) നിര്യാതയായി.

**തിരുവനന്തപുരം:** നാടാർ മഹാജനസംഘം സ്ഥാപക നേതാവും സംസ്ഥാന വർക്കിങ് പ്രസിഡണ്ടുമായ ഡി.ഡി. ക്രിസ്തുദാസ് (85) നിര്യാതനായി.

## എം.സി. ചാക്കോ

**ചിങ്ങവനം:** റിട്ട. ക്യാപ്റ്റൻ മണിമല എം.സി. ചാക്കോ (രാജു-69) നിര്യാതനായി. ഇലക്ട്രിക്കൽ ആൻഡ് മെക്കാനിക്കൽ എൻജിനീയറിങ് മുൻ ഓഫീസറാണ്. ഭാര്യ: കുറിച്ചി കൊച്ചിശേരിൽ ഗ്രേസി. മക്കൾ: സിജു ജേക്കബ് (യുഎസ്), സിജോ ജേക്കബ് (യുകെ). മരുമക്കൾ: ലിസ്സ്, ബിജു തോമസ്, മോടയിൽ (വെൺപാല).

**മേച്ചാൽ:** അടൂർമല പീടികയിൽ പി.ജെ. ജോൺ (88) നിര്യാതനായി.

**ആലക്കോട്:** വിമുക്തഭടൻ പാറേക്കുന്നേൽ പി.എസ്. അഗസ്റ്റ്യൻ (കുഞ്ഞ്-80) നിര്യാതനായി.

**പനമ്പാലം:** നല്ലപ്പറമ്പിൽ (എരമത്ത്) അജിത് കുമാർ (കണ്ണൻ-43) നിര്യാതനായി.

**റാന്നി:** അരുവിക്കൽ തെങ്ങുംതോട്ടത്തിൽ ഊന്നുകല്ലിൽ പരേതനായ ഏബ്രഹാമിന്റെ ഭാര്യ കുഞ്ഞമ്മ (77) നിര്യാതയായി.

**അമ്പലപ്പുഴ:** കരുമാടി പുത്തൻപറമ്പിൽ സ്കറിയയുടെ ഭാര്യ മേരിക്കുട്ടി (76) നിര്യാതയായി.

## അന്നമ്മ കുരുവിള

**റാന്നി:** വിഴലിൽ ഏബ്രഹാം കുരുവിളയുടെ ഭാര്യ അന്നമ്മ (എമിലി-60) നിര്യാതയായി. കുറിയന്നൂർ ചെറുകാട്ട് കുടുംബാംഗമാണ്. മക്കൾ: റെനി കുരുവിള (യുഎസ്), റെമി സൂസൻ റോബി (അബുദാബി). മരുമക്കൾ: അഞ്ജു റെനി (ബെംഗളൂരു), കാരയ്ക്കാട്ട് പൂവക്കുളത്ത് റോബി ഫിലിപ് (അബുദാബി).

## മറിയാമ്മ വർഗീസ്

**ചെങ്ങന്നൂർ:** ഭദ്രാസന സൺഡേ സ്കൂൾ മുൻ ഡയറക്ടർ പേരിശേരി ഈസ്റ്റ് തുണ്ടിയിൽ കർമേൽ ഭവൻ ടി.എം. വർഗീസിന്റെ ഭാര്യ തിങ്കളാമുറ്റം മൗണ്ട് കാർമൽ സ്കൂൾ മാനേജർ മറിയാമ്മ വർഗീസ് (കുഞ്ഞുഞ്ഞമ്മ-75) നിര്യാതയായി. അങ്ങാടിക്കൽ സൗത്ത് നാവുങ്കഴ കുടുംബാംഗമാണ്. മക്കൾ: ഡോ. മാത്യു വർഗീസ് (ദുബായ്), ഷിബു വർഗീസ് (യുഎസ്), ഫാ. ജിജു വർഗീസ് (വൈറ്റില സെയിന്റ് ഗ്രിഗോറിയോസ് പള്ളി വികാരി). മരുമക്കൾ: ഷില്ലി, സൂസൻ, രമ്യ.

**അതിരമ്പുഴ:** സിസ്റ്റേഴ്സ് ഓഫ് നോർട്ടർഡാം സഭാംഗം സിസ്റ്റർ വിനീത (85) നിര്യാതയായി.

**തൃക്കൊടിത്താനം:** പിഡബ്ല്യുഡി (കോട്ടയം) റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ മുക്കാട്ടുപടി രാജ്ഭവനിൽ പി.സി. രാജൻ (67) നിര്യാതനായി.

**പുതുപ്പള്ളി:** വലിയകിഴക്കേക്കരയായ മേമനയിൽ പരേതനായ മാത്യുവിന്റെ ഭാര്യ ലീലാമ്മ (ലില്ലിക്കുട്ടി-84) നിര്യാതയായി.

## എം.കെ. ജോർജുകുട്ടി

**ചങ്ങനാശേരി:** വലിയകുളം മാമ്മൂട്ടിൽ വൈബികുളം മാമൂട്ടിൽ വൈബിഎ കാനൂ റിട്ട. ഉദ്യോഗസ്ഥൻ എം.കെ. ജോർജുകുട്ടി (77) നിര്യാതനായി. ഭാര്യ: കുട്ടംപേരൂർ ചക്കാലയ്ക്കൽ കുഞ്ഞുഞ്ഞമ്മ. മക്കൾ: സിജി ജോർജ്, ഡോ. സാബി ജോർജ് (ഇരുവരും യുഎസ്), സ്നിഗ്ധ, സുമി. മരുമക്കൾ: ബിജു ഏബ്രഹാം തെക്കേമുറിയിൽ (പാലാ), സിജോ മാത്യു നെടുംപുറത്ത് (കോതമംഗലം), ബിനു സിജി പടവുപുരയ്ക്കൽ (നെടുമുടി), ബിൻസി (ചിക്കാഗോ).

**മല്ലപ്പള്ളി-ആനിക്കാട്:** മേലേക്കറ്റ് എം.എം. ജോൺ (തങ്കച്ചൻ-84) നിര്യാതനായി.

**പാറമ്പുഴ:** ഇടാട്ട് ഫിനിക്സ് പ്ലൈവുഡ് മുൻ ഉദ്യോഗസ്ഥൻ ഇ.കെ. കൃഷ്ണൻകുട്ടി (88) നിര്യാതനായി.

**കുരീക്കാട്:** വില്ലിങ്ടൺ ഐലൻഡ് ഡാരാസ്മൈൽ ആൻഡ് കമ്പനി റിട്ട. ഉദ്യോഗസ്ഥൻ കോട്ടയം ചെങ്ങളം പുച്ചന്താലിൽ കുരുവിള പി. കുരുവിള (ബേബിച്ചൻ-74) നിര്യാതനായി.

**വെൺമണി:** തറപ്പേൽ ജോണിയുടെ ഭാര്യ മേരി (61) നിര്യാതയായി.

**വളഞ്ഞവട്ടം:** മീനത്തേരിൽ രാമചന്ദ്രന്റെ ഭാര്യ എം.കെ. ജഗദമ്മ (69) നിര്യാതയായി.

**കരിമ്പാനി:** മറ്റക്കരോട്ട് പരേതനായ ദേവസ്യായുടെ ഭാര്യ അന്നക്കുട്ടി (98) നിര്യാതയായി.

**മേരിലാൻഡ്:** കാരിയാങ്കൽ റോയി ജോസഫ് (56) നിര്യാതനായി.

**മൂവാറ്റുപുഴ:** കാവുംപടി ശ്രീശൈലത്തിൽ (കൊന്നയ്ക്കൽ) എസ്.ആർ. വിജയൻ നായരുടെ ഭാര്യ കെഎസ്ഇബി റിട്ട. സീനിയർ സൂപ്രണ്ട് രാജേശ്വരിയമ്മ (ബേബി-74) നിര്യാതയായി.

## അഗസ്റ്റിൻ കൊച്ചറയ്ക്കൽ

**പൊൻകുന്നം:** കൊച്ചറയ്ക്കൽ അഗസ്റ്റിൻ (അപ്പച്ചൻ-90) നിര്യാതനായി. ഭാര്യ: മേരികുളം പുളിക്കൽ പരേതയായ ചിന്നമ്മ. മക്കൾ: ബേബി, ജെയിംസ്, ബിനോയ് (സൗദി), ജെസി, സോയി, ജോയി, പരേതയായ മേരി. മരുമക്കൾ: ഫിലോമിന, സോളി (ഇരുവരും കാനഡ), ഷൈനി, ജയ്സ് പുതുപ്പറമ്പിൽ തമ്പലക്കാട്, ഷാജി മറ്റപ്പള്ളിൽ പൂവരണി (ഇരുവരും യുകെ), സണ്ണി പാലയ്ക്കൽ, ശാന്തിഗ്രാം (ഡൽഹി), ജോമോൻ വാവോലിൽ (വാളക്കയം), ക്രിസ്റ്റി (യുഎസ്), പരേതനായ ജോർജ് കൈതോലിൽ (നെടിയശാല).

**തലയോലപ്പറമ്പ്:** ഇടവട്ടം വടക്കേകുറ്റ് പരേതനായ ശങ്കരൻ നായരുടെയും ചന്ദ്രവതിയമ്മയുടെയും മകൻ രാജശേഖരൻ (48) നിര്യാതനായി.

**ചെങ്കൽ ഏലൂർ:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ ഏലൂർ സാന്തോം പ്രൊവിൻസ് പോളവാരം ഭവനാംഗം സിസ്റ്റർ ലീനാ വെള്ളിയാംകുളം (64) നിര്യാതയായി.

## തങ്കമ്മ ചാക്കോ



**ഹരിപ്പാട്:** കറുകേൽ വീട്ടിൽ പരേതനായ ചാക്കോയുടെ ഭാര്യ തങ്കമ്മ ചാക്കോ (കാരിച്ചാൽ അമ്മച്ചി-93) നിര്യാതയായി. മക്കൾ: മറിയാമ്മ, അമ്മിണി (യുഎസ്), ഏലിയാമ്മ, സൂസി (യുകെ), കുഞ്ഞുമോൾ (യുഎസ്).

**മാന്നാർ:** മൃഗസംരക്ഷണ വകുപ്പ് റിട്ട. ഡപ്യൂട്ടി ഡയറക്ടറും മാന്നാർ നായർ സമാജം സ്കൂൾ മുൻ മാനേജരുമായിരുന്ന കൊച്ചുന്തറാട്ട് മന്നൻകരച്ചിറ പാരാത്ര വീട്ടിൽ ഡോ. വി.എൻ. ഗോപാലകൃഷ്ണൻ നായർ (84) നിര്യാതനായി.

## ഓമനക്കുട്ടൻ നായർ

**വയ്യാറ്റുപുഴ:** വള്ളത്തിലേത്ത് പരേതനായ പരമേശ്വരൻ നായരുടെയും ഭാർഗവിയമ്മയുടെയും മകൻ ഓമനക്കുട്ടൻ നായർ (പൊടിയൻ-58) നിര്യാതനായി. ഭാര്യ: മണിക്കുട്ടി (യുഎസ്). മകൾ: ലക്ഷ്മി (യുഎസ്).

**മാവേലിക്കര:** കായംകുളം എസ്ബിടി റിട്ട. ഉദ്യോഗസ്ഥൻ പുതിയകാവ് കിഴക്കേപറമ്പിൽ പണിക്കർ വീട്ടിൽ പരേതനായ കെ.സി. ജോൺ (92) നിര്യാതനായി.

**ഓലകെട്ടിയമ്പലം:** വിമുക്തഭടനും ചേതക് സെക്യൂരിറ്റി സർവീസ് ഏജൻസി ഉടമയുമായ കൊയ്പ്പള്ളി കാരാഴ്മ മണ്ണാമുറിയിൽ അനുഗ്രഹയിൽ എം.ആർ. രാജീവ് (54) നിര്യാതനായി.

**അഹമ്മദാബാദ്:** ചങ്ങനാശേരി വഞ്ചിപ്പറമ്പിൽ എം.ഒ. സെബാസ്റ്റ്യന്റെ ഭാര്യ ഏലിയാമ്മ (കൊച്ചുറാണി-73) നിര്യാതയായി.

**കളത്തൂർ:** വെണ്ണയ്ക്കൽ പരേതനായ തോമസിന്റെ ഭാര്യ ഏലിയാമ്മ (72) നിര്യാതയായി.

**ആർപ്പൂക്കര:** പുളിമൂട്ടിൽ ജോസഫ് ചെറിയാന്റെ ഭാര്യ എൽസമ്മ (71) നിര്യാതയായി.

## തങ്കമ്മ ഗോപാലൻ

**മുണ്ടക്കയം:** പ്രഭാസദനത്തിൽ പരേതനായ ടി.പി. ഗോപാലന്റെ ഭാര്യ പി.എൻ. തങ്കമ്മ (82) നിര്യാതയായി. മക്കൾ: ഡോ. സാധുജൻ (യുഎസ്), സുധ, അഡ്വ. സുനില, സജൻ, പി.ജി. സുജ. മരുമക്കൾ സരിത (യുഎസ്), പത്മജൻ (ടീം ഫോർബോഷ്), അഡ്വ. രാധാകൃഷ്ണൻ (പീരുമേട്), ഷീന, എം. സ്മിതി (ഫീൽഡ് പബ്ലിസിറ്റി ഓഫീസർ, കേന്ദ്ര വാർത്താവിതരണ മന്ത്രാലയം, പാലക്കാട്).

**കോട്ടയം:** മെഡിക്കൽ കോളജ് ആശുപത്രി മുൻ സൂപ്രണ്ടും പ്ലാസ്റ്റിക് സർജനുമായ ഗാന്ധിനഗർ കോട്ടപ്പറമ്പിൽ ഡോ. കെ.പി. തോമസ് (81) നിര്യാതനായി.

**നിരണം:** ഇലഞ്ഞിക്കൽ പരേതനായ ഇ.പി. മോഹൻ ജോണിന്റെ ഭാര്യ ലീല മോഹൻ ജോൺ (81) നിര്യാതനായി.

## പെണ്ണമ്മ തോമസ്

**മാന്നാർ:** മാലിയിൽ പരേതനായ എം.ടി. തോമസിന്റെ ഭാര്യ പെണ്ണമ്മ (78) നിര്യാതയായി. ചിങ്ങവനം പുത്തൻപുരയിൽ കുടുംബാംഗമാണ്. മക്കൾ: ബിജു, വിന്റു, ബിനു. മരുമക്കൾ: റിനു, ഇരവിപേരൂർ കല്ലംകുന്നിൽ സോജി, ബെറ്റ്സി (എല്ലാവരും യുഎസ്).

**നീലേശ്വരം:** ആധാരം എഴുത്ത് അസോസിയേഷൻ മുൻ സംസ്ഥാന പ്രസിഡണ്ടും ഏറെക്കാലം വൈസ് പ്രസിഡണ്ടുമായിരുന്ന നീലേശ്വരം പട്ടേന വെതിരമന ഇല്ലത്തെ വി. ശങ്കരൻ നമ്പൂതിരി (വി.എസ്. നമ്പൂതിരി-70) നിര്യാതനായി.

**അയർക്കുന്നം:** ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് സെയിന്റ് മേരി ഓഫ് ദി ഏഞ്ചൽസ് സഭാംഗം സിസ്റ്റർ തെരേസിറ്റ പുത്തൂപ്പാക്കൽ (80) നിര്യാതയായി.

**റായ്പൂർ:** സലേഷ്യൻ മിഷനറീസ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സഭാംഗം സിസ്റ്റർ മേരി ഡോറോത്തി (96) നിര്യാതയായി.

## ജോയൽ കുരുവിള

**ചെങ്ങന്നൂർ:** മുളക്കുഴ ചക്കാലയിൽ സതീഷ് കുരുവിളയുടെയും ഡോ. ജിസ് കുരുവിളയുടെയും മകൻ ജോയൽ കുരുവിള (22) ഫിലാഡൽഫിയായിൽ നിര്യാതനായി.

**പുറമറ്റം:** പേരാലുംമൂട്ടിൽ പന്നിക്കോട്ട് പരേതനായ പി.ഇ. ഈപ്പന്റെ മകൻ റെജി (55) നിര്യാതനായി.

**കോതമംഗലം:** കാലടി ശ്രീ ശങ്കര കോളജ് ഫിസിക്സ് വിഭാഗം റിട്ട. അദ്ധ്യാപകൻ വരിയ്ക്കമാക്കൽ പ്രഫ. എ.വി. ജോർജ് (75) നിര്യാതനായി.

**കരിമ്പാനി:** തൊട്ടിയിൽ പരേതനായ ജെയിംസിന്റെ ഭാര്യ ലൂസി (67) നിര്യാതയായി.

**കല്ലിശേരി:** നെടുവേലി പള്ളത്ത് എൻ.പി. കുര്യൻ (കുഞ്ഞുമോൻ-74) നിര്യാതനായി.

**ശാന്തിപുരം:** കുറ്റിക്കൽ പരേതനായ ആന്റണിയുടെ മകൾ മറിയാമ്മ (78) നിര്യാതയായി.

**കടമ്പനാട്:** റിട്ട. സുബേദാർ മേജർ പുത്തൻപുരയിൽ ജി. ബേബി (78) നിര്യാതനായി.

**പാക്കിൽ:** താന്നിമൂട്ടിലായ വഞ്ചിത്തോട്ടിൽ പരേതനായ ടി.കെ. മത്തായിയുടെ ഭാര്യ സാറാമ്മ (അമ്മിണി-62) നിര്യാതയായി.

**കോട്ടയം:** ഒളശ പുറത്തേപ്പറമ്പിൽ അഗസ്റ്റിന്റെ ഭാര്യ ജിജി (48) നിര്യാതയായി.

**കൊൽക്കത്ത:** സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി അംഗം സിസ്റ്റർ മാർഗരറ്റ് (82) നിര്യാതയായി.

## ഡോ. രാമകൃഷ്ണ പിള്ള

**തൊടുപുഴ:** റിട്ട. വെറ്ററിനറി ഡപ്യൂട്ടി ഡയറക്ടർ വള്ളവശേരിൽ (ലക്ഷ്മി നിവാസ്) ഡോ. രാമകൃഷ്ണപിള്ള (89) നിര്യാതനായി. ഭാര്യ: വണ്ടമറ്റം പുതിയവീട്ടിൽ ലക്ഷ്മിക്കുട്ടിയമ്മ (റിട്ട. അദ്ധ്യാപിക, സെയിന്റ് സെബാസ്റ്റ്യൻസ് സ്കൂൾ, തൊടുപുഴ). മക്കൾ: ദിനേശ് പിള്ള (യുഎസ്), മിനി പ്രവീൺ, പരേതനായ ആർ. രമേഷ്. മരുമക്കൾ: പ്രവീൺ കുമാർ, പ്രസീത ദിനേശ് (യുഎസ്).

## സൂസി മാത്യു

**കോന്നി:** പൂവൻപാറ ചിറമുഖത്ത് സി.എം. മാത്യുവിന്റെ ഭാര്യ സൂസി (കുഞ്ഞുമോൾ-76) ഹൂസ്റ്റണിൽ നിര്യാതയായി. വെണ്ണിക്കുളം കണ്ണൻകര കുടുംബാംഗമാണ്. മക്കൾ: ജെഫി, ജൂലി.

**മാൻവെട്ടം:** നാഗപ്പൂർ എസ്എംഎഐ സഭാംഗം സിസ്റ്റർ തെരേസ പോൾ (81) നിര്യാതയായി.

**കോടഞ്ചേരി:** എഫ്സിസി താമരശ്ശേരി സെയിന്റ് പ്രൊവിൻസിന്റെ കോടഞ്ചേരി സെയിന്റ് മേരീസ് കോൺവന്റ് അംഗവും മലബാർ എഫ്സിസിയുടെ സ്ഥാപാംഗവുമായ സിസ്റ്റർ ഫെലിക്സ് (97) നിര്യാതയായി.

## റവ. സക്കറിയ കോശി

**കൊച്ചി:** കോട്ടയം കുറ്റിക്കൽ റവ. സക്കറിയ കോശി (72) നിര്യാതനായി. ഭാര്യ: ഒളശ പ്ലാമൂട്ടിൽ രമണി. മക്കൾ: ഉഷസ് (യുഎസ്), വിശാൽ (കലിപ്സോ കൊച്ചി). മരുമക്കൾ: കോട്ടയം കളത്തിൽ ജൂബൽ കോശി, റോജിൻ കോശി.

**കോതനല്ലൂർ:** പ്ലാവുവെച്ചതിൽ (കല്ലുറുമ്പേൽ) പി.ഡി. ജോസഫ് (ടോമി-54) നിര്യാതനായി.

**ചങ്ങനാശേരി:** പെരുന്ന കിഴക്ക് ചെത്തിമറ്റത്തിൽ പരേതനായ ടോം ടി. ചെത്തിമറ്റത്തിന്റെ മകൻ ലെനു സി. ടോം (49) നിര്യാതനായി.

**കട്ടച്ചിറ:** ഷട്ടർകവല റോസ് മൗണ്ട് വില്ലയിൽ വാളവക്കോട്ട് (ജയവിഹാർ) പരേതനായ എ.എൻ. നാരായണ മേനോന്റെ ഭാര്യ വി.എസ്. ശാരദാമ്മ (80) നിര്യാതയായി.

**മല്ലപ്പള്ളി-ആനിക്കാട്:** മുണ്ടൻപള്ളിൽ പരേതനായ ശിവരാമൻ പിള്ളയുടെ മകൻ എം.എസ്. സന്തോഷ് കുമാർ (44) നിര്യാതനായി.

**ഹരിപ്പാട്:** വിമുക്തഭടൻ വെട്ടുവേനി സംഗമത്തിൽ (ഹരിപ്പാട്ടേത്ത്) ഗോപിനാഥൻ പിള്ളയുടെ ഭാര്യ ഡികെഎൻഎം എൽപിഎസ് റിട്ട. ഹെഡ്മിസ്ട്രസ് കെ.എൻ. കമലമ്മ (70) നിര്യാതയായി.

**കോഴഞ്ചേരി:** തെക്കേമല തേവർതുണ്ടിയിൽ തൈക്കൂട്ടത്തിൽ പരേതനായ കോശി കുഞ്ഞിന്റെ ഭാര്യ സാറാമ്മ (അമ്മുക്കുട്ടി-75) നിര്യാതയായി.

**പൂവത്തൂർ:** പഴമ്പള്ളിൽ പൊടിമല പരേതനായ പി.എം. കുര്യന്റെ ഭാര്യ തങ്കമ്മ (സാറാമ്മ-91) നിര്യാതയായി.

**കുമരകം:** പുളിംപറമ്പിൽ ജോൺ ജോർജിന്റെ മകൻ റ്റിബിൻ പി. ജോർജ് (കൊച്ചുമോൻ-36) നിര്യാതനായി.

**അമയന്നൂർ:** തൂത്തൂട്ടി മണ്ണുംമൂട്ടിലായ കാരിൽ പുത്തൻപുരയിൽ കെ.എ. ഏബ്രഹാം (ബേബി-83) നിര്യാതനായി.

**മഞ്ഞിനിക്കര:** കൊല്ലിരേത്ത് ഗോപിനാഥൻപിള്ള (67) നിര്യാതനായി.

# NANNY WANTED

We are an Indian couple living in Elmhurst, Illinois. We are looking for either a live in or live out nanny/babysitter to start as soon as possible to watch an 8 month old infant. Some cooking and light house keeping expected.

**Please contact us at**

**917-685-2553 or 312-399-6750**

# HOUSING PLOT FOR SALE TRIVANDRUM

Two plots of 10 cents each for sale in Chavadimukku, Sreekariam. Walking distance from National Highway.

**Interested parties, please call:**

**516-784-3621**

# 5 ACRES RUBBER ESTATE FOR SALE

5 Acres property near Nelliyani, Palai, easy access to Vaikom - Palai road, Alphonsa college and Mariyan hospital. This property is far away from flood zone. Selling as a whole, or three parts. Good for investment, apartment, villa or other development opportunities.

**Please contact**

**Jay: 001- 416 458 1978 or**

**Santhosh: 919447571716**

# BABY SITTER WANTED

Malayali family living near Chicago in Wisconsin GreenBay need a Nanny/baby sitter to stay at home and look after a one month old baby.

**Please contact**

**Phone: 708 979 3947, 740 398 2374**

## *Favors Received*



*Inserted by: Firm Believer, Virginia*

## *Favors Received*



*Inserted by: Firm Believer, Virginia*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Bloomingdale*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Jeril Susan Reji, Irving, TX*

# മലയാളി ക്രിസ്ത്യൻ ദമ്പതികൾക്ക് താമസിക്കുവാൻ അവസരം

ഫ്ളോറിഡായിലെ ഡാവൻപോർട്ടിൽ (ഒർലാണ്ടോയ്ക്കു സമീപം) താമസിക്കുന്ന ഒരു കുടുംബത്തിന്റെ കൂടെ വാടക നല്കി താമസിക്കുവാൻ പ്രായമുള്ള മലയാളി ക്രിസ്ത്യൻ ദമ്പതികൾക്ക് അവസരം. താത്പര്യമുള്ളവർ വിളിക്കുക:

**ഫോൺ:**

**352-321-2096**

# HELP WANTED

ചിക്കാഗോയിലെ സ്കോക്കിയിൽ താമസിക്കുന്ന മലയാളി ദമ്പതികളെ നോക്കുവാനും പാചകം ചെയ്യുവാനും ആളെ ആവശ്യമുണ്ട്.

അതോടൊപ്പം രണ്ട് വയസ് പ്രായമുള്ള കുട്ടിയെ നോക്കുവാനും സഹായം ആവശ്യമുണ്ട്. താത്പര്യമുള്ളവർ വിളിക്കുക:

**(847) 340-7569,**

**(847) 644-7298**

# BABY SITTER WANTED

In search of a part time babysitter for 2 girls. Ages: 4 and 1. Days: Wed. & Thurs. Prefers candidate to have transportation but can occasionally drop off if needed.

**Located in Wheeling, please contact**

**847-254-9120**

**847-558-9248**

## ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

*Inserted by: Firm Believer, Atlanta*

## ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

*Inserted by: Firm Believer, Atlanta*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, New York*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, New York*

KERALA EXPRESS
നോവൽ

## കഥ ഇതുവരെ

അലീനയുടെ നന്മകൾ തിരിച്ചറിയുകയാണ് ബബിത. അലീനയിലെ വേലക്കാരി എന്ന ലേബൽ തിരുത്തിക്കുറിക്കാൻ അവൾ വീട്ടിൽ ശ്രമം തുടങ്ങി. വൈജയന്തിയുടെ പുതിയ താമസസ്ഥലം ശിവശങ്കരമേനോൻ കണ്ടുപിടിക്കുന്നു. പ്രതിസന്ധിയിൽ തളരാതെ പരിഹാരങ്ങൾ നിർദ്ദേശിക്കാറുള്ള അലീനയുടെ മനസ്സിൽ എന്തൊക്കെയോ തീരുമാനങ്ങൾ ഉണ്ടാകുന്നു. ഈ കുടുംബം രണ്ടായി പിളരാതിരിക്കണം. അച്ഛനും അമ്മയും മക്കളും ഒന്നിച്ചു കഴിയുന്ന വീടായിരിക്കണം ഇത്. ഈ തീരുമാനം ബാലചന്ദ്രമേനോനെയും മക്കളെയും ഞെട്ടിച്ചു. അലീനയെ അവളുടെ യഥാർത്ഥ അച്ഛനെ ഏൽപ്പിക്കാൻ കഴിഞ്ഞതിൽ ബാലചന്ദ്രമേനോൻ സന്തുഷ്ടനാണ്. വൈജയന്തി കടപ്പാട്ടൂരെ വീട്ടിൽ തിരിച്ചെത്തി. സ്റ്റാൻലിയുടെ അപ്പച്ചൻ അലീനയെ കണ്ടനിമിഷം അയാളുടെ മനസ്സ് അൻപത്തിയഞ്ചു വർഷം പിന്നിലേക്കുപോയി. മരിച്ചുപോയ ഭാര്യ ചിന്നമ്മയുടെ തനിസ്വരൂപമായിരുന്നു അയാൾ കണ്ടത്. സ്റ്റാൻലിയും വല്യപ്പച്ചനും അലീനയുമൊത്ത് പുനലൂർക്കു പോയി. കുളത്തുപ്പുഴയിലെ വീട്ടിലെത്തി ഉച്ചഭക്ഷണം തയാറാക്കുന്നതിനിടയിലാണ് അലീന ഒരു കാറിന്റെ ശബ്ദം കേട്ടത്. കാറിൽനിന്നിറങ്ങി വന്ന ബാലചന്ദ്രമേനോനെ കണ്ട അവൾ വിസ്മയിച്ചു പോയി. വൈജയന്തി വന്നതോടെ വീട്ടിലെ ഐക്യവും ശാന്തിയും ഇല്ലാതായെന്ന് ബാലചന്ദ്രമേനോൻ അവളോട് പറയുന്നു. അലീനയുമായി ബന്ധപ്പെട്ട ആ രഹസ്യം രോഹിത്ത് ബാലചന്ദ്രമേനോനിൽനിന്ന് കേൾക്കുന്നു. ബാലചന്ദ്രമേനോൻ അവനെ അലീനയുടെ അടുക്കൽ കൊണ്ടുവന്നു. രോഹിത്തിന്റെ സാന്നിധ്യം സ്റ്റാൻലിയിൽ ആദ്യം രോഷം ഉളവാക്കിയെങ്കിലും അലീനയുടെ ഓരോ വാക്കും അയാളെ സത്യത്തിന്റെ വഴിയിലേക്ക് നയിക്കുകയാണ്.

(തുടർന്നു വായിക്കുക)

**135**




ജോയ്സി

വൈജയന്തി മുഖം തിരിച്ച് തന്റെ പിന്നിലേക്കു നോക്കി.

ബബിതയും കൃഷ്ണജയും.

അവരുടെ കണ്ണിൽ ചോദ്യചിഹനങ്ങൾ തിളങ്ങുന്നുണ്ടെന്നു വൈജയന്തിക്കു തോന്നി.

രോഹിത്ത് മുറിയിൽ കടന്ന് വാതിലടച്ചു കഴിഞ്ഞിരുന്നു.

ബബിതയും കൃഷ്ണജയും വൈജയന്തിയെ തന്നെ നോക്കിക്കൊണ്ടുനിന്നു. അമ്മ ആബ്സന്റ് മൈന്റഡായിപ്പോയതുപോലെ തോന്നി ബബിതയ്ക്ക്. പകച്ചും പതറിയും ഇളകുന്ന കണ്ണിണകൾ.

“ഒരുത്തന്റെ ധിക്കാരം കണ്ടില്ലേ. വായിൽ വന്നതൊക്കെ വിളിച്ചു പറയുക. സ്വന്തം അമ്മയാണെന്ന വിചാരംപോലുമില്ലവന്.”

വൈജയന്തി ആരോടെന്നില്ലാതെ പറഞ്ഞു.

“അമ്മയല്ലേ തുടങ്ങിവെച്ചത്?”

ബബിത ചോദിച്ചു.

“ഞാനെന്തു ചെയ്തു? ഇന്നലെ എവിടെയായിരുന്നു എന്നല്ലേ ചോദിച്ചുള്ളൂ.”

വൈജയന്തി സ്വയം ന്യായീകരിച്ചു.

“അമ്മയ്ക്ക് അച്ഛനോട് ചോദിക്കാമായിരുന്നല്ലോ. അച്ഛനല്ലേ കുടുംബനാഥൻ. അതോ അച്ഛനേക്കാൾ വലിയ സ്ഥാനം ഈ വീട്ടിൽ അമ്മയ്ക്കാണോ?”

“രാവിലെ ഇവിടുന്നു പോയിട്ട്, രാത്രി തിരിച്ചുവരാത്ത മകനോട് ഇന്നലെ എവിടെയായിരുന്നു എന്നു ചോദിക്കാൻ അമ്മയ്ക്ക് അവകാശമില്ലേ?”

വൈജയന്തി കയർത്തു.

“അച്ഛനല്ലേ രോഹിത്തേട്ടനെ കൂട്ടിക്കൊണ്ടു പോയത്? ഇന്നലെ അച്ഛൻ തിരിച്ചു വന്നപ്പോ എന്തുകൊണ്ടാ അമ്മ ചോദിക്കാഞ്ഞത്, രോഹിത്തേട്ടൻ എവിടേന്ന്?”

“എനിക്കു മനസ്സില്ലായിരുന്നു.”

ബബിതയുടെ നേർക്ക് എരിയുന്ന ഒരു നോട്ടം നോക്കിയിട്ട് വൈജയന്തി വെട്ടിത്തിരിഞ്ഞ് മുറിയിലേക്കു കയറിപ്പോയി. വാതിലടച്ച് അൽപ്പനേരം കിടക്കയിൽ ഇരുന്നു. ദേഷ്യം അടങ്ങിയപ്പോൾ വൈജയന്തി എഴുന്നേറ്റു. രോഹിത്തിന്റെ നാവിൽനിന്നു വീണ വാക്കുകൾ ഓർമ്മയിൽനിന്ന് അവൾ വീണ്ടും കേട്ടു.

-നെഞ്ചിൽ കൈവച്ച് അമ്മയ്ക്കു പറയാൻ പറ്റ്വോ അമ്മ ഒരു തെറ്റും ചെയ്തിട്ടില്ലെന്ന്? സത്യസന്ധയാണോ അമ്മ? ഒരു കളങ്കവും തീണ്ടാത്തവളാണോ?

തിരമാലപോലെ അതു ചെകിട്ടിലേക്ക് അടിച്ചു കയറിയിട്ടെന്ന പോലെ വൈജയന്തി കിടിലം കൊണ്ടു.

രോഹിത്ത് എന്തെങ്കിലും അറിഞ്ഞിട്ടാണോ അങ്ങനെ സംസാരിച്ചത്?

ബാലേട്ടനു തന്റേമേൽ സംശയമുണ്ടായിരുന്നോ?

ആഗ്രാ കന്റോൺമെന്റും ഗംഗേട്ടന്റെയും മാലതിയുടെയും മക്കളുടെയും കൂടെയുള്ള ജീവിതവും സ്റ്റാൻലി ജോസഫിന്റെ ക്വാർട്ടേഴ്സും സഞ്ജയ് പ്ലേസിൽ തങ്ങൾ ഒന്നിച്ചു ജീവിച്ച വാടകവീടും എല്ലാം വൈജയന്തിയുടെ ഓർമ്മയിൽ ഒന്ന് കറങ്ങിത്തിരിഞ്ഞു വന്നു. ഗതകാല സ്മൃതികളുടെ ഊറ്റവും കരുത്തും സീമാതീതമായിരുന്നു. സർവതും കടപുഴക്കിയെറിയാൻ അലറിയെത്തുന്ന ചുഴലിക്കാറ്റുപോലെ ആ സ്മരണകൾ അവളുടെ അന്തരംഗത്തെ ഇളക്കിമറിച്ചു. ദീർഘകാലമായി മനസ്സിന്റെ അടിത്തട്ടിൽ കുഴിച്ചുമൂടിയിട്ടിരുന്നതത്രയും ഇരമ്പിക്കൊണ്ടു പുറത്തുവരുന്നു. തുണ്ടുതുണ്ടായി ചീന്തിപ്പറക്കുന്നു.

ആഗ്രയിലെ പഠനം!

ഹരിപർവ്വതിലെ സെന്റ് ജോൺസ് കോളജ്.

ഗംഗേട്ടന്റെ ക്വാർട്ടേഴ്സിൽ അടിക്കടി വരാറുണ്ടായിരുന്ന പുനലൂരുകാരനായ ജൂനിയർ ഓഫീസർ. കരുത്തനും പരുക്കനുമായിരുന്ന യുവാവ്. അവധിക്ക് നാട്ടിൽ പോയിട്ടു വരുമ്പോൾ കൊണ്ടുവന്ന് മാലതിച്ചേച്ചിക്കു കൈമാറാറുണ്ടായിരുന്ന ടിന്നുകൾ. അവയിലൊക്കെയും കേടുവരാത്ത പലഹാരങ്ങളോ അച്ചാറുകളോ നിറച്ചിരുന്നു. പുനലൂരിലെ തറവാട്ടിലിരുന്ന് ഒരു അമ്മ തന്നെത്താൻ ഉണ്ടാക്കി ടിന്നുകളിൽ പായ്ക്ക് ചെയ്ത് മകന്റെ കയ്യിൽ കൊടുത്തയയ്ക്കുന്ന വിശിഷ്ട ഭോജ്യങ്ങളാണ് അവ.

മകൻ അതു സുപ്പീരിയർ ഓഫീസറുടെ വീട്ടിൽ കൊണ്ടുവന്ന് സമ്മാനിക്കുന്നത്, ഗംഗേട്ടനും മാലതിച്ചേച്ചിയും രുചിയുള്ള കുറച്ചു പലഹാരങ്ങളും അച്ചാറുകളും കഴിച്ചോട്ടെ എന്നു വിചാരിച്ചിട്ടല്ല- അവിടെ സുന്ദരിയായ ഒരു യുവതി താമസിക്കുന്നുണ്ട്. സുപ്പീരിയർ ഓഫീസറുടെ അനുജത്തിയാണവൾ. അവളെ കാണണം, സംസാരിക്കണം, പലഹാരങ്ങളും അച്ചാറുകളും നന്നായിരുന്നുവോ എന്നു മാലതിച്ചേച്ചിയോടാണു ചോദിക്കുന്നതെങ്കിലും തന്റെ മുഖത്തുനിന്നാണ് ഉത്തരം പ്രതീക്ഷിക്കുന്നത്.

അയാളുടെ ഓരോ വരവിലും ആ കള്ളത്തരമുണ്ട്.

ഗംഗേട്ടന് ആ ജൂനിയർ ഓഫീസറോട് വലിയ വാത്സല്യമുണ്ടായിരുന്നു.

-ബുദ്ധിമാനാണ്, സമർത്ഥനും. അവൻ ഉയരങ്ങൾ താണ്ടി കടന്നുപോകും. കുറഞ്ഞപക്ഷം ഒരു ബ്രിഗേഡിയറോ കമാൻഡറോ എങ്കിലും ആയേക്കാം. അതിനുള്ള കാലിബർ ഉണ്ട്.

ഗംഗേട്ടൻ മാലതിച്ചേച്ചിയോട് പലവട്ടം പറയുന്നത് കേട്ടിട്ടുണ്ട്. അവിടുന്നു തുടങ്ങിയ ആരാധനയാണ്. ഗംഗേട്ടന്റെയും മാലതിച്ചേച്ചിയുടെയും സാന്നിധ്യത്തിൽ കൂടുതൽ സംസാരിക്കാനൊന്നും അവസരം ലഭിച്ചിരുന്നില്ല. എങ്കിലും നോട്ടത്തിൽ, ചിരിയിൽ എല്ലാമുണ്ടായിരുന്നു. സ്വതവേ പരുഷ പ്രകൃതമാണ്. യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത വലിയ ഉരുണ്ട കണ്ണുകൾ. കർശനമായ വാക്കുകൾ പറയാൻവേണ്ടി മാത്രമുള്ളതെന്നു തോന്നിക്കുന്ന ഗൗരവം പൂണ്ട ചുണ്ടുകളിൽ ഒരു പുഞ്ചിരി എത്തുമ്പോഴേക്കും കണ്ണുകളിലെ ഭാവം താനെ മാറുന്നു. അവിടെ സ്നേഹം തിളങ്ങുകയും അഭിലാഷങ്ങൾ നീന്തുകയും ചെയ്യുന്നു. അതൊരു അദ്ഭുത പ്രതിഭാസമാണെന്നു തോന്നിയിട്ടുണ്ട്. തന്നെ കാണുമ്പോൾ മാത്രം എങ്ങനെയാണ് കർക്കശനായ ധീര സൈനികൻ, സൗമ്യനായ കാമരൂപനായി മാറുന്നത്.

ഗംഗേട്ടൻ മിലിട്ടറി ഹെഡ്ക്വാർട്ടേഴ്സിലേക്കു മാറ്റം കിട്ടി ഡൽഹിക്കു പോയതിനുശേഷമായിരുന്നു സ്വാതന്ത്ര്യത്തോടെ തമ്മിൽ സംസാരിക്കാനാരംഭിച്ചതും സ്നേഹം അതിന്റെ ഊടും പാവും നെയ്തു തുടങ്ങിയതും.

ആഗ്രയിൽ എയർഫോഴ്സ് ക്യാമ്പിനടുത്ത് സെന്റ് ക്ലയർ സകൂളിൽ തനിക്കു ജോലി കിട്ടിയത് സ്റ്റാൻലിയുടെ ശുപാർശ മൂലമാണെന്ന് വൈജയന്തി ഓർത്തു.

മിക്കപ്പോഴും കാണാം സംസാരിക്കാം.

ലോക്കൽ കോൾ വിളിക്കാം. കത്തുകൾ കൈമാറാം.

ആ സ്നേഹബന്ധമൊരു വടവൃക്ഷംപോലെ തഴച്ചു വളരാൻ ഒരു വർഷമേ എടുത്തുള്ളു.

അത് എന്തൊരു സ്നേഹമായിരുന്നു. ഊണിലും ഉറക്കത്തിലുമെല്ലാം ഒരേയൊരാളെപ്പറ്റി മാത്രമാണു ചിന്ത. ഇപ്പോൾ എന്തു ചെയ്യുകയാണ്. ഭക്ഷണം നേരാംവണ്ണം കഴിക്കുന്നുണ്ടോ, ഉറക്കം ശരിക്കു കിട്ടുന്നുണ്ടോ. ജെസിഒമാരുടെ മെസിൽ പോയിരുന്ന് എന്നത്തെക്കാളും മദ്യപിക്കുന്നുണ്ടോ? അതെല്ലാം പിറ്റേന്നു ചോദിക്കും. സ്റ്റാൻലി കിറുകൃത്യമായി ഉത്തരം തരും. ഇന്നലെ, ഇത്ര പെഗ് കഴിച്ചു, ഇത്ര സിഗരറ്റ് വലിച്ചു, ഇത്ര കലോറി ഫുഡ് അകത്താക്കി. പിന്നെ സ്റ്റാൻലിക്കുള്ള നിർദ്ദേശങ്ങളാണ്. അത്രയും അളവ് മദ്യപിക്കാൻ പാടില്ല.. സിഗരറ്റിന്റെ എണ്ണം ഇത്രകണ്ട് കുറയ്ക്കണം..... അങ്ങനെ ഓരോ നിബന്ധനകൾ വെക്കും. സ്റ്റാൻലി ഒരു കാര്യം സമ്മതിച്ചാൽ അതു കൃത്യമായി പാലിച്ചിരുന്നു. പാലിക്കാൻ പറ്റാത്തതാണെങ്കിൽ തല പോയാലും ശരി സമ്മതിച്ചു തരികയുമില്ല.

സ്റ്റാൻലിയുടെ ചില ദുശ്ശീലങ്ങളെച്ചൊല്ലി ഇണങ്ങിയും പിണങ്ങിയും പ്രതിഷേധിച്ചും പല അടവുകളും പയറ്റി നോക്കിയിട്ടുണ്ട്. കലഹിച്ചിട്ടുമുണ്ട്. ചില മാറ്റങ്ങളൊക്കെ വരുത്താൻ തനിക്കു സാധിച്ചിരുന്നു. ഒരു വാക്കു തന്നിട്ടുണ്ടെങ്കിൽ അതിൽനിന്നു പിന്മാറിയ സംഭവം ഓർമയിലില്ല.

ഒരിക്കൽ നേരിട്ടുതന്നെ ചോദിച്ചു.

-നമ്മുടെ ഈ ബന്ധം എവിടെ ചെന്നെത്തും!

-എല്ലായിടത്തും ചെന്നെത്തും!

ഗൂഢമായ ചിരിയോടെയാണ് മറുപടി.

-എല്ലായിടത്തും എന്നു വെച്ചാൽ?

-എത്തേണ്ടിടത്തെല്ലാം.

താജ്മഹലിന്റെ പിൻഭാഗത്ത് യമുനാ നദിക്ക് അഭിമുഖമായുള്ള മാർബിൾ തളത്തിൽ ഭീമാകാരമായ മാർബിൾ ഗോപുരത്തിൽ ചാരി തൊട്ടുരുമ്മി ഇരിക്കുകയാണ്.

ഒഴിവു ദിവസങ്ങളിൽ സ്റ്റാൻലിയോടൊപ്പം ഇങ്ങനെ ചുറ്റിക്കറങ്ങുന്നിടത്തോളം സന്തോഷം വേറെയൊന്നില്ലായിരുന്നു. ഒന്നുകിൽ ആഗ്രാ ഫോർട്ടിൽ, അല്ലെങ്കിൽ താജ്മഹലിൽ.

-എത്തേണ്ടിടത്തെല്ലാം എന്നുവെച്ചാൽ എന്താണർഥം? എനിക്കതു മനസ്സിലായില്ല.

സ്റ്റാൻലിയുടെ കണ്ണുകളിലേക്കാണു നോട്ടം. അവിടെയിപ്പോൾ കുസൃതിയാണു വിളയുന്നത്.

-എവിടെയാണ് ആദ്യം എന്റെ സ്നേഹം എത്തേണ്ടത്? നിന്റെ മനസ്സിൽ.

-അത് എത്തിക്കഴിഞ്ഞല്ലോ.

-പിന്നെ നിന്റെ ശരീരത്തിൽ.

-ശരീരത്തിലും എത്തിയല്ലോ. ഞാനീ പേരു മനസ്സിൽ ഓർത്താമതി. അപ്പോഴേക്കും ശരീരം അറിയും. ഈ ശബ്ദം കേട്ടാ മതി, അതെന്റെ ചെവിയിലൂടെ കടന്ന് രക്തത്തിൽ കലർന്ന് എന്റെ ശരീരം മുഴുവൻ വ്യാപിക്കും. ഓരോ രക്താണുവും പരസ്പരം പറയും സ്റ്റാൻലി വന്നിട്ടുണ്ട്. അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുന്നു. നമുക്ക് നൃത്തം ചെയ്യാം. പാട്ടു പാടാം. നമുക്കിത് ഉൽസവമാണ്.

സത്യമായും അങ്ങനെതന്നെയായിരുന്നു.

സ്റ്റാൻലിയുടെ ശബ്ദം കാതിൽ വീഴുമ്പോഴേക്കും ഒരുണർവ് ശരീരമെമ്പാടും വ്യാപിക്കും. ചോരയോട്ടത്തിന് വേഗമേറും. നിശ്ചലമായിരുന്ന ഒരു ബാറ്ററി ചാർജ് ചെയ്യുമ്പോലെ വൈദ്യുത കാന്തിക തരംഗങ്ങൾ ഇടതടവില്ലാതെ മേനിയിലൂടെ പാഞ്ഞുകൊണ്ടിരിക്കും. ഫോണിലാണെങ്കിൽ ഫോൺ വെയ്ക്കല്ലേ വെയ്ക്കല്ലേ എന്നാണു പ്രാർത്ഥന. അടുത്താണെങ്കിൽ അകന്നു പോകല്ലേ എന്നും.

സ്റ്റാൻലിയുടെ ശബ്ദം കേട്ടാൽ, സ്റ്റാൻലി അടുത്തുണ്ടെങ്കിൽ പിന്നെ സമയത്തിനു കുതിരയുടെ വേഗമാണ്. അതു പാഞ്ഞുപോയി അങ്ങേയറ്റത്തു ചെന്നുനിന്നിട്ട് മുന്നറിയിപ്പു തരും- സമയം കഴിഞ്ഞു.

ഇവിടെ സംസാരിച്ചു തുടങ്ങിയിട്ടേയുള്ളു. ആളെക്കണ്ടു കൊതി തീർന്നിട്ടില്ല. അതിനിടയ്ക്ക് ഒരു ഒഴിവുദിനം. ഒരു പകൽ പാഞ്ഞു പൊയ്ക്കഴിഞ്ഞിരിക്കുന്നു.

-പക്ഷേ, എന്റെ രക്താണുക്കൾ സദാ പരാതി പറഞ്ഞുകൊണ്ടിരിക്കുന്നു. ഞങ്ങൾക്ക് അവളെ തൊടണം.

സ്റ്റാൻലി ആ ഉണ്ടക്കണ്ണുകളിൽ ഒരു കള്ളനോട്ടവുമായി പായുകയാണ്.

-ആദ്യം അവളുടെ നെറുകയിൽ, നെറ്റിയിൽ, പുരികങ്ങളിൽ, കൺപോളകളിൽ,. ഞങ്ങൾക്ക് അവളെ കടിക്കണം. ചെവിത്തട്ടിൽ, മൂക്കിൻ തുമ്പിൽ, ചുണ്ടുകളിൽ, കവിളിൽ, കഴുത്തിൽ....

-മതി. തൃപ്തിയായി. നിർത്തിയേക്ക്.

താൻ പരിഭവിക്കുന്നു.

-എനിക്കു തൃപ്തിയായില്ല.

-ഞാൻ, ഇതെവിടെച്ചെന്നെത്തും എന്നു ചോദിച്ചത് വേറൊന്നും അറിയാനല്ല. എന്നെ കല്യാണം കഴിക്ക്വോ ഇല്ലയോ. അതുമാത്രം ഞാനിതുവരെ ചോദിച്ചില്ല. ഒരു വാക്കു പറഞ്ഞാ മതി. എനിക്കു വിശ്വാസാ.

“ഇത്രയും ചീപ്പായിട്ടുള്ള ഒരു ചോദ്യം ഞാനിതിനു മുൻപ് കേട്ടിട്ടില്ല. നിനക്ക് എങ്ങനെ തോന്നി എന്റെ മുഖത്ത് നോക്കി ഇതു ചോദിക്കാൻ.”

താനെന്തോ മഹാപരാധം ചെയ്തു എന്ന മട്ടിലാണു പറച്ചിൽ. ചോദിച്ചതു തെറ്റായിപ്പോയോ? ഇങ്ങനെ ചോദിക്കാൻ പാടില്ലാത്തതാണോ? തന്നെക്കുറിച്ചുള്ള മതിപ്പ് മുഴുവൻ നഷ്ടപ്പെട്ടോ? ഇതു കാരണം തന്നോടുള്ള സ്നേഹത്തിനു കുറവു സംഭവിക്കുമോ?

വല്ലാത്തൊരു ധർമ്മസങ്കടത്തിൽപ്പെട്ട് മനസ്സുഴറി സ്റ്റാൻലിയുടെ മുഖത്തേക്കു ദയനീയമായി നോക്കി.

അപ്പോഴേക്കും അടുത്ത പീരങ്കി വെടി വന്നു.

-എന്റെ വീട്ടിലാരും ഈ കല്യാണത്തിനു സമ്മതിക്കില്ലെന്ന് ഉറപ്പാ. പിന്നെ കൊല്ലപ്പള്ളിക്കാര്. അവരു നിന്നെ പുറത്താക്കി പടിയടച്ച് പിണ്ഡോം കൂടി വയ്ക്കും... ഇല്ലേ...?

ഉവ്വെന്നു തലയാട്ടുമ്പോഴേക്കും കണ്ണിൽ നിറഞ്ഞ നീർത്തുള്ളി തുളുമ്പിക്കഴിഞ്ഞു. നെഞ്ചിലൊരു കരച്ചിൽ വിങ്ങിപ്പൊടിയുന്നുണ്ട്.

-അതുകൊണ്ട് ഞാനൊരു തീരുമാനമെടുത്തു.

സ്റ്റാൻലി ഇനിയെന്താണു പറയുന്നതെന്നു കാതോർത്ത് ഉൾക്കിടിലത്തോടെ ഇരിക്കുകയാണ്.

-നേരെ വത്തിക്കാനിൽ പോയി സാക്ഷാൽ പോപ്പിനെ കണ്ട് കാര്യം പറയുക. പിതാവേ ഞാനൊരു പെണ്ണിനെ സ്നേഹിച്ചുപോയി. അന്യമതക്കാരിയാണ്. പക്ഷേ, ഞങ്ങൾക്ക് ഒന്നിച്ചു ജീവിക്കണം. ഞങ്ങളുടെ കല്യാണം നടത്തിത്തന്ന് ഞങ്ങളെ അനുഗ്രഹിക്കണം. അപ്പോൾ അദ്ദേഹം എന്തു പറയും- മകനേ നീ നിന്റെ

പെണ്ണിനെ കൂട്ടിക്കൊണ്ടുവാ. അവൾ നിനക്ക് ഇണങ്ങുന്നതാണെന്ന് ബോധ്യപ്പെട്ടാൽ ഞാൻ നിങ്ങളെ അനുഗ്രഹിക്കാം.

സ്റ്റാൻലി എന്താണ് പറഞ്ഞുകൊണ്ടുവരുന്നത്.

നേരംപോക്കാണോ?

അതോ കാര്യമായിട്ടാണോ?

–ഞാനങ്ങനെതന്നെ ചെയ്തു. നമ്മൾ ഒന്നിച്ചു റോമിൽ പോയി. അദ്ദേഹം നിന്നെ കണ്ടു. എനിക്ക് ഇണങ്ങുന്നവളാണെന്നു ബോധ്യപ്പെട്ടു. നമ്മുടെ വിവാഹം ആശീർവദിച്ചു. അതിനേക്കാൾ വലിയൊരാളില്ല ആ കർമം നിർവഹിക്കാൻ. പോരേ. അതിനപ്പുറത്ത് എന്തെങ്കിലും ചടങ്ങ് ആവശ്യമുണ്ടോ? പള്ളികൾ, അമ്പലങ്ങൾ, പുരോഹിതന്മാർ, ബന്ധുജനങ്ങൾ, താലിച്ചരട്.... അല്ലെങ്കിൽ സബ് രജിസ്ട്രാർ ഓഫീസ്.... അങ്ങനെ എന്തെങ്കിലുമൊക്കെ വേണംന്നു നിർബന്ധമുണ്ടോ നിനക്ക്?

ഇനിയൊന്നും വേണ്ട.

മനസ്സു നിറഞ്ഞു.



ഹൃദയംകൊണ്ടാണെങ്കിലും തന്നെ സ്വീകരിച്ച് അംഗീകരിച്ചു കഴിഞ്ഞല്ലോ.

ഇനി ചടങ്ങുകൾക്ക് എന്തർത്ഥം?

ആ ചുമലിലേക്ക് തല ചായ്ച്ച് ആനന്ദാശ്രുക്കളോടെ എത്ര നേരമിരുന്നു.

–എന്നായിരുന്നു ആ കല്യാണം നടന്നത്?

ഒരുതവണ താൻ തെല്ലുകുസൃതിയോടെ ചോദിച്ചു.

–എത്രയോ നാളുകൾക്കു മുൻപേ – ആഴ്ചകൾക്കും മാസങ്ങൾക്കും മുൻപേ. ഇനി ഒന്നേ ബാക്കിയുള്ളു. നമ്മുടെ ആദ്യരാത്രി.

–അതും മനസ്സിൽതന്നെയങ്ങു നടത്തിയാ പോരായിരുന്നോ?

നാണംപൂണ്ട് മുഖത്തു നോക്കാതെയാണു ചോദിച്ചത്.

–മനസ്സിലങ്ങനെ എത്രയോ ആദ്യരാത്രികൾ കഴിഞ്ഞു. മനസ്സിലെ ആദ്യരാത്രിയോളം പകിട്ടുള്ളതാണോ സാക്ഷാൽ ആദ്യരാത്രിയെന്ന് പരീക്ഷിച്ചറിയണം.

ആദ്യം താൻ കരുതി കളിയായി പറഞ്ഞതാണെന്ന്. പക്ഷേ, അങ്ങനെയായിരുന്നില്ല.

സ്കൂളിനു നാലുദിവസം അവധിയുണ്ടായിരുന്ന ഒരാഴ്ച ഹോസ്റ്റലിൽ വന്ന സ്റ്റാൻലി തന്നെ കൂട്ടിക്കൊണ്ടുപോയത് ഹോട്ടലിലേക്കായിരുന്നു.

ചോദ്യഭാവത്തിൽ സ്റ്റാൻലിയുടെ മുഖത്തേക്കു നോക്കിയതേയുള്ളൂ– മറുപടി വന്നു.

–അടുത്ത നാലു ദിവസം നമ്മൾ ഇവിടെയാണു താമസം. ഡെല്ലിയിലെ ഏട്ടന്റടുത്തേക്കു പോവുകയാണെന്നു പറഞ്ഞാമതി ഹോസ്റ്റലിൽ. ഞാനും നാലു ദിവസത്തെ കാഷ്വൽ ലീവ് എടുത്തു. സുപ്പീരിയർ ഓഫീസറോട് കള്ളം പറയേണ്ടി വന്നു.

ഞാൻ സ്റ്റാൻലിയുടെ മുഖത്തേക്കു സൂക്ഷിച്ചു നോക്കി.

സ്റ്റാൻലി ഉടൻ പറഞ്ഞു.

–വേണ്ടേ! വേണ്ടെങ്കിൽ എല്ലാം ക്യാൻസൽ ചെയ്യാം. അങ്ങനെ ചെയ്യണോ?

താൻ അർഥഗർഭമായ മൗനത്തോടെ നിന്നു.

–എന്നെങ്കിലും ഇതു തുടങ്ങിവെച്ചല്ലേ പറ്റൂ. അതിന്റെ ഉദ്ഘാടനം ഇന്നായിക്കോട്ടെ. കുറച്ചു വൈകുന്നതുകൊണ്ട് പ്രത്യേകിച്ചു ലാഭമൊന്നുമില്ല. നഷ്ടമേയുള്ളൂ. ഇതാണു സ്റ്റാർട്ടിങ് പോയിന്റ്.

സ്റ്റാൻലി പറഞ്ഞുകൊണ്ടിരുന്നു.

എതിർക്കാൻ താൻ അശക്തയായിരുന്നു.

വീണ്ടുവിചാരത്തിന് അർഥമില്ല.

ആരെയെങ്കിലും ബോധ്യപ്പെടുത്താനോ കൂടുതലായി ഒന്നും പ്രതീക്ഷിക്കാനോ ഇല്ല. സ്റ്റാൻലിയിൽ എല്ലാ വിശ്വാസവും അർപ്പിച്ചു കഴിഞ്ഞതുമാണ്. അങ്ങനെയൊക്കെ ചിന്തിച്ചുവെങ്കിലും രാത്രിയായപ്പോൾ ഒരു വേവലാതി അലട്ടാൻ തുടങ്ങി. പിടിവള്ളിയില്ലാത്തപോലൊരു തോന്നൽ. കാലുറയ്ക്കാത്ത ഒരു ശൂന്യതയിൽ തങ്ങി നിൽക്കുമ്പോലെ. സ്റ്റാൻലിയുടെ കൈത്താങ്ങുണ്ട്. ആ പിടി വിട്ടുപോയാൽ അഗാധതയിലേക്കാണു വീഴ്ച.

രാത്രി ഭക്ഷണം കഴിഞ്ഞ് ബാൽക്കണിയിൽ വന്നു നിൽക്കുകയാണ്.

യമുന വരണ്ടു കിടക്കുന്നു.

അഴുക്കുചാൽ പോലെ ഒരു കറുത്ത നാട നിലാവത്ത് കാണാം. കാറ്റടിക്കുന്നുണ്ടായിരുന്നു. അവിടെ നിന്നുകൊണ്ട് സ്റ്റാൻലി താജ്മഹലും ആഗ്രാ ഫോർട്ടും കാട്ടിത്തന്നു. യമുനാ നദിക്ക് അവിടെ അർധചന്ദ്രാകൃതിയിലൊരു വളവുണ്ട്.

–അവസാന കാലത്ത് ആഗ്രാക്കോട്ടയിൽ തടവുകാരനായിരുന്നു ഷാജഹാൻ. ഔറംഗസേബിനോട് ഒരേയൊരു അപേക്ഷ മാത്രമേ ഷാജഹാൻ ചക്രവർത്തിക്ക് ഉണ്ടായിരുന്നുള്ളൂ. തടവറയിൽ ഇരുന്നുകൊണ്ട് താജ്മഹൽ കാണണം. ഔറംഗസേബ് ആ അപേക്ഷ സദയം അനുവദിച്ചു. എല്ലായ്പ്പോഴും താജ്മഹൽ കാണത്തക്ക വിധം ഷാജഹാന്റെ തടവറ ക്രമീകരിച്ചുകൊടുത്തു. തന്റെ പ്രണയിനിയുടെ ഓർമയ്ക്കായി പണികഴിപ്പിച്ച ആ പ്രേമകുടീരത്തിലേക്ക് കണ്ണുംനട്ടു കിടന്ന് ഷാജഹാൻ ചക്രവർത്തി തന്റെ അന്ത്യനാളുകൾ എണ്ണി.

സ്റ്റാൻലി തന്റെ അരികിൽ നിന്നുകൊണ്ടു പറഞ്ഞു. ഷാജഹാൻ ചക്രവർത്തി മരണംവരെ തടവിൽ കിടന്ന സ്ഥലം ആഗ്ര ഫോർട്ടിൽ പോയപ്പോഴെല്ലാം താൻ കണ്ടിട്ടുണ്ട്. അവിടെ നിന്നാൽ താജ്മഹലിന്റെ ഭാഗികമായ ദർശനം മാത്രമേ ലഭിക്കുമായിരുന്നുള്ളൂ.

പ്രണയത്തിന്റെയും വിവാഹത്തിന്റെയും വേദനയുടെയും വിഷാദാനുഭൂതികളിൽ മുങ്ങി നിൽക്കവേ സ്റ്റാൻലി പിറകിൽ നിന്ന് തന്നെ ആശ്ലേഷിച്ചു. ചെവിക്കരികെ ചൂടുള്ള ചുംബനം. കവിളത്ത് കനത്ത മേൽമീശയുടെ സ്പർശനം! മിഴികളെ പൊതിയുന്ന ചുണ്ടുകൾ. ദേഹമാകെ ഒരു വിറയൽ പടരുന്നു. ഒരു മദാലസ്യത്തിൽ മേനി തളരുന്നുണ്ട്. ചോരയിൽ ഒരുന്മാദ ലഹരി കലരുകയും ചെയ്യുന്നു.

സ്റ്റാൻലിയുടെ ചുംബനത്തിന് സിഗരറ്റിന്റെ മണമുണ്ടായിരുന്നു ഇപ്പോൾ. അതേപ്പറ്റി ഓർമിച്ചപ്പോൾ പോലും വൈജയന്തിക്ക് ആ മണം കിട്ടി. മൂക്കു വിടർത്തി അവൾ അത് ആസ്വദിച്ചു. അന്നും ഇന്നും വൈജയന്തിക്ക് പുകവലിക്കാരെ ഇഷ്ടമല്ല. എന്നാൽ സ്റ്റാൻലി സിഗരറ്റ് വലിക്കുമ്പോൾ അതിനൊരു സുഗന്ധമുണ്ടായിരുന്നു. അത് എന്തുകൊണ്ടാണെന്ന് അവൾക്ക് അറിയില്ലായിരുന്നു. സിഗരറ്റിന്റെ മേന്മയാണെന്ന് അവൾ കരുതി. എന്നും സ്റ്റാൻലിയെപ്പറ്റി ഓർക്കുമ്പോൾ ആ സിഗരറ്റ് മണം ആദ്യമേ ഊറിയെത്തും.

ആദ്യമായിട്ടാണ് ഒരു പുരുഷന്റെ ഊഷ്മള സ്പർശം! ആദ്യമായിട്ടാണ് അത്തരം ചുടുചുംബനങ്ങൾ! ആദ്യമായിട്ടാണ് ആ കരലാളനകൾ!

പൊട്ടിത്തരിച്ചും പൂത്തുവിടർന്നും വിറയാർന്നും കൂമ്പിയും ഒരാണിന്റെ കരവലയത്തിനുള്ളിൽ.

കോരിയെടുത്തുകൊണ്ടാണ് സ്റ്റാൻലി മുറിയിലേക്കു വന്നത്. പൂമ്പാറ്റച്ചിറകുകൾ പോലെ പിടഞ്ഞുപിടഞ്ഞ് അടർന്നടർന്നു വീഴുകയാണ്. ആദ്യ സമാഗമനത്തിന്റെ അനർഘ നിമിഷങ്ങൾ.

–ജയന്തീ.

യമുനയുടെ മറുകരയിൽ നിന്നെന്നപോലെ വിദൂരമെങ്കിലും സ്നേഹമസൃണമായ വിളിയൊച്ച!

ഞെട്ടിയുണർന്ന് ചുറ്റിനും മിഴിച്ചു നോക്കി.

എവിടെയാണു താൻ!

ഏതോ പുരുഷന്റെ കരവലയത്തിനുള്ളിൽ?

ആ ചുമലിൽ മുഖമർപ്പിച്ച്!

ഞെട്ടിപ്പിടഞ്ഞ് മാറിയത് ഓർക്കുന്നു. പിന്നെയാണ് സ്ഥലകാല ബോധം വീണുകിട്ടിയത്.

തന്റെ പുരുഷനാണ്.

അവന്റെ നെഞ്ചിൽ കിടന്നാണുറങ്ങിയത്.

അവനാണ് അണച്ചുപിടിച്ചിരിക്കുന്നത്.

സ്നേഹലോലമായി തന്റെ പേരുച്ചരിച്ചതും അവൻതന്നെ. അവന്റെ കയ്യിലെ പൂമാലയാണ് ഇനി ഈ ജന്മം! അവനു വേണമെങ്കിൽ പിച്ചിച്ചീന്താം, പൂജാവിഗ്രത്തിലെന്നപോലെ മാറിലണിഞ്ഞ് ആരാധ്യനാവാം, പുറംകൈകൊണ്ട് തോണ്ടിയെറിഞ്ഞു കളയാം, തന്റെ സ്വത്വവും ആത്മാവും അഭിലാഷങ്ങളുമെല്ലാം അവന്റെ മുൻപിൽ സമർപ്പിച്ചുകഴിഞ്ഞു. ഇനി ഈ നിമിഷം തിരിച്ചുപോയാലും സങ്കടമില്ല. അകന്നുമാറിയ തന്റെ മുഖത്തേക്ക് ആശ്ചര്യത്തോടെ നോക്കുന്നുണ്ടായിരുന്നു സ്റ്റാൻലി. മെല്ലെ പിൻകഴുത്തിൽ കയ്യെടുത്തുവച്ച് അടുപ്പിച്ചപ്പോൾ ഒരു തേങ്ങിക്കരച്ചിലോടെ ആ നെഞ്ചിലേക്കു പറ്റിക്കൂടി. ദേശാന്തരാമനത്തിൽ കൂട്ടംവിട്ട് ഒറ്റപ്പെട്ട് നനഞ്ഞു കുതിർന്നുപോയ ഒരു പക്ഷിക്കുഞ്ഞിനെപ്പോലെ.

നാലു ദിനരാത്രങ്ങൾ!

അതു കഴിഞ്ഞുള്ള വേർപാടായിരുന്നു ദുസ്സഹം.

അവന്റെ സ്വരം കേൾക്കാതെ, അവന്റെ സ്പർശനമറിയാതെ, അവന്റെ വിയർപ്പിന്റെ ഗന്ധമേൽക്കാതെ ഇനി ഉറങ്ങാൻ വയ്യ.

വീണ്ടും അവധി ദിവസങ്ങൾ വന്നു. അതിനായി കുതികൊള്ളുന്ന മനസ്സ്. അവന്റെ കൈപിടിച്ച് പുറംലോകത്തേക്ക് ഇറങ്ങിക്കഴിഞ്ഞാൽ താനൊരു പെൺമയിലാണ്. മാനത്ത് മഴക്കാറ് കണ്ട് മനം തുള്ളുന്ന മയിൽപ്പേട.

–എന്തു വേണം?

അവൻ ചോദിക്കും.

തനിക്ക് ഒന്നും വേണ്ട. അവന്റെ ഇഷ്ടങ്ങളാണു തന്റെയും ഇഷ്ടം. അവന്റെ നിശ്വാസമാണു തന്റെ പ്രാണവായു. അവന്റെ കൈക്കുടന്നയിൽ അർപ്പിച്ച പൂജാപുഷ്പമാണ് തന്റെ ജീവനും ആത്മാവുമെല്ലാം.

വളരെ വിലപിടിപ്പുള്ള ഒരു കളിപ്പാട്ടം കിട്ടിയ കുട്ടിയെപ്പോലെയായിരുന്നു അവൻ. അഭിമാനത്തോടെ അവൻ ആമോദിച്ചു രസിച്ചു. വളരെ സൂക്ഷ്മതയോടെ കാത്തു സൂക്ഷിച്ചു.

ഗർഭിണിയായിക്കഴിഞ്ഞുവോ എന്ന സംശയം തന്നെ വല്ലാതെ പേടിപ്പിച്ചിരുന്നു. സ്റ്റാൻലിയോട് അക്കാര്യം പറഞ്ഞപ്പോൾ ഇതെല്ലാം നമ്മൾ പ്രതീക്ഷിക്കേണ്ടതു തന്നെയാണല്ലോ എന്നായിരുന്നു മറുപടി. മറ്റുള്ളവർക്ക് സംശയം തോന്നാത്തിടത്തോളം കാലം ജോലിയിൽ തുടരാനും നിർദ്ദേശിച്ചു.

(ശേഷം 34-ാം പേജിൽ)


# ദാനിയേൽ പഠന ബൈബിൾ

*സഞ്ചരിക്കുന്ന ബൈബിൾ സെമിനാരി*
*ദാനിയേൽ റഫറൻസ് ബൈബിൾ*
*വലിയക്ഷര ബൈബിൾ * റെഡ് ലെറ്റർ ബൈബിൾ*
*ദാനിയേൽ ദ്വിഭാഷ പഠന ബൈബിൾ* ദാനിയേൽ പോക്കറ്റ് ബൈബിൾ*
*ദാനിയേൽ ക്രോണോളോജിക്കൽ ബൈബിൾ*
website: www.danielbible.com

# ജീവ സന്ദേശം

മലയാളത്തിൽ വാക്യപ്രതിവാക്യ ബൈബിൾ പഠനം
ഉല്പത്തി മുതൽ വെളിപ്പാടുവരെ പഠനത്തോടൊപ്പം പ്രായോഗിക ജീവിതത്തിനു വേണ്ട മാർഗനിർദ്ദേശങ്ങളും!
ബ്രദർ ജോർജ് ഫിലിപ്പ് പഠിപ്പിക്കുന്നു
https://ttb.twr.org/podcasts
e-mail: malayalamttb@radio882.com
website: www.radio882.com
USA contact: Ph: 972-475-4880
e-mail: ki_thomas@hotmail.com

# MOTHERS PRAYER

തലമുറയെ തകർത്ത് കുടുംബ ബന്ധങ്ങൾ അകറ്റി നമ്മയെ കെടുത്തി സമാധാനം നശിപ്പിച്ചുകൊണ്ട് രാജ്യത്ത് വ്യാപരിക്കുന്ന അന്ധകാരശക്തിയുടെ മേൽ ജയമെടുക്കുവാൻ അമ്മമാർ–സഹോദരിമാർ ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ഒന്നിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രാർത്ഥനാ ചങ്ങലയാണ് Mothers Prayer ഈ രാജ്യത്തിന്റെ ഏതു ഭാഗത്തിരുന്നുകൊണ്ടും ഇതിന്റെ അംഗമായി ചേർന്ന് പ്രാർത്ഥിക്കാം. ആത്മഭാരമുള്ള അമ്മമാർ സഹോദരിമാർ ഉണരട്ടെ.

ബന്ധപ്പെടേണ്ട വിലാസം:
Sister: Annamma Ninan
39241 N Stockton Ln, Beach Park, IL - 60083.
Phone - 847-623-2973
Email- Mothersprayerusa@sbcglobal.net

# നോവൽ

(33-ാം പേജിൽ നിന്നും)

അതോടെ മനസ്സിന്റെ പേടി നീങ്ങി.

തന്റെ പുരുഷനുണ്ട് കൂടെ!

ധീരനാണവൻ.

പ്രതിസന്ധികൾക്കെതിരെ പൊരുതുന്നവനാണ്. അവന്റെ തണലിൽ നിൽക്കുമ്പോൾ ഒന്നിനേയും ഭയപ്പെടേണ്ടതില്ല.

കഷ്ടിച്ച് അഞ്ചുമാസം!

സിസ്റ്റർ ജൂലിയാനോ ടീച്ചറാണ് ആദ്യം ഒരു സംശയം പറഞ്ഞത്.

"ജയന്തി കൂടുതൽ ഭക്ഷണം കഴിക്കുന്നുണ്ടോ, വയറിനു വലിപ്പം തോന്നുന്നു"

ഞെട്ടിപ്പോയി.

-ഒന്നു ചെക്കപ്പ് ചെയ്യുന്നത് നല്ലതാ. എന്തെങ്കിലും ഇന്റീരിയർ ഗ്രോത്തുണ്ടായാലും ഇങ്ങനെ തോന്നാം.

അവിവാഹിതയായ പെൺകുട്ടി ഗർഭിണിയാണോ എന്നു സംശയിക്കുന്നതു തെറ്റാണല്ലോ എന്നു വിചാരിച്ചിട്ടാവാം സിസ്റ്റർ അങ്ങനെയൊരു സൂചന നൽകിയിരുന്നത്.

സ്റ്റാൻലിയോടു പറഞ്ഞപ്പോൾ ഉടൻതന്നെ റിസൈൻ ചെയ്തുകൊള്ളാനായിരുന്നു നിർദ്ദേശം.

പിന്നെ ഒന്നും ആലോചിച്ചില്ല.

വിവാഹാലോചനയുണ്ടെന്നും അതിനാൽ നാട്ടിലേക്കു മടങ്ങുകയാണെന്നും സ്കൂൾ അധികൃതരെ ധരിപ്പിച്ച് ജോലി രാജിവെച്ചു. എല്ലാ പ്ലാനിങ്ങും സ്റ്റാൻലിയുടേതായിരുന്നു. ആഗ്രയിലെ തന്നെ ഒരു സബ് രജിസ്ട്രാർ ഓഫീസിൽവെച്ച് താൽക്കാലിക വിവാഹക്കരാർ എഴുതി ഒപ്പിട്ടു. ഒന്നിച്ചു താമസിക്കേണ്ടി വരുമ്പോൾ മറ്റു തടസ്സങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ടിയായിരുന്നു ആ ഉടമ്പടി.

ആഗ്രയിൽനിന്നു കുറേ അകന്ന് സഞ്ജയ് പ്ലേസിൽ സ്റ്റാൻലി ഒരു വാടക വീട് എടുത്തിരുന്നു. ഒരു വീടിന്റെ ഔട്ട്ഹൗസായി ഉപയോഗിച്ചരുന്ന സ്ഥലം. ചെറിയ വീടാണെങ്കിലും വേണ്ട സൗകര്യങ്ങളെല്ലാമുണ്ട്. പക്ഷേ, സ്റ്റാൻലിക്ക് കുടെ വന്നു തുടർച്ചായി താമസിക്കാൻ പറ്റില്ല. കൂട്ടിന് ഒരായയെ ഏർപ്പെടുത്തി.

അതേ വീട്ടുവളപ്പിൽ തന്നെയാണ് ഹൗസ് ഓണറും കുടുംബവും താമസിക്കുന്നത്.

ആകെയൊരു വിഷമമേയുള്ളൂ.

സ്റ്റാൻലി ക്വാർട്ടേഴ്സിലാണു താമസം.

താനും ആയയും വാടകവീട്ടിലും.

നിയമാനുസൃതമായി വിവാഹം നടത്തിയാൽ മാത്രമേ സ്റ്റാൻലിക്ക് ക്വാർട്ടേഴ്സിൽ തന്നെക്കൂടി താമസിപ്പിക്കാൻ പറ്റൂ.

ആ ദിവസങ്ങളിൽ സ്റ്റാൻലിയുടെ ദേഹഗന്ധമുള്ള ഷർട്ട് അണിഞ്ഞുകൊണ്ടാണു താൻ കിടക്കുക.

അത് ഒരാശ്വാസമാണ്.

രക്ഷാകവചമാണ്.

സ്നേഹസാമീപ്യമാണ്.

ആ ഷർട്ട് അണിയുമ്പോൾ സ്റ്റാൻലിയുമായി ബന്ധപ്പെട്ടുള്ള എല്ലാ സ്മരണകളും ഉണരും. സിഗരറ്റിന്റെ മണം, വിർപ്പിന്റെ ഉപ്പ്, സ്പർശനത്തിന്റെ ചൂട്- എല്ലാം.

പകൽവേളകളിൽ സ്റ്റാൻലി വരും.

അതിനു ലീവ് എടുക്കണ്ട.

ചില ദിവസങ്ങളിൽ സന്ധ്യവരെ തന്നോടൊപ്പം ഇരിക്കും.

തന്നെ പുനലൂരിലേക്കു കൂട്ടിക്കൊണ്ടു പോയി ഇടവകപ്പള്ളിയിൽവെച്ച് താലികെട്ടി വിവാഹബന്ധം സാധുവാക്കണമെന്നൊരു ആഗ്രഹം സ്റ്റാൻലിക്ക് ഉണ്ടായത് അക്കാലത്തായിരുന്നു. ഒരു കുഞ്ഞ് ജനിക്കാൻ പോവുകയാണ്. ജനിക്കുന്ന കുഞ്ഞിന് സമൂഹത്തിന്റെ അംഗീകാരം വേണം. ആ കുഞ്ഞിന്റെ പേരിനു മുമ്പിൽ മതത്തിന്റേതായ കോളം പൂരിപ്പിക്കപ്പെടാതെ അവശേഷിക്കരുത്.

കുറേയധികം സമ്മർദ്ദം ചെലുത്തിയിട്ടാണെങ്കിലും വീട്ടുകാരെക്കൊണ്ട് ഇങ്ങനെയൊരു വിവാഹം അംഗീകരിപ്പിക്കാൻ സാധിക്കും എന്നൊരു വിശ്വാസവും സ്റ്റാൻലിക്കുണ്ടായിരുന്നു.

തന്റെ ഉദരം കാണെക്കാണെ വലിപ്പം വെച്ചു വരികയാണ്. ആയ ഒരു മറാത്തി പെണ്ണായിരുന്നു. പേര് സൊനാലി, അവൾ പറയും മേംസാബിന്റെ വയറ്റിൽ പെൺകുഞ്ഞാണ്. അതുകൊണ്ടാ വയറിന് ഇത്ര വലിപ്പക്കൂടുതലെന്ന്. അവൾ ലക്ഷണവും പറഞ്ഞു. അതേപ്പറ്റി സ്റ്റാൻലിയോടു പറഞ്ഞപ്പോൾ അവളുടെ പ്രവചനം ശരിയായി വരട്ടെ എന്നായിരുന്നു സ്റ്റാൻലിയുടെ പ്രതികരണം. തനിക്ക് ആൺകുഞ്ഞ് തന്നെ വേണമെന്നായിരുന്നു ആഗ്രഹം. സ്റ്റാൻലിയെപ്പോലെ ഗൗരവപ്രകൃതക്കാരനും സ്നേഹധനനും ധീരനും കരുത്തനുമായിരിക്കണം അവൻ. പക്ഷേ, സ്റ്റാൻലിക്കു പെൺകുട്ടിയോടാണു താൽപര്യം എന്നറിഞ്ഞപ്പോൾ ആ ഇഷ്ടം നിറവേറ്റിക്കൊടുക്കണേ എന്നായിരുന്നു പ്രാർത്ഥന.

വലിപ്പം വെച്ചുവരുന്ന വയറിനുള്ളിൽ ചെറുചലനങ്ങൾ ആരംഭിച്ചിരുന്നു. ആയ പറയും- മേംസാബ് സമാധാനമായിട്ടിരിക്കണം. എപ്പോഴും സന്തോഷം വേണം. ഒട്ടും വിഷമിക്കുകയോ ആരോടും ദേഷ്യം വിചാരിക്കുകയോ ചെയ്യരുത്. സ്വന്തം പുരുഷനെ സ്നേഹത്തോടെ സ്മരിച്ചുകൊണ്ടിരിക്കണം.

അമ്മയുടെ വികാരവിചാരങ്ങൾ, വയറ്റിലുള്ള കുട്ടിയെ സ്വാധീനിക്കും. സ്നേഹവും ക്ഷമയും സത്യസന്ധതയുമുള്ള ഒരു കുട്ടി പിറക്കണമെങ്കിൽ ഗർഭകാലം മുഴുവൻ അമ്മ അതേ ഗുണങ്ങളോടു കുടിയിരിക്കണം.

തന്റെ കുഞ്ഞ് ജനിക്കുമ്പോൾ അങ്ങനെതന്നെ ആയിരിക്കണേ എന്നു തീവ്രമായി അഭിലഷിച്ചു. എല്ലായ്പോഴും സന്തോഷത്തോടെയിരുന്നു. ആരോടും ദേഷ്യമോ, പരിഭവമോ തോന്നാതിരിക്കാൻ ശ്രമിച്ചു. സ്റ്റാൻലിയുടെ രൂപം സ്നേഹത്തിന്റെ പ്രതീകമായി ധ്യാനത്തിൽ സൂക്ഷിച്ചു.

ആയയുടെ പ്രവചനം ശരിയാവുകയും സ്റ്റാൻലി കൊതിച്ചതുപോലെ ഒരു പെൺകുഞ്ഞ് പിറക്കുകയും ചെയ്താൽ അവൾ സൽഗുണങ്ങളുടെ ഭാഗമായിരിക്കണം. അവൾ ക്ഷമയുള്ളവളും ശാന്തശീലയും സ്നേഹം നിറഞ്ഞവളുമായിരിക്കണം. അങ്ങനെയൊരു മകളെ കിട്ടിയതിൽ സ്റ്റാൻലി എന്നും അഭിമാനിക്കണം. ആ മുഖത്തു വിടരുന്ന സന്തോഷം കണ്ടാൽ മാത്രം മതി തനിക്ക്.

അതൊരു തപസ്സായിരുന്നു.

തനിയെ ഇരിക്കുമ്പോൾ തന്റെ ഉദരത്തിൽ കിടന്നു ചലനം കൊള്ളുന്ന കുഞ്ഞിനോട് താൻ പതിയെ സംസാരിക്കുമായിരുന്നത് വൈജയന്തി ഇപ്പോൾ ഓർത്തു. അവൾക്കുവേണ്ടി ചില താരാട്ടുപാട്ടുകൾ മൂളുമായിരുന്നു. വയറിനു മീതെ മൃദുവായി തടവിക്കൊടുക്കുമ്പോൾ അവൾ ഉള്ളിൽ കിടന്ന് കൈകാലുകൾ അനക്കും. വയറിന്റെ ചില ഭാഗങ്ങളിൽ ആ ചലനം കാണാം. സ്റ്റാൻലി വരുമ്പോഴെല്ലാം താൻ കാണിച്ചുകൊടുക്കുമായിരുന്നു. സ്റ്റാൻലി തന്റെ വയറിനു മുകളിൽ വിരൽ ഞൊടിച്ചു വിളിക്കും.

സ്റ്റാൻലിയുടെ ശബ്ദം കേട്ടാൽ ഉടൻ അകത്തുനിന്നു പ്രതികരണമുണ്ടാകുമായിരുന്നു. വയറിനുള്ളിൽ കിടന്ന് മകളും പുറമെ നിന്ന് അച്ഛനും തമ്മിൽ കൈമാറുന്ന സിഗ്നലുകളും കളികളും അദ്ഭുതത്തോടെയാണ് നോക്കിയിരുന്നിട്ടുള്ളത്.

ആന്വൽ ലീവ് കിട്ടിയ ഉടൻ സ്റ്റാൻലി നാട്ടിലേക്കു പോകാൻ ഒരുങ്ങി. വിവാഹക്കാര്യം വീട്ടിൽ സംസാരിക്കുക എന്നതാണ് യാത്രയുടെ മുഖ്യ അജണ്ട.

ആർഭാടവും ആഡംബരവും ഒന്നും വേണ്ട. പള്ളിയിൽ വച്ച് താലി കെട്ടുന്ന ചടങ്ങ് നടക്കണം. ഇടവക വികാരി അത് ആശീർവദിക്കണം. പള്ളിയിലെ വിവാഹ രജിസ്റ്ററിൽ സ്റ്റാൻലിയും വൈജയന്തിയും തമ്മിലുള്ള വിവാഹം രേഖപ്പെടുത്തണം. അത്രയേ വേണ്ടൂ. അതിനുള്ള ഒരുക്കങ്ങളെല്ലാം നടത്തിയിട്ടേ സ്റ്റാൻലി മടങ്ങിവരൂ.

-വിഷമിക്കരുത്. കൂടിവന്നാൽ പത്തുദിവസം. അതിനകം തിരിച്ചെത്തും.

തനിക്ക് ഒരു പോരായ്മയും തോന്നാതിരിക്കാൻ വേണ്ടതെല്ലാം ചെയ്തിട്ടാണ് സ്റ്റാൻലി കേരളത്തിലേക്ക് വണ്ടി കയറിയത്. ആയയെ എല്ലാം ഭരമേൽപ്പിച്ചിരുന്നു. വീട്ടുടമയുടെ ഭാര്യയുമായി ഊഷ്മളമായ സ്നേഹബന്ധമാണുണ്ടായിരുന്നത്. തന്റെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണമെന്നു സ്റ്റാൻലി അവരെയും ശട്ടംകെട്ടിയിരുന്നു.

സ്റ്റാൻലി, വിളിച്ചാൽ വിളി കേൾക്കാത്ത അകലത്തേക്കു പോയല്ലോ എന്നോർക്കുമ്പഴെല്ലാം അതിഭയങ്കരമായ ഒരു വിഷാദം മനസ്സിൽ അലയടിച്ചെത്തുമായിരുന്നു.

പെട്ടെന്നുതന്നെ മനസ്സിനെ ആശ്വസിപ്പിക്കും.

കൂടിയാൽ പത്തുദിവസം.

അതിനുള്ളിൽ തിരിച്ചെത്തും.

താൻ സങ്കടപ്പെടാനോ, ആശങ്കപ്പെടാനോ പാടില്ല. അത് തന്റെ കുഞ്ഞിന്റെ സ്വഭാവത്തെ പ്രതികൂലമായി ബാധിച്ചേക്കാം. എട്ടുമാസം തികഞ്ഞിരിക്കുന്നു. പ്രകൃതി, അവൾക്കു ഭൂമിയിലൊരു ജന്മം പതിച്ചുകൊടുക്കാനുള്ള അവസാന മിനുക്കുപണികൾ നടത്തുകാണ്.

പുനലൂരിൽ ചെന്നശേഷം സ്റ്റാൻലി ഒരുതവണ വിളിച്ചു. ഹൗസ് ഓണറുടെ ഫോണിലാണ് കോൾ വന്നത്. എസ്ടിഡിയില്ല, മൊബൈൽ ഇല്ല. ട്രങ്ക് കോൾ ബുക്ക് ചെയ്തു വിളിക്കുകയാണ്.

പിന്നീട് വിളിയൊന്നുമില്ല.

ഒരു ദിവസം വാതിലിൽ ആരോ തട്ടുന്നതു കേട്ട് സ്റ്റാൻലിയാണെന്നു കരുതി താൻ ചെന്നു വാതിൽ തുറന്നു.

കൺമുന്നിലെ കാഴ്ച കണ്ട് നടുങ്ങിത്തരിച്ചു നിന്നു.

ഗംഗേട്ടനും ശിവേട്ടനും നേരെ മുന്നിൽ!

വീണ്ടും വാതിലിൽ തട്ടുന്ന ശബ്ദം. വൈജയന്തി ഒരിക്കൽക്കൂടി ഞെട്ടി.

ഉവ്വ്. വാതിലിൽ ആരോ ഇടിക്കുന്നുണ്ട്. വൈജയന്തി വർത്തമാന കാലത്തേക്കു തിരിച്ചുവന്നു.

"അമ്മേ.... അമ്മേ...."

ബബിതയുടെ ഒച്ച.

വൈജയന്തി സമചിത്തത വീണ്ടെടുക്കാൻ ശ്രമിച്ചുകൊണ്ട് വാതിലിനു നേർക്കു ചെന്നു.

വാതിൽ തുറന്നപ്പോൾ ആശങ്കയോടെ ബബിത.

"അമ്മയെന്തിനാ വാതിലടച്ചു ബോൾട്ടിട്ടത്?"

"എനിക്കിഷ്ടമുണ്ടായിട്ട്. നീയാരാ ചോദിക്കാൻ?"

"ഇതാണ് തർക്കുത്തരം. ഇതു കേട്ടല്ലേ ഞാൻ പഠിക്കേണ്ടത്."

"നിനക്കിപ്പം എന്തു വേണം?"

"നേരം ഇരുട്ടി. ഇതെന്താ ഭാർഗവീനിലയമോ? എങ്ങും ലൈറ്റുമില്ല. വെളിച്ചോമില്ല.വിളക്കും വെച്ചിട്ടില്ല. വൈകുന്നേരത്തെ ചായേം കിട്ടിയില്ല."

അപ്പോഴാണ് വൈജയന്തിക്കു ശരിക്കും സ്ഥലകാല ബോധം വന്നത്. താൻ എവിടെയായിരുന്നു ഇതുവരെ!

*** *** ***

രാത്രി

ബാലചന്ദ്രമേനോന്റെ മുറിയിലെ ലൈറ്റണയുന്നതുവരെ വൈജയന്തി കാത്തിരുന്നു

ബബിതയും കൃഷ്ണജയും കിടന്നുകഴിഞ്ഞു.

രോഹിത്തിന്റെ മുറിയിൽ വെളിച്ചമുണ്ടോ എന്നറിയണമെങ്കിൽ മുകളിൽ ചെന്നു നോക്കുകയേ നിവൃത്തിയുള്ളു.

രോഹിത്ത് പറഞ്ഞ രണ്ടു വാചകങ്ങൾ ഇപ്പോഴും മനസ്സിൽ കൂരമ്പുകണക്കെ തറഞ്ഞുകിടപ്പുണ്ട്.

കല്യാണത്തിനു മുൻപ് അച്ഛനു രഹസ്യബന്ധമുണ്ടായിരുന്നോ അമ്മ പ്രസവിച്ചിട്ടുണ്ടോ എന്നൊന്നും എനിക്കു നിശ്ചയം പോരാ.

എന്തുകൊണ്ടാണ് അവൻ അങ്ങനെയെല്ലാം സംസാരിച്ചത്. അമ്മ കളങ്കമില്ലാത്തവളാണോ എന്നു തന്റെ മുഖത്തു നോക്കി അവൻ ചോദിച്ചതിനു പിന്നിലെ പ്രകോപനം എന്താണ്?

വെറുതെയൊന്നും ഇത്ര കടന്നു സംസാരിക്കാൻ അവനു ധൈര്യം കിട്ടില്ല. തന്റെ ഭൂതകാലത്തെപ്പറ്റി എന്തെങ്കിലും സൂചന അവനു കിട്ടിക്കഴിഞ്ഞുവോ?

ബാലേട്ടൻ എന്തെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ?

വൈജയന്തി ശബ്ദമുണ്ടാക്കാതെ കോണിപ്പടി കയറി മുകളിലെത്തി. രോഹിത്തിന്റെ വാതിലിൽ പതിയെ തട്ടിവിളിച്ചു.

രോഹിത്ത് കിടന്നുവെങ്കിലും ഉറങ്ങിയിരുന്നില്ല.

അവൻ ലൈറ്റിട്ടശേഷം വാതിൽ തുറന്നു.

വൈജയന്തി അകത്തേക്കു കടന്നു.

ഉടൻതന്നെ വാതിൽ ചേർത്തടയ്ക്കുകയും ചെയ്തു

(തുടരും)

# ശബരിമല: യുവതീപ്രവേശ വിധിക്കൊപ്പമെന്ന് സിപിഎം

തിരുവനന്തപുരം: ശബരിമലയിൽ യുവതീപ്രവേശം അനുവദിക്കണമെന്ന നിലപാടിൽ തന്നെയാണ് സിപിഎം എന്നു വ്യക്തമാക്കി കേന്ദ്രകമ്മിറ്റി. 2018ലെ യുവതീപ്രവേശ വിധി വിശാല ബെഞ്ചിനു വിട്ട സുപ്രീംകോടതി വിധിയോട് വിയോജിക്കുന്നുവെന്നും പാർട്ടി വ്യക്തമാക്കി.

തിരുവനന്തപുരത്തു കഴിഞ്ഞ മാസം ചേർന്ന കേന്ദ്ര കമ്മിറ്റി യോഗം അംഗീകരിച്ച രാഷ്ട്രീയ റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. വെബ്സൈറ്റിലൂടെ റിപ്പോർട്ട് സിപിഎം പുറത്തുവിട്ടു.

ശബരിമല യുവതീപ്രവേശം അടക്കമുള്ള വിഷയങ്ങൾ വിശാല ബെഞ്ച് പരിഗണിക്കാനുള്ള സുപ്രീംകോടതി ഉത്തരവു വന്നതോടെ മുൻ നിലപാടിൽ നിന്ന് പാർട്ടിയും സർക്കാരും മലക്കം മറിഞ്ഞുവെന്നു വ്യക്തമാക്കുന്ന പ്രതികരണങ്ങൾ പുറത്തു വന്നിരുന്നു.

പുതിയ വിധിയെ ചില മന്ത്രിമാർ സ്വാഗതം ചെയ്തു. എന്നാൽ ദേവസ്വം, നിയമമന്ത്രിമാരടക്കമുള്ളവരുടെ ഇത്തരം പ്രതികരണങ്ങൾ പാർട്ടി അംഗീകരിക്കുന്നില്ലെന്നു കേന്ദ്രകമ്മിറ്റി റിപ്പോർട്ട് വ്യക്തമാക്കുന്നു.

യുവതീപ്രവേശം അനുവദിച്ച വിധിക്കെതിരായ പുനഃപരിശോധനാ ഹർജികൾ സുപ്രീംകോടതി തള്ളിക്കളയുകയാണ് വേണ്ടിയിരുന്നതെന്നു കേന്ദ്ര കമ്മിറ്റി വിലയിരുത്തി.

"പകരം സ്ത്രീകളുടെ ആരാധന സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട മറ്റു പല വിഷയങ്ങൾക്കൊപ്പം ഇക്കാര്യം പരിഗണിക്കാനാണ് തീരുമാനിച്ചത്. ഭൂരിപക്ഷ ബെഞ്ചിന്റെ ഈ തീരുമാനം 2018ലെ വിധി ഉയർത്തിപ്പിടിക്കുന്നതിനു സഹായകമല്ല. എല്ലാ മേഖലയിലും സ്ത്രീ പുരുഷ തുല്യത എന്ന നിലപാടിൽ സിപിഎം ഉറച്ചു നിൽക്കുന്നു. സുപ്രീംകോടതിയിൽ നിന്ന് എത്രയും വേഗം ഇക്കാര്യത്തിൽ വ്യക്തവും അന്തിമവുമായ തീരുമാനം പ്രതീക്ഷിക്കുന്നു": കേന്ദ്ര കമ്മിറ്റി പറഞ്ഞു.

SUBSCRIPTION FORM

I.D. # ________ Date ________ Expiration Date ________

Name ________

Address ________

City ________ State ________ Zip ________

Tel. (      ) ________ Signature ________

- ❑ Enclosing $ 375.00 for Long Membership.°
- ❑ Enclosing my subscription of $49.00 for one year.
- ❑ Enclosing my subscription of $90.00 for two year.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Year | Lifelong* |
|---|---|---|
| $49.00 | $90.00 | $375.00 |
| REG. $55.00 | REG. $98.00 | REG. $490.00 |

Payment Method ❑ Cheque Cheque # ________

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ________

CARD ACCOUNT NUMBER

SEC. CODE:

Please make the cheque payable to

KERALA EXPRESS

2046 W. DEVON AVE, CHICAGO, IL 60659

630 728 7956 FAX : 773.304.1917

PLEASE DON'T FORGET TO PUT YOUR PHONE NUMBER & SIGNATURE

✪ Long memberhip for 10 years only. ✪✪ Subscription fee non-refundable

VISA MasterCard DISCOVER


FLOWERS TV USA
STAR SHOW 2020
MAY & JUNE 2020
FLOWERS USA HD
| Manoj K. Jayan - Actor | Lakshmi Gopalaswami - Actress |
| Kottayam Nazeer - Comedy | Durga Krishna - Actress |
| Kannur Shereef - Singer | Sneha Ajith - Artist |
| Kalabhavan Prajod - Comedy |
| Soumya Sadanandan - Singer |
| Vaigha Rose- Actress |
| Rubbe - Artist & Choreographer |
| Rajeesh - Keyboard |
Show Director
BIJU ZACHARIA
Progamme Manager
JOE PUTHUSSERY
For more information:
BIJU ZACHARIA @ 847 630 6462, T.C. CHACKO @ 214 682 7672
REKHA NAIR @ 614 886 1870, SANJEEV SHANMUGHAMPILLAI @ 425 502 2417

# ചിക്കാഗോ മലയാളി അസോസിയേഷൻ പ്രവർത്തനങ്ങളിലേക്ക് ഒരെത്തിനോട്ടം


അസോസിയേഷൻ ഭാരവാഹികൾ കുടുംബത്തോടൊപ്പം ഓണാഘോഷത്തിൽ


സുനിൽ ടീച്ചറിന് അസോസിയേഷൻ കേരളത്തിൽ നിർമ്മിച്ചു നല്കുന്ന വീടിനുള്ള ഫണ്ട് പ്രസിഡണ്ട് ജോൺസൺ കണ്ണൂക്കാടൻ കൈമാറുന്നു



അസോസിയേഷൻ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന്റെ ഭാഗമായി നിർമ്മിച്ചു നല്കുന്ന നാല് വീടുകളിൽ രണ്ടെണ്ണത്തിന്റെ താക്കോൽദാന കർമ്മം നിർവഹിച്ചു


കോട്ടയം പാർലമെന്റംഗം തോമസ് ചാഴികാടൻ തിരി കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു

**Up Coming Events**

**Womens Forum - March 7**
**(St. Marys Knanaya Church hall Morton Grove)**
**Badminton - March 28**
**Kalamela - April 18**
**(St. Thomas Syromalabar Hall, Bellwood.)**
**56 Card Games - April 19 (CMA Hall)**
**CMA General Body - April 26**
**Basketball - May**
**Picnic - June**
**Soccer Tournament - July**
**Onam - September 5**
**(St. Thomas Syromalabar Hall, Bellwood.)**


56 ചീട്ടുകളി മത്സരം ഉദ്ഘാടനം ചെയ്യുന്നു


സീനിയർ സിറ്റിസൺ ഉദ്ഘാടനം


ജോസ് കോലഞ്ചേരി സീനിയർ സിറ്റിസൺ അംഗങ്ങൾക്ക് മെഡിക്കെയർ സംബന്ധിച്ച് ക്ലാസ് നല്കുന്നു


കലാമേള ഉദ്ഘാടനം


കലാമേള ട്രോഫി വിതരണം തെന്നിന്ത്യൻ താരം ശിവാനി ഭായിയോടൊപ്പം


ബാഡ്മിന്റൺ ടൂർണമെന്റ് ഉദ്ഘാടനം


ഹോം ഫോർ ഹോംലസ് മനോജ് അച്ചേട്ട് ആഹ്വാനം നല്കുന്നു


സോക്കർ ടൂർണമെന്റ് ഉദ്ഘാടനം സുനിൽ ടീച്ചർ


അസോസിയേഷൻ പിക്നിക്

Printed at **GRACE PRINTING**, Chicago, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**